നിശ്ചയിക്കണം എന്നുള്ളതാണ്. (ഡ്രാഫ്റ്റ് എസ്. ആർ. ഒ. യിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച് ഏത് വകുപ്പിലെ ഉദ്യോഗസ്ഥനും എം. എൽ. എ. കൊടുക്കാൻ ഉള്ളതാണെന്ന് പറഞ്ഞു കൊണ്ട് നടപടികൾ സ്വീകരിക്കാനുള്ള അവകാശമുണ്ടെന്നാണ്. അത് ശരിയാണെന്ന് തോന്നുന്നില്ല. എം.എൽ.എ., എം. എൽ. എ. എന്നുള്ള നിലയിൽ കൊടുക്കേണ്ടതാണെന്ന് തീരുമാനിക്കാനുള്ള അവകാശം സ്പീക്കർക്കോ അല്ലെങ്കിൽ ഇവിടത്തെ സെക്രട്ടറിക്കോ ആയിരിക്കണം.

മി. സ്പീക്കർ: സ്പീക്കർ അതിനൊന്നും വേണ്ട.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഈ ഭേദഗതി അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യാം. പല എസ്. ആർ. ഒ. കളെ സംബന്ധിച്ചിടത്തോളവും ഈ വകുപ്പിൽനിന്നും വ്യത്യസ്തമായി വലിയ കുഴപ്പമുണ്ട്. ഞങ്ങൾക്ക് യഥാർത്ഥത്തിൽ ആ എസ്. ആർ. ഒ. പഠിക്കാനുള്ള സമയം കിട്ടുന്നില്ല. എന്റെ അഭിപ്രായത്തിൽ ഒരു നിയമസഭാ സാമാജികൻ ഏതെങ്കിലും ഡ്യൂസ് കൊടുക്കാനുണ്ടെങ്കിൽ, ഏതെങ്കിലും ഡിപ്പാർട്ടുമെന്റിന് ഈടാക്കാനുണ്ടെങ്കിൽ അവർ അത് നിയമസഭാ സെക്രട്ടറിയെ അറിയിക്കുകയും നിയമസഭാ സെക്രട്ടറി തീരുമാനിക്കുന്നതനുസരിച്ച് ഈടാക്കുകയും ചെയ്യുന്നതായിരിക്കും നല്ലത്. അതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. വാസുദേവൻനായർ: അങ്ങയുടെ സെക്രട്ടേറിയേറ്റിന് ഇത് ചെയ്യാൻ സാധിക്കുമെന്നുണ്ടെങ്കിൽ ഈ ഭേദഗതി സ്വീകരിക്കുന്നതിന് എനിക്ക് വിരോധമില്ല. അത് പരിഗണിച്ചതിനുശേഷം നാളെ എടുത്താൽ മതിയെങ്കിൽ അതാണ് നല്ലത്. കാരണം അതിന്റെ നടപടിക്രമങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണ ആവശ്യമുണ്ട്.

മി. സ്പീക്കർ: അത് നമുക്ക് നാളെ എടുക്കാം.

ശ്രീ. ഇ. പി. ഗോപാലൻ: ഡ്യൂസിന്റെ ഭേദഗതിയുടെ കാര്യത്തിൽ എല്ലാ കാലാസ്സിനും ഇടയിൽ എസ്. ആർ. ഒ. കളുടെ ഭേദഗതികൾ പെട്ടുപോകുന്നതുകൊണ്ട് വളരെ ശ്രദ്ധിച്ചാലും കാണാൻ സാധിക്കുകയില്ല. അതുകൊണ്ട് എനിക്കുള്ള അഭിപ്രായം എസ്. ആർ. ഒ. പ്രത്യേകമായി മെമ്പർമാർക്ക് കിട്ടത്തക്കവിധത്തിൽ ഏർപ്പാട് ചെയ്താൽ തരക്കേടില്ലെന്നാണ്. എല്ലാ കാര്യത്തിലും മെമ്പർമാർക്ക് ഇടപെടാനും ഭേദഗതിയായി അവതരിപ്പിക്കാനും വേണ്ടി ഇങ്ങനെയുള്ള ഒരു നിർദ്ദേശം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുകയാണ്.

VI. ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജററിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച

ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

മരാമത്തും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

സർ, പൊതുമരാമത്ത് എന്ന 15-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 39,16,13300 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Demand No. XXX—Agriculture

Minister for Agriculture (**Shri A. L. Jacob**): Sir, I move that a sum of Rs. 38,14,02,200 be granted under Demand XXX—Agriculture.

Minister for Industries & Forests (**Shri P. S. Sreenivasan**) Sir, I second it.

ധനാഭ്യർത്ഥന നമ്പർ XXXV—വനം

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, വനം എന്ന 35-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,43,01,600 രൂപയുടെ ഗ്രാന്റ് അനുവദിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

Cut motions under Demand XXXV—Forest

Shri N. I. Devassykutty: Sir, I move that the total allotment of Rs. 10,43,01,600 under Demand XXXV be reduced by Rs. 100.

Shri M. P. Gangadharan: Sir, I move that the total allotment of Rs. 10,43,01,600 under Demand XXXV be reduced by Rs. 100.

Shri M. K. Krishnan: Sir, I move that the total allotment of Rs. 10,43,01,600 under Demand XXXV be reduced by Rs. 100 (To discuss in general).

Shri P. V. Kunhikannan: Sir, I move that the total allotment of Rs. 10,43,01,600 under Demand XXXV be reduced by Rs. 100 (To discuss in general).

Cut motions under Demand XV—Public Works

Shri N. I. Devassykutty: Sir, I move that the total allotment of Rs. 39,16,13,300 under Demand XV be reduced by Rs. 100.

Shri M.P.Gangadharan: Sir, I move that the total allotment of Rs. 39,16,13,300 under Demand XV be reduced by Rs. 100.

Shri M. K. Krishnan: Sir, I move that the total allotment of Rs. 39,16,13,300 under Demand XV be reduced by Rs. 100.

Shri P. V. Kunhikannan: Sir, I move that the total allotment of Rs. 39,16,13,300 under Demand XV be reduced by Rs. 100. (To discuss in general)

Cut motions under Demand XXX—Agriculture

Shri N. I. Devassykutty: Sir, I move that the total allotment of Rs. 38,14,02,200 under Demand XXX be reduced by Rs. 100.

Shri M. P. Gangadharan: Sir, I move that the total allotment of Rs. 38,14,02,200 under Demand XXX be reduced by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

Shri M. K. Krishnan: Sir, I move that the total allotment of Rs. 38,14,02,200 under Demand XXX be reduced by Rs. 100 (To discuss in general).

Shri P. V. Kunhikannan: Sir, I move that the total allotment of Rs. 38,14,02,200 under Demand XXX be reduced by Rs. 100 (To discuss in general).

[Deputy Speaker in the chair]

ശ്രീ. പി. ജെ. തോമസ്: സർ, ഞാൻ ഈ ഡിമാൻറുകളെ എതിർക്കുകയാണ്. ആദ്യമായി പബ്ലിക് വർക്സിനെ സംബന്ധിച്ച് സംസാരിക്കാനാണ്, ഞാൻ ആഗ്രഹിക്കുന്നത്. സർ, ഇതു പറയുമ്പോൾ റോഡപകടങ്ങളെപ്പററി ചിന്തിക്കാതിരിക്കാൻ നിവൃത്തിയില്ല. സർ, നമ്മുടെ സംസ്ഥാനത്ത് പല റോഡുകളിലും സ്ഥിരമായി ആക്സിഡൻറ് ഉണ്ടാകുന്ന ചില സ്ഥാനങ്ങളുണ്ട്. ഞാൻ ചിന്തിക്കുന്നത് ഈ അടുത്തകാലത്തുണ്ടായ കുമ്പഴ ബസ്സപകടത്തെപ്പററിയാണ്. വണ്ടി ഓടിച്ചുകൊണ്ടുപോയ ഡ്രൈവറെപ്പററിയോ അതിൽ കയറിയ ആളുകളെപ്പററിയോ കുററം പറയാമെന്നിരുന്നാലും ആക്സിഡൻറ് ഉണ്ടാകുന്ന സ്ഥലം എപ്പോഴും ആക്സിഡൻറിന് വിധേയമായിട്ടുള്ള ഒരു സ്ഥാനമാണ്. ഒരു ആക്സിഡൻറ് ഈ സ്ഥലത്തുതന്നെ ഞാൻ തന്നെ ഇതിനുമുമ്പ് നേരിട്ടു കണ്ടിട്ടുള്ളതാണ്. കുമ്പഴ-മലയാലപ്പുഴ റോഡ് 3 കിലോമീററർ കുത്തനെയുള്ള ഇറക്കമാണ്. ആ ഇറക്കം കഴിഞ്ഞിട്ട് ഒരു 90 ഡിഗ്രി കർവാണ് അവിടെയുള്ളത്. ഈ കർവിലാണ് അധികവും ആക്സിഡൻറ് ഉണ്ടാകുന്നത്. ഇത് ആക്സിഡൻറ് പ്രോൺ ഏരിയയായി പ്രൂവ് ചെയ്യപ്പെട്ടുകഴിഞ്ഞു എന്നുള്ള നിലയ്ക്ക് അടിയന്തിരമായി ആ കർവ് മാററുന്നതിനും ആ റോഡിലെ ബുദ്ധിമുട്ടുണ്ടാക്കുന്ന സ്ഥലം നന്നാക്കിക്കൊടുക്കുന്നതിനും ഗവൺമെൻറ് പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്. അതുപോലെതന്നെയാണ് മലയാലപ്പുഴയിൽനിന്നും മണ്ണാർക്കുളം താലൂക്കിലേക്ക് പോകുന്ന റോഡിൽ ഒന്നുരണ്ടു കുത്തനെയുള്ള ഇറക്കവും വളവുകളുമുണ്ട്. അതു പലപ്പോഴും ആക്സിഡൻറിന് വിധേയമായിട്ടുള്ള സ്ഥലങ്ങളാണ്. സർ, ഈ സ്ഥലം ഇനിയും ഇങ്ങനെ വച്ചുകൊണ്ടിരിക്കാൻ നിവൃത്തിയില്ല. ഇത് ഏററവും വേഗം വളവ് നിവർത്തി നന്നാക്കിയെടുക്കണമെന്ന് ഗവൺമെൻറിനോട് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ സർ, നമ്മൾ പാരമ്പര്യമായി കോൺട്രാക്ററടിസ്ഥാനത്തിലാണ് പി. ഡബ്ല്യു. ഡി. വർക്കുകൾ ചെയ്യുന്നതിനുവേണ്ടി കൊടുക്കുന്നത്. ഇത് സ്ഥിരമായി കൊടുക്കേണ്ടുന്ന ഒരു ഏർപ്പാടാണോ എന്നുള്ളതിനെപ്പററി കാര്യമായി ചിന്തിക്കണം. ഇതുമൂലം ക്വാളിററി ഓഫ് വർക്ക് വളരെ മോശമാകുന്നു. കോൺട്രാക്ടർമാരെ സംബന്ധിച്ചിടത്തോളം എപ്പോഴും ലാഭം കിട്ടണമെന്നുള്ളത് മാത്രമാണ് അവർക്ക് നോട്ടം. ആ നിലയിൽ അവർ ലാഭത്തിനുവേണ്ടി പോകുമ്പോൾ ശരിയായ രീതിയിൽ റോഡിൻെറ വർക്ക് ചെയ്യുന്നില്ല എന്നുള്ളതിന് അവരെ കുററം പറഞ്ഞിട്ടുകാര്യമില്ല. ഈ നിലയ്ക്ക് ഡിപ്പാർട്ടുമെൻറ് തന്നെ നേരിട്ടു വർക്കുകൾ ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം. ഗവൺമെൻറ് അക്കാര്യത്തിൽ കുറെയൊക്കെ നീങ്ങിയിട്ടുണ്ട്. സർ, പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറ് തന്നെ ഈ അടുത്തകാലത്ത് ഇറക്കിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ പ്രസിദ്ധീകരണത്തിൽ പല നിർദ്ദേശങ്ങളും അതിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ഗവൺമെൻറു നേരിട്ടു ചെയ്താൽ ഉണ്ടാകുന്ന അഡ്വാന്റേജസ്സിനെക്കുറിച്ച് പറയുന്നുണ്ട്. ഞാൻ അത് ഒന്നുകൂടി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. The profit made by the Construction Corporation is a gain to the Government. Better progress is achived, modern equipments can be used, better quality is ensured and less supervision is required by the P. W. D. officials.

സർ, ഇത് പ്രയോജനപ്പെടുത്താവുന്ന കാര്യങ്ങളാണ്. വിലപിടിച്ച ടാർ, കിട്ടാനില്ല. ടാർ ഉരുക്കാൻവേണ്ടി ടാർ കത്തിക്കുന്നത് ഞാൻ നേരിട്ട് ഈ അടുത്ത സമയത്ത് കണ്ടിട്ടുള്ളതാണ്. ടാർ ഉരുക്കാൻ തുടങ്ങുന്നത് വെളുപ്പാൻ കാലത്താണ്. വെളുപ്പാൻ കാലത്ത് റോഡിലൂടെ സഞ്ചരിക്കുന്ന ആളുകൾക്ക് ടാർ ചെയ്യുന്ന ഭാഗത്തു ചെന്നാൽ വീണ്ടും ടാർ ഒഴിച്ച് തീ കത്തിച്ച് അത് ഉരുക്കുന്ന കാഴ്ച കാണാൻ സാധിക്കും. ഇതിന് എന്തെങ്കിലും പരിഹാരം ഉണ്ടാക്കിയേ മതിയാകൂ. അതുകൊണ്ട് ഈ പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെൻറ് മോഡണൈസ് ചെയ്യുന്നതിനുള്ള സത്വരമായ നടപടികൾ ഗവണ്മെൻറ് സ്വീകരിക്കണമെന്നും കഴിയുന്നിടത്തോളം ഗവൺമെൻറ് നേരിട്ടുതന്നെ ഈ വർക്കുകൾ ചെയ്ത് ക്വാളിററി നന്നാക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്നുമാണ് എൻെറ അഭിപ്രായം. അതുപോലെതന്നെ നമ്മുടെ എം. സി. റോഡിനെക്കുറിച്ച് പറയുമ്പോൾ എം. സി. റോഡിൻെറ കുറെ ഭാഗങ്ങൾ നന്നാക്കാനുള്ള ശ്രമം നടന്നിട്ടുണ്ട്. പക്ഷേ ഈ റോഡ് കൺസ്ട്രക്ററ് ചെയ്തിരുന്ന സമയത്ത്, മഹാരാജാക്കൻമാർ ഇത് അന്ന് ഉണ്ടാക്കിയ സമയത്ത് ഒരു കാര്യം മാത്രമേ ചിന്തിച്ചിരുന്നുള്ളു. കാളവണ്ടിയിൽ സാധനങ്ങൾ കൊണ്ടുപോകണം. അങ്ങനെ കൊണ്ടുപോകുമ്പോൾ വലിയ കയററമൊന്നും പാടില്ല. ആ രീതിയിൽ ഗ്രേഡിയൻറ് മാത്രം നോക്കി ഡിസ്ററൻസ് ഒരു കാര്യമല്ലാത്ത രീതിയിലാണ്, അന്ന് കൺസ്ട്രക്ററ് ചെയ്തത്. ആ പാതയിലൂടെ തന്നെയാണ് ഇന്ന് പലഭാഗങ്ങളും കടന്നു പോകുന്നത്. സർ, ഇന്നത്തെ സ്ഥിതി അതല്ല. ജനങ്ങളെ സംബന്ധിച്ചിടത്തോളം സമയം വളരെ വിലപ്പെട്ടതാണ്. അതുപോലെതന്നെ ജീവൻ വളരെ വിലപ്പെട്ടതാണ്. അതു രണ്ടും കണക്കിലെടുത്തുകൊണ്ട് എം. സി. റോഡ് ഒരു നല്ല റോഡാക്കി എടുക്കുന്നതിന് നാഷണൽ ഹൈവേയുടെ രീതിയിലെങ്കിലും ഒരു നല്ല റോഡാക്കിത്തീർക്കുന്നതിന് സത്വരമായ നടപടികൾ സ്വീകരിക്കണം. ഇത് ഒററയടിക്ക് സാധിക്കുമെന്ന് എനിക്ക് അഭിപ്രായമില്ല. സ്റേറജസ് ആയിട്ടെങ്കിലും ഇതൊന്ന് കണക്കിലെടുത്ത് നമ്മുടെ മെയിൻ റോഡ് ഒന്നു നന്നാക്കിയെടുക്കാനുള്ള സത്വരമായ നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. ഈ ക്വാറി അടുത്തുള്ള പ്രദേശങ്ങളിൽ അവിടെ ടെൻഡർ എടുക്കുന്നതിന് കോൺട്രാക്ടർമാർ വരികയില്ല. അത് ഞങ്ങളുടെ ഭാഗത്ത് വളരെ സ്പഷ്ടമായിട്ട് അനുഭവപ്പെടുന്ന ഒരു സംഗതിയാണ്. പത്തനംതിട്ട ടൗണിൽ ഒരു വലിയ പാറയുണ്ട്. ക്വാറിയുടെ അടുത്തുള്ള പ്രദേശത്തെങ്ങും കോൺട്രാക്ററർമാർ വരികയില്ല. കാരണം ലോഡിനുള്ള റേററ് അവർക്കു കിട്ടുകയില്ല എന്നുള്ളതുകൊണ്ടാണ്. സർ, അവിടെ ജോലി ചെയ്യുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഏഴും എട്ടും പ്രാവശ്യം ടെൻഡർ വിളിച്ചാൽ പോലും എടുക്കുന്നതിന് ആളില്ല. ആ നിലയിൽ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. അവിടെ നേരിട്ട് ഗവൺമെൻറ് വർക്കുകൾ ചെയ്യിപ്പിക്കുന്നതിനുള്ള ഒരു ഏർപ്പാടുണ്ടാക്കണം. അതുപോലെതന്നെ മലയോരപ്രദേശങ്ങൾക്ക് പ്രത്യേകമായ പരിഗണന നൽകണം. ആളുകൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോന്നി-ആങ്ങമൂഴി റോഡിന്റെ ഭാഗമായ അതുംമ്പുംകുളം മുതൽ തണ്ണീർത്തോടുവരെയുള്ള ഭാഗം വളരെയധികം ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. അതുകൊണ്ട് അത് എത്രയും വേഗം ഒന്ന് സൗകര്യപ്പെടുത്തിത്തരുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെതന്നെ ഇന്നത്തെ പല ഡിവിഷനാഫീസുകൾക്കും വർക്ക്ലോഡ് വളരെ കൂടുതലാണ്. കൊല്ലം പോലുള്ള പ്രദേശങ്ങളിൽ അവർക്ക് വർക്ക് ലോഡ് വളരെ കൂടുതലായതുകൊണ്ട് പത്തനംതിട്ടയിൽ ഒരു ഡിവിഷൻ ഓഫീസ് തുടങ്ങുന്നതിനെപ്പററി ഗവൺമെന്റ് കാര്യമായി ശ്രദ്ധിക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്. സർ, പബ്ലിക് വർക്സിനെപ്പററി ഇത്രയും മാത്രമേ എനിക്ക് പറയാനുള്ളൂ.

കൃഷിയെ സംബന്ധിച്ചുപറയുകയാണെങ്കിൽ ഇന്ന് കൃഷിക്കാരന്റെ മനോഭാവത്തിൽത്തന്നെ വളരെ കാര്യമായ മാററങ്ങൾ വന്നിട്ടുണ്ട്. നെൽകൃഷിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു പദ്ധതിയാണ് നമ്മുടേത്. കുട്ടനാട്ടിൽപ്പോലും കർഷകൻ നെൽകൃഷി ചെയ്യാതെ വേറെ വല്ലതും കൃഷി ചെയ്താൽ മതിയെന്നുള്ള ഒരു മനോഭാവം വളർന്നു വന്നിരിക്കുകയാണ്. സർ, വളരെ ശരിയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ക്യാഷ്ക്രോപ്പിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു പദ്ധതിയാണ് നമ്മുടേത്. അതിന് ആവശ്യമായിട്ടുള്ളത് പ്രധാനമായിട്ടും ജലമാണ്. ഈ കൃഷിക്ക് വെള്ളം കൊടുക്കുന്നതിനുള്ള പ്രത്യേകമായ ഒരു ഏർപ്പാട് കൃഷി ഡിപ്പാർട്ടുമെന്റിന് ഉണ്ടാകണം. ഇന്ന് നമ്മൾ വളരെയധികം സ്പോൺസർ ചെയ്യുന്ന പാംസസിനായാലും ശരി കൊക്കോക്കായാലും ശരി തെങ്ങിനായാലും ശരി വെള്ളം ഒരു പ്രധാന ഘടകമാണ്. വെള്ളം കൊടുക്കുന്നതിനുള്ള ഏർപ്പാട് ചെറിയ കിണറുകൾ കുഴിച്ചിട്ടായിരുന്നാലും പമ്പുസെററുകൾ വയ്ക്കുന്നതിനുള്ള ഒരു ഏർപ്പാട് കൃഷിഡിപ്പാർട്ടുമെന്റിൽ ഉണ്ടാകണമെന്നുള്ളത് നിർബന്ധമാക്കിയെങ്കിൽ മാത്രമേ നമ്മുടെ ക്യാഷ് ക്രോപ്പ്സ് നന്നാക്കാൻ സാധിക്കുകയുള്ളൂ.

മറെറാന്ന് വളരെവേഗം ഗവൺമെന്റ് പ്രോത്സാഹനം കൊടുത്തു കൃഷിക്കാരെക്കൊണ്ട് കൃഷിചെയ്യിക്കുന്ന കൊക്കൊ പാകമാകുമ്പോൾ വാങ്ങാൻ ആളില്ലാത്ത ഒരു ബുദ്ധിമുട്ടിലേക്ക് നീങ്ങും എന്നുള്ളതിന് യാതൊരു സംശയവും വേണ്ട. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഒരു കൊക്കൊ പ്രോസസിംഗ് പ്ലാന്റ് എത്രയും വേഗം ഉണ്ടാകണം.

സർ, അതുപോലെതന്നെ നമ്മുടെ കേരളത്തിലെ റബ്ബർ കൃഷിക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്ന ഒരു കാര്യമുണ്ട്. റബ്ബറിന്റെ കുത്തക സംഭരണം ഇൻഡ്യാഗവൺമെന്റ് ഉണ്ടാക്കാൻ പോകുന്നു എന്ന് കേൾക്കുന്നുണ്ട്. ആരെ നന്നാക്കാൻവേണ്ടിയാണ്; കൃഷിക്കാരെ നന്നാക്കാൻ വേണ്ടിയാണോ? അങ്ങനെ അവർക്ക് അഭിപ്രായമില്ല.

റബ്ബറിന്റെ വില താഴ്ത്തിക്കൊണ്ടുവരാനുള്ള ശ്രമം ഇൻഡ്യാഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടക്കുന്നതായി പത്രറിപ്പോർട്ടുണ്ട്. ഇത് കൃഷിക്കാർക്കു വേണ്ടിയാണെന്നാണ് പറഞ്ഞിരിക്കുന്നത്. കൃഷിക്കാർക്ക് അനുകൂലമായ നിലപാടേ ഈ ഗവൺമെന്റ് എടുക്കാവൂ എന്ന് പ്രത്യേകമായ ഒരപേക്ഷയുണ്ട്.

എന്റെ നിയോജക മണ്ഡലത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഒരു എസ്റേററുണ്ട്. അവിടെ 2500 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. 1974-ൽ തുടങ്ങിയതാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെയായിട്ടും 800 ഏക്കറോളം മാത്രമേ ആയിട്ടുള്ളു. ബാക്കിസ്ഥലം ഫോറസ്ററിൽനിന്നും കിട്ടാനുണ്ട്. ഫോറസ്ററിൽനിന്നും കിട്ടാനുള്ള 1500, 1700 ഓളം ഹെക്ടർ സ്ഥലം മൂന്നുകൊല്ലം കൊണ്ടെങ്കിലും തടി വെട്ടിമാററി പ്ലാൻറ് ചെയ്യുന്നതിനുള്ള സത്വര നടപടി ഗവൺമെൻറ് സ്വീകരിക്കണം. ഇല്ലെങ്കിൽ ഓരോ കൊല്ലവും ഈ സ്ഥലം മുഴുവൻ എൻക്രോച്ച് ചെയ്തുപോകും. വളരെയധികം ആളുകൾ തിങ്ങിത്താമസിക്കുന്ന ഒരു പ്രദേശമാണിത്. അതുകൊണ്ട് സത്വരമായും അവരെ അവിടെനിന്നും മാററി താമസിപ്പിച്ചിട്ട് ആ സ്ഥലം പ്ലാൻറേഷനുവേണ്ടി വിട്ടുകൊടുക്കണം. സോയിൽ കൺസർവേഷനെക്കുറിച്ച് പറയുമ്പോൾ 25 ശതമാനം സബ്സിഡി എന്നു പറയുന്നത് പര്യാപ്തമല്ല. 50 ശതമാനമെങ്കിലും സബ്സിഡി കൊടുത്ത് രാജ്യവ്യാപകമായി കൃഷി ചെയ്യാനുള്ള ഏർപ്പാടുണ്ടാകണം. ഫോറസ്ററിനെ സംബന്ധിച്ചു പറയുമ്പോൾ നോൺടാക്സ് റവന്യൂവിൽ ഏററവും കൂടുതൽ വരുമാനം കിട്ടുന്ന ഡിപ്പാർട്ടുമെൻറാണ്. 34 കോടിരൂപ ഒരുകൊല്ലം ആരെയും ബുദ്ധിമുട്ടിപ്പിക്കാതെ ഒരു ടാക്സും പിരിക്കാതെ ഗവൺമെൻറിന് വരുമാനമുണ്ടാക്കിക്കൊടുക്കുന്ന വളരെയധികം വിലപ്പെട്ട ഒരു ഡിപ്പാർട്ടുമെൻറാണിത്. അതിനെ ആശ്രയിച്ച് ധാരാളം വ്യവസായങ്ങൾ ഈ രാജ്യത്ത് നടക്കുന്നുണ്ട്. ഉദാഹരണത്തിന് തീപ്പെട്ടിവ്യവസായം, പാംപ്പ് വ്യവസായം. തുടങ്ങി ഒട്ടനവധി വ്യവസായങ്ങൾ ഫോറസ്ററിനെ ആശ്രയിച്ചുകൊണ്ട് നടത്തുന്നുണ്ട്.

ഇറിഗേഷൻെറ കാര്യം പറയുകയാണെങ്കിൽ നമ്മുടെ ഹൈഡൽ പ്രോജക്ററുകളെല്ലാം തന്നെ ഫോറസ്ററിനകത്താണ്. അതുകൊണ്ട് അവിടെ സോയിൽ ഇറോഷൻ ഉണ്ടാകാതെ സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. അത് ഭാവിതലമുറയ്ക്കും നല്ലതാണ്. അതുകൊണ്ട് ഫോറസ്ററിൽ എൻക്രോച്ചുമെൻറ് ഉണ്ടാകാൻ പാടില്ല. അത് മുമ്പോട്ടുകൊണ്ടുപോകാനും അനുവദിച്ചുകൂടാ.

നമ്മുടെ ഫോറസ്ററ് വകുപ്പുമന്ത്രി സ്വാഗതാർഹമായ പലകാര്യങ്ങളും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഫോറസ്ററിൽ എൻക്രോച്ചുമെൻറ് തടയുന്നതിന് എടുക്കുന്ന ഏത് തീരുമാനത്തെയും ഞങ്ങൾ സ്വാഗതം ചെയ്യും. അതിന് ഞങ്ങളാൽ ആകുന്ന എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നു. ഈ സെഷൻ കഴിഞ്ഞാലുടൻ തന്നെ ബഹുമാനപ്പെട്ട മന്ത്രി ഓരോ ഡിവിഷനും ചെന്നു പരിശോധിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ ബൗണ്ടറി നിശ്ചയിക്കുകയും ബാക്കിയുള്ള സ്ഥലം ഫോറസ്ററായി തന്നെ സൂക്ഷിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുകയും വേണം.

എൻെറ നിയോജകമണ്ഡലത്തിൽ ഒരു പ്രശ്നമുണ്ട്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ടറിയാം. ആ പ്രശ്നത്തിൽ പെട്ടെന്ന് ഒരു തീരുമാനമുണ്ടാകണം.

നമ്മുടെ തേക്ക് പ്ലാൻറേഷൻ ഏരിയായിൽനിന്നുപോലും മരം മുറിച്ചു കടത്തുന്ന ഒരു ഏർപ്പാടുണ്ട്. അവിടെനിന്നു തലച്ചുമടായി കട്ടിലിൻെറയോ കസേരയുടെയോ ആവശ്യത്തിനുള്ളത് കൊണ്ടുപോകാമെന്നുണ്ട്. ആ പഴുതുവെച്ച് ആളുകൾ മഴുകൊണ്ട് കീറി തലച്ചുമടായി ധാരാളം വിറക് പുറത്തേക്ക് കൊണ്ടുപോകുന്നുണ്ട്. അത് നിറുത്തൽ ചെയ്യണം. അല്ലാത്ത പക്ഷം അതുകൊണ്ട് വളരെ അപകടമുണ്ടാകും. രാത്രി മുഴുവൻ തലച്ചുമടും പകൽമുഴുവൻ ആ പ്രദേശത്ത് മററുള്ള പണികളുമായി കഴിയുന്നവർ സമൂഹത്തിന് വളരെയധികം ദ്രോഹം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോന്നി-അച്ചൻകോവിൽ റോഡിന്റെ സെക്കന്റ് സ്റേറജ് എത്രയുംവേഗം തീർക്കണമെന്നപേക്ഷിച്ചുകൊണ്ട് എന്റെ വാക്കുകരം ചുരുക്കുന്നു.

ശ്രീ: ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. എനിക്ക് പ്രധാനമായും വനത്തെ സംബന്ധിച്ചാണ് ചില കാര്യങ്ങരം പരാമർശിക്കുവാനുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ മുഖച്ഛായ മാററാൻ കഴിയുന്ന ഒരു വകുപ്പാണ് വനം വകുപ്പ്. തൊഴിലില്ലായ്മാപ്രശ്നത്തിൽ ഏററവും മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. നമുക്കു കൂടുതൽ തൊഴിലവസരങ്ങരം ഉണ്ടാക്കുന്ന കാര്യത്തിലും അതുപോലെതന്നെ സംസ്ഥാനത്തെ റവന്യൂ വരുമാനം കൂട്ടുന്ന കാര്യത്തിലും വനം വേണ്ടപോലെ ഉപയോഗിക്കുവാൻ കഴിയുന്നില്ല. അതിനുവേണ്ടിയുള്ള കാര്യമായ ശ്രമം നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞകാലങ്ങളിൽ ഉണ്ടായിട്ടില്ലെന്നുള്ള പരമാർത്ഥം സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ല. നമ്മുടെ സംസ്ഥാനത്ത് 9,345 സ്ക്വയർ കിലോമീററർ വനമുണ്ട്. ഈ വനം നമുക്ക് വേണ്ടപോലെ ഉപയോഗിക്കുവാൻ കഴിയുന്നുണ്ടോ? നമ്മുടെ വനത്തെ മററുരാജ്യങ്ങളിലെ വനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോരം നമുക്ക് ഇവിടെനിന്നും കിട്ടുന്ന വരുമാനം എത്രമാത്രം കുറവാണെന്നുള്ളകാര്യം വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. നമ്മുടെ സംസ്ഥാനത്ത്നീണ്ട് കിടക്കുന്ന ഈ വനം നമ്മുടെ സംസ്ഥാനത്തെ ആകെ ഭൂമിയുടെ 24 ശതമാനമാണെന്നാണ് പറയുന്നത്. മൊത്തം മൂന്നിലൊരുഭാഗം വനം വേണം എന്നാണ് ശാസ്ത്രീയമായി പറയുന്നത്. എന്നാൽ ഇന്ന് 24 ശതമാനം മാത്രമേ വനമുള്ളു. അതുകൊണ്ടാണ് കാലാവസ്ഥയിൽ ഈ തകരാറുകളെല്ലാം വരുന്നതെന്നും ചിലർ പറയാറുണ്ട്. അതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നുമില്ല. കാരണം നമ്മുടെ സംസ്ഥാനത്ത് 24 ശതമാനം മാത്രമേ വനമുള്ളുവെന്നുള്ള അഭിപ്രായവും എനിക്കില്ല. പല സ്ഥലങ്ങളിലും വനം വെട്ടിമാററി റബ്ബർ പ്ലാന്റ് ചെയ്യുന്നുണ്ട്. അങ്ങനെ റബ്ബർ പ്ലാന്റേഷൻ ധാരാളം വന്നു. നമ്മടെ വനത്തിൽ അറുപത്തിഅയ്യായിരത്തിൽപ്പരം ഹെക്ടർ സ്ഥലത്ത് ഫോറസ്ററ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ടീക്ക് പ്ലാന്റേഷൻ നടത്തിയിരിക്കുകയാണ്. ഇത്രയും സ്ഥലത്ത് ടീക്ക് പ്ലാന്റ് ചെയ്താൽ നമ്മുടെ സംസ്ഥാനത്തിന് ഗുണംചെയ്യുമോയെന്നുള്ള കാര്യത്തെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ട്. നിലമ്പൂരിൽ 100 ഹെക്ടറിൽ കൂടുതൽ ഇന്ന് ടീക്ക് ഇല്ലാത്ത വനങ്ങളില്ലായെന്നുള്ളതാണ് വസ്തുത. മുഴുവൻ നാടൻ വനങ്ങളും നശിപ്പിച്ചുകഴിഞ്ഞു. അത് രാജ്യത്തിനുതന്നെ ആപത്താണ് എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമില്ല. മലബാറിൽ 4 ലക്ഷത്തോളം ഏക്കർ സ്വകാര്യവനമുണ്ട്. ആ സ്വകാര്യ വനം ഭൂമിയില്ലാത്ത ആളുകരംക്ക് കൊടുക്കുവാൻ വേണ്ടി ഏറെറടുത്തതാണ്. വെസ്ററിങ്ങ് ആന്റ് അസൈൻമെന്റ് ആക്ട് കൊണ്ടുവന്ന അന്നത്തെ വ്യവസായമന്ത്രി ഇന്ന് വീണ്ടും വനം വകുപ്പുമന്ത്രിയായി വന്നിരിക്കുകയാണ്. അതുകൊണ്ട് വെസ്ററിംഗ് ആന്റ് അസൈൻമെന്റ് ആക്ററിൽ പെട്ടിട്ടുള്ള നാലുലക്ഷത്തോളം ഏക്കർ സ്ഥലം മുഴുവൻ ഈ രാജ്യത്തെ ഭൂമിയില്ലാത്ത ആളുകരംക്ക് വിതരണം ചെയ്യണമെന്ന അഭിപ്രായമില്ല. കുറെയൊക്കെ കൃഷിയോഗ്യമായ സ്ഥലം, കൃഷിക്ക് കൊള്ളുന്ന സ്ഥലം ഭൂമിയില്ലാത്ത ആളുകരംക്ക് വിതരണം ചെയ്യണം. ബാക്കി ഉള്ള സ്ഥലം പ്ലാന്റ് ചെയ്യണം. ഒരു ലക്ഷം ഏക്കർ സ്ഥലത്ത് റബ്ബർ പ്ലാന്റേഷൻ നടത്തുകയാണെങ്കിൽ നാല്പതിനായിരം ആളുകരംക്ക് തൊഴിൽ കൊടുക്കുവാൻ സാധിക്കും. അതുകൊണ്ട് ഒരു കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

2 കോടി രൂപ ലാഭമുണ്ടാവുകയും ചെയ്യും. എല്ലാ സ്ഥലത്തും റബ്ബർ പ്ലാന്റേഷൻ നടത്തണമെന്നല്ല ഞാൻ പറയുന്നത്. കുറേ സ്ഥലത്ത് നാടൻ മരങ്ങളും വച്ചുപിടിപ്പിക്കണം. അക്കൂട്ടത്തിൽ കുറേ റോസ്‌വുഡ്ഡും വച്ചുപിടിപ്പിക്കണം. എന്റെ നാട്ടിലാണെങ്കിൽ ഇന്നു നാടൻ മരങ്ങളേ കാണാനില്ല. മുഴുവനും വെട്ടിനശിപ്പിച്ചിരിക്കുകയാണ്. ഏതായാലും അതിലേയ്ക്കു ഞാൻ കൂടുതൽ കടക്കുന്നില്ല. ഫോറസ്റ്റിനെക്കുറിച്ച് ഒന്നുരണ്ടു കാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളു. ഞാൻ പറഞ്ഞ മുഴുവൻ സ്ഥലവും ഇതുപോലെ വിതരണം ചെയ്യണമെന്നില്ല. ഇനിയും ധാരാളം കൃഷിയോഗ്യമായ സ്ഥലം വിതരണംചെയ്യാൻ സാധിക്കും. അത് ചെയ്യണം. വെസ്റ്റഡ് ഫോറസ്റ്റ് കമ്മിറ്റി ഒരു റിപ്പോർട്ട് ഉണ്ടാക്കിയിട്ടുണ്ട്. വെസ്റ്റഡ് ഫോറസ്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിൽത്തന്നെ ചില സ്കീമുകളൊക്കെ പറഞ്ഞിട്ടുണ്ട്. അഞ്ചാറുകൊല്ലക്കാലമായി ആ റിപ്പോർട്ട് മേശപ്പുറത്ത് വെച്ചുകൊണ്ടിരിക്കയാണ്. എന്തുകൊണ്ട് ആ റിപ്പോർട്ട് വെളിയിൽ ഇറക്കുന്നില്ല? ആ റിപ്പോർട്ട് വെളിയിൽ എടുത്തുകൊണ്ട് അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കണം സർ. ആ വെസ്റ്റഡ് ഫോറസ്റ്റ് കമ്മിറ്റി റിപ്പോർട്ടിൽ നിലമ്പൂരിൽ 10,000 ഏക്കർ സ്ഥലത്ത് കരിമ്പുകൃഷി ചെയ്യുന്നതിനെസംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അവിടെ ഒരു ഷുഗർ ഫാക്ടറി സ്ഥാപിക്കണമെന്നാണ് ഞാൻ പറയുന്നത്. വെസ്റ്റഡ് ഫോറസ്റ്റ് ഏറ്റെടുത്തിട്ട് അത് തിന്നുകയുമില്ല തീറ്റുകയുമില്ല എന്ന നിലയിലാണ് ഗവൺമെന്റ് കൈകാര്യം ചെയ്യുന്നത്. അതേ സംബന്ധിച്ചിടത്തോളം വെസ്റ്റഡ് ഫോറസ്റ്റ് കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് ഗവൺമെന്റ് അടിയന്തിരമായി നടപ്പാക്കണം. അതുപോലെതന്നെ മലബാറിനെ സംബന്ധിച്ചിടത്തോളം എണ്ണപ്പന കൃഷിയുടെ കാര്യം പറയുന്നുണ്ട്. എണ്ണപ്പന കൃഷിയെ സംബന്ധിച്ചിടത്തോളം വേൾഡ് ബാങ്ക് ടീം ആദ്യമായി കേരളത്തിൽവന്ന് അതിനുവേണ്ടുന്ന സ്ഥലങ്ങൾ പരിശോധിച്ചപ്പോൾ ഒന്നാംതരം സ്ഥലം അതിനു കൊള്ളാവുന്ന സ്ഥലം നിലമ്പൂരാണെന്നു പറഞ്ഞു. അതനുസരിച്ച് ഒരു മരംപോലും വച്ചുപിടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറായില്ല. എണ്ണപ്പനയ്ക്ക് കൊള്ളാവുന്ന സ്ഥലം അവിടെയാണെന്ന് വേൾഡ് ബാങ്ക് ടീമിന്റെ ഫസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. രണ്ടാമത് വേൾഡ് ബാങ്ക് ടീം വന്നപ്പോൾ അവരെ ആ സ്ഥലത്തേക്ക് കൊണ്ടുപോയില്ല എന്നതാണ് വസ്തുത. ഏതായാലും ഇപ്പോഴത്തെ ഈ ഫോറസ്റ്റിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ നമ്മുടെ സ്ഥിതി എന്താണ്? ഇവിടെയുള്ള കുറെ മരങ്ങൾ വെട്ടിമുറിക്കുന്നു. സെയിൽസ് കൂപ്പും അതുപോലെതന്നെ സപ്ലൈ കൂപ്പുമായി, കുറെ മരം മുറിക്കൽ; അതുകൊണ്ട് കുറെ വരുമാനം ഉണ്ടാക്കൽ. ആ വരുമാനമാണ് സർക്കാരിന്റെ ലാഭം എന്നു പറയുന്നത്. സർ, 1977-78-ൽ ഈ സംസ്ഥാനത്ത് 31.78 കോടി രൂപ നമുക്ക് അതുകൊണ്ട് വരുമാനം ഉണ്ടായിട്ടുണ്ട്, അതേ അവസരത്തിൽ 1978-79-ൽ നോക്കുകയാണെങ്കിൽ ഏതാണ്ട് 34 കോടിയോളം രൂപ ഇതുകൊണ്ട് നമുക്ക് വരുമാനം ഉണ്ടായിട്ടുണ്ട്. 3 കോടിയോളം രൂപയുടെ അധികവരുമാനം ഉണ്ടായി; 3 കോടി രൂപയുടെ മിച്ചം ഉണ്ടായി; ആ മിച്ചം ഉണ്ടായപ്പോൾ കുറച്ചു മരങ്ങൾ കുറഞ്ഞു എന്ന് ഞാൻ സമ്മതിക്കുന്നു. മൂന്നുകോടിയോളം രൂപ കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടി എന്നു പറഞ്ഞാൽ അതൊരു വലിയ കാര്യമല്ല. കാരണം എന്താണെന്നുവച്ചാൽ മരത്തിന്റെ വില ഫയർവുഡിന്റെ വില, മുളയുടെ വില, റീഡ്സിന്റെ വില, ഇതെല്ലാം പരിശോധിക്കുകയാണെങ്കിൽ രണ്ടും മൂന്നും ഇരട്ടി കണ്ടുവർദ്ധിച്ചിട്ടുണ്ടെന്നുള്ള കാര്യം മനസ്സിലാകും. 1977-78-നേക്കാൾ കൂടുതൽ 1978-79-ൽ രണ്ടും മൂന്നും ഇരട്ടി വില വർദ്ധിച്ചപ്പോൾ നമ്മുടെ സംസ്ഥാനത്തിന് കേവലം 3 കോടി

LIBRARY ARCHIVES Kerala Legislative Assembly

യോളം ഉറുപ്പിക മാത്രമാണ് കിട്ടിയത്. സംസ്ഥാനത്തിനു കിട്ടേണ്ട പണം ഇവിടത്തെ കരാറുകാരുടെ പോക്കററിലേക്ക് പോയിരിക്കുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. കരാറുകാർ എന്താണ് ചെയ്യുന്നത്? ഇവിടെത്തന്നെ തൃശ്ശൂരിലെ സംഭവം പറഞ്ഞു. എന്റെ നാട്ടിലെ നിലമ്പൂരിലെ സംഭവം എനിക്കറിയാം. അവിടെ "ഓക്ഷൻ" നടക്കുന്നു. കച്ചവടക്കാർ കൂടുന്നു, അവർ അവിടെവച്ച് ഒരു ചെറിയ സംഖ്യക്ക് വിളിച്ച് എടുക്കുന്നു. എന്നിട്ട് മറെറാരു സ്ഥലത്തു പോയിട്ട് അവർ വേറെ ലേലം നടത്തുന്നു. 25 ലക്ഷത്തിന്റേത് ഒരു കോടി ഒന്നേകാൽ കോടി വെളിയിൽ വിളിച്ച് ഒതുക്കുന്നു. സർക്കാരിനു കിട്ടേണ്ട പണമാണ് കോൺട്രാക്ടേഴ്സിന്റെ പോക്കററിലേക്ക് പോകുന്നത്. അതു നിറുത്താനാണ് "ലോഗിംഗ് ആന്റ് മാർക്കററിംഗ്" സ്കീം വേണമെന്നു പറയുന്നത്. ഗവൺമെൻറ് അക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല. ഗവൺമെൻറിന്റെ ഭാഗത്ത് ആ കാര്യത്തിൽ കുററകരമായ അനാസ്ഥ ഉണ്ടെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ലോഗിംഗ് ആന്റ് മാർക്കററിംഗ് എന്തുകൊണ്ട് ഗവൺമെൻറ് നടപ്പാക്കുന്നില്ല? എന്താണ് ഗവൺമെൻറിന് അക്കാര്യത്തിൽ മടി എന്നാണ് ഞാൻ ചോദിക്കുന്നത്. ലോഗിംഗ് ആന്റ് മാർക്കററിംഗ് നടപ്പാക്കുകയാണെങ്കിൽ ഒരു കൊല്ലംകൊണ്ട് ഈ സംസ്ഥാനത്തിന് വനത്തിൽനിന്നുമാത്രം നൂറുകോടി ഉറുപ്പികയോളം ഉണ്ടാക്കാൻ സാധിക്കും. പക്ഷേ ഗവൺമെൻറ് അത് നടപ്പാക്കുന്നില്ല. എന്നിട്ട് ചില സ്ഥലങ്ങളിൽ മാത്രം നേരിട്ട് ചില കൂപ്പുകൾ ഏറെറടുക്കുന്നു. അത് റെയ്ഞ്ച് ഓഫീസർമാരും ബാക്കിയുള്ള ആളുകളും കട്ടുമുടിക്കാനും തുടങ്ങി. ഞാൻ പറയുന്നത് ലോഗിംഗ് ആന്റ് മാർക്കററിംഗിനുവേണ്ടി ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ് ഉണ്ടാക്കണം എന്നാണ്. അതിൽ ഈ പറയുന്ന ഫോറസ്ററ് ആഫീസർമാരെ വയ്ക്കാൻ പാടില്ല. ഞാൻ കഴിഞ്ഞ നിയമസഭയിൽ പറഞ്ഞതാണ്, ഒരു ഐ. എ. എസ്. ആഫീസറുടെ കീഴിൽ വയ്ക്കണം എന്നുള്ളത്. ഈ ഡിപ്പാർട്ടുമെൻറിനെക്കുറിച്ച് എനിക്കറിയാം സർ. ബഹുമാനപ്പെട്ട മന്ത്രി ഈ അഴിമതി നിറുത്താൻ അശ്രാന്ത പരിശ്രമം ചെയ്യുന്ന ആളാണ്. അദ്ദേഹം ഈയിടെ അത് തെളിയിച്ചു. അദ്ദേഹത്തിന്റെ ആത്മാർത്ഥതയിലും, കഴിവിലും എനിക്ക് അശേഷം സംശയമില്ല. പക്ഷേ അദ്ദേഹം കൈകാര്യം ചെയ്യുന്ന ഡിപ്പാർട്ടുമെൻറിലെ ഫോറസ്ററ് ഗാർഡ് മുതൽ ഏററവും മുകളിലുള്ള ആളുകൾവരെ ഇക്കാര്യത്തിൽ ട്രെയിൻഡാണ് സർ. അവർ എല്ലാത്തിലും ട്രെയിൻഡാണ് എന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. പി. പി. എസ്തോസ്: ബഹുമാനപ്പെട്ട ആര്യാടൻ സംസാരിച്ചപ്പോൾ ഈ മന്ത്രി വളരെ താൽപ്പര്യത്തോടുകൂടി പ്രവർത്തിക്കുന്നു എന്നു പറഞ്ഞു. മന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ മന്ത്രിയുടെ നിയന്ത്രണത്തിൽ അല്ല എന്നാണോ ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: മന്ത്രി വളരെ താൽപര്യം എടുത്തു എന്നുള്ളതിന് തെളിവാണ് ഈയിടെ എന്റെ നാട്ടിൽത്തന്നെ ഉള്ള കുറെ ഉദ്യോഗസ്ഥൻമാരെ സസ്പെൻറു ചെയ്തതും നടപടി എടുത്തതും. ഒരു പരിധിവരെ അദ്ദേഹത്തിന് അഴിമതി തടയാൻ സാധിച്ചു. അത് അദ്ദേഹത്തിന്റെ ആത്മാർത്ഥതയും കഴിവും ഒന്നുകൊണ്ടു മാത്രമാണ് എന്നാണ് ഞാൻ പറയുന്നത്. എന്തായാലും ഞാൻ അതിലേക്ക് കടക്കുന്നില്ല.

സർ, ഒരു കാര്യം നാം മനസ്സിലാക്കണം. നമ്മുടെ സംസ്ഥാനം ബാക്കിയുള്ള സംസ്ഥാനങ്ങളെപ്പോലെ അല്ല. നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പ്രത്യേകത ഇവിടെയുള്ള മുഴുവൻ വനവും നമ്മുടെ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻേറതാണ്. ഇവിടെ സ്വകാര്യവനം ഇല്ല. വനത്തിലെ മരം വിൽക്കാൻവേണ്ടി ഇവിടത്തെ മുതലാളിമാരെ ഏൽപ്പിക്കുന്ന ഒരു സമ്പ്രദായം ഇത്രയും മോശമായ ഒരു സമ്പ്രദായം ഗവൺമെൻറിന് അനുവദിക്കാൻ കഴിയുമോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഗവൺമെൻറിൻെറ മരം വിൽക്കാൻ ഏതാനും കരാറുകാരായ മുതലാളിമാരെ ഏൽപ്പിക്കുന്നത് ശരിയാണോ സർ? ആ സമ്പ്രദായം നിറുത്തേണ്ടതാണ്. ബാക്കിയുള്ള സംസ്ഥാനങ്ങളെപ്പോലെ അല്ല നമ്മുടെ സംസ്ഥാനം. ബാക്കിയുള്ള സംസ്ഥാനങ്ങളിൽ സ്വകാര്യ വനങ്ങളും ഉണ്ട്. മദ്ധ്യപ്രദേശ്പോലുള്ള സംസ്ഥാനങ്ങളിൽപ്പോലും ലോഗിംഗ് ആൻറ് മാർക്കററിംഗ് ഡിപ്പാർട്ടുമെൻറ് ഉണ്ട്. അവർ നേരിട്ട് മരം വിൽപ്പന നടത്തുന്നു. നമ്മുടെ സംസ്ഥാനത്ത് മരം ലേലം വിളിച്ചു കൊടുക്കുന്നു. അവിടെ കരാറുകാർ കൂടുന്നു, കോൺട്രാക്ടേഴ്സ് കൂടുന്നു യോജിക്കുന്നു വിളിച്ചെടുക്കുന്നു. അവർ കൊള്ള നടത്തുന്നു. അത് തടയാൻ വേണ്ടിയുള്ള ഏർപ്പാടുകൾ അടിയന്തിരമായി ഈ ഗവൺമെൻറ് ചെയ്യണം. ഗവൺമെൻറിൻെറ മുതൽ വിൽപ്പന നടത്താൻ ഇവിടത്തെ മുതലാളിമാരെ ഏൽപ്പിക്കേണ്ട കാര്യമില്ല എന്നാണ് ഞാൻ പറയുന്നത്. അതിനുള്ള ഏർപ്പാടുകൾ ചെയ്യണം എന്നുമാത്രം ഞാൻ ഈയവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

ഫോറസ്ററിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ നമ്മുടെ രാജ്യത്ത് വനസമ്പത്ത് ഉൽപ്പാദിപ്പിക്കാനും ആളുകൾക്ക് തൊഴിൽ നൽകാനുമൊക്കെ വളരെയധികം സാദ്ധ്യതയുള്ള ഒരു വകുപ്പിന് 10 കോടി ഉറുപ്പിക മാത്രമാണ് മാററിവച്ചത്. അത് പോരാ. എൻെറ അഭിപ്രായത്തിൽ ഒരു പത്തുപതിനഞ്ചു കൊല്ലക്കാലത്തേക്കെങ്കിലും ഫോറസ്ററിൽനിന്നുള്ള വരുമാനത്തിൻെറ പകുതിയെങ്കിലും സംഖ്യ ഇതിൻെറ ഡവലപ്പ്മെൻറിനു വേണ്ടി നമുക്ക് മാററിവയ്ക്കാൻ സാധിക്കണം. ഡവലപ്പ്മെൻറിനെ സംബന്ധിച്ചിടത്തോളം നമുക്ക് ഇവിടെ ഒരു ഫോറസ്ററ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ എന്ന സ്ഥാപനമുണ്ട്. ആ ഫോറസ്ററ് ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ സ്ഥിതി എന്താണ്? അതിൽ മൂവായിരത്തി അറുനൂററി ചില്വാനം ഹെക്ടർ സ്ഥലത്തു മാത്രമാണ് പ്ലാൻറ് ചെയ്തത്. 1975-ൽ സ്ഥാപിച്ച ആ കോർപ്പറേഷനിൽ 3600-ൽ പ്പരം ഹെക്ടർ സ്ഥലത്ത് മാത്രമേ പ്ലാൻറ് ചെയ്യാൻ സാധിച്ചുള്ളൂ. അതുതന്നെ സോഫ്ററ് വുഡാണ്. ഒരു നൂററിചില്വാനം ഏക്കർ സ്ഥലത്ത് മാച്ച് ഫാക്ടറിക്ക് വേണ്ടത് മാത്രമാണ് നട്ടിട്ടുള്ളത്. ഏതായാലും സർ ഈ കോർപ്പറേഷൻെറ പ്രവർത്തനമേഖല വർദ്ധിപ്പിക്കുന്ന കാര്യം നാം ആലോചിക്കണം. ഇതിനെ സംബന്ധിച്ചിടത്തോളം ഇത് ഉണ്ടാക്കിയ കാലഘട്ടത്തിൽ ചില ആലോചനകൾ ഉണ്ടായിരുന്നു; ചില പ്രതീക്ഷകൾ ഉണ്ടായിരുന്നു. ഇവിടെ നമുക്കുതന്നെ അഗ്രിക്കൾച്ചറൽ റീ ഫൈനാൻസ് കോർപ്പറേഷനിൽനിന്ന് പണം കിട്ടും. അതുപോലെതന്നെ ട്രാവൻകൂർ ബാങ്കിൽനിന്നും കിട്ടും. സർ, എൻെറ അഭിപ്രായത്തിൽ വേൾഡ് ബാങ്കിൽനിന്നും കിട്ടാൻ സാദ്ധ്യതയുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം മദ്ധ്യപ്രദേശ് ഗവൺമെൻറ് വേൾഡ് ബാങ്കിൽനിന്നും പണം കടം വാങ്ങിച്ചുകൊണ്ട് ലാർജ് സ്കെയിൽ പ്ലാൻേറഷൻ നടത്താനുള്ള ഏർപ്പാടുകൾ ചെയ്യുന്നു. അതുപോലെതന്നെ അവർ അവിടെ വുഡ് ബേസ്ഡ് ഇൻഡസ്ട്രി സ്ഥാപിക്കുന്നു. വുഡ് ബേസ്ഡ് ഇൻഡസ്ട്രിയെ സംബന്ധിച്ചിടത്തോളം വേൾഡ് ബാങ്ക് ഒരു സ്കീം ഉണ്ടാക്കിയിരുന്നു. അതിൻെറ പ്രവർത്തനം എത്രത്തോളമായി എന്ന് അറിയണം. അതിന് അവർ കൊള്ളാമെന്നു പറഞ്ഞിരുന്നത് നിലമ്പൂരാണ്. അത് അവിടെ തുടങ്ങണം. ഈ ഗവൺമെൻറിൻെറ ഇപ്രാവശ്യത്തെ ബഡ്ജററിൽ അക്കാര്യം പറഞ്ഞിട്ടുണ്ട്. ഗവൺമെൻറ് അത് അവിടെ തുടങ്ങുമെന്നുള്ള കാര്യത്തിൽ എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു സംശയവുമില്ല. പ്രത്യേകിച്ച് ഈ മന്ത്രിക്ക് നിലമ്പൂരിനോടും ആ പ്രദേശത്തിനോടും പ്രത്യേക താൽപര്യം ഉണ്ട് സർ. ഏതായാലും അതേക്കുറിച്ച് ഇനി അധികമൊന്നും പറയുന്നില്ല. ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ.

വെസ്റ്ററിംഗ് ആൻറ് അസൈൻമെൻറ് ആക്ട് ബാധകമായ സ്ഥലത്ത് മലബാറിലെ സ്വകാര്യ വനങ്ങളെ സംബന്ധിച്ചിടത്തോളം അവിടെ വളരെ വർഷങ്ങളായി താമസിക്കുന്ന കുടിയാൻമാർ ഉണ്ട്. അവിടത്തെ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ ആ കുടിയാൻമാരെ ഇറക്കിവിടുന്ന ജോലിയിലാണ്. ഒരു ഭാഗത്ത് എസ്റ്റേററ് മുതലാളിമാർ വനം കയ്യേററം നടത്തുന്നു. അഞ്ഞൂറും ആയിരവും രണ്ടായിരവും ഏക്കർ കയ്യേറിക്കൊണ്ട് റബ്ബർ പ്ലാൻറ് ചെയ്യുന്നു. എൻെറ കോൺസ്റ്റിററ്യുവൻസിയിൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രി ഒരു കോൺഫറൻസ് വച്ചിരിക്കുന്നു. മുണ്ടേരി എന്നു പറയുന്ന സ്ഥലത്തുള്ള 10 സെൻറു മുതൽ 25 സെൻറുവരെ കൈവശം വെച്ചിരിക്കുന്ന 32 പാവപ്പെട്ട കൃഷിക്കാരെ ഒഴിപ്പിക്കുകയാണ് അവിടത്തെ റെയ്ഞ്ചാഫീസർ ചെയ്തിരിക്കുന്നത്. അതേ റെയ്ഞ്ചാഫീസർ തന്നെ അതിൻെറ തൊട്ടടുത്ത സ്ഥലത്തുനിന്ന് കണ്ടമാനം മരം മുറിച്ചിരിക്കുന്നു, അതിൽ ആക്ഷേപമില്ല. റബ്ബർതോട്ടം ഉണ്ടാക്കിയിരിക്കുന്നു, അതിനൊന്നും ഒരാക്ഷേപവും ഇല്ല സർ. ഈ സമ്പ്രദായം ഒന്ന് അവസാനിപ്പിക്കണം എന്നുമാത്രമാണ് ഞാൻ പറയുന്നത്.

പി. ഡബ്ലിയു. ഡി.യെ സംബന്ധിച്ചിടത്തോളം ഒന്നും പറയാതിരിക്കുന്നത് ശരിയല്ല സർ. ഞങ്ങളുടെ ഏരിയ വളരെ പിന്നോക്കം കിടക്കുന്ന പ്രദേശമാണ്. കേന്ദ്രഗവൺമെൻറിൽനിന്നും നമുക്ക് ചില വിഹിതം കിട്ടുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ചില സ്കീമുകളെ കൈ നമ്മുടെ സംസ്ഥാന ഗവൺമെൻറ് പറഞ്ഞിട്ടുണ്ട്. റവന്യു മിച്ചം കുറഞ്ഞ സംസ്ഥാനങ്ങൾക്ക് ശരാശരി റവന്യു മിച്ചത്തിൻെറ തോതിലെങ്കിലും എത്താനുള്ള പ്രത്യേക സഹായധനം വേണം. പ്രത്യേകിച്ച് മലബാറിൻെറ കിഴക്കൻ പ്രദേശം ആയിരിക്കുന്ന നിലമ്പൂർ പ്രദേശംപോലുള്ള പ്രദേശങ്ങളുടെ ശരാശരി നോക്കുമ്പോൾ റോഡിൻെറ കാര്യത്തിലും പാലത്തിൻെറ കാര്യത്തിലും വളരെ പിന്നോക്കമാണ്. അപ്പോൾ ശരാശരിയിൽ എത്താൻ ബഹുമാനപ്പെട്ട മന്ത്രി ഞങ്ങൾക്ക് പ്രത്യേകം സഹായം നൽകണം. എല്ലാ എം. എൽ. എ. മാരും കൊല്ലം തോറും ഈരണ്ടു റോഡ് ചോദിക്കുന്ന സമ്പ്രദായം നിറുത്തണം സർ. ഇക്കാര്യത്തിൽ പ്രത്യേകം സഹായം ചെയ്യണമെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. എൻ. വാസുദേവൻ പിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ രാജ്യത്ത് കാർഷിക പരിഷ്കാരം ആവശ്യമാണെന്നുള്ളത് ആരും സമ്മതിക്കുന്ന കാര്യമാണ്. നമ്മുടെ രാജ്യത്തിൻെറ സമ്പത്ഘടനയിൽത്തന്നെ അതിപ്രധാനമായ ഒരു പങ്കുവഹിക്കുന്ന കൃഷിയെസംബന്ധിച്ചിടത്തോളം എന്തു മാററങ്ങൾ വരുത്തിയിട്ടുണ്ട്, എത്ര കണ്ട് ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്തിട്ടുണ്ടെന്നുള്ള കാര്യം പരിശോധിക്കേണ്ടതുണ്ട്. നമ്മുടെ ജനസംഖ്യയിൽ ഏകദേശം 70 ശതമാനത്തോളം വരുന്ന ജനങ്ങൾ കൃഷികൊണ്ട് ഉപജീവനം നടത്തുന്നവരാണ്. വ്യവസായികമായി വളരെയേറെ മുന്നോട്ടുവന്നിട്ടില്ലാത്ത ഒരു രാജ്യമെന്നുള്ള നിലയ്ക്ക് തൊഴിൽ സാധ്യത വിരളമായിട്ടുള്ള നമ്മുടെ രാജ്യത്ത് ആ തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യത്തെ കുറിച്ച് ആലോചിക്കണം. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെക്കുറിച്ച് പറയുമ്പോൾ അത്തരത്തിൽ പ്രാധാന്യമർഹിക്കുന്ന കൃഷിയെ സംബന്ധിച്ചും കൃഷിയുമായി ബന്ധപ്പെട്ട മററു കാര്യങ്ങളെ കുറിച്ചും എത്രകണ്ട് ഗൗരവമായി ആലോചിച്ചിട്ടുണ്ടെന്ന് ചിന്തിക്കണം. കൃഷിയുടെ വികസനത്തെകുറിച്ച് സംസാരിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ഫെർട്ടിലൈസറും കീടനാശിനികളും ഉപയോഗിക്കുന്ന കാര്യത്തിലും മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നിവയുടെ കാര്യത്തിലുമെല്ലാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ കാര്യങ്ങളെല്ലാംതന്നെ നടക്കുന്നുണ്ടെങ്കിലും അത് എത്ര കണ്ട് ഫലപ്രദമായി കൃഷിക്കാർക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യത്തെകുറിച്ച് ചിന്തിക്കണം. ഇന്നും ഫലപ്രദമായി കൃഷിക്കാർക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് സത്യം. അത്തരത്തിലുള്ള പരിതഃസ്ഥിതി സംജാതമായിരിക്കുകയാണ്. കൃഷി വികസിപ്പിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുമ്പോൾ, നാണ്യവിളകളുടെ കാര്യത്തിലായിരുന്നാലും ഭക്ഷ്യവിളകളുടെ കാര്യത്തിലായിരുന്നാലും അവയുടെ വർദ്ധനവിനാവശ്യമായ നടപടികളും സംവിധാനങ്ങളും സ്വീകരിക്കുമ്പോൾ അതിന് വേണ്ടത്ര പ്രാധാന്യം കൽപ്പിക്കുന്നില്ലെന്ന് മാത്രമല്ല ഗ്രാമതലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് കൃഷിക്കാരുമായി ബന്ധപ്പെടുന്ന കാര്യത്തിലും അവർക്ക് പ്രായോഗികമായ പരിശീലനം കൊടുക്കുന്ന കാര്യത്തിലും പരാജയപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. താങ്ങുവിലയെ സംബന്ധിച്ചിടത്തോളം നമ്മളെല്ലാം പറയുന്നുണ്ട്. നെല്ലിനും കപ്പയ്ക്കും താങ്ങുവില നിശ്ചയിച്ചിട്ടുണ്ട്. താങ്ങുവില നിശ്ചയിച്ചതിന്റെ അപര്യാപ്തത വളരെ വ്യക്തമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. അതെപ്പററി ഈ സഭയിൽതന്നെ പറഞ്ഞിട്ടുണ്ട്. ഇന്നു നെല്ല് കൃഷിചെയ്യുന്ന സ്ഥലങ്ങളിലെല്ലാം കൊക്കോ കൃഷി ചെയ്യണമെന്നും ആപ്പിൾ കൃഷിചെയ്യണമെന്നും എല്ലാം ആലോചിക്കുന്നത് അതു കൊണ്ടാണ്. ശാസ്ത്രീയമായി അതെപ്പററി പരിശോധിച്ച് ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി താങ്ങുവില നിശ്ചയിക്കാൻ കഴിയാതെ വന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള മനോഭാവം കൃഷിക്കാരുടെയിടയിൽ വന്നിട്ടുള്ളത്. മാറി മാറി ആദായമുള്ള കൃഷിചെയ്യുന്നതിനാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. നെല്ലിന് ഇപ്പോൾ വില കുറവാണ്. നാണ്യവിളകളായിരുന്നാലും ഭക്ഷ്യവിളകളായിരുന്നാലും അതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ഈ രാജ്യത്തെ ജനങ്ങൾക്ക് ഉപകരിക്കത്തക്ക വിധത്തിൽ കൃഷിക്കാരുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ ഗ്രാമീണതലത്തിൽ അതിനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. അതിനുള്ള ഒരു സംവിധാനം ഉണ്ടാകാതിരുന്നാൽ നമ്മുടെ സാമ്പത്തിക സ്ഥിതിയെത്തന്നെ അത് താറുമാറാക്കുമെന്നുമാത്രമല്ല കൃഷിക്കാരെ കൂടുതൽ പാപ്പരാക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. നമ്മുടെ കാർഷികത്തോട്ടങ്ങളുടെ ഇന്നത്തെ സ്ഥിതി എന്താണ്? അതെപ്പററി പരിശോധിക്കണം. ഡിസ്ട്രിക്ട് ഫാം ഉണ്ട്. പലയിടത്തും തൊഴിലാളികളുടെ കുഴപ്പം കൊണ്ട് ആണ് തോട്ടങ്ങൾ നശിക്കുന്നതെന്നു പറയാറുണ്ട്. കാർഷിക കോളേജിൽ കൃഷിത്തോട്ടങ്ങൾ ഉണ്ടായിരുന്നു. തൊഴിലാളികളുടെ കുഴപ്പം കൊണ്ട് ആ കൃഷിത്തോട്ടങ്ങളുടെ പണി നടക്കുന്നില്ല. അവിടെ യാതൊരു പരിപാടിയും ഇന്നു നടക്കുന്നില്ല. നഷ്ടമായതുകൊണ്ടാണ് പരിപാടി മതിയാക്കി: പെരിങ്ങമ്മലയിൽ ഒരു ഫാം ഉണ്ട്. ആ തോട്ടത്തെ സംബന്ധിച്ചിടത്തോളം മനോരമപത്രത്തിൽ ഒരു വാർത്ത കാണാനിടയായി. തൊഴിലാളികളുടെ കുഴപ്പം കൊണ്ടാണ് അത് നടക്കാത്തതെന്നാണ് ഞാൻ മനസിലാക്കുന്നത്. അവിടെ അതിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. എല്ലാ സൗകര്യങ്ങളും ഉണ്ടായിട്ടുപോലും നമുക്ക് ലാഭകരമായി തോട്ടം നടത്താൻ കഴിയാത്ത സ്ഥിതിയുണ്ട്. ആയിരക്കണക്കിന്

ഫാം തൊഴിലാളികളുണ്ട്. അവർ ചില ഡിമാൻറുകൾ ഉന്നയിച്ചു. മാത്രമല്ല അവർ നിവേദനം നടത്തുകയും ചെയ്തു. ആ നിവേദനം ചവററുകൊട്ടയിൽ എറിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇനിയെങ്കിലും ആ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നമ്മുടെ വനപ്രദേശങ്ങളെപ്പററി ഇവിടെ പറഞ്ഞു. കിഴക്കൻ മലയോരപ്രദേശങ്ങളിൽ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ വളരെയേറെ ഗുണകരമായ മാററമൊന്നും വരുത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് എൻെറ അഭിപ്രായം. വനങ്ങളെല്ലാം തന്നെ പ്ലാൻേറഷൻ കോർപ്പറേഷൻെറ പരിധിയിൽ കൊണ്ടുവന്നുകൊണ്ട് എണ്ണപ്പന കൃഷിചെയ്താൽ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നതിന് സൗകര്യമുണ്ടാകും. ആ കാര്യത്തെക്കുറിച്ച് ശ്രദ്ധിക്കണം. മറെറാരുകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. മരാമത്തുമന്ത്രി സ്പോർട്ട്സിൻെറ ചാർജ് കൂടി വഹിക്കുന്ന മന്ത്രിയാണ്. മററു പലകാര്യങ്ങളിലും നടക്കുന്നതുപോലെ ആ രംഗത്തും അൽപ്പാൽപ്പം ക്രമക്കേടുകൾ നടക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. ആ കാര്യങ്ങളിലേക്ക് ഞാൻ കൂടുതൽ കടക്കുന്നില്ല. നമ്മുടെ സ്പോർട്ട്സ് രംഗത്തെ സംബന്ധിച്ചിടത്തോളം പല ബുദ്ധിമുട്ടുകളുമുണ്ട്. തിരുവനന്തപുരം സിററിക്കകത്ത് സ്ഥലം ഇല്ലായ്മയുമെല്ലാം ഉണ്ട്. പാലോടിന് സമീപം അഞ്ച് ഏക്കർ സ്ഥലം എടുക്കാനുള്ള സൗകര്യമുണ്ട്. അവിടെ ഒരു സ്പോർട്ട്സ് സ്കൂളോ കോംപ്ലക്സോ ഉണ്ടാക്കാനുള്ള സൗകര്യമുണ്ട്. അവിടെ വെള്ളവും വെളിച്ചവുമെല്ലാമുണ്ട്. ഒരു സ്വിമ്മിങ്പൂൾ ഉണ്ടാക്കാനുള്ള സൗകര്യമുണ്ട്. യശശ്ശരീരനായ ജി. വി. രാജ ജീവിച്ചിരുന്ന കാലത്ത് ആ സ്ഥലം പരിശോധിച്ചിരുന്നു. ആ സ്ഥലം പരിശോധിച്ചിട്ട് ഇതിനാവശ്യമായ സംരംഭത്തിന് വഴിതെളിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. റോഡുകളെ സംബന്ധിച്ചും മററു കാര്യങ്ങളെ സംബന്ധിച്ചും കൂടുതലായൊന്നും പറയുന്നില്ല. കഴിഞ്ഞകാലങ്ങളിലുണ്ടായിരുന്ന സ്ഥിതിയല്ല ഇന്നുള്ളത്. ഇന്ന് മെച്ചപ്പെട്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. അൽപ്പം മാററം ഉണ്ടായിട്ടുണ്ട്. ജില്ലയെ സംബന്ധിച്ചിടത്തോളം ചെറിയ മാററം ഉണ്ടായിട്ടുണ്ട്. ഈ വക കാര്യങ്ങളെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, കൃഷി, വനം, പൊതുമരാമത്ത് എന്നിവയ്ക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഞാൻ ആദ്യമായി പൊതുമരാമത്തിനെ കുറിച്ച് ചില കാര്യങ്ങൾ പരാമർശിക്കാനാണ് ആഗ്രഹിക്കുന്നത്. സർ, ഞാൻ ഇവിടെ നിൽക്കുമ്പോൾ പണ്ട് ദാരിദ്ര്യ ദുഃഖം കൊണ്ട് പൊറുതിമുട്ടിയ കുചേലൻ ദ്വാരകാധിപനായ ശ്രീകൃഷ്ണനെ കാണാൻ പോയ കഥയാണ് ഓർമ്മവരുന്നത്. തൻെറ കുടുംബത്തിൻെറ പ്രാരബ്ധങ്ങളും ബുദ്ധിമുട്ടുകളും തൻെറ സതീർത്ഥ്യനും ദ്വാരകാധിപനുമായ ശ്രീകൃഷ്ണനെ അറിയിക്കുന്നതിനുവേണ്ടിയാണ് കുചേലൻ പോയത്. എൻെറ കുടുംബം പുനലൂർ നിയോജകമണ്ഡലമാണ്. എൻെറ കുടുംബാംഗങ്ങൾ പുനലൂർ നിയോജകമണ്ഡലത്തിലെ ആളുകളാണ്. എൻെറ നിയോജകമണ്ഡലം ഉൾപ്പെടുന്ന പത്തനാപുരം താലൂക്കിനെ പരിഹാസത്തോടുകൂടി ചിലർ കാട്ടുപത്തനാപുരം എന്നു വിളിക്കാറുണ്ട്. അവിടെ കാട് കൂടുതൽ ഉള്ളതുകൊണ്ടല്ല. റോഡുകളും, പാലങ്ങളും, പള്ളിക്കൂടങ്ങളുമൊക്കെ കുറവായതുകൊണ്ട് പരിഹാസപ്പേരിട്ട് വിളിക്കുകയാണ്. എൻെറ വലത്തും ഇടത്തും ഇരിക്കുന്ന ആളുകൾ മലപ്പുറക്കാരും, ഇടുക്കിക്കാരുമൊക്കെ അവരുടെ നാടിൻെറ ബുദ്ധിമുട്ടു

LIBRARY ARCHIVES Kerala Legislative Assembly

കളെ സംബന്ധിച്ച്, പിന്നോക്കാവസ്ഥയെ സംബന്ധിച്ച് ഇവിടെ ധാരാളം പറയാറുണ്ട്. പക്ഷേ അവരെപ്പോലെ പിന്നോക്ക പ്രദേശമായ പത്തനാപുരം നിയോജകമണ്ഡലത്തിലെ രണ്ട് എം. എൽ. എ. മാരാണ് ഞാനും സഖാവ് ഇ. കെ. പിള്ളയും. അതുപോലെ പുനലൂർ നിയോജകമണ്ഡലത്തിൽ ജനിച്ചു വളർന്ന ആളാണ് അപ്പുറത്തിരിക്കുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ള. ഞങ്ങളുടെ സ്ഥിതി വളരെ ദയനീയമാണ്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: കാട്ടുപത്തനാപുരത്തെ മെമ്പർ ഇവിടെ ഉണ്ടോ?

ശ്രീ. പി. കെ. ശ്രീനിവാസൻ: കുചേലന്റെ ഭാര്യ കുചേലൻ ദ്വാരകയിലേക്ക് പോകുന്ന അവസരത്തിൽ പറഞ്ഞു—

''ദരിദ്രനെന്നാകിലു മിത്രമാത്രം
കരത്തിലില്ലാത്ത ജനം ചുരുക്കം
ധരിക്ക നീ നാഥ നമുക്കിദാനീം
ഒരിക്കലെഷ്ടിക്കു മുപായമില്ല''

വളരെ ശരിയാണ്. എന്റെ നിയോജകമണ്ഡലം വളരെ ദരിദ്രമാണ്, ഞാൻ കുചേല സമാനനായ എം. എൽ. എ. ആണെന്നു പറഞ്ഞാൽ തീരെ അതിശയോക്തിയില്ല. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പങ്കജാക്ഷൻ സാക്ഷാൽ ശ്രീകൃഷ്ണൻ തന്നെ. പങ്കജാക്ഷൻ, കടൽവർണ്ണൻ, വാസുദേവൻ, ജഗന്നാഥൻ—എല്ലാം സാക്ഷാൽ ശ്രീകൃഷ്ണൻ തന്നെ. കുചേലനെ ദ്വാരകയിലേക്ക് യാത്രയയച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു, നിങ്ങൾ അവിടെ പോയി നമ്മുടെ ബുദ്ധിമുട്ടുകൾ, പ്രയാസങ്ങൾ എല്ലാം പങ്കജാക്ഷനോട് പറയണം. അദ്ദേഹം അതെല്ലാം കേൾക്കും, മനസിലാക്കും നമ്മുടെ നിയോജകമണ്ഡലത്തിന് ആവശ്യമായതെല്ലാം ചെയ്യും. സർ, കുചേലൻ ദ്വാരകയിലേക്കു പോയപ്പോൾ അവൽപ്പൊതിയുമായിട്ടാണ് അങ്ങോട്ടു പോയത്. അവൽപ്പൊതിപോലും വാങ്ങാത്ത സത്യസന്ധനായ പങ്കജാക്ഷനാണ് പൊതുമരാമത്തുമന്ത്രി.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: ഒരു മുറുക്കാൻ പൊതി കൊടുക്കുമോ?

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥയെപ്പററി ഞാൻ ചിലതു പറയാം. ഇവിടെ ഇരിക്കുന്ന ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി എന്റെ മണ്ഡലത്തിലേക്ക് പുതിയ ബസ്സുകൾ തരികയില്ല. അതിന് അദ്ദേഹം കാരണം പറയുന്നത് നിങ്ങളുടെ പഴയറോഡിൽ കൂടി ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിച്ചാൽ അതു നശിച്ചുപോവുമെന്നാണ്. പതിനാറു വയസ്സുകഴിഞ്ഞ പടുകിഴവൻ ട്രാൻസ്പോർട്ട് ബസ്സുകളാണ് ഞങ്ങളുടെ ഉൾനാടൻ വഴിയിലൂടെ സഞ്ചരിക്കുന്നത്. കാസരോഗികളെപ്പോലെ പടുകിഴവൻ ട്രാൻസ്പോർട്ടു ബസ്സുകൾ സഞ്ചരിക്കുന്നത് വളരെ രസാവഹമാണ്. അത് കയററം കയറിപോകുമ്പോൾ സർ, ആരും അങ്ങിനെ ദയനീയമായി നോക്കിപ്പോകും. അത് താഴോട്ട് ഇറക്കം ഇറങ്ങി വരുമ്പോൾ ഏത് സാഹസികനും അമ്പരന്നു പോകും. കല്ലു റോഡിൽ കൂടി അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ഞും വലിഞ്ഞും മദ്യപാനിയെപ്പോലെ പോകുന്നതുകണ്ടാൽ പുറത്തുനിൽക്കുന്നവർക്ക് സന്തോഷകരമാണെങ്കിലും അകത്തിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വർ പ്രാണഭയംകൊണ്ടാണ് ഇരിക്കുന്നത്. ഇതുകൊണ്ട് ഞങ്ങളുടെ റോഡിന്റെ ബുദ്ധിമുട്ടുകളെപ്പററി അങ്ങേക്ക് ബോദ്ധ്യമായിരിക്കുമെന്ന് തോന്നുന്നു. ഞങ്ങൾക്ക് വളരെ പ്രയാസമാണ് സർ. നല്ല റോഡുകളില്ല, നല്ല പാലങ്ങളില്ല, നല്ല കലുങ്കുകളില്ല, ഇങ്ങനെയുള്ള ദയനീയാവസ്ഥയാണ് പത്തനാപുരം നിയോജകമണ്ഡലത്തിലുള്ളത്. ഞാൻ എല്ലാ റോഡുകളും എല്ലാ പാലങ്ങളും, എല്ലാ കലുങ്കുകളും നന്നാക്കണമെന്നു പറയുന്നില്ല. ഞാൻ ഒരു റോഡിന്റെയോ, ഒരു പാലത്തിന്റെയോ ഒരു കലുങ്കിന്റെയോ കാര്യം പ്രത്യേകിച്ചു പറയുന്നില്ല. കാരണം ഈ എം. എൽ. എ. മാർ എന്നു പറയുന്നത് പല ഭാര്യമാരുടെ ഭർത്താവിനെപ്പോലെയാണ്. ഒരു പാലത്തിന്റെ കാര്യം പറഞ്ഞാൽ മററു പാലത്തിന്റെ ആവശ്യക്കാർ ബഹളം വയ്ക്കും, ഒരു റോഡിന്റെ കാര്യം പറഞ്ഞാൽ മററു റോഡുകാരെല്ലാം ബഹളം വയ്ക്കും. അതുകൊണ്ട് ഞാൻ പറയുന്നത് എന്റെ നിയോജകമണ്ഡലത്തിലുള്ള, പത്തനാപുരം നിയോജകമണ്ഡലത്തിലുള്ള ഗതാഗതയോഗ്യമല്ലാത്ത എല്ലാ പാലങ്ങളും എല്ലാ കലുങ്കുകളും എല്ലാ റോഡുകളും നന്നാക്കണമെന്നാണ്. എങ്കിലും സർ, കുളത്തൂപ്പുഴയിൽ ഒരു പാലം പണിയണം. അഹല്യയ്ക്ക് പണ്ട് ശാപം കിട്ടി കല്ലായി. അതുപോലെ കുളത്തൂപ്പുഴ ആററിന്റെ നടുവിൽ നാലഞ്ചു നെടുംതൂണുകൾമാത്രം ശാപഗ്രസ്ഥയെപ്പോലെ നിൽക്കുന്നു. അഹല്യയ്ക്ക് പണ്ടു രാമചന്ദ്രൻ മോക്ഷം കൊടുത്തു. അദ്ദേഹവും മഹാവിഷ്ണുവിന്റെ അവതാരമായിരുന്നു. ഇപ്പോൾ മഹാവിഷ്ണുവിന്റെ അവതാരമായ പങ്കജാക്ഷൻ കുളത്തൂപ്പുഴ പാലമാകുന്ന അഹല്യയ്ക്ക് മോക്ഷം കൊടുക്കും എന്നറിയുന്നു. അങ്ങനെയാണെങ്കിൽ വർഷകാലത്തിന് മുമ്പ് തന്നെ ശാപമോക്ഷം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ പുനലൂരിൽ ഞങ്ങളുടെ മുത്തശ്ശിയായ തൂക്കുപാലം മാററി ഒരു പാലം പണിതു. ആ പാലം പണിതപ്പോൾ അവിടെ നിന്നു ചിലരെ ഇറക്കിവിട്ടു. അവർക്ക് കുറച്ച് ഭൂമി കൊടുക്കണം. അതിന് നഷ്ടപരിഹാരം കൊടുക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. കുചേലൻ ദ്വാരകയിൽ ചെന്നിട്ട് ഒരക്ഷരം പറയാതെയാണ് തിരിച്ചുപോന്നത്. ശ്രീകൃഷ്ണനോട് വളരെനേരം സംഭാഷണം നടത്തിയെങ്കിലും ഒരക്ഷരം അദ്ദേഹത്തിന്റെ കാര്യം പറഞ്ഞില്ല. പക്ഷേ ഞാൻ പറഞ്ഞു. എന്താണ് പറഞ്ഞുപോയത്? പഴയ ആൾക്കാരാണോ സർ ഇപ്പോൾ? എനിക്ക് ഭയമുള്ളതുകൊണ്ടാണ് ഞാൻ കാര്യം പറഞ്ഞുപോയത്. പക്ഷേ ശ്രീകൃഷ്ണൻ പറയാതെ തന്നെ കാര്യങ്ങളെല്ലാം അറിഞ്ഞു. കുചേലൻ പോയി വഴിമദ്ധ്യേവെച്ചാണ് ഞാൻ അങ്ങോട്ടൊന്നും പറഞ്ഞില്ലല്ലോ എന്ന് ഓർത്തത്. അങ്ങു ചെന്നപ്പോൾ എന്തു മാററം! റോഡു മാറിയിരിക്കുന്നു. വീട് മാറിയിരിക്കുന്നു, കുടുംബമാകെ മാറിയിരിക്കുന്നു. ദ്വാരകയ്ക്ക് സമാനമായ ഒരു സ്ഥലമായി കുചേലന്റെ പ്രദേശം. അങ്ങനെയുള്ള അൽഭുതവിദ്യകളൊന്നും ശ്രീ. പങ്കജാക്ഷനുണ്ടെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ നാലഞ്ച് വർഷക്കാലം കൊണ്ട് ഞങ്ങളുടെ പ്രദേശമാകെ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള സഹായഹസ്തം നീട്ടണേ എന്നുമാത്രം പറഞ്ഞുകൊള്ളുന്നു.

കൃഷിയെപ്പററി രണ്ടുവാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കൃഷിയെപ്പററി പറയുമ്പോൾ ഇവിടത്തെ ബഡ്ജററ് ഒരു കൃഷി ബഡ്ജററാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കൃഷി അഭിവൃദ്ധിപ്പെടുത്താൻ വേണ്ട ധാരാളം കാര്യങ്ങൾ ഈ ബഡ്ജററിലുണ്ട്. അതിലേക്കു കടന്നാൽ പുറത്തിറങ്ങാൻ സാധിക്കുകയില്ല. അത്രയധികം

കാര്യങ്ങൾ ഇതിൽ ചെയ്തിട്ടുണ്ട്. എന്നാൽ ഒരു വിഷമമുണ്ട്. അത് എണ്ണപ്പന കൃഷിയെക്കുറിച്ചാണ്. ശ്രീ. ആര്യാടൻ മുഹമ്മദ്, എന്റെ വലതുവശത്തിരിക്കുന്ന സുഹൃത്തു പറഞ്ഞു എണ്ണപ്പന കൃഷിക്ക് ഏറ്റവും നല്ല സ്ഥലം നിലമ്പൂർ ഫോറസ്റ്റാണെന്ന്. എന്നാൽ അന്തർദേശീയ സംഘം വന്നു പരിശോധിച്ചിട്ട് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഭാരതീപുരം പ്രദേശമാണ് എണ്ണപ്പന കൃഷിക്ക് ഏറ്റവും പററിയ പ്രദേശമെന്ന് പറഞ്ഞു. അവിടെ 1969-ൽ സഖാവ് എം. എൻ. ഗോവിന്ദൻ നായർ മന്ത്രിയായിരുന്ന കാലത്ത് രണ്ടായിരം ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചു. അതൊരു സ്തംഭനത്തിലായി, ആയിരം ഏക്കർ കൃഷി കഴിഞ്ഞപ്പോൾ ആവശ്യമായ വിത്തു കിട്ടിയില്ല. അപ്പോഴാണ് ശ്രീ. ശങ്കരനാരായണൻ കൃഷിമന്ത്രിയായിരുന്ന കാലത്ത് അതിനാവശ്യമായ വിത്തു സംഭരിക്കാൻ ലോകം മുഴുവൻ കറങ്ങി, ആവശ്യമായ വിത്തുകളെല്ലാം സംഭരിച്ചത്. വളരെ നല്ല ഒരു നേഴ്സറി അവിടെ രൂപം പ്രാപിച്ചിട്ടുണ്ട്. എനിക്ക് പറയാനുള്ളത് ഈ ഗവൺമെൻറ് പതിനായിരം ഏക്കർ സ്ഥലം എണ്ണപ്പന കൃഷി വികസിപ്പിക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുന്നു എന്നു പറയുന്നത് എന്റെ മണ്ഡലക്കാർക്കു വേണ്ടി മാത്രമല്ല, ഈ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും സന്തോഷകരമായ ഒരു വർത്തമാനമാണ്. ഇന്ന് മലേഷ്യയിൽ റബ്ബർ മാററിയിട്ട് ഓയിൽ പാം കൃഷി ചെയ്യുന്നു. അത്ര ആദായകരമായ കൃഷിയാണ്. ഇപ്പോൾ ഭാരതീപുരത്ത് 200 ഹെക്ടർ സ്ഥലത്ത് മാത്രമാണ് അതിന്റെ കൃഷി ആരംഭിച്ചിരിക്കുന്നത്. നാലരവർഷം കൊണ്ട് കായ്ക്കുമെന്നു പറഞ്ഞത് രണ്ടരവർഷം ആയപ്പോൾ കായ്ച്ച് തുടങ്ങി. കഴിഞ്ഞവർഷം 1977-78-ൽ 103 മെട്രിക് ടൺ എണ്ണ ഉൽപ്പാദിപ്പിച്ചു. ഒരു ടണ്ണിന് എന്റെ ഓർമ്മ ശരിയാണെങ്കിൽ ആറായിരം ഉറുപ്പികയാണ്. ഒരു ഹെക്ടർ സ്ഥലത്തുനിന്ന് ഏതാണ്ട് 17,500 രൂപ ആദായം കിട്ടുന്ന ഒരു കൃഷിയാണ് എണ്ണപ്പന കൃഷി. വളരെ ഉൽപ്പാദനശേഷിയുള്ള റബ്ബർ ആണെങ്കിലും പരമാവധി കിട്ടുന്നത് ഒമ്പതിനായിരത്തിനും പതിനായിരത്തിനും ഇടയ്ക്കാണ്. ഇതിൽ 17,500 രൂപ ആദായംകിട്ടുന്നു. പതിനായിരം ഉറുപ്പികയുടെ തൊണ്ടിൽ നിന്നുള്ള എണ്ണ. ഏതാണ്ട് 1800 രൂപ അതിന്റെ കെർണൽ ഓയിൽ. ഇങ്ങനെ 17,500 ഉറുപ്പിക ഒരു ഹെക്ടർ സ്ഥലത്ത് നിന്ന് അററാദായം കിട്ടുന്ന ഒന്നാണ് എണ്ണപ്പന. ഞാൻ അതിന്റെ ഒന്നുരണ്ട് കായ്കൾ കൊണ്ടുവന്നിട്ടുണ്ട്. ആരും കണ്ടിരിക്കാനിടയില്ലാത്തതുകൊണ്ട് ഞാൻ കൊണ്ടുവന്നതാണ്. (കായ് കാണിക്കുന്നു.) ഇതിന്റെ കെർണൽ ഓയിൽ ഇപ്പോൾ എടുക്കുന്നില്ല. തോട്ടുംപുറത്തുള്ള ഓയിൽ മാത്രമാണ് ഇപ്പോൾ എടുക്കുന്നത്. ഇതിന് മെച്ചൂരിററി വന്നിട്ടില്ല. അഞ്ചാറുവർഷമായി കെർണൽ ഓയിൽ എടുക്കുന്നില്ല. എങ്കിൽപ്പോലും വളരെ ആദായകരമാണ്. അതുകൊണ്ട് സമ്പത്ത് ഘടനയെ കാര്യമായി സഹായിക്കാൻ കഴിയുന്ന കേരളത്തിന്റെ സമ്പത്ത്ഘടനയെ വളരെയധികം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്ന ഈ എണ്ണപ്പന കൃഷി പതിനായിരം ഹെക്ടർ സ്ഥലത്തേക്ക് വ്യാപിപ്പിക്കണം.

സർ, ഒരു കാര്യം കൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. ഇപ്പോൾ ഇതിന് ഫാക്ടറിയില്ല. ഹാന്റ് പ്രസ് വെച്ചാണ് ഇതിന്റെ ഓയിൽ എടുക്കുന്നത്. അതുകൊണ്ടു വളരെ കുറഞ്ഞുപോകും, അതുകൊണ്ട് ഇതിന്റെ ഫാക്ടറി വളരെവേഗം സ്ഥാപിക്കാനുള്ള നടപടികൾ എടുക്കണമെന്നാണ് എനിക്കു കൃഷിവകുപ്പുമന്ത്രിയോട് പറയാനുള്ളത്. ഈ എണ്ണപ്പനകൃഷിയുടെ വികസനത്തിൽ ഗവൺമെൻറ് കാര്യമായ ശ്രദ്ധ ചെലുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. കുര്യൻ: ബഹുമാനപ്പെട്ട മെമ്പർ കാണിച്ച എണ്ണ ക്കുരു സർക്കാർ തോട്ടത്തിലേതല്ലേ? അതെങ്ങനെ മെമ്പർ ഇവിടെ കൊണ്ടു വന്നു. സർക്കാർ ഉടമയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നല്ലേ? എങ്ങനെയാണ് അതിവിടെ കൊണ്ടുവന്നത്? ആരോടെങ്കിലും പ്രത്യേകം അനുവാദം വാങ്ങിക്കൊണ്ടാണോ, അതോ മോഷ്ടിച്ചുകൊണ്ടുവന്നതാണോ?

ശ്രീ. പി. കെ. ശ്രീനിവാസൻ: വേണ്ട അനുവാദം വാങ്ങിക്കൊണ്ടു തന്നെയാണ് കൊണ്ടുവന്നത്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പി ക്കുന്നു.

ശ്രീ. എം. വി. മാണി: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെയെല്ലാം ഞാൻ വളരെ സന്തോഷപൂർവ്വം പിന്താ

11 A. M.] ങ്ങുകയാണ്. ആദ്യമായി പൊതുമരാമത്തു വകുപ്പിനെപ്പററി രണ്ടു കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. പൊതുമരാമത്തുവകുപ്പ് വളരെ സമർത്ഥമായി കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാനും പരിമിതമായ സാമ്പത്തിക പരിധിക്കുള്ളിൽനിന്നുകൊണ്ടുതന്നെ റോഡുകളും പാലങ്ങളും മററ് യാത്രാ സൗകര്യങ്ങളും ഉണ്ടാക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ട് അദ്ദേഹത്തെ ഞാൻ അനുമോദിക്കുകയാണ്. ഇക്കൂട്ടത്തിൽതന്നെ ഇക്കൊല്ലം ഈ ഇനത്തിൽ വച്ചിരിക്കുന്ന 39 കോടി രൂപ നമ്മുടെ രാജ്യത്ത് ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിന് തീരെ അപര്യാപ്തമാണെന്നു പറയുന്നതിലും എനിക്ക് യാതൊരു മടിയുമില്ല. പക്ഷേ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ടേ ഈ കാര്യങ്ങൾ ചെയ്യാൻ ഒക്കൂ എന്ന് ഞാൻ സമ്മതിക്കു കയാണ്. ഇക്കൊല്ലം നാനൂറ് കിലോമീററർ ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഇത് വളരെ നല്ല കാര്യമാണ്. നാനൂറ് കിലോമീററർ പുതിയ ഗ്രാമീണറോഡുകൾ ഏറെറടുക്കുമ്പോൾ ഒരു കിലോമീററർ ഗ്രാമീണ റോഡ് ഇന്ന് തീർക്കുന്നതിന് മൂന്നുലക്ഷം രൂപയെങ്കിലും കുറഞ്ഞത് വേണ്ടിവരും. ആ രീതിയിൽ ചിന്തിക്കുമ്പോൾ ചുരുങ്ങിയത് പന്ത്രണ്ട് കോടി രൂപയെങ്കിലും ഗ്രാമീണ റോഡുകൾ തീർക്കുന്നതിന് നമുക്ക് അധികം വേണ്ടിവരും. അതിനുള്ള തുകയൊന്നും ഈ ബഡ്ജററിൽ ഇല്ല. ബഡ്ജററിൽ നാമമാത്രമായ 100 ഉറുപ്പിക ടോക്കൺ പ്രൊവിഷൻ കൊടുത്തുകൊണ്ട് ഗ്രാമീണ റോഡുകൾ ഈ സമയ പരിധിക്കുള്ളിൽ ഏറെറടുക്കാൻ സാധിക്കുമോയെന്ന് എനിക്ക് സംശയമുണ്ട്. ഈ അവസരത്തിൽ മന്ത്രിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ട ഒരു കാര്യത്തിലേക്ക് ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. നമ്മുടെ ബ്ളോക്കുകളുടെ കീഴിൽ കഴിഞ്ഞകാലത്ത് ആർ. എം. പി. യിലും വില്ലേജ് റോഡ് സ്കീമിലും ലിങ്ക് റോഡിലും അടുത്തകാലത്ത് ഫാമിൻ റിലീഫിലും എട്ടു മീററർ വീതിയിൽ എർത്തുവർക്ക് റിടെയിനിംഗ് വാൾ, കൾവർട്ട്സ്, സോളിംഗ്, മെററലിംഗ്, ഇവ ചെയ്തിട്ടുള്ള അനേകം കിലോമീററർ റോഡുകൾ രാജ്യത്ത് അങ്ങോളമിങ്ങോളമുണ്ട്. ഇത്രയും പണികൾ തീർത്തിട്ട് ഇന്ന് ആ റോഡുകൾ അനാഥസ്ഥിതിയിൽ കിടക്കുകയാണ്. ഈ റോഡുകളുടെ മെയിന്റനൻസ് നടത്തുന്നതിന് പഞ്ചായത്തുകളെക്കൊണ്ട് സാധിക്കുകയില്ല. ബ്ലോക്കുകൾക്ക് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ട്. റോഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുകയാണെങ്കിൽ തീർച്ചയായും അതിന്റെ മെററലിംഗും ടാറിംഗും കൂടി നടത്തിയാൽ ഏററവും ഭംഗിയായി ഹൈവേ ആയി മാററാവുന്ന റോഡുകൾ ഇന്ന് അനവധിയുണ്ട്. അതുകൊണ്ട് പുതിയ റോഡുകൾ ഏറ്റെടുക്കുമ്പോൾ തീർച്ചയായും ഇങ്ങനെയുള്ള റോഡുകൾക്ക് മുൻഗണനകൊടുക്കുകയും ആ റോഡുകൾ ഏറ്റെടുക്കുകയും ചെയ്താൽ ഇന്ന് നാനൂറ് പുതിയ റോഡുകൾ ഏറ്റെടുക്കുമ്പോൾ 12 കോടി രൂപ ചെലവാകുമെങ്കിൽ തീർച്ചയായും മൂന്നുനാല് കോടി രൂപകൊണ്ട് 400 കിലോമീററർ റോഡുകൾ ടാർ ചെയ്യുന്നതിന് സാധിക്കും. അതുകൊണ്ട് ആ രീതിയിൽ ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുമ്പോൾ മുൻഗണന കൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ ബഡ്ജററിൽ മിനി സിവിൽ ലൈൻസിന്റെ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. നമ്മുടെ താലൂക്ക് ആസ്ഥാനങ്ങളിൽ, ജില്ലാ ആസ്ഥാനങ്ങളിൽ മുഴുവനും സർക്കാർ ആഫീസുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിട്ടില്ല. വിവിധ താലൂക്കുകളിൽ ഇന്നും സർക്കാർ ആഫീസുകൾ പ്രവർത്തിക്കാൻ കെട്ടിടങ്ങളില്ലാത്തതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുണ്ട്. ഇരിക്കുന്നതിന് സ്ഥലമില്ല. എന്റെ താലൂക്കായ കോതമംഗലത്ത് സർക്കാർ ആഫീസുകളിൽ ഇരിക്കുന്നതിനു പോലും സ്ഥലമില്ലാത്ത സ്ഥിതിയാണുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഈ ഇനത്തിൽ അനേകലക്ഷം രൂപ പ്രതിമാസം വാടകയിനത്തിൽ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുന്നുണ്ട്. അതുകൊണ്ട് താലൂക്ക് കേന്ദ്രങ്ങളിലെങ്കിലും സർക്കാർ ആഫീസുകൾ പണിയുന്നതിന് എന്തെങ്കിലും രീതിയിയുള്ള സംവിധാനം അടിയന്തിരമായി ഉണ്ടാക്കണം. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പ്രതിമാസം വാടകയായി കൊടുക്കുന്ന പണം എവിടെയെങ്കിലും തിരിയെ കൊടുക്കുന്ന ഒരു സംവിധാനത്തിൽ, ബാങ്കുകളിൽനിന്നോ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പയായി എടുത്ത് ഈ കാര്യത്തിന് അടിയന്തിര പരിഹാരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എന്റെ താലൂക്കായ കോതമംഗലം താലൂക്കിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലത്ത് സ്ഥലമില്ലായിരുന്നു. ബഹുമാന്യനായ മുൻ വനംവകുപ്പു മന്ത്രിയെ ഈ അവസരത്തിൽ ഞാൻ നന്ദിയോടെ സ്മരിക്കുകയാണ്, കഴിഞ്ഞ വർഷം അദ്ദേഹം സർക്കാർ ആഫീസുകൾ പണിയുന്നതിനുവേണ്ടി വളരെ ബുദ്ധിമുട്ടിയിരുന്ന ഞങ്ങളുടെ പ്രദേശത്തിന് രണ്ടേക്കർ സ്ഥലം ഫോറസ്ററ് ഡിപ്പാർട്ടുമെൻറുകാരുടെ കടുത്ത എതിർപ്പിനെ അവഗണിച്ചു കൊണ്ട്, ഞങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലാക്കികൊണ്ട് വിട്ടുതന്നു. അൻപതിനായിരം രൂപ അതിനുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. കോതമംഗലത്ത് സർക്കാർ ആഫീസുകൾ പണിയുന്നതിനുള്ള അടിയന്തിര നടപടി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ കൊച്ചി—മധുര ഹൈവേയെപ്പററി നമ്മൾ വളരെ കാലമായി കേട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞവർഷം ബഹുമാനപ്പെട്ട മന്ത്രി അസംബ്ലിയിൽ ഉത്തരംപറഞ്ഞ കൂട്ടത്തിൽ അനുമതി ഉടനെ കിട്ടുമെന്നു പറഞ്ഞു. തീർച്ചയായും ഇൻറർ സ്റേററ് ഹൈവേ എന്ന നിലയിൽ വളരെ പ്രാധാന്യമർഹിക്കുന്ന കൊച്ചി—മധുര ഹൈവേയുടെ കാര്യത്തിൽ കേന്ദ്രഗവൺമെൻറിൽനിന്നും ആവശ്യമായ ധനസഹായം കിട്ടുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എന്റെ അയൽ ജില്ലയായ ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം ഇന്ന് പല കുറവുകളുമുണ്ട്. അതിന്റെ സ്ഥിതി വളരെ ശോചനീയമാണ്. അവിടെ പ്രധാനമായിട്ടും ഇന്നൊരു പി. ഡബ്ലിയു. ഡി. ഡിവിഷൻ ആഫീസില്ല.

LIBRARY ARCHIVES Kerala Legislative Assembly

വളരെനാളായി പി. ഡബ്ല്യു. ഡി. ഡിവിഷൻ ആഫീസ് അവിടെ ഉണ്ടാകുമെന്ന് പറഞ്ഞുകേട്ടിട്ടുള്ളതാണ്. ഇന്നേവരെ അതിനു യാതൊരു നടപടിയും എടുത്തിട്ടില്ല. തീർച്ചയായും ആ പിന്നോക്കജില്ലയിൽ കൂടുതൽ സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി. ഡിവിഷൻ ആഫീസ് വളരെ വേഗത്തിൽതന്നെ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ കാര്യങ്ങൾ ഈ വർഷം തന്നെ സഫലമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

സർ, കൃഷിവകുപ്പിനെപ്പററി പറയുമ്പോൾ അടുത്തകാലത്തായി നമ്മുടെ സംസ്ഥാനത്തിന്റെ മൗലികമായ പ്രശ്നം പരിഹരിക്കുവാൻ കാർഷിക മേഖലയിൽ കൂടുതൽ മുതൽമുടക്കുണ്ടാകണം. പ്രത്യേകിച്ച് നാണ്യവിളകൾക്ക് പ്രാധാന്യം കൊടുത്തെങ്കിൽ മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താനും തൊഴിലവസരം ഉണ്ടാക്കുവാനും സാധിക്കുകയുള്ളു എന്ന് ഈ ഗവൺമെന്റ് ചിന്തിച്ചു തുടങ്ങിയിട്ടുണ്ടെന്ന് കാണാൻ കഴിയും. ഏതായാലും ഈ ബഡ്ജററിൽ കാർഷിക മേഖലയ്ക്ക് മുൻതൂക്കം കൊടുത്തിട്ടുള്ളത് സ്വാഗതാർഹമാണ്. ഈ അവസരത്തിൽ കാർഷിക മേഖല പരിപോഷിപ്പിക്കുവാൻ ആവശ്യമായിട്ടുള്ളത് ഒന്ന്, ജലവും രണ്ട്, മണ്ണ് സംരക്ഷണവുമാണ്. ജലസമ്പത്ത് പരമാവധി ചൂഷണം ചെയ്യാനുള്ള എല്ലാവിധ ശ്രമങ്ങളും ഗവൺമെന്റ് ചെയ്തിട്ടുണ്ട്. എനിക്ക് സൂചിപ്പിക്കുവാനുള്ളത് മണ്ണ് സംരക്ഷണത്തെ സംബന്ധിച്ചാണ്.

സർ, നമ്മുടെ സംസ്ഥാനത്തിലെ നിമ്നോന്നത പരിതഃസ്ഥിതി അനുസരിച്ച് സമതലം വളരെ കുറവാണെന്നുള്ളതുകൊണ്ട് നമ്മുടെ ഭൂമിയിൽ മണ്ണ് സംരക്ഷണം നടത്തിയില്ലെങ്കിൽ ഭാവിയിൽ എന്ത് പരിപാടികൾ ഉണ്ടാക്കിയാലും അത് നിഷ്പ്രഭമാകുകയേ ഉള്ളു. പ്രത്യേകിച്ചും ഇടുക്കി മലയോര പ്രദേശങ്ങളിലെല്ലാം ഇന്ന് നല്ല ഭൂമിയാണെങ്കിലും 10 കൊല്ലത്തിനുള്ളിൽ അതെല്ലാം ഫലപുഷ്ടി നഷ്ടപ്പെട്ട് മരുഭൂമിയാകുന്ന നിലയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന് അടിയന്തിരമായി പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു. മണ്ണൊലിപ്പു തടയുന്നതിനുവേണ്ടി ഇക്കൊല്ലം ഒന്നരക്കോടി രൂപ ബഡ്ജററിൽ നീക്കിവച്ചിട്ടുള്ളത് നല്ല കാര്യമാണ്. ഒന്നരക്കോടി രൂപകൊണ്ട് ഈ രാജ്യത്ത് ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയില്ല. ഗവൺമെന്റ് കണക്കനുസരിച്ച് 15 ലക്ഷം ഹെക്ടർ സ്ഥലത്ത് മണ്ണൊലിപ്പുനിവാരണപദ്ധതി നടപ്പിലാക്കുവാൻ വേണ്ടി കുറെയെല്ലാം പ്ലാന്റേഷൻ ഉണ്ടാക്കി. പ്രധാനമായും തേക്കും യൂക്കാലിപ്ററസുമാണ് പ്ലാന്റ് ചെയ്തിട്ടുള്ളത്. തേക്ക് ഏത് പരിതഃസ്ഥിതിയിലും പ്രത്യേകിച്ചും 1500 മീററിനു താഴെയുള്ള ഉയരത്തിലും വളരും. കൂടുതൽ അററൻഷൻ കൊടുത്തില്ലെങ്കിലും തേക്ക് വളരും. യൂക്കാലിപ്ററസ് സമുദ്രനിരപ്പിൽനിന്നും 100 മീററർ വരെ പൊക്കമുള്ള സമതല പ്രദേശങ്ങളിൽ പ്ലാന്റ് ചെയ്തു. സർ, ആസ്ട്രേലിയയിൽ യൂക്കാലിപ്ററസ് പിടിക്കുമെന്ന് പറയുന്നുണ്ട് എങ്കിലും തീർച്ചയായും 500 മീററിനു താഴെയുള്ള പ്രദേശങ്ങളിൽ യൂക്കാലിപ്ററസ് കൃഷി വളരെയധികം പരാജയമായിട്ടാണ് കണ്ടിട്ടുള്ളത്. ഹൈറേഞ്ചസിൽ പ്രത്യേകിച്ചും ഇടുക്കി ജില്ലയിൽ പൊക്കമുള്ള പുൽമേടുകളുണ്ട്. അവിടെയൊന്നും ആ കൃഷി ശാസ്ത്രീയമായി നടത്തുന്നില്ല. ആ പ്രദേശങ്ങളിൽ യൂക്കാലിപ്ററസ് കൃഷിചെയ്തുകൊണ്ട് നമ്മുടെ സമതല പ്രദേശത്ത് മററ് വിലപിടിപ്പുള്ള വൃക്ഷങ്ങൾ കൃഷിചെയ്താൽ തീർച്ചയായും ആദായകരമായിരിക്കും. എന്റെ നിയോജകമണ്ഡലത്തിൽപെട്ട കോതമംഗലം പ്ലാന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷനിൽപെട്ട വനങ്ങളിലെല്ലാം യൂക്കാലിപ്ററസ് കൃഷിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അവിടെവന്നു കാണണം. കാരണം അവിടെ യൂക്കാലിപ്ററസ് കൃഷിയുണ്ടെന്ന് ഫയലിൽ എഴുതിയിട്ടുണ്ടെങ്കിലും കാര്യമായ കൃഷിയൊന്നും അവിടെയില്ല. വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിക്ക് സപ്ലൈ ചെയ്യാനുള്ള യൂക്കാലിപ്ററസ് ഒന്നും അവിടെയില്ല. കാരണം അവിടെ പ്ലാൻറ് ചെയ്യുന്നതുമുതൽക്കുള്ള കാര്യങ്ങളിൽ അവിടെയുള്ള ഉദ്യോഗസ്ഥൻമാർ അഴിമതി കാണിച്ചിട്ടുണ്ട്. അത് കുഴി താഴ്ത്തിവച്ചിട്ടില്ല. ടോങ്കിയാകൃഷിക്കാരെക്കൊണ്ട് കമ്പിക്ക് കുത്തിയാണ് അത് വച്ചിട്ടുള്ളത്. ലക്ഷക്കണക്കിന് രൂപ അതിനുവേണ്ടി ചെലവെഴുതി എടുത്തിട്ടുണ്ടെങ്കിൽ തന്നെയും ഫോറസ്ററുദ്യോഗസ്ഥൻമാർ അത് യാതൊന്നും നോക്കാതെ കുഴി താഴ്ത്താതെ യാതൊരു സംരക്ഷണവും ചെയ്യാതെ ടോങ്കിയാ കൃഷിക്കാരെക്കൊണ്ട് ചെയ്യിച്ചതുകൊണ്ടാണ് ആ കൃഷി ഇത്രമാത്രം മോശമായത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിനുവേണ്ട നടപടി നടത്തേണ്ടിയിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഒരു ഹെക്ടർ സ്ഥലത്ത് കുറഞ്ഞത് കയ്യാല വയ്ക്കാൻ മൂവായിരം രൂപ വേണം, അങ്ങനെ കൂട്ടിയാൽ ഏതാണ്ട് 450 കോടി രൂപ ഉണ്ടെങ്കിൽ മാത്രമേ 15 ലക്ഷം ഹെക്ടർ പ്രദേശത്ത് മണ്ണൊലിപ്പുനിവാരണ പ്രവർത്തനം നടത്താൻ കഴിയൂ. 450 കോടി രൂപ ഉണ്ടാക്കാൻ സംസ്ഥാന ഗവൺമെൻറിന് ഉടനടി സാധിക്കുകയില്ല. ഈ അടുത്തകാലത്ത് പത്രങ്ങളിൽ കണ്ട വാർത്തയനുസരിച്ച് 150 കോടി രൂപ വേൾഡ് ബാങ്കിൽ നിന്നും ധനസഹായം കിട്ടുമെന്നാണ്. ലോക ബാങ്കിൻെറയോ മററ് ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളുടെയോ സഹായത്തോടെ ഇക്കാര്യത്തിനുവേണ്ടി തുക കണ്ടെത്തുകയും ഇടുക്കി ജില്ലയിലും മലയോര പ്രദേശങ്ങളിലും മണ്ണ് സംരക്ഷണ പ്രവൃത്തി നടത്തുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും നമ്മുടെ പദ്ധതികളൊന്നും വിജയത്തിലെത്തുകയില്ലെന്നുള്ളതിന് സംശയമില്ല. അതുപോലെതന്നെ നമ്മുടെ അണക്കെട്ടുകൾ മുഴുവൻ നികന്നുകൊണ്ടിരിക്കുകയാണ്. ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ മാത്രമുള്ള നമ്മുടെ സംസ്ഥാനത്ത് ഭാവിയിൽ ഇതൊരു ഭീഷണിയായി മാറും. ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് ചുററുപാടുമുള്ള ഭൂമിയിൽനിന്നും മണ്ണൊലിച്ച് അണക്കെട്ടിലിറങ്ങുകയാണ്. ഇലക്ട്രിസിററി ബോർഡ് വളരെയധികം ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. തീർച്ചയായും ഇലക്ട്രിസിററി ബോർഡിന് ഇക്കാര്യത്തിൽ കുറെ താൽപ്പര്യം എടുക്കുവാൻ കഴിയും. ഇലക്ട്രിസിററി ബോർഡ് കുറെ ഗ്രാൻറ് നൽകിക്കൊണ്ട് മണ്ണൊലിപ്പ് സത്വരമായി തടയാൻ നടപടികളെടുക്കുകയാണെങ്കിൽ തീർച്ചയായും ഗ്രാമീണ മേഖലയിൽ പ്രത്യേകിച്ചും മലയോരപ്രദേശങ്ങളിലെ തൊഴിലില്ലാത്ത ലക്ഷോപലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കാൻകൂടി അവസരമുണ്ടാകുകയും ചെയ്യും. അത് നമ്മുടെ സാമ്പത്തികനില മെച്ചപ്പെടുത്താനും വളരെയധികം സഹായിക്കും. അതുകൊണ്ട് ഈ മണ്ണൊലിപ്പിൻെറ കാര്യത്തിൽ വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, വനത്തിനെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ഈ രാജ്യത്ത് ഏററവും ചെലവുകുറച്ച് വരുമാനം ഉണ്ടാക്കുന്നതിന് നല്ലൊരു ഉപാധിയാണ് ഫോറസ്ററ്. ഇൻഡ്യയിലെ മറേറത് സംസ്ഥാനത്തെ അപേക്ഷിച്ചും നമ്മുടെ ഫോറസ്ററ് വളരെ നല്ലതായിരുന്നു. പക്ഷേ ഫോറസ്ററിനോടുള്ള നമ്മുടെ അവഗണനയും കഴിഞ്ഞകാലത്ത് കാണിച്ച

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്രീയമായ വീക്ഷണഗതി ഇല്ലായ്മയും കൊണ്ട് നമ്മുടെ ഫോറസ്ററ് ഇന്ന് നശിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷത്തിൽ 34 കോടി രൂപയുടെ വരുമാനമുണ്ടായത് നമ്മുടെ ഫോറസ്ററ് ഉൽപ്പന്നങ്ങൾ വിററുകിട്ടിയിട്ടുള്ളതാണ്. കഴിഞ്ഞ അഞ്ചെട്ട് കൊല്ലങ്ങളിലായി ഫോറസ്ററു ഉൽപ്പന്നങ്ങൾ വെട്ടിവിൽക്കുന്നതിൽ കാണിച്ച ധാരാളിത്തവും പ്ലാനിംഗ് ഇല്ലായ്മയും ഡിമാൻറിന് അനുസരിച്ച് അല്ലാത്ത സപ്ലൈയും ആണ് നമ്മുടെ ഫോറസ്ററിനെ നശിപ്പിച്ചത്. ഒരുകാലത്ത് നമ്മുടെ ഫോറസ്ററിൽനിന്നും വൻതോതിൽ തടികൾ വെട്ടി കോഴിക്കോടും ആലപ്പുഴയും പെരുമ്പാവൂരും ഉള്ള തടിക്കച്ചവടക്കാർക്ക്, മററുള്ളവർക്ക് തടികൾ വാങ്ങിക്കുവാൻപോലും നിവൃത്തിയില്ലാതെ നിസ്സാരമായ വിലയ്ക്ക് കൊടുക്കേണ്ടിവന്നിട്ടുണ്ട്. യാതൊരുവിധ പ്ലാനിംഗും ഇല്ലാതെ ആവശ്യം നോക്കാതെ വനസമ്പത്ത് വെട്ടിനശിപ്പിച്ച ഒരു സ്ഥിതിയാണുണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇന്ന് ഫോറസ്ററ് ഉൽപ്പന്നങ്ങൾ വളരെ കുറഞ്ഞിരിക്കുകയാണ്. തടികൾ നമ്മുടെ നാട്ടിലില്ല. ഇന്നു നമ്മുടെ സാമില്ലുകൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ തടി ഇല്ല. കല്ലായിയിലും പെരുമ്പാവൂരിലും ചാലക്കുടിയിലുമുള്ള നിരവധി സാമില്ലുകൾ ഇന്ന് പൂട്ടിയിരിക്കുകയാണ്. നിരവധി തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുകയാണ്. ആ നിലയിൽ ഇനിയുള്ള ഫോറസ്ററ് ശാസ്ത്രീയമായ രീതിയിൽ സംരക്ഷിച്ചില്ലെങ്കിൽ നമ്മെ സംബന്ധിച്ചിടത്തോളം ഒരു ഭീഷണി നേരിടാൻ പോകുകയാണ്.

പ്ലാൻേറഷൻ മേഖലയെ സംബന്ധിച്ച് പറയുമ്പോൾ ഒഴിഞ്ഞ ആ പ്രദേശം സന്ദർശിക്കണം. ഈ രാജ്യത്തെ വനം യാതൊരു നീതിയുമില്ലാതെ വെട്ടി നശിപ്പിക്കുന്ന ഫോറസ്ററുദ്യോഗസ്ഥൻമാരാണ് ഈ രാജ്യത്തെ ഏററവും വലിയ ശാപമായിരിക്കുന്നത്. സർ, ഇടുക്കി-നേര്യമംഗലം റോഡിന്റെ സൈഡിലുള്ള തട്ടക്കണ്ണി, പാമ്പള തുടങ്ങിയ പ്രദേശങ്ങളിൽ യാതൊരു ഫോറസ്ററുമില്ല. എന്താണ് ഈ രാജ്യത്തുണ്ടായത്? ഈ രാജ്യത്തെ ഒന്നാംതരം ഫോറസ്ററുകളെല്ലാം ഫോറസ്ററ് ഉദ്യോഗസ്ഥൻമാർ കൈക്കൂലി വാങ്ങിക്കൊണ്ട് കയററിയാണ് തടി നശിപ്പിച്ചിട്ടുള്ളത്. ഹൈക്കോടതിയിൽ പോയി ഫോറസ്ററ് ഭൂമി കൈവശമുണ്ടെന്നുള്ള നിലയിൽ സ്റേറ വാങ്ങിച്ചുവന്നതിനുശേഷം ഫോറസ്ററ് ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽതന്നെയാണ് ഈ ഭൂമികളെല്ലാം അളന്നുതിരിച്ചുകൊടുത്തിട്ടുള്ളത്. മുൻപ് ആർക്കും കൈവശമില്ലായിരുന്നു. ആ രീതിയിൽ ഈ രാജ്യത്തെ ഫോറസ്ററുകൾ വെട്ടി വിററുകൊണ്ടിരിക്കുകയാണ്. അതാതു കാലത്ത് കയ്യേറിയ സ്ഥലങ്ങളിലെ ഉദ്യോഗസ്ഥൻമാർ ആരാണെന്നുനോക്കി നടപടി നടത്തിയെങ്കിൽ മാത്രമെ ഈ രാജ്യത്ത് ഫോറസ്ററ് കയ്യേററം നിറുത്തലാക്കാൻ കഴിയൂ. ഇക്കാര്യത്തിൽ അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഈ രാജ്യത്ത് ഫോറസ്ററിനെ ബന്ധിപ്പിക്കുന്ന സ്ഥലത്ത് ഫോറസ്ററിനുള്ളിൽത്തന്നെ കഴിഞ്ഞ 50 കൊല്ലക്കാലമായി കൃഷിചെയ്ത് താമസിക്കുന്ന ആളുകളുണ്ട്. അവിടെയെല്ലാം ഇലക്ട്രിസിററി ബോർഡിന്റെയും ഹരിജൻ ഡിപ്പാർട്ടുമെൻറിന്റെയും പി. ഡബ്ല്യു. ഡി. യുടെയും വഴികൾക്കുവേണ്ടി ലക്ഷക്കണക്കിനു രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷേ അൽപ്പം ഫോറസ്ററ് വിട്ടുകിട്ടേണ്ടിവന്നാൽ അതു തരാതെ ആ പ്രദേശത്തെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഒരു സ്ഥിതിയുണ്ട്. അത് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. ജനങ്ങൾ ഇതിനെതിരായി സംഘടിക്കുകയും സമരം ചെയ്യുകയും ചെയ്യേണ്ട നിലയിലേക്ക് ഇന്ന് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ഫോറസ്റ്ററുദ്യോഗസ്ഥൻമാരുടെ ഇക്കാര്യത്തിലുള്ള ദ്രോഹപരമായ നടപടി അവസാനിപ്പിക്കണം. ഒരുവശത്ത് ഫോറസ്ററുദ്യോഗസ്ഥൻമാർ തടികൾ വെട്ടിനശിപ്പിക്കുകയും മറുവശത്ത് ഒരു സെൻറ് ഭൂമി പൊതു ആവശ്യത്തിനുവേണ്ടി ചോദിച്ചാൽ തരാതിരിക്കുകയും ചെയ്യുന്ന നിഷേധാത്മകമായ നടപടി അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. പി. കെ. ഇട്ടൂപ്പ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആദ്യമായി വനം വകുപ്പിനെസംബന്ധിച്ച് ചിലകാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. സർ, നമ്മുടെ സംസ്ഥാനത്തെ വനംവകുപ്പ് ഇന്ന് ഒരു തരത്തിൽ പറഞ്ഞാൽ കൊള്ളക്കാരുടെയും തട്ടിപ്പുകാരുടെയും സങ്കേതമായി തീർന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വനസമ്പത്തു സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും കാര്യമായ നടപടികൾ ഗവൺമെൻറു കൈക്കൊള്ളാൻ തീരുമാനിച്ചിരിക്കുന്നു എന്നും പ്ലാൻേറഷൻെറ കീഴിൽ കൂടുതൽ സ്ഥലം കൊണ്ടുവരാൻ നടപടികളെടുക്കുന്നതാണ് എന്നും പറഞ്ഞു കാണുന്നുണ്ട്. എന്തുനടപടിയാണ് സർക്കാർ ഇക്കാര്യത്തിൽ കൈക്കൊള്ളാൻ പോകുന്നതെന്നു വ്യക്തമാക്കണം. ഒരു ഭാഗത്ത് വനം സംരക്ഷണത്തിൻെറ പ്രാധാന്യത്തെപ്പററി വാതോരാതെ പ്രസംഗിക്കുമ്പോൾ മറുഭാഗത്തു വനം കൊള്ളയും വനം കൈയേററവും നടന്നുകൊണ്ടിരിക്കുകയാണ്. ആരാണ് ഈ കൊള്ളയ്ക്കും കൈയേററത്തിനും ഉത്തരവാദിയെന്ന് അന്വേഷിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാർ അറിയാതെയാണ് ഈ വനം കൈയേററവും വനസമ്പത്തു കൊള്ളയും നടക്കുന്നതെന്ന് ആരെങ്കിലും വിശ്വസിക്കുമോ? സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽ നടക്കുന്ന ഈ കൊള്ളയ്ക്കും കൈയേററത്തിനും വനം വകുപ്പുദ്യോഗസ്ഥൻമാർ കൂട്ടു നിൽക്കുകയും അവർ അറിഞ്ഞുകൊണ്ടുതന്നെ ഇത്തരത്തിലുള്ള സംഭവങ്ങൾ നടക്കുകയുമാണ് ചെയ്യുന്നതെന്നു പറഞ്ഞാൽ ആർക്കും അതു തള്ളിപ്പറയാൻ കഴിയുകയില്ല. വനം വകുപ്പിനെക്കുറിച്ച് പഠിച്ചിട്ടുള്ള ആളുകൾ, അറിയുന്ന ആളുകൾ ഇക്കാര്യത്തിൽ എതിരായി പറയുമെന്ന് എനിക്കു തോന്നുന്നില്ല. ചുരുക്കി പറഞ്ഞാൽ ഈ കൊള്ളയും കൈയേററവും നടക്കുന്നത് വേലിതന്നെ വിളവുതിന്നുന്നു എന്ന നിലയിലാണ്. അതിനു പരിഹാരം കാണാൻ കഴിഞ്ഞ വർഷത്തിൽ എന്തു നടപടി എടുത്തു എന്നു ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

സർ, ഈ സംസ്ഥാനത്ത് ഒരു സംഘം വനം കോൺട്രാക്ടർമാരുണ്ട്. അവരുടെ അഴിഞ്ഞാട്ടമാണ് ഇന്ന് യഥാർത്ഥത്തിൽ വനം വകുപ്പിൽ നടക്കുന്നത്. വനംവകുപ്പും വ്യവസായവകുപ്പും ഒന്നിച്ചു കൈകാര്യം ചെയ്യുന്ന മന്ത്രി ചിലകാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ എന്ന വ്യാജേന രണ്ടു വകുപ്പുകളും ഒന്നിച്ചു ചേർത്തുകൊണ്ട് മാർക്കററ് റേറിനേക്കാൾ കുറഞ്ഞനിലയിൽ മരം കൊടുക്കുന്നതിനുവേണ്ടി ഒരു ക്വോട്ട സമ്പ്രദായം ഇവിടെ നിലനിറുത്തിയിട്ടുണ്ട്. സോഫ്ററ് വുഡ്ഡായാലും ഹാർഡുവുഡ്ഡായാലും വളരെയേറെ വ്യവസായങ്ങൾക്കു സഹായം നൽകുന്നതിനുവേണ്ടി വനംവകുപ്പു കൊള്ളചെയ്യുന്ന ഒരു സമ്പ്രദായമാണ് ഇന്ന് നിലനിൽക്കുന്നത്. തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കും എന്നുള്ളതിൻെറ പേരിൽ വ്യവസായ വകുപ്പും വനംവകുപ്പും ഒന്നിച്ചുചേർന്നുകൊണ്ട് വനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കയറി ആവശ്യമുള്ളത്ര തടി വെട്ടിയെടുക്കുന്നതിനുള്ള ഒരു ലൈസൻസ് ഇത്തരം വ്യവസായികൾക്കു കൊടുക്കുകയാണ്. സർ, അവർ ഈ മരം മുറിച്ചുകൊണ്ടുവന്ന് എന്താണ് ചെയ്യുന്നതെന്നു പരിശോധിച്ചിട്ടുണ്ടോയെന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അത്തരം മരങ്ങൾ വനത്തിൽനിന്നും വെട്ടിമുറിച്ചുകൊണ്ടുവന്നാൽ ഫാക്ടറിയിൽ ഉപയോഗിക്കാതെ നാലും അഞ്ചും ഇരട്ടി വിലയ്ക്ക് അതേപടി മററു വ്യവസായികൾക്ക് അല്ലെങ്കിൽ കച്ചവടക്കാർക്ക് വിൽക്കുന്ന സമ്പ്രദായം നിലവിലുണ്ട്. അതേസമയം അത്തരം വ്യവസായികൾ മറെറന്തെങ്കിലും മാർഗ്ഗങ്ങൾ ഉപയോഗിച്ച് ചെറിയതോതിൽ തൊഴിൽകൊടുക്കുകയാണ്. ഇതൊക്കെ പരിശോധിക്കാനും ഇതിന്റെ അപാകതകൾ നീക്കം ചെയ്യാനും എന്തെങ്കിലും സമ്പ്രദായം ഉണ്ടോയെന്നു ചോദിക്കുകയാണ്. സർ, ഇത്തരത്തിലുള്ള ഈ സമ്പ്രദായം അവസാനിപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. വനസമ്പത്ത് കൊള്ള ചെയ്യുന്നതിനുള്ള, അതിനു സഹായകമായ ഒരു സംപ്രദായമാണ് ഇതിൽ ഉള്ളതെന്നുള്ളതുകൊണ്ടുതന്നെ ഇത്തരം ഫാക്ടറികൾക്കു നൽകുന്ന മരം ഗവൺമെൻറു നേരിട്ടു കളക്ട്ചെയ്തുകൊണ്ട് ഗവൺമെൻറ് ഡിപ്പോയിൽകൂടി വിതരണം ചെയ്യുന്നതിന് എന്തുകൊണ്ട് വനം വകുപ്പിന് സാധിക്കുന്നില്ല എന്നു ഞാൻ ചോദിക്കുകയാണ്. ഇത്തരത്തിലുള്ള ആളുകളെ വനത്തിൽ കയറാൻ അനുവദിച്ചുകൊണ്ട് 100 മീററർ ആണ് അനുവദിച്ചതെങ്കിൽ പതിനായിരം മീററർ വെട്ടിയെടുക്കുകയും അതിന് വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കൂട്ടു നിൽക്കുകയുമാണ് ഇന്ന് ചെയ്യുന്നത്. ഇങ്ങനെ വനം കൊള്ളചെയ്യുന്ന സംപ്രദായത്തിന് അറുതി വരുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വനം സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് എന്തു നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. വനം കൈയേററത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ 1-1-1977 വരെയുള്ള കയ്യേററങ്ങളെല്ലാം ഏതാണ്ട് സാധൂകരിക്കുന്ന നടപടി ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. കിടപ്പാടമില്ലാത്ത, ജീവിക്കാൻ നിവൃത്തിയില്ലാത്ത ആളുകൾ വനത്തിൽകയറി അഞ്ചോ പത്തോ സെൻറ് കൈവശം വെച്ച് അനുഭവിക്കുന്നത് സാധൂകരിക്കുകയാണെങ്കിൽ അതു നമുക്കു മനസ്സിലാക്കാം. എന്നാൽ വൻകിട എസ്റേററ് ഉടമകൾ ആയിരക്കണക്കിനും പതിനായിരക്കണക്കിനും ഏക്കർ കയ്യേറി കൈവശം വച്ചിരിക്കുന്നത് സാധൂകരിക്കുന്ന നയമാണോ ഗവൺമെൻറിനുള്ളതെന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഉദാഹരണമായി ചാലക്കുടി റേഞ്ചിലെ മലക്കിപ്പാറ എസ്റേററിലെ വനം കയ്യേററത്തെസംബന്ധിച്ച് അനവധി നിവേദനങ്ങൾ ഈ നിയമസഭയിൽതന്നെ വന്നിട്ടും യാതൊരു നടപടിയും അതു സംബന്ധിച്ച് ഉണ്ടായിട്ടില്ല സർ. അങ്ങനെയുള്ള ഒരു നയമാണോ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ പറയുകയാണ്.

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കാം. പ്ലാൻേറഷനുള്ള സ്ഥലങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുന്നതിന് അല്ലെങ്കിൽ പ്ലാൻേറഷന്റെ കീഴിൽ കൂടുതൽ സ്ഥലങ്ങൾ കൊണ്ടുവരുന്നതിന് ആഗ്രഹിക്കുന്നു എന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞുകേട്ടു. ഫാറസ്ററുദ്യോഗസ്ഥൻമാരുടെ നിലപാട് തങ്ങളുടെ കീഴിൽ മാത്രം പ്ലാൻേറഷൻ നടത്തണമെന്ന നിർബന്ധബുദ്ധിയോടുകൂടി അവർ നിൽക്കുകയാണ്. മററ് ഏതെല്ലാം കൃഷിക്ക് ഉപയുക്തമാണെങ്കിലും അതിനുവേണ്ട ഭൂമി മററ് ഏജൻസികൾക്ക് വിട്ടുകൊടുക്കുന്നതിന് വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാർ സമ്മതിക്കുന്നില്ലെന്നുള്ളതാണ് പരമാർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

ഉദാഹരണത്തിന് ചാലക്കുടി ഡിവിഷനിലെ കണ്ണംകുടി എന്ന പ്രദേശത്ത് റബ്ബർ പ്ലാന്റേഷന് അടുത്തു കിടക്കുന്ന പ്രദേശം, പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്ലാന്റേഷനു തൊട്ടടുത്തു കിടക്കുന്ന സ്ഥലം, റബ്ബർ പ്ലാന്റേഷന് ഉപയുക്തമായ സ്ഥലം അവർക്കു വിട്ടുകൊടുക്കണമെന്നു പറഞ്ഞിട്ട്, രാഷ്ട്രീയ കക്ഷികളും മററുള്ളവരും ആവശ്യപ്പെട്ടിട്ടും തേക്കു വയ്ക്കണമെന്ന നിർബന്ധത്തിന്റെ പേരിൽ ഇന്ന് തരിശായി ഇട്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള നടപടിയാണ് ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന്, ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുത്. സർ, ഇതിനു ഒരു പരിഹാരം ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇത്തരം കാര്യങ്ങളെസംബന്ധിച്ച് വ്യവസായവകുപ്പും, വനം വകുപ്പും ഒന്നിച്ച് കൈകാര്യംചെയ്യുന്ന മന്ത്രി വ്യക്തമായ മറുപടി പറയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. പി. സീതിഹാജി: സർ, ഇവിടെ അവതരിപ്പിച്ച എല്ലാ ധനാഭ്യർത്ഥനകളെയും ഞാൻ പിന്താങ്ങുകയാണ്. എനിക്ക് എന്റെ പഴയ പല്ലവിതന്നെയാണ് ആവർത്തിക്കാനുള്ളത്—മലബാറിനോടുള്ള അവഗണന. ബഹുമാനപ്പെട്ട കൃഷികാര്യമന്ത്രി ഒരു കാര്യം ശ്രദ്ധിക്കണമെന്ന് എനിക്ക് ഒരു അപേക്ഷയുണ്ട്. ആയിരക്കണക്കിന് ഏക്കർ പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ പേരാമ്പ്രയിലും കാസർക്കോട്ടും ഉണ്ട്. ഇതു നിയന്ത്രിക്കാൻ കോഴിക്കോട് ഒരു റീജിയണൽ ഓഫീസ് തുടങ്ങിയാൽ അതു കോർപ്പറേഷന് വളരെ ഗുണകരമായിരിക്കുമെന്ന് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്.

മറെറാന്ന് സർക്കാർ എന്തു വിചാരിച്ചാലും നമ്മുടെ ചില സർക്കാർ ഉദ്യോഗസ്ഥന്മാർ സൂപ്പർ സർക്കാരായി വിലസുകയാണ്. അതു പറയാതിരിക്കാൻ തരമില്ല. വനം വകുപ്പിൽനിന്ന് അഞ്ഞൂറ് ഏക്കർ സ്ഥലം "സാധു" അങ്ങനെ എന്തോആണ് പേര്, എനിക്ക് ശരിക്ക് അറിഞ്ഞുകൂടാ; ഒരു വലിയ സ്കീം നിലമ്പൂർ ഉണ്ട്. ഏഴുകോടിയോ പത്തുകോടിയോ ആണ് മുതൽമുടക്ക്. വനദേശസാൽക്കരണത്തിന്റെ പേരിൽ തൊഴിൽ നഷ്ടപ്പെട്ട ആളുകൾക്ക് മുൻഗണനകൊടുക്കണമെന്നും, ഹരിജനങ്ങൾക്ക് 25 ശതമാനം നീക്കിവെയ്ക്കണമെന്നും വ്യവസ്ഥയുണ്ട്. അങ്ങനെ തൊഴിലാളികളെ തെരഞ്ഞെടുക്കുന്ന ഒരു രംഗം വന്നു. അവിടത്തെ ഡെപ്യൂട്ടി ഡയറക്ടർ ഞങ്ങളുടെ നാട്ടിലെ ഏററവും വലിയ ഒരു ജന്മിയാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന് അനവധി ഏക്കർ ഭൂമിയുണ്ട്. അവിടെ തൊഴിലാളികളായി എടുക്കുന്നത് അദ്ദേഹത്തിന്റെ ജോലിക്കാരെയാണ്. ഇവിടെനിന്ന് ഒരു ഉദ്യോഗസ്ഥൻ വന്ന് കോഴിക്കോടുനിന്ന് ഒരു ഉദ്യോഗസ്ഥനെവിളിച്ചു മൂന്നാളുകൾ പോയിട്ട് തെങ്ങിൻതൈ നട്ടിട്ട് പത്രസമ്മേളനം നടത്തി. പത്തുകോടി രൂപയുടെ പദ്ധതി ഇതാ ഉൽഘാടനം ചെയ്തിരിക്കുന്നു. നാട്ടുകാർ അറിഞ്ഞില്ല. ആ താലൂക്കിൽ 6 ജനപ്രതിനിധികളുണ്ട്. സ്വന്തം നിയോജകമണ്ഡലത്തിലെ എം.എൽ.എ പോലും അറിഞ്ഞില്ല. ഇന്നലെ ഒരു കത്ത്, 21-ാം തീയതി മന്ത്രിയും പരിവാരങ്ങളും ഒക്കെ വന്ന് ഉൽഘാടനമെന്ന്. ഉൽഘാടനത്തിനുമേൽ ഉൽഘാടനം. ഈ വ്യവസ്ഥയൊക്കെ മാറണം. ഈ കാര്യം വളരെ ഗൗരവമായി കണക്കിലെടുക്കണം.

അതുപോലെതന്നെ 1.1.1977 നു മുമ്പുള്ള എല്ലാ കയ്യേററങ്ങളും ഗവൺമെന്റ് അംഗീകരിക്കാൻ പോകുന്നു. പക്ഷേ വെസ്റ്റഡ് ഫോറസ്ററു പററുകയില്ല. എന്താണ് അതിന്റെ അർത്ഥം? മലബാറിലെയെല്ലാം പ്രൈവററ് ഫോറസ്റ്റ് വെസ്ററഡ് ഫോറസ്ററ് ആയിട്ടുണ്ട്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലങ്ങളോളം കൈവശം വെച്ചിരുന്ന ആളുകളെ ഇറക്കി വിടണമെന്നും ഷൊർണ്ണൂർ പാലത്തിന്റെ ഇക്കരെ ഉള്ളവർക്കെല്ലാം കൊടുക്കാമെന്നും പറഞ്ഞാൽ കാര്യം കുറച്ച് അപകടമാണ്. അങ്ങനെത്തെ ഒരു സ്ഥിതിവിശേഷമാണ് സർക്കാർ കൈകാര്യം ചെയ്യുന്നതെങ്കിൽ അതിനെ നേരിടാൻ ഞങ്ങൾ തയ്യാറാകുമെന്ന് ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. കയ്യേററം ഒരു നിലയിലും പൊറുപ്പിക്കാൻ പാടില്ലെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. ഓരോ ഗവൺമെൻറു വരും. കൊടുത്തുകൊടുത്തു മൺകുട്ടിയെ കുളിപ്പിച്ചമാതിരിയായി നമ്മുടെ ഫോറസ്ററൊക്കെ. പിന്നെ ഈ ഫോറസ്ററ് എന്തിനും വീതിച്ചുകൊടുക്കുന്ന ഏർപ്പാടു നിറുത്തണം. ഞാൻ ഇതു വെറുതെ പറയുകയല്ല. ഹരിജനങ്ങൾക്കു ഭൂമികൊടുക്കണം. ഊട്ടി-കോഴിക്കോടു റോഡിനു സമീപം വെള്ളക്കാരൻ വെച്ചുപിടിപ്പിച്ച നല്ല ഒന്നാംതരം ഫോറസ്ററ് വെട്ടിത്തെളിച്ചു ഹരിജനങ്ങൾക്കു കൊടുത്തു. ഹരിജനങ്ങൾക്കു കൊടുക്കണം. പക്ഷെ, ഇന്ന് എന്താണവിടെ ചെയ്തത്? ചെറിയ കുടിലുകൾ കെട്ടിക്കൊടുത്തു. ഹരിജനങ്ങൾക്ക് വേറെ ഭൂമികൊടുക്കണം. റോഡുണ്ടാക്കണം. ഇലക്ട്രിസിററി കൊടുക്കണം. വൈദ്യ സഹായം കൊടുക്കണം. നല്ല സൗകര്യമുള്ള ഫോറസ്ററ് വെട്ടിത്തെളിച്ച് അവിടെയെല്ലാം കോന്ത്രപ്പല്ലിന്റെ പരുവത്തിൽ കുറെ പുൽപ്പുരകൂടു കെട്ടിക്കൊടുത്തു. എന്തു കഷ്ടമാണ് ഇത്. ഇതു പറഞ്ഞാൽ ഹരിജനങ്ങളെ എതിർക്കുകയാണെന്നു പറയും. ഞങ്ങൾക്കാർക്കും ഹരിജനങ്ങളോട് എതിർപ്പില്ല. ഈ കാര്യങ്ങളൊക്കെ നോക്കണം.

പിന്നെ പഞ്ചസാര ഫാക്ടറി വരുന്നു. അതിനു ഭൂമികൊടുക്കണം. ഈ ഫോറസ്ററ് ഇങ്ങനെ നശിപ്പിച്ചാൽ എന്താണു രക്ഷ? വെള്ളക്കാരൻ വന്ന് കുറെ ഫോറസ്ററു വെച്ചുപിടിപ്പിച്ചതുകൊണ്ട് നമ്മൾ ഇങ്ങനെ വെട്ടിമുറിച്ചു നശിപ്പിക്കുന്നു. ഇതു വെട്ടിനശിപ്പിക്കാതെ കൊല്ലത്തിൽ ഇത്രമരം വേണം, അതു കണക്കാക്കി കൊടുക്കണം. കാദറുകുട്ടി ചോദിച്ചാൽ വിറക്, ബിർല ചോദിച്ചാൽ മുള, പേപ്പർ കമ്പനി ചോദിച്ചാൽ —ഇതിനൊക്കെ ഫോറസ്ററ് തെളിച്ചുകൊടുക്കുക. അവർ ഫാക്ടറി ഉണ്ടാക്കുകയാണെങ്കിൽ അവർ റാ മെററീരിയൽസ് ഉണ്ടാക്കട്ടെ. ഇവിടെ ശ്രീമാൻ ഇട്ടൂപ്പു പറഞ്ഞതു ശരിയാണ്. ഇവിടെ ഫാക്ടറികൾക്ക് ക്വോട്ട അനുസരിച്ചു മരം കൊടുക്കുന്നുണ്ട്. ഈ കൊടുക്കുന്ന മരം ആ ഫാക്ടറിതന്നെ ഉപയോഗിക്കുന്നുണ്ടോ എന്നു നോക്കാൻ യാതൊരു സംവിധാനവുമില്ല. ഗവൺമെൻറ് കൊടുക്കുന്ന മരം അതിന്റെ പത്തിരട്ടി വിലയ്ക്കു വിൽക്കുകയാണ്. ഗവൺമെൻറിന് സെയിൽസ് ടാക്സ് കിട്ടുന്നില്ല. കല്ലായിയിൽ നിന്നു മരം കൊണ്ടുവന്നാൽ ഇതര സ്റേററിലേക്ക് മരം കൊണ്ടുപോകാം യാതൊരു ചെക്കിംഗുമില്ല. അതുപോലെതന്നെ സർക്കാരിന്റെ മരംവെട്ടി സർക്കാരിന്റെ സെൻട്രൽ ഡിപ്പോയിൽ കൊണ്ടുവന്ന് വില നിശ്ചപ്പെടുത്തി റാ മെററീരിയൽ വീതിച്ചെടുക്കുകയാണ്. ഈ കള്ളത്തരം അവസാനിപ്പിക്കണം.

മറെറാന്നു പറയാനുള്ളത് ഫോറസ്ററുദ്യോഗസ്ഥൻമാരെക്കുറിച്ചാണ്. മലയാററൂർ ഡിവിഷനിൽ ഒരു ഫോറസ്ററുദ്യോഗസ്ഥൻ സർക്കാർ ആനയെ ഉപയോഗിച്ച് സർക്കാരിന്റെ മരം വെട്ടി വിററകേസ് വിജിലൻസ് റിപ്പോർട്ടുചെയ്തിട്ട് ആ ഉദ്യോഗസ്ഥൻ പെൻഷൻ പററുന്നതുവരെ യാതൊരു നടപടിയും എടുത്തില്ല. പെൻഷൻ പററിപ്പിരിഞ്ഞതിനുശേഷമാണ് നടപടിയെടുത്തത്. ആ ഉദ്യോഗസ്ഥൻമാരുടെപേരിലും നടപടി സ്വീകരിക്കണം. അതാണു ഞാൻ പറഞ്ഞത് സൂപ്പർ ഗവൺമെൻറാണൊന്ന്. മന്ത്രിമാർ ആത്മാർത്ഥമായി പ്രവർത്തിച്ചാലും നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നതിന്റെ ഉദാഹരണമാണ് മേൽപ്പറഞ്ഞത്. മറെറാന്നു കൈയേററമാണ്. എല്ലാ കൈയേററങ്ങൾക്കും എല്ലാ അക്രമങ്ങൾക്കും ഞാൻ എതിരാണ്. നിലമ്പൂരിൽ ഇക്കുറി ഒരു വീടിനു കുറച്ചുമുള കൊടുത്തു. പക്ഷേ അതുമാററാനുള്ള സ്ലിപ്പ് കിട്ടുന്നില്ല. അതുപോലെതന്നെ കോഴിക്കോടു സ്പെഷ്യൽ ഡിവിഷനിൽ നിന്ന് ഒൻപതു കൂപ്പുകൾ ലേലംചെയ്തു. മാർച്ച് 22-ാം തീയതി എഗ്രിമെൻറ് എക്സിക്യൂട്ടുചെയ്യണം. മാർച്ച് 31-ാം തീയതി കൂപ്പ് ഒഴിഞ്ഞുകൊടുക്കണമെന്നാണ് കൺസർവേററുടെ ഓർഡർ. മഴക്കാലം കഴിഞ്ഞ് മൂന്നു മാസം കൂടി വർക്കുചെയ്യാനുള്ള അനുവാദം കൊടുക്കണമെന്ന് ഗവൺമെൻറ് ഓർഡറുമായി കൺസർവേററുടെ അടുത്തുപോയപ്പോൾ ഞാൻ അതിനെതിരാണ് അവിടെ കാപ്പിവെയ്ക്കണം എന്നാണു പറയുന്നത്. ഇപ്പോൾ ആ കോൺട്രാക്ടർമാർ കോടതിയിൽ പോകാൻപോകുകയാണ്. ഇതാണു ഞാൻ പറഞ്ഞത് മന്ത്രിമാരെക്കാൾ വലിയ സൂപ്പർമന്ത്രിമാരാണ് ഇവിടത്തെ ഉദ്യോഗസ്ഥന്മാർ എന്ന്. അവർക്കു കടിഞ്ഞാണിടണമെന്നു പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

[Shri T. M. Jacob in the Chair]

ശ്രീ. എസ്. ത്യാഗരാജൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. പൊതുമരാമത്തുവകുപ്പിന്റെ പ്രവർത്തനത്തിനാവശ്യമായ തുക കാലാകാലങ്ങളിൽ നീക്കിവയ്ക്കുന്നില്ല. ജനങ്ങളുടെ ആവശ്യം പരിഗണിച്ച് വർഷംതോറും നൂറു കണക്കിനു കിലോമീററർ റോഡുകൾ പൊതുമരാമത്തുവകുപ്പ് ഏറെറടുക്കണമെന്നുണ്ടെങ്കിൽപ്പോലും ആ റോഡുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ യാതൊരു ശ്രദ്ധയും ഗവൺമെൻറിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. നമ്മുടെ റോഡുകളുടെ മെയിൻറനൻസിന് 24 കോടി രൂപ വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പക്ഷേ ഈ ബഡ്ജററിൽ കേവലം 12 കോടി രൂപ മാത്രമാണ് അതിനുവേണ്ടി മാററിവച്ചിട്ടുള്ളത്. ഈ സ്ഥിതിയിൽ റോഡുകളുടെ പണി എങ്ങനെ ക്രമപ്രവൃദ്ധമായി നടത്താൻ കഴിയുമെന്നു നാം ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. വികസനം ആഗ്രഹിക്കുന്ന ഒരു രാജ്യം എന്നനിലയ്ക്ക് കമ്മ്യൂണിക്കേഷൻ ഫെസിലിററീസ് തീർച്ചയായും വർദ്ധിപ്പിച്ചേ മതിയാകൂ. അതിനാവശ്യമായ തുക കണ്ടെത്താൻ ഇനിയും നമുക്കു കഴിയണം. ഈ റോഡുകളിൽ മെയിൻറനൻസ് നടത്താനുള്ള തൊഴിലാളികളെ കഴിഞ്ഞ പതിനൊന്നു വർഷക്കാലമായി നിയമിക്കുകയില്ല എന്ന് ഗവൺമെൻറ് കർശനമായി തീരുമാനിച്ചിരിക്കുകയാണ്. ഒരൊററ എൻ. എം. ആർ. തൊഴിലാളിയെപ്പോലും ഇനി നിയമിക്കുകയില്ലെന്ന് ഗവൺമെൻറ് 1968-ൽ തീരുമാനിച്ചു. അതിനുശേഷം എത്രയോ തൊഴിലാളികൾ മരിക്കുകയോ പെൻഷൻപററി പിരിയുകയോ ഒക്കെ ചെയ്തുകാണും. പക്ഷേ ഒരൊററ ആളെപ്പോലും നിയമിച്ചിട്ടില്ല. ഈ പത്തുവർഷക്കാലത്തിനുള്ളിൽ ഏതാണ്ട് 1500 കിലോമീററർ റോഡ് സർക്കാർ പുതുതായി ഏറെറടുക്കുകയും ചെയ്തു. എങ്ങനെ ഈ മെയിൻറനൻസ് നടത്താൻ കഴിയുമെന്ന് ഗവൺമെൻറ് ആലോചിക്കണം. അതുപോലെതന്നെ വർഷങ്ങളായി പണിയെടുക്കുന്ന എൻ. എം. ആർ., സി. എൽ. ആർ. തുടങ്ങിയ വിഭാഗത്തിൽപെട്ട തൊഴിലാളികൾക്കും യാതൊരു പരിരക്ഷയും നൽകാൻ തയ്യാറാകുന്നില്ല. എൻ. എം. ആർ. തൊഴിലാളികളെ ഇനിയും എന്തിനാണങ്ങനെ വിളിക്കുന്നതെന്നറിഞ്ഞുകൂടാ. സ്ഥിരമായി എല്ലാ ദിവസവും ജോലിനൽകുകയും അതിന് കൃത്യമായി ശമ്പളം കൊടുക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുകയും ചെയ്യുന്ന ഇവരെ ഇനിയും അങ്ങനെ വിളിക്കേണ്ടതുണ്ടോ എന്നു ഗവൺമെൻറാലോചിക്കണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

അടുത്തകാലത്ത് അവരുടെ സേവനവ്യവസ്ഥകളെപ്പററി തീരുമാനിക്കാൻ ഒരു കമ്മിററി രൂപീകരിച്ചു. ആ കമ്മിററി ഏകകണ്ഠമായാണ് റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളത്. പല നിർദ്ദേശങ്ങളും കമ്മിററി വച്ചിട്ടുണ്ട്. പക്ഷേ അതുനടപ്പാക്കുന്നകാര്യത്തിൽ ഒച്ചിഴയുന്ന വേഗതയാണ് ഗവൺമെൻറിൻേറതെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. അടിയന്തിരമായി അക്കാര്യത്തിൽ നടപടി സ്വീകരിച്ച് ആ തൊഴിലാളികളുടെ പ്രശ്നത്തിനു പരിഹാരമുണ്ടാക്കണം.

സർ, തീരദേശറോഡ് വളരെ നല്ല ലക്ഷ്യത്തോടുകൂടി പ്ലാൻ ചെയ്തതാണ്. വർക്കല-തിരുമുല്ലവാരം റോഡ് ടൂറിസംവികസനത്തെയും തീരദേശവികസനത്തെയും ലാക്കാക്കിയാണ് പ്ലാൻ ചെയ്തത്. കഴിഞ്ഞ മൂന്നുനാലുവർഷമായി ആ രംഗത്ത് യാതൊരുപ്രവർത്തനവും നടക്കുന്നില്ല. റോഡിൻെറ അലൈൻമെൻറ് പൂർത്തിയായിട്ടും പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. അത് അടിയന്തിരമായി നടപ്പാക്കണം. ഇതിനാവശ്യമായ ധനം കണ്ടെത്തുന്നതിനു നമുക്കു ബുദ്ധിമുട്ടുണ്ട്. സെൻട്രൽ റോഡ് ഫണ്ടിൽനിന്നും നമുക്കു ന്യായമായി ലഭിക്കാനുള്ളതു ലഭിക്കുന്നുണ്ടോ എന്നു സംശയമുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള വളരെ പ്രധാനപ്പെട്ട ഒരു റോഡാണ് എം. സി. റോഡ്. എം. സി. റോഡ് നാഷണൽ ഹൈവേയിൽ ഉൾപ്പെടുത്തിയാൽ, കേന്ദ്രത്തിൻെറ ധനസഹായം ഉപയോഗിച്ച് അതു വികസിപ്പിക്കാൻ നമുക്കുകഴിയും. അതിനുള്ള നിർദ്ദേശമുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പക്ഷേ അതു പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ അടിയന്തിരനടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ മററു സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തുന്ന ചില സംസ്ഥാനാന്തരറോഡുകളുണ്ട്. ഉദാഹരണമായി കൊല്ലം—ചെങ്കോട്ടറോഡ്. അതുപോലെതന്നെ നെടുമങ്ങാട്ടുനിന്നും അംബാസമുദ്രത്തിൽ ചെന്നെത്തുന്ന മറെറാരുറോഡുണ്ട്. ഇവ വികസിപ്പിക്കാൻ ആവശ്യമായ പണം സെൻട്രൽറോഡ് ഫണ്ടിൽനിന്നും നേടിയെടുക്കാൻ കഴിയുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ നമ്മൾ മുന്നോട്ടുവയ്ക്കണം.

ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. പൊതുമരാമത്തു വകുപ്പിൽ നിന്നും പെൻഷൻപററുന്ന ചീഫ്എഞ്ചിനീയർമാരോട് ഗവൺമെൻറിന് എന്തോ വിരോധമുണ്ടെന്നുതോന്നുന്നു. 55 വയസുവരെ സേവനം നടത്തി കഴിഞ്ഞ് പിന്നെ അവശേഷിക്കുന്ന കാലം സ്വസ്ഥമായി വീട്ടിൽപോയി കുടുംബാംഗങ്ങളുമായി ജീവിക്കാൻ ആഗ്രഹിക്കുന്ന അവരെ വീണ്ടും അവിടെത്തന്നെ കെട്ടിയിട്ട് ബുദ്ധിമുട്ടിക്കുന്നതെന്തിനാണെന്നെനിക്കു മനസ്സിലാകുന്നില്ല. ഈയിടെ കോഴിക്കോട്ടുവച്ച് ജഡ്ജിമാരുടെ ഔദ്യോഗിക കാലാവധി 55 വയസ്സാക്കി വർദ്ധിപ്പിക്കണമെന്നൊരു നിർദ്ദേശം വന്നപ്പോൾ 50 വയസ്സാക്കി കുറയ്ക്കാൻകഴിയുമോ എന്നാലോചിക്കുന്നു എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അതിരൂക്ഷമായ തൊഴിലില്ലായ്മയുള്ള നമ്മുടെ രാജ്യത്ത് കഴിയുന്നത്ര തൊഴിലവസരങ്ങൾ മററാളുകൾക്കു പങ്കിട്ടുകൊടുക്കണം എന്നുള്ളതാണ് ഗവൺമെൻറിൻെറ നയം. പക്ഷേ പൊതുമരാമത്തുവകുപ്പിൽ ചീഫ്എഞ്ചിനീയറായി ആരെങ്കിലും റിട്ടയർ ചെയ്താൽ അവർക്കിഷ്ടമുണ്ടോ ഇല്ലയോ എന്നൊന്നും നോക്കാതെ പിന്നെയും അവിടെത്തന്നെ നിയമിക്കുകയാണ്. അതു ശരിയല്ല. അഥവാ അവരുടെ സേവനം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെങ്കിൽ അക്കാര്യം ഗവൺമെൻറ് ആദ്യമായിത്തന്നെ തീരുമാനിക്കണം. ഇത്തരം ആളുടെ സർവ്വീസ് 55 വയസ് എന്നുള്ളതിൽ നിന്നു മാററി അറുപതോ അറുപത്തഞ്ചോ ഒക്കെ ആക്കിയിരിക്കുന്നു എന്ന്. അല്ലാതെ ഇപ്പോഴത്തെ ഈ ഏർപ്പാടു തുടരുന്നതു ശരിയല്ല. ഇത്തരം അവസരങ്ങൾ മററാളുകൾക്കുകൂടി ലഭിക്കത്തക്കരീതിയിലുള്ള നടപടി സ്വീകരിക്കണം.

2/473—10

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ ഒരു പൊതുമേഖലാ സ്ഥാപനം എന്ന നിലയിലാണ് കൺസ്ട്രക്ഷൻ കോർപ്പറേഷനുകൾ രൂപീകരിച്ചിട്ടുള്ളത്. ഈ കോർപ്പറേഷനുകൾ രൂപീകരിച്ചത്, ഈ രംഗത്തുള്ള സ്വകാര്യ കോൺട്രാക്ട് സംപ്രദായം ഒഴിവാക്കണമെന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടു മൂന്നോ നാലോ വർഷമായി. ഇന്നുവരെ കോൺട്രാക്ടർമാരെ ഈ രംഗത്തുനിന്ന് ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല കോർപ്പറേഷൻ എടുക്കുന്ന വർക്കുപോലും ഈ കോൺട്രാക്ടർമാർക്കു സബ്കോൺട്രാക്ട് കൊടുത്തു നടപ്പിലാക്കുന്ന സംപ്രദായമാണ് നിലവിലിരിക്കുന്നത്. ഉദ്യോഗസ്ഥൻമാർക്കു പ്രമോഷൻ നൽകുന്ന കാര്യത്തിലും സ്ഥലം മാററുന്ന കാര്യത്തിലും ഡിപ്പാർട്ടുമെൻറ് ചെയിഞ്ചു ചെയ്യുന്നകാര്യത്തിലും ചില നോംസ് തീരുമാനിച്ചിട്ടുണ്ട്. ആ നോംസ് അനുസരിച്ചു പോകേണ്ടിവരുന്ന ആളുകൾക്ക് ഇഷ്ടപ്പെടാത്ത സ്ഥാനങ്ങളിലേക്കാണ് പോകേണ്ടിവരുന്നതെങ്കിൽ, അവർക്ക് എളുപ്പം കണ്ടെത്തുന്ന ഒരു ബർത്തായി ഈ കൺസ്ട്രക്ഷൻ കോർപ്പറേഷൻ അധഃപതിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനമാണ്. അതിൽ ആവശ്യമായ സ്ററാഫും ഇല്ല, തൊഴിലാളികളും ഇല്ല. എഞ്ചിനീയർമാരെവരെ ദിവസക്കൂലിക്ക് ആണ് നിയമിക്കുക. ആ സ്ഥാപനം നിലനിറുത്താൻവേണ്ടി ഗവൺമെൻറ് ആഗ്രഹിക്കുന്നുവെങ്കിൽ അവിടെ ഒരു സ്ററാഫ് കേഡർ ഉണ്ടാക്കണം. എന്തുകൊണ്ട് ഗവൺമെൻറ് ആ കാര്യങ്ങൾ ആലോചിക്കുന്നില്ലാ എന്നു മനസ്സിലാകുന്നില്ല. അതേപ്പററി ഗവൺമെൻറ് ആലോചിക്കണമെന്നാണ് പറയാനുള്ളത്.

വനം വകുപ്പിനെപ്പററി ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയാൻ ആഗ്രഹിക്കുന്നു. നമ്മുടെ വനസമ്പത്ത് കൂടുതൽ സമാഹരിച്ച് തൊഴിലില്ലായ്മ പരിഹരിക്കാനുള്ള ഒരു പദ്ധതി ഉണ്ടെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പ്രസംഗത്തിൽ പറഞ്ഞിരുന്നു. 54,000 ഓളം ആളുകൾക്കു പുതുതായി തൊഴിൽ കണ്ടെത്തുമെന്നും പറഞ്ഞിരുന്നു. എനിക്കു മുമ്പു സംസാരിച്ചിരുന്ന എല്ലാ ആളുകളും നമ്മുടെ വനം കയ്യേററത്തെപ്പററി പറഞ്ഞു. എല്ലാക്കാലത്തും വനം കയ്യേററത്തെ എതിർക്കുക എന്നതു ഗവൺമെൻറുകളുടെ നയമായിരുന്നു, ഓരോ കക്ഷിയും വരുമ്പോൾ അതുവരെയുള്ള കയ്യേററങ്ങളെ അനുവദിക്കുകയും ഇനി കയ്യേററം അനുവദിക്കുകയില്ല എന്ന ഉഗ്ര പ്രതിജ്ഞ നടത്തുകയും ചെയ്യുന്ന നടപടിയാണ് ഇതുവരെ കണ്ടിട്ടുള്ളത്. അതിന്റെ ഫലമായി വനസമ്പത്തു കാര്യമായി കുറഞ്ഞു. നമുക്ക് 33 ശതമാനത്തോളം വനസമ്പത്ത് വേണമെന്നാണ് വച്ചിട്ടുള്ളത്. ഏതാണ്ട് 22 ഓ 23 ഓ ശതമാനം വനസമ്പത്തു മാത്രമാണ് ഇന്നു നമുക്കുള്ളത്. വനസമ്പത്ത് നശിപ്പിക്കുന്നത് നിയന്ത്രിക്കാൻ കഴിയുന്നില്ല. കാലാവസ്ഥവരെ നിയന്ത്രിക്കാൻ വനത്തിനുള്ള കഴിവിനെപ്പററി ഇപ്പോൾ സംസാരിച്ചിട്ട് കാര്യമില്ല. നമ്മുടെ പല വ്യവസായങ്ങളും നിലനിറുത്താൻ വനസമ്പത്ത് ഉപയോഗിക്കാൻ കഴിയും. സാമിൽ, തീപ്പെട്ടി, മുതലായ വ്യവസായങ്ങൾക്ക് ആവശ്യമായ റാമെറററിയൽസ് കണ്ടെത്താൻ പോലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആ വനസമ്പത്ത് കാര്യമായ രീതിയിൽ പരിരക്ഷിച്ചുകൊണ്ട് ആ വ്യവസായങ്ങളെ കരുപ്പിടിപ്പിക്കാൻ കഴിഞ്ഞാൽ ഈ രാജ്യത്ത് എത്രയോ ആളുകൾക്കു പുതുതായി തൊഴിൽ കൊടുക്കാൻ കഴിയും. ഈ രാജ്യത്ത് തടി കിട്ടാൻ ബുദ്ധിമുട്ടുള്ള ഘട്ടത്തിൽപോലും മററു സംസ്ഥാനങ്ങളിലേക്കു യഥേഷ്ടം തടി കയററിക്കൊണ്ടുപോകുന്നതിന് യാതൊരു പ്രയാസവും ഇല്ല. തടി ഇവിടെത്തന്നെ സംസ്ക്കരിച്ച് ഉരുപ്പടി ആക്കിയതിനുശേഷം മാത്രമേ കൊണ്ടുപോകാൻ കഴിയൂ എന്നു തീരുമാനിച്ചാൽ നമ്മുടെ രാജ്യത്ത് നല്ലൊരുശതമാനം ആളുകൾക്ക് തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

നൽകാൻ കഴിയും, അതിനുള്ള പദ്ധതികൾ ബഡ്ജററു പ്രസംഗത്തിൽ ധനകാര്യമന്ത്രി സൂചിപ്പിച്ചിരുന്നു. നല്ലൊരു കോംപ്ലക്സ് ആ കാര്യത്തിൽ ഉണ്ടാകണമെന്നാണ് എനിക്കു പറയുവാനുള്ളത്. പ്ലാന്റേഷനെ സംബന്ധിച്ചു പറയുകയാണെങ്കിൽ, പ്ലാന്റേഷന് നമുക്ക് ഇന്ന് ഒരു പൊതുമേഖലാ സ്ഥാപനം ഉണ്ട്. നമ്മുടെ വനം കയ്യേററത്തെ തടയുന്നതിന് ആ കോർപ്പറേഷനെ ഉപയോഗിച്ച് റിസർവ്വ് ഫോറസ്ററുകളിൽ ഒരു ബൽററ് സൃഷ്ടിക്കാനും ഈ പ്ലാന്റേഷൻ കോർപ്പറേഷന്റെ നേതൃത്വത്തിൽ റിസർവ്വ് ഫോറസ്ററുകളുടെ ചുററുപാടുമൊക്കെ നല്ല പ്ലാന്റേഷൻ വച്ചുപിടിപ്പിക്കാനും കഴിയണം. പല രീതിയിലുള്ള പ്രവർത്തനങ്ങൾ നമുക്ക് അവിടെ നടത്താൻ കഴിയും. തീർച്ചയായും വളരെ വേഗം വളർന്നുവരുന്ന മരങ്ങൾ വച്ചുപിടിപ്പിക്കാൻ കഴിയും. അങ്ങനെ നമ്മുടെ രാജ്യത്ത് തകർന്നുകൊണ്ടിരിക്കുന്ന സാമിൽ, തീപ്പെട്ടി മുതലായ വ്യവസായങ്ങൾക്ക് ആവശ്യമായ തടികൾ കണ്ടെത്താൻ കഴിയും. അതിനുള്ള പരിപാടികൾ വനഡിപ്പാർട്ടുമെന്റ് ആസൂത്രണം ചെയ്തു നടപ്പാക്കണം.

സർ, കൃഷി ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ഒരു വാചകം കൂടി പറയണമെന്ന് ആഗ്രഹിക്കുന്നു. തെങ്ങുകൃഷിക്ക് സംരക്ഷണം നൽകുന്നതിനുവേണ്ടി തെങ്ങിന് മരുന്നു തളിക്കുന്ന ഒരു ഏർപ്പാടു നിലവിലുണ്ട്. 25 വർഷങ്ങളായി നിലവിലിരിക്കുന്ന ഒരു ഏർപ്പാടാണ് അത്. അതിനെപ്പററി അടുത്തകാലത്ത് ചില ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. ആരോപണമുണ്ടായതിന്റെ ഫലമായി ആ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ നേരിട്ട് മരുന്നു തളിക്കേണ്ട എന്ന സമീപനമാണ് നിർഭാഗ്യവശാൽ സ്വീകരിച്ചിരിക്കുന്നത്. പതിനായിരത്തോളം വരുന്ന തൊഴിലാളികൾക്ക് 25 വർഷങ്ങളായി പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കപ്പെടുന്നു എന്നു മാത്രമല്ല, കൃഷിക്കാർക്കു കീടനാശിനികൾ നൽകിയാൽ മതി എന്നു വന്നാൽ മററു രീതിയിലുള്ള ആക്ഷേപങ്ങൾ വിളിച്ചു വരുത്തുവാൻ മാത്രമേ സഹായിക്കുകയുള്ളൂ. ആക്ഷേപങ്ങൾ ഉണ്ടെന്നുണ്ടെങ്കിൽ ആക്ഷേപങ്ങൾക്കു പരിഹാരം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്നല്ലാതെ അതുകൊണ്ട് ഒരു പദ്ധതിതന്നെ പൊളിക്കുന്ന സമീപനം ഗവൺമെന്റു സ്വീകരിക്കരുത് എന്നാണ് പറയുവാനുള്ളത്. നമ്മുടെ ബഡ്ജററിൽ കൃഷിക്കാരുടെ സർവ്വതോന്മുഖമായ പുരോഗതിക്കാവശ്യമായ ഒരു പദ്ധതിയാണ് ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ കൃഷി ഡിപ്പാർട്ടുമെന്റ് കാലോചിതമായ രീതിയിൽ പുനഃസംഘടിപ്പിക്കണമെന്ന് ബഡ്ജററിൽ ഒരു നിർദ്ദേശം ഉണ്ട്. അടിയന്തിരമായി ആ നിർദ്ദേശം നടപ്പാക്കണം. കൃഷിഡിപ്പാർട്ടുമെന്റിൽ കുറച്ചുകാലത്തേയ്ക്കെങ്കിലും നിലനിറുത്താൻ കഴിയുന്ന ഒരു ഡയറക്ടറെക്കൂടി കണ്ടെത്തണം. കാലാകാലങ്ങളിൽ കൃഷിഡിപ്പാർട്ടുമെന്റിൽ വരുന്ന ഡയറക്ടർമാർ അവിടെ എത്തിക്കഴിഞ്ഞാൽ എത്രയും വേഗം അവിടെനിന്നും ചാടിപ്പോകാൻ കഴിയുമോ എന്ന ആലോചനയുമായിട്ടാണ് വരുന്നത്. അവർക്ക് ഈ ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിൽ താൽപ്പര്യമില്ല. കൃഷിയെ സംബന്ധിച്ചിടത്തോളം താൽപ്പര്യമുള്ള ആളുകളെ കണ്ടെത്തുകയും കാര്യമായിട്ട് അയാൾക്കു പ്രവർത്തിക്കുവാൻ കഴിയുന്ന രീതിയിൽ രണ്ടോ മൂന്നോ വർഷം അവിടെ ഇരുന്ന് ഒരു പദ്ധതി ശരിയായിട്ട് നടപ്പാക്കാൻ അവസരം കൊടുക്കുന്ന ഒരു സംവിധാനം ആ മേഖലയിൽ സ്വീകരിക്കണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്കരൻനായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അഭിനവ കുചേലനായ സഖാവ് ശ്രീനിവാസൻ ഓലക്കുടയും അവൽപ്പൊതിയുമായി യഥാർത്ഥ കൃഷ്ണനെന്റെ അടുത്തുവന്ന് എല്ലാം തട്ടിക്കൊണ്ടുപോയിക്കഴിഞ്ഞിരിക്കുകയാണ്. എന്തെങ്കിലും മിച്ചം ആ കീശയിൽ ഉണ്ടോ എന്ന് സംശയമാണ്. അതുകൊണ്ട് മന്ത്രിക്ക് പ്രത്യേകമായ ദൈവിക കഴിവ് ഉണ്ടെങ്കിൽ മാത്രമേ ഈ കേരളത്തിലെ എല്ലാ ആളുകളെയും സഹായിക്കാൻ കഴിയൂ എന്ന് വ്യക്തമായി മനസ്സിലാക്കുന്ന ഒരാളാണ് ഞാൻ. അടുത്ത കാലത്തുണ്ടായ അതിവർഷം മൂലം നമ്മുടെ പഴയ റോഡുകൾ നാമാവശേഷമായ സ്ഥിതി സംജാതമായിരിക്കുന്ന അവസരത്തിൽ അതിന് വലിയ ഒരു തുക ചെലവാക്കേണ്ടതായി വന്നു. റവന്യൂ വരുമാനത്തിൽ ഏകദേശം ആറു ശതമാനം മാത്രമാണ് പൊതുമരാമത്ത് വകുപ്പിലേക്ക് നീക്കിവച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം പറഞ്ഞതുപോലെ ഇത് വളരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കി കൂടുതൽ തുക വിനിയോഗിക്കാൻ കഴിഞ്ഞുവെങ്കിൽ മാത്രമേ ഏതെങ്കിലും രീതിയിൽ പ്രയോജനപ്രദമായ പബ്ലിക് വർക്സ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇന്ന് ഏതെങ്കിലും കാര്യങ്ങൾ മരാമത്ത് പണികൾ നാട്ടിൽ നടക്കണമെങ്കിൽ പ്രധാനമന്ത്രിയെയോ പ്രസിഡന്റിനെയോ വല്ല ഫംഗ്ഷനും വിളിക്കണം. ആ അവസരങ്ങളിൽ ആ പ്രദേശങ്ങളിൽ മാത്രം റോഡുകൾ നന്നാക്കും. അതിൽ കവിഞ്ഞ് പുതുതായി ഒന്നും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്റെ നിയോജക മണ്ഡലത്തിൽ, അനേകം വർഷങ്ങളായി പറയാറുള്ള വലിയ പെരിമ്പുഴ കടവ് പാലത്തെ സംബന്ധിച്ചിടത്തോളം സാധിതപ്രായമായിട്ടുണ്ടെന്നാണ് വിശ്വസിക്കുന്നത്. അത് ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അത് എത്രയും വേഗം ആരംഭിക്കണമെന്ന അപേക്ഷ ഉണ്ട്. അതുപോലെതന്നെ വള്ളിക്കുന്നം പ്രദേശം മാവേലിക്കര കാൺസ്റ്റിറ്റ്യുവൻസിയിൽപ്പെട്ടതാണ്. വള്ളിക്കുന്നത്ത് ചെന്നെത്തുന്നതിന് ഗതാഗതയോഗ്യമായ യാതൊരു റോഡും ഇല്ല. ട്രാൻസ്പോർട്ട് സൗകര്യമില്ല. നടന്നു പോകുന്നതിനു പോലും നിർവ്വാഹമില്ലാത്ത റോഡുകളാണ് ഉള്ളത്. അവിടെ റോഡു നന്നാക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം.

കൃഷി വകുപ്പിനെ സംബന്ധിച്ച് പറയാനുള്ളത്, നെൽക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നെൽകൃഷി ഉപേക്ഷിച്ചെങ്കിൽ മാത്രമേ കൃഷിക്കാർക്ക് സാമ്പത്തികമായ മോചനം ഉണ്ടാകുകയുള്ളുയെന്ന കാലഘട്ടമാണ് ഇന്ന്. ലാൻഡ് യൂട്ടിലൈസേഷൻ നിയമം ഭേദഗതി ചെയ്ത് നെല്ലിനു പകരം പ്രയോജനപ്രദമായ മററു കൃഷികൾ ഈ ഭൂമിയിൽ ചെയ്യുന്നതിന് അനുവാദം കൊടുത്തുവെങ്കിൽ മാത്രമേ കൃഷിക്കാർക്ക് മോചനം ഉണ്ടാകുകയുള്ളൂ. അതിന് സത്വരമായി ശ്രദ്ധിക്കണം.

ശ്രീ. സി. എം. സുന്ദരം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞകാലത്ത് ചില പ്രസംഗങ്ങളിൽ പറഞ്ഞിട്ടുള്ളതു മാതിരി ഒരു കാര്യം വളരെ വ്യക്തമാണ്. നല്ല കാര്യങ്ങൾക്ക് വകയിരുത്തുകയും പാസാക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥവൃന്ദവും ഗവൺമെൻറും രണ്ടുചേരിയായിട്ടുള്ള പ്രവർത്തനങ്ങളാണ് ഇന്ന് നടത്തുന്നത്. അതിന്റെ ഉദാഹരണങ്ങൾ ഇന്നും നമുക്ക് കാണാം. വനംകൊള്ള ഒന്നോരണ്ടോ വർഷമായിട്ടല്ല അനേകവർഷങ്ങളായി സ്ഥിരമായി നടക്കുന്നു. മന്ത്രിമാരും രാഷ്ട്രീയ പാർട്ടികളുമെല്ലാം വനംകൊള്ളയെ അധിക്ഷേപിക്കുകയും അതിനെതിരായി പ്രസ്താവന നടത്തുകയുമെല്ലാം ചെയ്യുന്നുണ്ടെങ്കിലും അതിന് യാതൊരു പരിഹാരമാർഗ്ഗവും കാണുന്നില്ല. അവസാനം സർവ്വകക്ഷിയോഗങ്ങൾ വിളിച്ചുകൂട്ടി രണ്ടുപക്ഷവും പ്രതി

LIBRARY ARCHIVES Kerala Legislative Assembly

പക്ഷവും ചേർന്ന് മാർഗ്ഗം ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിന്റെയെല്ലാം അർത്ഥം എന്തു പ്രവർത്തിച്ചാലും ഉദ്യോഗസ്ഥ വൃന്ദത്തെ നിയന്ത്രിച്ചൊതുക്കി നിർത്താൻ സാധിക്കുന്നില്ല എന്നാണ്; അതിൽ ഗവൺമെൻറ് അമ്പെ പരാജയപ്പെട്ടിരിക്കുന്നു എന്നാണ്. അതാണ് ഇന്ന് കേരളത്തിൽ എല്ലാഭാഗത്തും നടക്കുന്നത്. കൃഷിയുടെ കാര്യത്തിലായാലും ശരി എന്തുകാര്യത്തിലായാലും ശരി പണം നീക്കിവച്ച് പാസാക്കിയാൽ ആ കാര്യങ്ങൾ നടപ്പിലാക്കേണ്ട ഭാഗം ശരിക്ക് നടപ്പിലാക്കാതിരിക്കുമ്പോൾ നാം വളരെ വിഷമിക്കുകയാണ്. വനത്തെ ആശ്രയിച്ച് ജോലി ചെയ്ത് ജീവിക്കുന്ന പാവപ്പെട്ട തൊഴിലാളികളുണ്ട്. കരി ചുട്ടും മരം വെട്ടിയും ചുമന്നും കൃഷിയായുധങ്ങൾ ഉണ്ടാക്കിയും ജീവിക്കുന്ന ആ പാവപ്പെട്ട തൊഴിലാളികളെ വനത്തിൽ നിന്ന് അകററി നിർത്തുന്നു. അതേസമയം കരാർ കൂപ്പെടുത്തു വനം കൊള്ള ചെയ്യുന്ന ദുരവസ്ഥ വ്യാപകമായി തുടരുന്നു. വളരെ കാലമായി പ്രകടനങ്ങൾ നടത്തിയിട്ടും മന്ത്രിമാരെ അറിയിച്ചിട്ടും ഇന്നും ആ പാവപ്പെട്ട തൊഴിലാളികൾ തൊഴിൽ രഹിതരാണ്. പാലക്കാടും പരിസരത്തുമുള്ള ഈ തൊഴിലാളികൾ തൊഴിൽ രഹിതരായി കഴിയുകയാണ്. ധാരാളം നിവേദനങ്ങൾ കൊടുത്തു. ഈ സ്ഥിതിവിശേഷം പല പ്രാവശ്യം ഗവൺമെൻറിനെ ധരിപ്പിച്ചിട്ടുണ്ട്. പാലക്കാട്ടെ ഏമൂരി അമ്മൻ ദേവസ്വം മലയിലുള്ള ആയിരക്കണക്കിന് പാവപ്പെട്ട തൊഴിലാളികൾ പട്ടിണിയിലാണ്. അവർക്ക് വേണ്ടത്ര ഭൂമി നൽകുകയോ ഒന്നും ചെയ്തിട്ടില്ല.

സർ, മറെറാരു പ്രധാനപ്പെട്ട വിഷയമുണ്ട്. ബ്രിട്ടീഷ് കാലഘട്ടത്തിലുള്ള പാതകൾ മാത്രം വച്ചുകൊണ്ടു ജനങ്ങൾ കഷ്ടപ്പെടുകയാണ്. ഈ പാതകളെ സംബന്ധിച്ചിടത്തോളം, ജനങ്ങളും വാഹനങ്ങളും വർദ്ധിച്ചു വന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗവൺമെൻറിന് വേണ്ടത്ര വീക്ഷണമുണ്ടായിട്ടില്ല. അതേ പഴകിയ പാതയിൽ, കുറുകിയ പാതയിൽ, ധാരാളം വലിയ വാഹനങ്ങളും സ്കൂട്ടറുകളും ആട്ടോറിക്ഷകളും ഓടുകയാണ്. അനേകം ആളുകൾ അപകടത്തിൽ കൊല്ലപ്പെടുന്നു. ആ പാവപ്പെട്ട ആളുകളുടെ കാര്യം ഗവൺമെൻറ് ചിന്തിക്കുന്നില്ല. അവരുടെ ക്ലെയിം പെററിഷൻസ് ഒന്നും വേണ്ടവിധം നീങ്ങുന്നില്ല. പാതയിൽ വീണുമരിച്ചാൽ, അപകടം പററിയാൽ, അവരെ ആശുപത്രിയിൽ കൊണ്ടുചെന്നിടും. അവരുടെ കൈയും കാലും മുറിഞ്ഞുകിടക്കും. അവരുടെ കുടുംബങ്ങൾ നശിക്കുന്നു. അവർക്കുവേണ്ട നടപടികളോ നഷ്ടപരിഹാരമോ ഗവൺമെൻറിൽനിന്നുണ്ടാകുന്നില്ല. ജനങ്ങളുടെ ഇടയിൽനിന്ന് ഇങ്ങനെ ഉയർന്നുവരുന്ന അസ്വസ്ഥതയെപ്പററി ഗവൺമെൻറ് വേണ്ടവിധത്തിൽ ചിന്തിക്കുകയും പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കുകയും വേണമെന്ന് ഞാൻ ഈയവസരത്തിൽ അഭ്യർത്ഥിച്ചുകൊള്ളുന്നു.

കൃഷിയെ സംബന്ധിച്ച് പറയുമ്പോൾ നമുക്ക് ഒരു കാര്യം കാണാൻ സാധിക്കുന്നുണ്ട്. തേങ്ങയുടെ വിലയിടിഞ്ഞുവെന്നും റബ്ബറിന്റെ വിലയിടിഞ്ഞുവെന്നും തറവില വേണമെന്നുമൊക്കെ ശക്തിയായി വാദിക്കുന്നുണ്ട്. അതേസമയം നെല്ലിന് വിലയിടിഞ്ഞു. കൃഷിക്കാരൻ അവശനായി; ദരിദ്രനായി. വേണ്ടവില കിട്ടുന്നില്ല. അവന് സഹായം കിട്ടുന്നില്ല എന്ന് പറയുമ്പോൾ ഗവൺമെൻറിന്റെ കണ്ണ് തുറന്നുകാണുന്നില്ല. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്; പാലക്കാട്ടെ മലയോര പ്രദേശങ്ങളെ അവഗണിച്ചു എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്. അതുകൊണ്ട് ആവശ്യമായ ഭാഗങ്ങളിൽ ശ്രദ്ധ ചെലുത്തണം എന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകളവസാനിപ്പിക്കുന്നു. ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. തങ്കപ്പൻ പിള്ള: സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കേണ്ടിവന്നതിൽ ഖേദിക്കുകയാണ്. നമ്മുടെ സമൂഹത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന വകുപ്പാണ് പൊതുമരാമത്തുവകുപ്പ്. ദൈനംദിനകാര്യങ്ങളിൽപ്പോലും ഈ വകുപ്പിനുള്ള പങ്ക് വളരെ വലുതാണ്. ഇവിടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അഭ്യർത്ഥിക്കുന്നത് 34 കോടിയിൽ ചില്വാനം ഉറുപ്പികയാണ്. ഇത് വളരെ പരിമിതമായിപ്പോയി. ഈ രാജ്യത്തു വളരെയധികം ആവശ്യങ്ങൾ ഈ രംഗത്ത് നേടിയെടുക്കാനുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നത്. ഈ രാജ്യത്തിന്റെ കാർഷികവും വ്യാവസായികവുമായ വികാസത്തോടൊപ്പം ഗതാഗതവികസനവുംകൂടി പൂർത്തിയായാൽ മാത്രമേ രാജ്യത്തിന്റെ വികസനം പൂർണ്ണമാകൂ. അതുകൊണ്ടാണ് ഈ രംഗത്തു വളരെയധികം തുക ബഡ്ജററിൽ ഉൾക്കൊള്ളിക്കേണ്ടതാവശ്യമാണെന്നു പറയുന്നത്. ഗവൺമെന്റ് ഒരു വമ്പിച്ച തുക ഇതിന് ഉൾക്കൊള്ളിക്കണമെന്നാണ് എന്റെ വ്യക്തമായ അഭിപ്രായം.

ഈ രാജ്യത്തെ റോഡുകളുടെയും പാലങ്ങളുടെയും ശോച്യാവസ്ഥ പറയാതിരിക്കുന്നതാണ് നല്ലത്. നമ്മുടെ കാലാവസ്ഥകൊണ്ടും നമ്മുടെ ചില പ്രത്യേകതകൾകൊണ്ടും റോഡുകളുടെയും പാലങ്ങളുടെയും സ്ഥിതി വളരെ മോശപ്പെട്ടതാണ്. അതൊക്കെ നന്നാക്കേണ്ടതാവശ്യമാണെന്നു പറഞ്ഞാൽ അതു വെറും നീതിപൂർവ്വകമായ കാര്യമാണെന്നു മനസ്സിലാക്കണം. അതുപോലെ മുന്നോക്ക പ്രദേശങ്ങളിൽ ഗതാഗതസൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നോക്കാവസ്ഥയുണ്ട് എന്നു ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മനസ്സിലാക്കണം. അദ്ദേഹം പിന്നോക്ക പ്രദേശങ്ങളിൽ ഗതാഗതസൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ തിടുക്കം കാണിക്കുന്ന നിഷ്പക്ഷമതിയായ ഒരാളാണെന്ന് മനസ്സിലാക്കികൊണ്ടുതന്നെ പറയുകയാണ്; അങ്ങ് പ്രത്യേകിച്ച് ഒരു കാര്യം മനസ്സിലാക്കിയാൽ കൊള്ളാം. വളരെ മുന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ ഗതാഗതസൗകര്യങ്ങളുടെ കാര്യത്തിൽ പിന്നോക്കമാണ്. ഉദാഹരണം പറയാം. ആലങ്കാരികമായി പറയുകയല്ല. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ ഒരു പ്രദേശമുണ്ട്. അതു ഭൂമിശാസ്ത്രത്തിൽ അറിയപ്പെടുന്ന ഇടനാട് എന്ന പ്രദേശമാണ്. പമ്പാനദിയാൽ ചുററപ്പെട്ടു ഗ്രസിക്കപ്പെട്ടിരിക്കുന്ന ഒരു പ്രദേശമാണത്. കഴിഞ്ഞ 24 കൊല്ലമായി ആ പ്രദേശത്തേക്കു പോകാൻ ഒരു പൊതുവഴിയില്ല. ചെങ്ങന്നൂർ ടൗണിനകത്തുള്ള ഒരു പ്രദേശത്ത് വഴിയില്ല, ഗതാഗതസൗകര്യമില്ല, എന്നു പറഞ്ഞാൽ ആശ്ചര്യപ്പെട്ടുപോകും. അത് ആ പ്രദേശം ഒന്നു കണ്ടാലേ ബോദ്ധ്യമാകൂ. അവിടെ നടന്നു പോകുന്നതിന് ഒരു തൂക്കുപാലം മാത്രമാണ് ഇട്ടിരിക്കുന്നത്. ഈ ദുരവസ്ഥ കണ്ടിട്ട് മുമ്പ് നാട്ടുകാരെല്ലാംകൂടി യശശ്ശരീരനായ മുൻ പി. ഡബ്ല്യു. ഡി. മിനിസ്ററെ കണ്ടു. ശ്രീ. ടി. കെ. ദിവാകരൻ ആ സ്ഥലം കണ്ട് ആ തൂക്കുപാലത്തിൽകൂടി നടന്നപ്പോൾ ആശ്ചര്യപ്പെട്ടുപോയി. പല പിന്നോക്കപ്രദേശങ്ങളിലും ഞാൻ പോയിട്ടുണ്ടെങ്കിലും ഇത്ര മുന്നോക്കമായ പ്രദേശത്ത് ഈ സ്ഥിതിവിശേഷമാണല്ലോ ഗതാഗതത്തിന്റെ കാര്യത്തിൽ ഉണ്ടായിരിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. മാത്രമല്ല പൊതുമരാമത്ത് വകുപ്പ് താൻ കൈകാര്യം ചെയ്തുകൊണ്ടിരിക്കുമെങ്കിൽ നാട്ടുകാരുടെ ഈ ആവശ്യം തീർച്ചയായും സാക്ഷാൽക്കരിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തു. ആ പണിക്ക് തുടക്കം കുറിച്ചെങ്കിലും ഇന്നും അതു കഴിഞ്ഞിട്ടില്ല. അനേകായിരങ്ങളുടെ ആഗ്രഹം സാധിക്കുന്നതിനുവേണ്ടി ആ കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നോളം ആ തൂക്കുപാലം മാത്രമാണുള്ളത്. വർഷകാലമാകുമ്പോൾ തൂക്കുപാലത്തിലൂടെ ആളുകൾ പോവുകയാണ്. ഒരു കാർ ഇടനാട് പ്രദേശത്തു പോകാൻ കഴിഞ്ഞിട്ടില്ല. ഒരു ട്രാൻസ്പോർട്ട് ബസ് ഒരു പ്രൈവററ് ബസ് പോലും കാണാൻ അവർക്ക് കഴിഞ്ഞിട്ടില്ല. അർദ്ധരാത്രിയിൽ ഒരു ഗർഭിണിക്ക് പ്രസവവേദനയുണ്ടായാൽ തലച്ചുമടിലേററി ഇടനാട് പ്രദേശത്തുനിന്നു ചെങ്ങന്നൂർ ടൗൺ ആസ്പത്രിയിലേക്കു കൊണ്ടുവരണം എന്നു പറഞ്ഞാൽ അതിന്റെ പിന്നോക്കാവസ്ഥ സാമാന്യമായി ഒന്നു ചിന്തിക്കാവുന്നതേയുള്ളൂ. കാലാകാലങ്ങളിൽ ബഡ്ജററിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. 72 മുതൽ 79 വരെ ബഡ്ജററിൽ അതുണ്ട് ഇപ്പോഴും 10,000 ക. ഉൾക്കൊള്ളിച്ചിട്ടുണ്ട്. തീർച്ചയായും ഈ അവസരത്തിലെങ്കിലും അതിന് മുൻതൂക്കം കൊടുത്ത് വിവേചനപരമായ നയം സ്വീകരിക്കാതെ ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾ സാക്ഷാത്കരിക്കാൻ വേണ്ടി ഫലപ്രദവും സത്വരവുമായ നടപടി സ്വീകരിക്കണമെന്ന് വിനയപുരസ്സരം അപേക്ഷിക്കുകയാണ്. കൃഷിയിലേക്കും ഫോറസ്ററിലേക്കും കടക്കാൻ സമയമില്ലാത്തതുകൊണ്ട് തൽക്കാലം അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെയെല്ലാം ഞാൻ എതിർക്കുകയാണ്. പൊതുമരാമത്തുവകുപ്പിനെപ്പററി പലരും ഇവിടെ സംസാരിക്കാൻ മടിക്കുന്നതായി കാണുന്നു. സമീപകാലത്ത് ഓരോരുത്തർക്കും വേണ്ടത് എന്തെന്ന് ചോദിക്കുകയും ഓരോരുത്തർക്കും വേണ്ടത് ബഡ്ജററിൽ ഉൾക്കൊള്ളിക്കുന്നു എന്നു പറയുകയും ചെയ്തു എന്നുള്ളതുകൊണ്ട് പൊതുമരാമത്തു വകുപ്പ് ഫലപ്രദമായി പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു എന്നൊരു ധാരണ ആ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിക്ക് ഉണ്ടാകുന്നതു തന്നെ നമ്മുടെ രാജ്യത്തിന് ഗുണകരമല്ല എന്നാണ് എന്റെ അഭിപ്രായം. പലരും പറയുന്നതു കേട്ടു, പൊതുമരാമത്തുവകുപ്പ് ഭംഗിയായി എന്ന്. എന്തു ഭംഗി? എനിക്കും രണ്ട് റോഡ്, എല്ലാവർക്കും രണ്ടു റോഡ്—അപ്പോൾ ഭംഗിയായി; ആ വകുപ്പിന്റെ പ്രവർത്തനം എടുത്തു പരിശോധിക്കുമ്പോഴോ? വകുപ്പു മന്ത്രി അഴിമതിനടത്തിയാലേ പ്രശ്നമുണ്ടാകൂ എന്നില്ല. പൊതുമരാമത്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ, അതിന്റെ കാര്യക്ഷമത, പരിശോധിക്കാൻ തയ്യാറായാൽ അറിയാം എത്രമാത്രം പരിതാപകരമാണെന്ന്. അതു കാണിക്കുന്ന ഒട്ടനവധി വസ്തുതകളുണ്ട്. ഗവൺമെൻറ് ചെലവാക്കുന്ന പണം ആ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ? അതിൽ എത്രമാത്രം തട്ടിക്കൊണ്ടുപോകുന്നു, എത്രമാത്രം വഞ്ചന കാണിക്കുന്നു? ഇതിനെപ്പററി ഒന്നും തന്നെ നമ്മുടെ രാജ്യത്തു പൊതുമരാമത്തിന്റെ ഡിസ്കഷനിൽ വരുന്നില്ല. അങ്ങനെ വരാതിരിക്കാൻ കാരണം? എനിക്കും രണ്ടു റോഡുണ്ട്; പിന്നെ എന്തു പറയാൻ; ഞാൻ അതിനില്ല. അങ്ങനെയൊരു കൈക്കൂലി മേടിച്ചുകൊണ്ട്—ഒരു മണ്ഡലത്തിൽ രണ്ടു റോഡ് ഒരു ലിസ്ററിൽ പെടുത്തിയതുകൊണ്ട്—ഈ പൊതുമരാമത്തുവകുപ്പിൽ നടക്കുന്ന അഴിമതികളും അക്രമങ്ങളും അന്യായങ്ങളും ഈ രാജ്യത്തിന്റെ മുമ്പിൽ കൊണ്ടുവരാതിരിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ടമന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ലേബർ കോൺട്രാക്ട് സൊസൈററികളെപ്പററി പറഞ്ഞു. ആ ലേബർ കോൺട്രാക്ട് സൊസൈററികൾക്കുതന്നെ 1977-78 ലെ കണക്കു പ്രകാരം നിങ്ങൾ കൊടുക്കാമെന്ന് പറഞ്ഞ ബോണസ്സ് കൊടുക്കാതെ അവരെ നിരുൽസാഹപ്പെടുത്തുന്നതിൽ ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്ക് പങ്കില്ലേ? എൻജിനീയർമാർക്ക് ഒരു പങ്കില്ലേ? ഈ ലേബർ കോൺട്രാക്ട് സൊസൈററികൾ വളർന്നുവരുന്നത് തങ്ങളുടെ സ്ഥാപിത താൽപ്പര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കാപത്താണ്, കോൺട്രാക്ടർമാരുടെ അടുത്തുനിന്നു കൈക്കൂലി മേടിക്കാനുള്ള അവസരം നഷ്ടപ്പെടും എന്നു മനസ്സിലാക്കിയിട്ടല്ലേ ഉണ്ടായിട്ടും കൊടുക്കാതിരിക്കുന്നത്? ഇതൊന്നും ആരും പറയുകയില്ല. കാരണം എനിക്കും രണ്ട് റോഡ് കിട്ടി, പിന്നെ എന്തിന് പറയുന്നു? അതുകൊണ്ട് പൊതുമരാമത്ത് വകുപ്പ് എന്നു പറഞ്ഞാൽ ഒക്കെ റെഡിയാണ് എന്നുള്ള രൂപത്തിൽ പറഞ്ഞാൽ ഞാനതിനോട് യോജിക്കുന്നില്ല. അതുകൊണ്ട് ഈ വകുപ്പിലുള്ള ഒട്ടനവധി പ്രശ്നങ്ങളെപ്പററി ബഹുമാനപ്പെട്ട മന്ത്രി ഗൗരവപൂർവ്വം ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, കൃഷിവകുപ്പിനെപ്പററി പറയുകയാണെങ്കിൽ എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട് ഈ കൃഷിവകുപ്പ് എന്തിനുവേണ്ടിയാ
12 Noon] ണെന്ന്. സർ, ഇവിടെയൊരു പാവ മന്ത്രിയുണ്ട്. ഈ രാജ്യത്തെ കൃഷിക്കാർക്കുവേണ്ടി ഒന്നും ചെയ്യുകയില്ല. കൃഷിക്കാരന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളൊന്നുംതന്നെയില്ല. ആ കൃഷിവകുപ്പിനുകീഴിൽ നമ്മുടെ രാജ്യത്തെ തകർന്നുവരുന്ന കാർഷിക മേഖലയെ രക്ഷിച്ചെടുക്കാൻവേണ്ടി എന്ത് പരിപാടിയാണുള്ളത്? ഡിപ്പാർട്ടുമെന്റിൽ ഉന്നതാധികാരികൾ ഉണ്ട്. അതിനെപ്പററി വല്ല വിവരവുമുള്ളവരാണോ അവർ? കാർഷികരംഗത്ത് എന്തെങ്കിലും വിവരമുള്ളവർ ഉണ്ടെങ്കിൽ വേറെ ഡിപ്പാർട്ടുമെന്റിൽ അവരെ വിടും. വേറെ രാജ്യത്ത് പറഞ്ഞയച്ച് പഠിപ്പിച്ച് മടങ്ങിവന്നാൽ വേറൊരു വകുപ്പിലാണ് അയാളെ നിയമിക്കുന്നത്. ഇപ്പോൾ ആ വകുപ്പിന്റെ ഹെഡ്ഡിന് അതിനെപ്പററി വല്ല വിവരവുമുണ്ടോ? കൃഷി എന്താണെന്നുപോലും അറിഞ്ഞുകൂട. കൃഷി ഡിപ്പാർട്ടുമെന്റിൽ ധാരാളം നിയമനങ്ങൾ നടക്കുന്നുണ്ട്. ആരോട് ചോദിച്ചിട്ടാണ് നിയമനങ്ങൾ നടത്തുന്നത്? ഈ അടുത്ത ജനുവരിയിൽ കുറെപ്പേരെ നിയമിച്ചു. ഒരു ഇൻറർവ്യൂപോലും നടത്താതെയാണ് നിയമിച്ചത്. ആരോടും ചോദിച്ചിട്ടില്ല. നിയമത്തെ മറികടന്നുകൊണ്ട് അവർക്ക് താൽപ്പര്യമുള്ള ആളുകളെയാണ് നിയമിച്ചത്.

സർ, ഈ അടുത്തകാലത്ത് ഒരു പ്രഖ്യാപനമുണ്ടായി. അതായത് ഓണ്ടുവില പ്രഖ്യാപനം. ഇക്കുറി വേറൊരു പ്രഖ്യാപനമുണ്ടായി, മെച്ചീനി പ്രഖ്യാപനം, ഇനി വേറെയും പ്രഖ്യാപനങ്ങൾ ഉണ്ടാകും. നിങ്ങൾ കുറെ പശുക്കളെ കൊടുത്തില്ലേ? അതിന്റെ പാൽ കറന്നവരുടെ സ്ഥിതി എന്താണ്? കൊടുത്താൽ വിലയുണ്ടോ? കൊടുത്താൽ കാശുണ്ടോ? അവിടെ ധവള വിപ്ലവമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നാട്ടിൽതന്നെ പാൽ കറക്കുന്നവർ ഞാൻ കറക്കുന്ന പാൽ എടുക്കണമേ, കാശ് കിട്ടണമേ എന്നു പറഞ്ഞുകൊണ്ട് പ്രകടനം നടത്തുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ഓരോ കാര്യത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അവരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറുണ്ടോ?

നമ്മുടെ നാട്ടിൻപുറത്തെ കൃഷിക്കാരന്റെ കൃഷിക്ക് എന്തെങ്കിലും രോഗം വന്നാൽ ഏതെങ്കിലും ഓഫീസിൽ ചെന്നാൽ അതിനെപ്പററി പറയാൻ കഴിയുന്ന ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ഈ ഡിപ്പാർട്ടുമെന്റിൽ ഉണ്ടോ? അതിനെപ്പററിയുള്ള യാതൊരു വിവരവും അവർക്കില്ല. അങ്ങനെ കുറെ വിവരംകെട്ട ആളുകളെക്കൊണ്ട് കോടിക്കണക്കിന് രൂപ കൊള്ളയടിക്കാൻവേണ്ടിയുള്ള ഒരു സ്ഥാപനം എന്നുള്ളതിൽ കവിഞ്ഞ് നമ്മുടെ രാജ്യത്തെ കാർഷിക രംഗത്തെ മുമ്പോട്ടുകൊണ്ടുപോകാൻ ആവശ്യമായ എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് ചോദിച്ചാൽ ഇല്ലെന്ന് തന്നെയാണ് പറയാനുള്ളത്. ഈ സ്ഥിതി മാററണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ രാജ്യത്ത് എല്ലാവരും പ്രസംഗിക്കും കൃഷിക്കാർ ക്ഷേമ മാണെന്ന്. കഴിഞ്ഞ 32 കൊല്ലമായി നമ്മുടെ രാജ്യത്തെ കൃഷിക്കാരനെ രക്ഷിക്കാൻവേണ്ടി നടന്നുനടന്ന് കൃഷിപ്പണി ഒരു തൊഴിലായി എടുത്തു കൊണ്ട് ജീവിക്കാൻ സാധിക്കാത്ത ഒരു നിലയിലേക്ക് നമ്മുടെ രാജ്യത്തെ കൃഷിക്കാരെ തരംതാഴ്ത്തിയ ആ നടപടി തിരുത്താൻ തയ്യാറുണ്ടോ എന്നു ള്ളതാണ് ചോദ്യം. അതിനെ ഒരു തൊഴിലായി അംഗീകരിച്ച് മുമ്പോട്ടു കൊണ്ടുപോകാൻ സാധിക്കുമോ? കൃഷിയെ പുനരുദ്ധരി ക്കുന്നതിനുള്ള യാതൊരു പദ്ധതിയും ഇല്ല. ഇവിടെ വെറും പ്രഖ്യാപ നങ്ങൾ മാത്രമാണ്. ഇപ്പോൾ കൊക്കോ പ്രഖ്യാപനം വന്നിരിക്കുകയാണ്. ഇനി എന്ത് പ്രഖ്യാപനമാണ് വരുന്നതെന്ന് അറിഞ്ഞുകൂട. ഇങ്ങനെ യുള്ള പ്രഖ്യാപനങ്ങൾ അവസാനിപ്പിച്ചിട്ട് കാര്യക്ഷമമായ എന്തെങ്കിലും പരിപാടികൾ ചെയ്യാൻ തയ്യാറുണ്ടോ? 100 ഏലാ ഓഫീസുകൾ വരുന്നു ണ്ടെന്ന് പറഞ്ഞു. എത്രയെണ്ണം തുറന്നു? ഇനി എത്രയെണ്ണം വരാനുണ്ട്? എത്രയെണ്ണം പ്രവർത്തനത്തിലായി, ഇപ്പോൾ പുതിയ ബഡ്ജററ് വന്നു. അതിൽ എത്രയെണ്ണം പ്രവർത്തിച്ചതായി പറഞ്ഞിട്ടുണ്ട്? ഈ കുറി വീണ്ടും പറയുന്നു വീണ്ടും 100 വരാൻ പോകുന്നു എന്ന്. ഇങ്ങനെ എല്ലാ വകുപ്പിനകത്തും കുറെ സ്കീമുകൾ ഇടും. ഇതിൽ എത്രമാത്രം പ്രാവർത്തികമായി, ഇതിനുള്ള ദൗർബല്യം എന്താണ് എന്നുള്ളതൊന്നും നോക്കുകയില്ല. അത് മാറണമെന്നാണ് പറയുന്നത്. അതാണ് ക്രിയാ ത്മകമായ വിമർശനം. പ്രവർത്തനത്തിനുള്ള പോരായ്മകളും ഡിപ്പാർട്ടു മെൻറിനുള്ള പോരായ്മകളും മനസ്സിലാക്കണം. എവിടെയാണ് ചുവപ്പുനാടയെന്ന സംഭവമുള്ളത്, എവിടെയാണ് ശരിയായി നടക്കാത്ത തെന്ന് പരിശോധിച്ച് അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. കുറെ പ്രസംഗങ്ങൾ മാത്രം നടത്തിയതുകൊണ്ട് കാര്യമായില്ല. 30 കോടി രൂപ മാററിവച്ചാലും അതു കൊണ്ടൊന്നും കാര്യമായില്ല. ഫലപ്രദമായി ആ തുക വിനിയോഗിക്കാ നുള്ള നടപടികൾ വേണം.

അടുത്തതായി വരുന്നത് വനത്തിന്റെ പ്രശ്നമാണ്. എന്താണ് നമ്മുടെ വനങ്ങളുടെ സ്ഥിതി? ഇവിടെ കയ്യേററക്കാരെന്നുപറയുന്നത് ആരാണ്? ഈ രാജ്യത്തെ കൊള്ളക്കാർക്കുവേണ്ടി ഒരു വിഭാഗം കച്ചവ ടക്കാർ, പ്രമാണിമാർ ഈ രാജ്യത്തെ വനങ്ങൾ കൊള്ളയടിച്ച് കാശുണ്ടാക്കി. പാവപ്പെട്ടവന്റെ അര ഏക്കറും ഒരേക്കറും വിററ് അയാളുടെ കയ്യിൽ നിന്നും വിലയ്ക്കുവാങ്ങിച്ചതാണ്. മരം കട്ടു വിററ ആൾ കള്ളനല്ല. ഇടുക്കി ജില്ലയിലെ മരം കട്ടുവിററ ആൾ കള്ളനല്ല. ആയിരക്കണക്കിന് ഏക്കർ തരിശുഭൂമിയുള്ളത് വിററ് കാശാക്കുന്നവർ കള്ളനല്ല. അയാളുടെ കയ്യിൽനിന്നും വാങ്ങിച്ചവരാണ് കള്ളൻ. മിസ്ററർ ആര്യാടനും സീതിഹാജിയും പറയുമ്പോൾ മന്ത്രി ചില്ലിട്ട കൂട്ടിൽ ഇരിക്കുന്നുണ്ട്. അങ്ങനെ ഇരുത്താൻ സാധിക്കുമോ സർ? ശ്രീ. ആര്യാടനും ശ്രീ. സീതിഹാജിയും മന്ത്രിയെ ചില്ലിട്ട കൂട്ടിൽ ഇരുത്തിയിട്ട് അദ്ദേഹ ത്തിന് പരിശുദ്ധിയും നൽകുന്നു. ചുററുപാടും മലീമസമാണ്. ഇവിടെ എന്താണ് ഇന്ന് നടക്കുന്നത്?

സർ, ഇവിടെ നിലമ്പൂരിലെ കാര്യം പറഞ്ഞു. അവിടുത്തെ മുള കൊള്ളയെപ്പററി പറഞ്ഞു. അതിന്റെ വസ്തുതകൾ എടുത്തു പരിശോധിച്ചാൽ അഗനല്ലൂരിൽ ഖദീജയ്ക്ക് അവരുടെ പുരയിടത്തിൽ 197 മുള ഉണ്ട്. അവരുടെ പേരിൽ 5000 മുളയ്ക്ക് ഒരു പെർമിററ് ഉണ്ടാക്കിയിരിക്കുന്നു. ബിനാക്കാ ഗോപാലൻനായരുടെ വക 324 മുള യാണ് വെട്ടിക്കൊടുത്തിരിക്കുന്നത്. 4210 മുളയ്ക്ക് വേറൊരു

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് ഉണ്ടാക്കിയിരിക്കുകയാണ്. ഒററപ്പാലം മുഹമ്മദ് 310 മുള വിററു. എന്നാൽ 4650 മുളയ്ക്കാണ് പെർമിററ് ആക്കിയിരിക്കുന്നത്. ടി. പി. അബ്ദുറഹിമാൻ 231 മുളവിററു. അദ്ദേഹത്തിൻെറ പേരിൽ 7160 മുളയുടെ ലൈസൻസ് ഉണ്ട്. ഈ രീതിയിലാണ് കണക്കുകൾ എഴുതിവച്ചിരിക്കുന്നത്. ഇങ്ങനെ വായിച്ചാൽ എൻെറ സമയം അത്രയും കഴിഞ്ഞാലും തീരുകയില്ല. ഇതെല്ലാം ആരാണ് നടത്തുന്നത്? പ്രതിപക്ഷക്കാർ നടത്തുന്നതാണോ? ക്രിയാത്മകമായ വിമർശനം ഇല്ലെന്ന് ആരും നിഷേധിക്കുന്നില്ല. മന്ത്രിയും നിഷേധിക്കുകയില്ല. ഇതാണ് ഇവിടെ നടക്കുന്നത്. ഈ കൊള്ളക്കാർക്ക് കടിഞ്ഞാണിടാൻ കഴിയുന്നില്ല. ഈ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥന് കടിഞ്ഞാണിടാൻ കഴിയുകയില്ല. എൻെറ അഭിപ്രായത്തിൽ ഈ തെമ്മാടിത്തം ചെയ്യുന്ന ഉദ്യോഗസ്ഥന് കടിഞ്ഞാണിടാൻ കഴിയാതിരിക്കത്തക്കവിധത്തിലുള്ള എന്തോ വിഷമതയുണ്ട്. ഇല്ലെങ്കിൽ എന്തുകൊണ്ട് കഴിയുന്നില്ല. അവിടെയാണ് യഥാർത്ഥത്തിൽ നോക്കേണ്ടത്. ആ കൊള്ള കാണുന്നില്ല. മരം കൊള്ള കാണുന്നില്ല. മുള കൊള്ള കാണുന്നില്ല. താമസിക്കുവാൻ പുരയില്ലാത്തവൻ ഒരു പത്ത് സെൻറ് ഭൂമിയിൽ പ്രവേശിച്ച് അതിനകത്ത് ഒരു പുരവെച്ചുകെട്ടി താമസിച്ചാൽ അവനാണ് ഈ രാജ്യത്തെ അക്രമി.

മരത്തെപററിയും വനത്തെപററിയും എല്ലാം ഇവിടെ എല്ലാ അംഗങ്ങളും സംസാരിച്ചു കേട്ടു. എന്തിന് വേണ്ടി, ആർക്ക്വേണ്ടി ഈ പ്രസംഗം? വനത്തോട് ഒരു മോഹം. വനസംരക്ഷണംപോലും. എന്തെല്ലാം ഓമനപ്പേരുകളാണ്! വനം എങ്ങനെ പോയി, എങ്ങനെ തകർന്നു? വനംകൊള്ളയ്ക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥൻമാരെ നിങ്ങൾ താലോലിച്ചു വളർത്തുകയല്ലേ ചെയ്യുന്നത്? ഇന്നും ഈ വനം കൊള്ളയ്ക്ക് ഒററുതിവരുത്തുവാൻ നിങ്ങൾക്ക് കഴിഞ്ഞോ? നമ്മുടെ രാജ്യത്ത് കയ്യേറിത്താമസിക്കുന്നവരെ ഒഴിപ്പിക്കുമെന്ന് പറഞ്ഞുകൊണ്ട് മന്ത്രി ഒരു പ്രഖ്യാപനം നടത്തി. എന്തായാലും നല്ല പ്രഖ്യാപനം തന്നെ. എന്നാൽ പാവങ്ങൾക്ക് എന്തെങ്കിലും സ്വാധീനമുണ്ടോ, ഇല്ല. ഈ രാജ്യത്തെ മുഴുവൻ കയ്യേററങ്ങളേയും വനം കൊള്ളയേയും തടയാനുള്ള തൻേറടം മന്ത്രി ശ്രീനിവാസനില്ല. ഇതിനെക്കുറിച്ച് നിങ്ങൾ ഇവിടെ പ്രസംഗിക്കും. താമസിക്കുവാൻ ഇടമില്ലാത്തവൻ എവിടെയെങ്കിലും ഒരു പത്തു സെൻറ് ഭൂമിയിൽ പ്രവേശിച്ച് ഒരു കുടിലുകെട്ടി താമസമായാൽ അവനെതിരെ നടപടി.

കൃഷി, പൊതുമരാമത്ത്, വനം എന്നിവയെക്കുറിച്ചുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഇതിനെല്ലാംകൂടി ഒരൊററ ചർച്ച. ഇതൊരു തടിതപ്പൽ ഡിസ്കഷനാണ്. ഇതിൽ ഏതെങ്കിലും മന്ത്രിമാർ മോശപ്പെട്ടതാണോ? കൃഷിയേക്കാൾ പ്രധാനം വനം, വനത്തേക്കാൾ പ്രധാനം പൊതുമരാമത്ത്. എന്നിട്ട് എല്ലാററിനുംകൂടി ഒരൊററ ചർച്ച. ഇതൊരു തട്ടിപ്പാണ്. ഈ തട്ടിപ്പ് അവസാനിപ്പിക്കണം. നിങ്ങളുടെ തട്ടിപ്പും വെട്ടിപ്പും കണ്ടുപിടിക്കുവാൻ കുറെ ആളുകൾ ഉണ്ടെന്നുള്ള കാര്യം നിങ്ങൾ മറന്നുകളയരുത്.

സർ, കൃഷിവകുപ്പിനെക്കുറിച്ച് പറയുകയാണെങ്കിൽ ഒരു പാവം മന്ത്രിയും ഒരു പാവം വകുപ്പും. കൃഷിക്കാരോട് പുച്ഛമാണ്. കാർഷികരംഗത്ത് കാര്യമായ ഒന്നും ചെയ്യുന്നില്ലെന്നുള്ളതാണ് വസ്തുത. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി എതിർത്തുകൊണ്ടു ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാന്തലോട്ട് കുഞ്ഞമ്പു: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. വനം വകുപ്പിനെക്കുറിച്ചും പൊതുമരാമത്ത് വകുപ്പിനെക്കുറിച്ചും കൃഷി വകുപ്പിനെക്കുറിച്ചും ധാരാളം വിമർശനങ്ങളും നിർദ്ദേശങ്ങളും ഈ സഭയിൽ പൊന്തിവരുകയുണ്ടായി. ഉദ്ദേശിച്ചതിനെക്കാൾ കൂടുതൽ വിമർശനം കൃഷിവകുപ്പിനെക്കുറിച്ചും ഉണ്ടായി.

വനം വകുപ്പിനെ ബാധിക്കുന്ന ചില പ്രശ്നങ്ങൾ മാത്രമാണ് ഞാൻ ആദ്യമായി പറയുവാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനം സ്വാതന്ത്ര്യമായതിനുശേഷം 1952 ലാണ് പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തി അസംബ്ലി രൂപീകരിച്ചത്. അതിനെത്തുടർന്ന് ഇങ്ങോട്ട് വനം കയ്യേററത്തെ സംബന്ധിച്ചും വനസമ്പത്ത് സംരക്ഷിക്കേണ്ടതിനെ സംബന്ധിച്ചും ഈ സഭയിൽ ശ്രീ. കുഞ്ഞിക്കണ്ണൻ സംസാരിച്ചതിനേക്കാൾ വളരെ ശക്തിയായി പല മെമ്പർമാരും സംസാരിച്ചിട്ടുണ്ട്. എന്താണ് അതിന്റെ ഫലം? 1940-ൽ ഈ സ്റേററിൽ 33 ശതമാനം വനമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് വെറും 20 ശതമാനം മാത്രമാണ് വനമുള്ളത്. ഇതിനെക്കുറിച്ച് പല ആവർത്തി പലരും സംസാരിച്ചിട്ടുണ്ടെങ്കിലും വിജയപ്രദമായി മുമ്പോട്ടുപോകുവാൻ സാധിച്ചിട്ടില്ലെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഈ അടിസ്ഥാനത്തിൽ വനംവകുപ്പ് നമ്മുടെ രാജ്യത്തിന് ആവശ്യമായ നിലയിൽ മുമ്പോട്ടു കൊണ്ടുപോകണമെങ്കിൽ ഇന്ന് നിലനിൽക്കുന്ന ചില സമ്പ്രദായങ്ങൾ മാററി, നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്ക് ആവശ്യമായ ചില നയങ്ങൾ ആവിഷ്കരിക്കുകയാണെങ്കിൽ ഇന്നുള്ള വിമർശനങ്ങൾ ചുരുക്കുവാനും നമ്മുടെ വനസമ്പത്ത് തികച്ചും ഈ സ്റേററിന്റെ ആവശ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തുവാനും കഴിയുമെന്നാണ് എന്റെ വിശ്വാസം. അതിനുവേണ്ടി ഞാൻ ആദ്യമായി ഒരു ചെറിയകാര്യം പറയാം. ഇവിടെ വിറകിനെ സംബന്ധിച്ച് വലിയ വിമർശനം നടന്നു. വിറക് ആരുടെ കൈയിലാണ്? ഈ വിമർശനങ്ങൾ കേട്ടാൽ തോന്നും ഈ സ്റേററിലുള്ള വിറക് ഈ ഗവൺമെൻറിന്റെ കൈയിലാണെന്ന്. അങ്ങനെയല്ല. ഈ വിറകുമുഴുവൻ ഈ രാജ്യത്തെ സ്വകാര്യവ്യക്തികളുടെ കൈയിലാണ്. അവരുടെ കൈയിലാണ് സെയിൽകൂപ്പ്. ഈ സെയിൽ കൂപ്പ് സമ്പ്രദായം ചുരുങ്ങിയത് രണ്ടുകൊല്ലത്തിനുള്ളിൽ നിറുത്തൽ ചെയ്ത് വിറകിന്റെ ഉടമസ്ഥാവകാശം സ്റേററ് എടുക്കണം. വിറക് അധികവും ഉപയോഗിക്കുന്നത് എരിക്കുവാൻ വേണ്ടിയാണ്. അതായത് ഭക്ഷണം പാകം ചെയ്യുന്നതിന്. അത് കഴിഞ്ഞാൽപിന്നെ ഓട്ടുവ്യവസായത്തിന് ഈ വിറക് ഉപയോഗിക്കും. ഇതു രണ്ടുമാണ് മുഖ്യമായ ആവശ്യം. പിന്നെ കുറച്ചുഭാഗം വിറക് കത്തിച്ച് കരിയായി പുറം രാജ്യങ്ങളിലേക്കു അയക്കുന്നുണ്ട്. ഇപ്പോൾ ഇതെല്ലാം ചെയ്യുന്നത് കൂപ്പ് എടുക്കുന്ന സ്വകാര്യവ്യക്തികളാണ്. അതുകൊണ്ടാണ് ഞാൻ നേരത്തെ ഒരു നിർദ്ദേശം വച്ചത്; ആ നിർദ്ദേശം സ്വീകരിച്ചാൽ മാത്രമേ കുറഞ്ഞവിലയ്ക്കു നമുക്കും നമ്മുടെ നാട്ടുകാർക്കും വിറക് കൊടുക്കുവാൻ സാധിക്കൂ. ആരോ ഇവിടെ പറയുകയുണ്ടായി, കോയമ്പത്തൂരിൽ 300 രൂപ വിലകിട്ടുമെന്ന്. അത് കിട്ടിയേക്കാം. കോയമ്പത്തൂരിലെ ആവശ്യത്തിനുവേണ്ടി വിൽക്കുവാനുള്ളതല്ല ഈ സ്റേററിലെ വിറക്. ഈ സ്റേററിൽ വിറകിനെ സംബന്ധിച്ചുള്ള നിയമം എന്താണെന്നു വെച്ചാൽ 25 ശതമാനം പുറത്ത് വിൽക്കാം എന്നാണ്. എന്നിട്ട് എത്രയാണ് വിൽക്കുന്നത്? വിൽക്കുന്നതിന് ഒരു ക്ലിപ്തതയില്ല. അത് നിയന്ത്രിക്കുവാനേ കഴിയുന്നില്ല. കാരണം അതു കൈകാര്യം ചെയ്യുന്നത് സ്വകാര്യ വ്യക്തികളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഫറോക്ക്, കൊല്ലം, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ഒരു വ്യവസായമാണ് ഓടു വ്യവസായം. ഓടു വ്യവസായത്തിനും വിറക് ആവശ്യമാണ്. അപ്പോൾ വിറകിന് വില കൂട്ടുകയാണെങ്കിൽ അത് തൊഴിലാളി വർഗ്ഗത്തോട് ചെയ്യുന്ന ഒരു ദ്രോഹമായിരിക്കും. അതിനെ ന്യായീകരിക്കുവാൻ ചിലർ ശക്തിയായി വാദിച്ചേക്കാം. ചുരുങ്ങിയത് 110 രൂപക്കെങ്കിലും വീട്ടാവശ്യത്തിനും ഓടു വ്യവസായാവശ്യത്തിനുമുള്ള വിറക് ലഭിക്കണം. അത് സാധിക്കണമെങ്കിൽ ഈ സെയിൽകൂപ്പ് സമ്പ്രദായം മാററണം. ആ രംഗത്ത് ഗവൺമെൻറ് വരണം. എങ്കിൽ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഇതാണ് എനിക്ക് പ്രധാനമായും ഈ കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

അതുപോലെതന്നെ വനത്തിൽ നടക്കുന്ന കൊള്ളയുടെ പിന്നിൽ ഉദ്യോഗസ്ഥൻമാരെമാത്രം കുററപ്പെടുത്തുന്ന സമ്പ്രദായം തെററ് തിരുത്താൻ സഹായിക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം. വനം മുഴുവൻ ദേശസാൽക്കരിച്ചു. ഏററവും നല്ലകാര്യമാണ്. വനത്തിനകത്തുള്ള തടി ആരാണ് കൈകാര്യം ചെയ്തത്? എങ്ങനെയാണ് കൈകാര്യം ചെയ്തത്? അത് കൈകാര്യം ചെയ്തത് സ്വകാര്യവ്യക്തികളാണ്. സപ്ലൈകൂപ്പ്, സെലക്ഷൻ കൂപ്പ് ഇതൊക്കെ കൈകാര്യം ചെയ്തത് ആരാണ്? അഞ്ചു ലക്ഷത്തോളം ക്യൂബിക് മീററർ തടിയാണ് ഒരു കൊല്ലം ഈ വനത്തിൽ നിന്നും മുറിച്ചെടുക്കുന്നത്. ഇത് കൈകാര്യം ചെയ്യുന്നത് സ്വകാര്യവ്യക്തികളാണ്. ഈ സ്വകാര്യവ്യക്തികൾക്കു ഈ മേഖലമുഴുവൻ വിട്ടുകൊടുത്തിട്ട് ഉദ്യോഗസ്ഥൻമാർ മുഴുവൻ കൊള്ളക്കാരാണെന്ന് പറഞ്ഞതുകൊണ്ടു പ്രശ്നം പരിഹരിക്കാനൊക്കുകയില്ല. നമ്മുടെ രാജ്യത്ത് സെൻട്രൽ ബോർഡ് ഓഫ് ഫോറസ്ട്രി എന്ന ഒരു ദേശീയ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. എല്ലാ സംസ്ഥാനങ്ങളിലേയും വനം വകുപ്പു മന്ത്രിമാർ അതിലുണ്ട്. ഇൻഡ്യയിലെ കൃഷിവകുപ്പുമന്ത്രി അദ്ധ്യക്ഷനായി പ്രവർത്തിക്കുന്ന ഒരു ബോർഡാണ്. ആ ബോർഡ് വനത്തിന്റെ സംരക്ഷണത്തെപ്പററി വനത്തിനകത്തുള്ള തടി എങ്ങനെ ഉപയോഗിക്കണമെന്നുള്ളതിനെസംബന്ധിച്ച് ഓരോ കൊല്ലവും യോഗം ചേർന്ന് വ്യക്തമായ നയം രൂപീകരിച്ചു സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നുണ്ട്. ആ നയം നടപ്പാക്കാൻ നമ്മുടെ സ്റേററ് തയ്യാറായാൽ വനംവകുപ്പിൽ ഇന്ന് നടക്കുന്ന അനാശാസ്യമായ വിമർശനം ഇല്ലാതാക്കാനും നമ്മുടെ വനസമ്പത്ത് ചൂഷണം ചെയ്യുന്നത് തടയാനും രാജ്യത്തെ അഭിവൃദ്ധിയിലേക്കു കൊണ്ടുപോകാനും കഴിയും. ഞാൻ മന്ത്രിസഭയിൽ അംഗമായിരുന്ന സമയത്ത് ഇൻഡ്യയിലെ പല സ്റേററുകളിലും പോയിരുന്നു. ഇൻഡ്യയിൽ ഏററവുമധികം വനസമ്പത്തുള്ള സ്റേററാണ് മദ്ധ്യപ്രദേശ്. ആ സ്റേററിൽ 45 ശതമാനം വനസമ്പത്തുണ്ട്. ഇന്ന് അവിടത്തെ സ്ഥിതിയെന്താണ്? മുഴുവൻ വർക്കും ഡിപ്പാർട്ടുമെൻറലായി നടത്തിയാതൊരു ആക്ഷേപത്തിനും വിധേയമല്ലാത്ത ഒരു ഉദ്യോഗസ്ഥസമൂഹം അവിടെ ഉണ്ടായിയെന്ന് എന്നോടു അവിടെയുള്ള വകുപ്പുമന്ത്രി പറയുകയുണ്ടായി. കാരണം എന്താണ്? ഈ പ്രവർത്തനം നടത്തുന്നത് ഡിപ്പാർട്ടുമെൻറാണ്. ആ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനഫലമായി എന്തെങ്കിലും തെറേറാ കുററമോ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുകയും തിരുത്തുകയും ചെയ്യുന്നുണ്ട്. അതിന്റെ ഫലമായി ആ സ്റേററിന്റെ വരുമാനം 125 കോടിരൂപയോളം വർദ്ധിച്ചുവെന്ന് വനം വകുപ്പുമന്ത്രി പറയുകയുണ്ടായി. അതുപോലെതന്നെ മഹാരാഷ്ട്രയിലും. മഹാരാഷ്ട്രയിലും സെൻട്രൽ ബോർഡ് ഓഫ് ഫോറസ്ട്രിയുടെ തീരു

LIBRARY ARCHIVES Kerala Legislative Assembly

മാനം പ്രായോഗികമായി നടപ്പിൽ വരുത്തുന്നുണ്ട്. അവിടെ സെയിൽസ് കൂപ്പ് കൊടുക്കുന്നകാര്യത്തിലും മററ് പ്രവർത്തനത്തിലും തൊഴിലാളികളുടെ, ഗിരിവർഗ്ഗക്കാരുടെ സൊസൈററികൾ രൂപീകരിച്ച് അവരെ കൂടി സഹകരിപ്പിച്ച് വനത്തിന്റെ സമ്പത്ത് ഉപയോഗിക്കത്തക്ക നിലയിൽ മുമ്പോട്ടുവന്നിട്ടുണ്ട്. ഈ മാർഗ്ഗം ഗവൺമെന്റ് മൂന്നോ നാലോ കൊല്ലംകൊണ്ട് സ്വീകരിച്ചാൽ വനസമ്പത്ത് വളർത്തിയെടുക്കാൻ കഴിയും. വനസമ്പത്ത് വളർത്തിയെടുക്കാനാവശ്യമായ വ്യക്തമായ പരിപാടി ആവിഷ്കരിക്കണം. മറെറാരു പ്രധാനപ്പെട്ട കാര്യം വനസമ്പത്ത് ഉപയോഗിച്ച് വ്യവസായം നടത്തുന്നതിനെ സംബന്ധിച്ചാണ്. വലിയൊരു പദ്ധതി ബഹുമാനപ്പെട്ട മന്ത്രി നമ്മുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പംതന്നെ ഒരു പ്രത്യേകകാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. മലബാറിനെ കേന്ദ്രമാക്കിക്കൊണ്ട് ഒരു ടിമ്പർ കോംപ്ലക്സ് വേണമെന്ന് വളരെക്കാലമായി ആലോചിച്ചതിന്റെ ഫലമായി വേൾഡ് ബാങ്കുമായി ബന്ധം പുലർത്തിക്കൊണ്ട് അതിന്റെ പ്രവർത്തനം നടത്തുന്നുണ്ട്. എന്നാൽ ഇന്ന് ആ പ്രവർത്തനം ഫലപ്രദമല്ലെന്നാണ് എന്റെ വിശ്വാസം. അതേസമയത്ത് അതിനുപകരം നിലമ്പൂർ കേന്ദ്രമാക്കിക്കൊണ്ട് ഒരു വലിയ വ്യവസായം തുടങ്ങാനുള്ള കാര്യത്തെപ്പററി ഈ ഗവൺമെൻറ് ചിന്തിക്കണം. ഷൊർണ്ണൂർ–നിലമ്പൂർ റെയിൽവേ ബ്രിട്ടീഷുകാർ ഉണ്ടാക്കിയതാണ്. ആളുകൾ സഞ്ചരിക്കുന്നതിനെക്കാളും ചരക്കു കയററി അയയ്ക്കുന്നതിനു വേണ്ടിയാണ് ആ റെയിൽവേ പ്രധാനമായും നിർമ്മിച്ചത്. ഇന്ന് ആ റെയിൽവേ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല. ഇന്ന് ട്രെയിനിനു വേണ്ടി പ്രക്ഷോപണം കൂട്ടുന്നുണ്ട്. നമ്മുടെ സ്റേററ് ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നുണ്ടോ? ഇല്ലന്നാണ് എന്റെ വിശ്വാസം. അത് ഉപയോഗപ്പെടുത്തണമെങ്കിൽ നമ്മുടെ വനത്തിലുള്ള തടികളെ അടിസ്ഥാനപ്പെടുത്തിയുള്ള എത്രയോ വ്യവസായങ്ങൾ വളർത്തികൊണ്ടുവരാനുള്ള സാധ്യതയുണ്ട്. അത് മാത്രവുമല്ല ഏററവും നല്ല പുഴയും റെയിൽവേയും ഉപയോഗിച്ച് നിലമ്പൂര് കേന്ദ്രമാക്കിക്കൊണ്ട് ഒരു വ്യവസായം കൊണ്ടുവരണം. റെയിൽവേയുടെ കഴിവ് ഉപയോഗപ്പെടുത്തണം. ഒരുവണ്ടി രണ്ടുമൂന്ന് മേഖലകളിൽ വിറകും കൊണ്ടു പോകുന്നുണ്ട്. ഇന്ന് ട്രെയിൻ ശൂന്യമായി കിടക്കുകയാണ്. ആ റെയിൽവേ തികച്ചും ഉപയോഗപ്പെടുത്തുകയെന്നുള്ളത് സ്റേററിന്റെ ചുമതലയാണ്. ഇത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കണം. ഈരാജ്യത്തിന്റെ വ്യവസായവൽക്കരണത്തെസംബന്ധിച്ച് ഈ വകുപ്പിന് വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കാൻ കഴിയും. ആദ്യം ചൂണ്ടിക്കാണിച്ചതുപോലെ രണ്ടുലക്ഷം ക്യുബിക് മീററർ തടിയുണ്ട്. ആയിരം ക്യുബിക് മീററർ തടിയാണ് സോഫ്ററ് വുഡ് ആയിട്ട് എടുക്കുന്നത്. ആയിരം ക്യുബിക് മീററർ ഉപയോഗപ്പെടുത്തുന്നതിനെപ്പററി പല മെമ്പർമാരും വ്യത്യസ്തമായ അഭിപ്രായമാണ് പറഞ്ഞത്. നല്ലൊരുഭാഗം വ്യവസായത്തിന്റെ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നില്ല, തൊഴിൽ കൊടുക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നില്ല. ആയിരം ക്യുബിക് മീററർ തടിയിൽ പത്ത് ഇരുപതിനായിരം ക്യുബിക് മീററർ വ്യവസായ ആവശ്യത്തിന് ഈ സ്റേററ് ഉപയോഗപ്പെടുത്താതെ മററ് വ്യവസായത്തിന് വിൽക്കുന്ന ഒരു നടപടിയുണ്ട്. അത് തടയുന്നതിന് ഫലപ്രദമായ നടപടി എടുക്കണം. അതേസമയംതന്നെ സോഫ്ററ് വുഡ് വ്യവസായികൾക്ക് കൊടുത്തുകൊണ്ട് ആ വ്യവസായം നിലനിറുത്താനും വികസിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. സോഫ്ററ്വുഡ്ഡിന്റെ വില വർദ്ധിച്ചിട്ടുണ്ട്. സോഫ്ററ്

LIBRARY ARCHIVES Kerala Legislative Assembly

വുഡ്ഡിന് വില വർദ്ധിപ്പിക്കാൻപാടില്ലെന്ന അഭിപ്രായക്കാരനല്ല ഞാൻ. മൈസൂറിലേയും തമിഴ്നാട്ടിലേയും മാർക്കററുമായി മൽസരിക്കത്തക്കവിധത്തിലുള്ള ഒരു സമീപനം സോഫ്ററ് വുഡ്ഡിൻെറ വില വർദ്ധിപ്പിക്കുമ്പോൾ നമ്മുടെ സ്റേററ് ഗവൺമെൻറ് ആലോചിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഇന്നുള്ള വിലയിൽനിന്ന് കുറെ പിന്നോക്കം വരണം. അങ്ങനെ പിന്നോക്കംവന്ന് മാർക്കററിൽ മൽസരിക്കണം.

നമ്മുടെ ഇൻഡ്യാരാജ്യത്ത് മൈസൂറും തമിഴ്നാടും അടുത്തുള്ള ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയിൽ, മൈസൂറിലെ സോഫ്ററ് വുഡ്ഡിൻെറ വിലയെക്കുറിച്ച് ഞാൻ പറയുന്നില്ല, പക്ഷേ അവരുമായി മൽസരിക്കത്തക്കരീതിയിലുള്ള കുറെക്കൂടി സഹായകരമായ വില നിശ്ചയിച്ചുകൊണ്ട് നമ്മുടെ സോഫ്ററ്വുഡ് വ്യവസായത്തേയും അതിൽ ജോലിചെയ്യുന്ന തൊഴിലാളികളേയും സംരക്ഷിക്കാനുള്ള നടപടികൾ ധൈര്യമായി എടുക്കണം. അതിന് മടികാണിച്ചാൽ നമ്മുടെ രാജ്യത്തിലെ ഈ വ്യവസായത്തിന് തകർച്ചയുണ്ടാകുമെന്നു ഞാൻ പറയുകയാണ്. അതുപോലെ മരം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായങ്ങൾ കൂടുതൽ വേഗതയിൽ ഇവിടെ കൊണ്ടുവന്ന് നമ്മുടെ സ്റേററിലെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് വനം വകുപ്പിന് വളരെയേറെ പ്രധാന്യം ഉണ്ടെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്, കാരണം 5 ലക്ഷത്തോളം ക്യുബിക് മീററർ തടിയാണ് കൊല്ലത്തിൽ പുറത്തു വരുന്നത്. സോഫ്ററ്വുഡ്ഡിന് ഉപയോഗപ്പെടുത്തുന്നത് എത്രയാണ്, കേരളത്തിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് തടി ഉപയോഗിക്കുന്നതെന്നു മനസ്സിലാക്കിക്കൊണ്ട് മുഴുവൻ തടിയും സ്റേററിനകത്ത് ഉപയോഗിക്കത്തക്കവിധത്തിൽ കൂടുതൽ തൊഴിലാളികൾക്ക് ജോലി കൊടുക്കത്തക്കവിധത്തിൽ തടി മുഴുവനും സംസ്കരിച്ചെടുക്കുന്നതിനുള്ള ഒരു വ്യവസായശൃംഖല ഈ മേഖലയിൽ കൊണ്ടുവരണം. അങ്ങനെ കേരളത്തിലെ തൊഴിലില്ലായ്മ പ്രശ്നത്തിന് വനസമ്പത്ത് ഉപയോഗിച്ചുകൊണ്ട് പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതിൻെറ അടിസ്ഥാനത്തിൽ ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു, എൻെറ വാക്കുകൾ ഉപസംഹരിക്കുന്നു.

[Deputy Speaker in the Chair]

ശ്രീ. പി. ഭാസ്ക്കരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പൊതുമരാമത്തു വകുപ്പ് ഇന്നൊരു പൊതു മാരക വകുപ്പായി മാറിക്കൊണ്ടിരിക്കുകയാണെന്ന് ഞാൻ ആക്ഷേപിക്കുകയാണ്. കുറെ ഉയർന്ന എൻജിനീയർമാരേയും അതുപോലെതന്നെ കുത്തക മുതലാളിമാരേയും കൊഴുപ്പിക്കുന്നതിനുള്ള സംവിധാനമാണ് മരാമത്തുവകുപ്പിലുള്ളതെന്നു സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഈ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നുള്ള കുററാരോപണം ഞാൻ ചുമത്തുകയാണ്. അതു പറയുമ്പോൾ വടക്കൻ മേഖലയെപരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മലബാർ പ്രദേശത്തെ പ്രത്യേകിച്ച് കണ്ണൂർ ജില്ലയെ പരാമർശിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കണ്ണൂർ ജില്ലയിലെ മലയോര പ്രദേശങ്ങളിലെ റോഡുകളെല്ലാം ശോചനീയാവസ്ഥയിലാണ് കിടക്കുന്നത്. മെററൽ ചെയ്യാത്ത റോഡുകൾ കാരണം അവിടെ വാഹനങ്ങൾക്ക് സുഗമമായി സഞ്ചരിക്കാൻ സാധിക്കുന്നില്ല മലയോര പ്രദേശങ്ങളിലെ ചെറിയ കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പോകാനുള്ള ചെറിയ റോഡുകൾ പോലും ഇല്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതുകൊണ്ട് തീർച്ചയായും കണ്ണൂർ ജില്ലയിലെ മലയോര പ്രദേശങ്ങളിലും കുടിയേററ പ്രദേശങ്ങളിലും റോഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകണം, ആളുകൾക്ക് സഞ്ചരിക്കാനുള്ള സംവിധാനം ഉണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ പാലങ്ങളുടെ കാര്യം. കണ്ണൂർ ജില്ലയിലെ ഏററവും പ്രധാനമായ വളപ്പട്ടണം പാലത്തിന്റെ പണി ആരംഭിച്ചിട്ട് വർഷങ്ങളായി. മുൻപ് ഞാൻ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചപ്പോൾ അടുത്ത മാസത്തിൽ അതിന്റെ പ്രവർത്തി പൂർത്തീകരിക്കുമെന്ന് ഉറപ്പുനൽകുകയുണ്ടായി. 1977 കഴിഞ്ഞു. 1978 കഴിഞ്ഞു. 1979 ആയിട്ടും അതിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് കണ്ണൂർ ജില്ലയിലെ ഏററവും പ്രധാനപ്പെട്ട വളപ്പട്ടണം പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഉദുമ നിയോജകമണ്ഡലത്തിലെ വേങ്ങൽ പാലത്തിന്റെ പ്രവർത്തനവും മന്ദഗതിയിലാണ്. അതും ത്വരിതപ്പെടുത്തണം. കണ്ണപുരം പാലത്തിന്റെ പ്രവർത്തനവും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കെട്ടിടങ്ങളുടെ കാര്യം. കണ്ണൂർ ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ കെട്ടിടംപണി തീരെ നടക്കുന്നില്ല. അവിടത്തെ ആയുർവ്വേദ ആശുപത്രിയാണെങ്കിൽ മഴക്കാലത്ത് ചോർന്നൊലിക്കുകയാണ്. അവിടെ കാമ്പൗണ്ട് വാൾ ഇല്ല. രോഗികൾക്ക് മലമൂത്ര വിസർജ്ജനത്തിന് സൗകര്യമില്ല. ഈ കാര്യങ്ങളെല്ലാം ഒന്ന് പരിശോധിച്ച് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഈ വകുപ്പ് മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഹെൽത്തുസെൻറർ മഴക്കാലത്തുചോർന്നൊലിക്കുന്നു. സെൻററിന്റെ പുറത്ത് പല ഭാഗങ്ങളും ഇടിഞ്ഞുപൊടിഞ്ഞ് കിടക്കുകയാണ്. ഇതിന്റെ പ്രവർത്തനവും മുന്നോട്ടു കൊണ്ടുപോകണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ കൃഷ്ണമേനോൻ സ്മാരക കോളേജിന് സ്ഥലം കിട്ടിയിട്ടും ഒരു ഷെഡിലാണ് ഇന്നും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. മഹാനായ കൃഷ്ണമേനോന്റെ പേരിൽ നടത്തുന്ന ഈ കോളേജിന് ശരിയായ കെട്ടിടം ഉണ്ടാക്കാനുള്ള സംവിധാനം ഇതുവരെ ആരംഭിക്കാത്തത് ഖേദകരമാണ്. മറെറാന്ന് കഴിഞ്ഞപ്രാവശ്യവും ഞാൻ പറഞ്ഞ കാര്യമാണ്. 20 ഏക്കർ സ്ഥലമുണ്ടായിട്ടും ഒരു തൊഴിലാളികേന്ദ്രമായ കണ്ണൂരിൽ ഒരു ഇ.എസ്.ഐ. ആശുപത്രി ഉണ്ടാക്കാനുള്ള സംവിധാനം ഇതുവരെ ഉണ്ടായിട്ടില്ല എന്ന്. ബസ്സ് സ്റേറഷന്റെ നിർമ്മാണ പ്രവർത്തനവും ആരംഭിക്കേണ്ടതായിട്ടുണ്ട്. കണ്ണൂർ നിയോജകമണ്ഡലത്തിലെ പുല്ലുപ്പിക്കടവ് പാലം നിർമ്മിക്കുന്നതിന് കഴിഞ്ഞകൊല്ലം ബഡ്ജററിൽ വകയിരുത്തിയിട്ടും യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ലെന്നു സൂചിപ്പിക്കുകയാണ്. ഏഴിമലയിൽ വിദേശ സഞ്ചാരികൾക്കു വേണ്ടി ഒരു ടൂറിസ്ററ് കേന്ദ്രം ആരംഭിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ വളരെയധികം വിദേശസഞ്ചാരികളെ ആകർഷിക്കുന്ന കണ്ണൂർ കടപ്പുറത്ത് ഇപ്പോഴുള്ള ഗസ്ററ് ഹൗസ് വിപുലീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മറെറാരു പ്രധാനപ്പെട്ട കാര്യം കണ്ണൂർ മുനിസിപ്പാലിററിയിൽനിന്നുള്ള അഴുക്കുവെള്ളം വളരെക്കാലമായി ചാലോട്ട് പള്ളത്തോടുവഴി ഒഴുകിപ്പോകുകയാണ്. ദുർഗന്ധം വമിച്ചുകൊണ്ടിരിക്കുന്നു. അവിടെയുള്ള ആളുകൾക്ക് മന്തുരോഗം ബാധിച്ചിരിക്കുകയാണ്. അവിടെയുള്ള 50 ശതമാനം ആളുകൾക്കും മന്തുരോഗം ബാധിച്ചിരിക്കുകയാണെന്ന് ഔദ്യോഗികമായ കണക്കനുസരിച്ച് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിനെതിരെ കഴിഞ്ഞ ബുധനാഴ്ച അവിടത്തെ പഞ്ചായത്ത് പ്രസിഡൻറിന്റെ നേതൃത്വത്തിൽ 200 ഓളം

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ മുനിസിപ്പൽ ആഫീസിനു മുമ്പിൽ സത്യാഗ്രഹം നടത്തി. ഈ അഴുക്കുവെള്ളം വിടുന്നതിന് വേണ്ടിയുള്ള ഓട കെട്ടുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം. അതുപോലെ എലത്തൂരിൽ സ്ഥാപിക്കാൻ പോകുന്ന കോക്കനട്ട് കോംപ്ലക്സ് അവിടെനിന്നു മാററാനുള്ള ചില നീക്കങ്ങൾ നടത്തുന്നതായി അറിയുന്നു. അത് ഒരിക്കലും പാടില്ല. അതുപോലെ കരാറു പ്രവർത്തി നടത്തുന്ന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കീഴിലുള്ള ജീവനക്കാരുടെ കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ വക കാര്യങ്ങളിൽ, കണ്ണൂർ ജില്ലയുടെ വികസനത്തിന്റെ കാര്യത്തിൽ റോഡുകളുടേയും പാലങ്ങളുടേയും കെട്ടിടങ്ങളുടേയും കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ച് അതിന്റെ പ്രവർത്തികൾ വളരെവേഗം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. രാജ്യത്തിന്റെ വികസന കാര്യത്തിൽ വളരെ പ്രാധാന്യമേറിയ പൊതുമരാമത്തു വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒന്നു രണ്ടു വാക്കുകൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സർ, സംസ്ഥാനത്തെ എല്ലാ പ്രദേശക്കാരോടും നീതി പുലർത്താനുള്ള ഒരു ശ്രമം കഴിഞ്ഞ രണ്ടു കൊല്ലമായി കണ്ടുവരുന്നു എന്നതുകൊണ്ട് പൊതുമരാമത്തുവകുപ്പു മന്ത്രിയെ ഹാർദ്ദവമായി ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ 30 നീണ്ട സംവൽസര കാലത്തെ അവഗണനയുടേയും അനീതിയുടേയും ഫലമായി ഉണ്ടായ അസന്തുലിതാവസ്ഥ; ഇന്ന് തുല്യമായ വിഹിതം പങ്കുവയ്ക്കുന്നതുകൊണ്ടുമാത്രം ഈ പിന്നോക്കാവസ്ഥ പരിഹരിക്കാൻ സാധിക്കുമോ എന്ന കാര്യം വളരെ ഗൗരവത്തോടുകൂടി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്നാണ് എന്റെ പക്ഷം. കഴിഞ്ഞ കുറെക്കാലമായി ഉണ്ടായിട്ടുള്ള അവഗണനയുടെ ഫലമായി ഇന്നും പിന്നോക്കപ്രദേശങ്ങൾ പിന്നോക്കപ്രദേശങ്ങളായി നിലനിൽക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആ നില തുടരണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നില്ലെങ്കിൽ അതിന് എന്തെങ്കിലും ഒരു മാററം ഉണ്ടാകണം. എന്തെങ്കിലും പരിഹാരം ഉണ്ടാക്കണമെന്നാണ് എന്റെ പക്ഷം. മലബാർ പ്രദേശത്തെ മലപ്പുറം ജില്ലയെക്കുറിച്ചു പറയുമ്പോൾ ഇന്നും വികസിച്ചുവരുന്ന നമ്മുടെ രാജ്യത്തിൽ മററ് പല ഭാഗങ്ങളേയും അപേക്ഷിച്ച്, റോഡുകളുടെ കാര്യത്തിലായാലും കെട്ടിടങ്ങളുടേയും സ്കൂളുകളുടേയും ആശുപത്രികളുടേയും കാര്യത്തിലായാലും വളരെ പിന്നോക്കമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. പിന്നോക്കാവസ്ഥയെക്കുറിച്ചുപറയുമ്പോൾ എല്ലാവരും പിന്നോക്കാവസ്ഥയെന്ന് അവകാശപ്പെടുന്ന ഒരു പ്രത്യേക സ്ഥിതിവിശേഷമാണ് നമ്മുടെ നിയമസഭയിലുള്ളത്. പക്ഷേ ചരിത്രാതീതകാലംമുതൽ വെള്ളക്കാരന്റെ ചാട്ടവാറേററ് മദ്രാസ് സംസ്ഥാനത്തിന്റെ അവഗണനയിലുണ്ടായിരുന്ന വലിയൊരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലം ഉൾപ്പെട്ട മലപ്പുറം ജില്ല. അതിന്റെ കാരണം എല്ലാവർക്കും അറിയാം. ആ അവഗണന മാററിത്തീർത്ത് നമ്മുടെ സംസ്ഥാനത്തിൽ പൊതുവേയുണ്ടാകുന്ന പുരോഗതിയിൽ അവരെ കൂടി പങ്കുകാരാക്കണമെന്ന് ഞാൻ പറയുകയാണ്. ഈ സംസ്ഥാനത്തിലെ ഏററവും പിന്നോക്കജില്ലയായ മലപ്പുറം ജില്ലയിലെ ഏററവും പിന്നോക്കമണ്ഡലമാണ് മങ്കട നിയോജകമണ്ഡലം എന്നു പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

റോഡിന്റെ കാര്യംവരെ പരമദയനീയമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. കടൽപോലെ പരന്നുകിടക്കുന്ന നാഷണൽ ഹൈവേയെക്കുറിച്ച് ഞാൻ പറയുന്നില്ല. അതിനെ സ്വപ്നം കാണാനുള്ള ഭാഗ്യം അടുത്തകാലത്തെങ്ങും ഉണ്ടാകുകയില്ല. ഒരു സഹോദരിക്ക് പ്രസവ വേദനയുണ്ടായാൽ ആശുപത്രിയിയിൽ എത്തിക്കാനുള്ള റോഡുകളില്ല. അവിടെ ആശുപത്രികളും സ്കൂളുകളും എന്നുപറഞ്ഞാൽ നാഴികയോളം പോകണം. മരിച്ച ആളിന്റെ ശവം എടുത്തുകൊണ്ട് ശ്മശാനത്തിൽ നടന്നുപോകാനുള്ള റോഡുകളില്ല. ഈ കാര്യങ്ങളിലൊക്കെ മന്ത്രി നീതിപൂർവ്വകമായ രീതിയിൽ പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ബഹുമാനപ്പെട്ട മന്ത്രിയുടെ ആഭിമുഖ്യത്തിലുള്ള, ആരും സ്പർശിക്കപ്പെടാതെ പോയ സ്പോർട്ട്സിനെക്കുറിച്ച് ഒന്നു രണ്ട് വാക്കുകൾ പറയാൻ ഞാനാഗ്രഹിക്കുകയാണ്. സ്പോർട്ട്സ് രംഗത്ത് അഭിമാനകരമായ നേട്ടം നേടിക്കൊണ്ടുവരുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ ഈ ശക്തി നിലനിർത്തുന്നതിനാവശ്യമായ നിരന്തരമായ പരിശ്രമം നമ്മുടെ രാജ്യത്ത് ഇന്നില്ല. ഈ ശക്തി നിലനിറുത്തുന്നതിനും ശക്തിയാർജ്ജിക്കുന്നതിനും ശാസ്ത്രീയമായ ആസൂത്രണവും വ്യക്തമായ പരിപാടികളും ആവശ്യമാണ്. കളിക്കാരെ ഉയർന്ന തലത്തിൽ അന്വേഷിച്ചാൽ മതിയാകുകയില്ല. താഴത്തെ തലത്തിൽ സ്കൂൾ തലത്തിൽ കളിക്കാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകാനുള്ള വിശാലമായ പരിപാടി വേണം. അതുപോലെതന്നെ കളിക്കാരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അവർക്ക് ട്രാൻസ്ഫർ നൽകി കളിയെ കൊല്ലുന്ന ഏർപ്പാടുണ്ട്. ഇത് അവസാനിപ്പിക്കണം. ഈ നിയമസഭയിൽതന്നെ ഞാൻ മുമ്പൊരിക്കൽ പറഞ്ഞതാണ്. കളിക്കാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്നുള്ളത്. ഒന്നു രണ്ടു കൊല്ലത്തിനുമുമ്പ് ഞാൻ ഈ കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇതിനു പ്രായോഗിക വിഷമമുണ്ടെന്നു പറഞ്ഞെങ്കിലും ആലോചിക്കാമെന്നു പറഞ്ഞു. ഇന്നും കളിക്കാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനെപ്പററി ഒന്നും പറഞ്ഞുകാണുന്നില്ല. അതേയവസരത്തിൽ അവശരായ കായിക താരങ്ങൾക്ക് ചില സഹായങ്ങളും സൗകര്യങ്ങളും നൽകാനുള്ള പുതിയ പദ്ധതി ബഡ്ജററിൽ ഉണ്ടെന്നുള്ള കാര്യം ആശാവഹമായ ഒരു കാര്യമായി ഞാൻ കരുതുകയാണ്. അതിനു ഞാൻ മന്ത്രിയെ അഭിനന്ദിക്കുകയാണ്. പക്ഷേ ഈ വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കുമ്പോൾ പല സാങ്കേതികമായ കാര്യങ്ങളും പറഞ്ഞ് അർഹരായ ആളുകൾക്ക് കിട്ടേണ്ടത് തട്ടിത്തെറിപ്പിക്കുന്ന ഒരു സ്വഭാവം നമ്മുടെ ഉദ്യോഗസ്ഥ മണ്ഡലത്തിൽ ഉണ്ടെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അയ്മു മലപ്പുറം എം. എസ്. പി യിലെ ഒരു കളിക്കാരനായിരുന്നു. കളിക്കുന്ന സമയത്ത് ഒരു അപകടത്തിന് വിധേയനായി പിന്നീട് കളിക്കാൻ സാധിക്കാതെ വന്നു. മെഡിക്കൽ അൺഫിററ്നസ് കാരണം എം. എസ്. പി. യിൽ നിന്ന് അയാളെ പിരിച്ചുവിട്ടു. പിന്നെ അയ്മു ജോലിചെയ്ത് ജീവിച്ചിരുന്നു. 70 രൂപ പെൻഷൻ മാത്രമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ഈയാൾ അവശതയനുഭവിക്കുന്ന കായിക താരങ്ങൾക്കുള്ള പെൻഷന് അപേക്ഷിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ടീച്ചറാണെന്നുപറഞ്ഞ് അപേക്ഷ തള്ളുകയാണുണ്ടായത്. വയസ്സായ അമ്മയേയും, സഹോദരിയേയും കുട്ടികളേയും രക്ഷിക്കുകയാണ് അവർ ചെയ്യുന്നത്. മററൊരുവീട്ടിൽ താമസിക്കുകയാണ്. ഇങ്ങനെയുള്ള സാങ്കേതികമായ കാരണം പറഞ്ഞ് അർഹരായവർക്ക് പെൻഷൻ നിഷേധിക്കുന്ന ഒരു അവസ്ഥ ഇന്ന് നിലവിലുണ്ട്. അതേമാതിരി കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇസ്മായിൽ എന്നൊരു ആളുണ്ട്. നല്ലൊരു ചെറുപ്പക്കാരനായ അയാൾ രണ്ടുപ്രാവശ്യം സംസ്ഥാന ഫുഡ്ബാൾ ടീമിൽ കളിച്ചിട്ടുണ്ട്. കാലിന് ഒരു അപകടം പററിയതുകൊണ്ട് ഇപ്പോൾ കളിക്കാൻ സാധിക്കുന്നില്ല. കോഴിക്കോട്ട് നടന്ന സന്തോഷ് ട്രോഫി മൽസരത്തിൽ സ്റേററ് ടീമിൽ പങ്കെടുത്ത് കളിച്ചയാളാണ്. ഇപ്പോൾ അയാൾക്ക് കളിക്കാൻ സാധിക്കാത്തതിൽ വിതുമ്പിക്കരഞ്ഞത് എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുകയാണ്. അയാളുടെ ജീവിതം ഇന്ന് മെഴുകുതിരിപോലെ എരിഞ്ഞ് ഇല്ലാതാകുകയാണ്. എന്തോ സാങ്കേതിക കാരണങ്ങളാൽ അയാളുടെ അപേക്ഷയും തള്ളിയിരിക്കുകയാണ്. ഇങ്ങനെ യഥാർത്ഥത്തിൽ അവശതയനുഭവിക്കുന്ന കായികതാരങ്ങൾക്ക് പെൻഷൻ കിട്ടിയിട്ടില്ല. അതുകൊണ്ട് ഈ ഗവൺമെൻറിന്റെ നല്ലകാര്യങ്ങൾ അർഹിക്കുന്ന ആളുകൾക്ക് എത്തിക്കാനുള്ള ഒരു സംവിധാനംകൂടി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. ഈപ്പൻ വർഗ്ഗീസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇവിടെ ഏതാനും പ്രസംഗങ്ങൾ കേട്ടപ്പോൾ എന്റെ ചിത്തത്തിൽകൂടി കടന്നുപോയ ഓർമ്മ, ഒരു പൂവൻകോഴിയെ പററിയായിരുന്നു. പൂവൻകോഴി കൂട്ടിനകത്തിരുന്നു കൂവും പുരയ്ക്ക് മുകളിലും കയറി കൂവും. പുരയ്ക്ക് മുകളിൽ കയറി കൂവിക്കഴിഞ്ഞ് അതിന്റെ മാറെറാലി വന്നു കഴിഞ്ഞാൽ അവൻ ഏതോ ലോകം പിടിച്ചടക്കിയ സംതൃപ്തിയോടെ കീഴോട്ട് ഇറങ്ങിപ്പോകുന്ന കാഴ്ചയാണ് ഇവിടെ ഏതാനും പ്രസംഗങ്ങൾ കേട്ടപ്പോൾ എന്റെ മനസ്സിൽ തോന്നിയ വികാരം. ഇതു പറയാൻ കാരണമുണ്ട്. ധാരാളം മെമ്പർമാർ ഇവിടെ ഉദ്യോഗസ്ഥൻമാരുടെ മേൽ പഴിചാരുന്ന പ്രവണത കാണിക്കുകയുണ്ടായി. ഞാൻ അതിനെ എതിർക്കുകയാണ്. എന്തണെന്നു ചോദിച്ചാൽ ഈ ഉദ്യോഗസ്ഥൻമാരെ നമുക്ക് നിലയ്ക്കുനിർത്താൻ സാധിക്കുകയില്ലേ? ഉദ്യോഗസ്ഥൻമാർക്ക് ഈ രീതിയിൽ അഴിമതി നടത്താൻ എന്താണ് ധൈര്യം ഉണ്ടാകുന്നത്, ഇതിന് അവർക്ക് പ്രചോദനം നൽകുന്നത് എന്താണ് ഇതേക്കുറിച്ച് അന്വേഷിക്കണം. ഇന്ന് നമ്മുടെ സമൂഹത്തിൽ ഇത് ഒരു മാറാരോഗമായി മാറിയിരിക്കുകയാണ്. അതുകൊണ്ടാണ് പറഞ്ഞത്, ഞാൻ ഈ ഉദ്യോഗസ്ഥൻമാരെമാത്രം കുററം പറയാൻ തയ്യാറല്ലെന്ന്. സർ, ഇന്ന് ഉദ്യോഗസ്ഥൻമാരെ ഉപയോഗിച്ചുകൊണ്ട് പണപ്പിരിവു നടത്തുന്ന രാഷ്ട്രീയ പാർട്ടികൾ ഇല്ലേ? ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ചുകൊണ്ട് ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന ജനപ്രതിനിധികൾ ഇല്ലേ? കേരളം ഉണ്ടായ കാലംമുതൽ ഇവിടെ ഭരിച്ചിട്ടുള്ള ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയെ ഇതിൽനിന്ന് മാററിനിർത്താൻ സാദ്ധ്യതയുണ്ടോ? മനസ്സാക്ഷിയോടെ നെഞ്ചത്തുകൈവച്ചുകൊണ്ട് പറയണം. ഇങ്ങനെ ഉദ്യോഗസ്ഥൻമാരെ ഒന്നടങ്കം കുററം പറയുന്നതുകൊണ്ട് നമ്മുടെ നാട് നന്നാകാൻ പോകുന്നില്ല. അതിന് ഒരു മാററം വരണമെങ്കിൽ രാഷ്ട്രീയ പാർട്ടികളിലും മാററം വരണം. സ്വഭാവഗുണമുള്ളവർ എം. എൽ. എ. മാരാവണം. അഴിമതിക്കെതിരായി പ്രവർത്തിക്കുന്നവരെ അസംബ്ലിയിലേക്ക് പറഞ്ഞുവിടണം. ഈ വിധത്തിൽ മാററം വരണം. ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ അഴിമതി ഇല്ലെന്ന് ഞാൻ പറയുന്നില്ല. എല്ലാ വിഭാഗത്തിലും അഴിമതിയുണ്ട്. അതിനുമാററം വരണമെങ്കിൽ അസംബ്ലിയിൽവന്ന് ഘോരഘോരം പ്രസംഗിച്ചതുകൊണ്ട് സാധിക്കുകയില്ല. അതുകൊണ്ട് ഇത് അവസാനിക്കാൻ പോകുന്നില്ല.

പി. ഡബ്ലിയു. ഡി. യെ സംബന്ധിച്ച് വളരെ ചുരുക്കമായി ഒന്നു രണ്ടു കാര്യങ്ങൾ മാത്രം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ റോഡുകൾ താറുമാറായി കിടക്കുന്ന ഗതികേടിനെക്കുറിച്ച് കഴിഞ്ഞ അസംബ്ലിയിൽ മിക്കവാറും ആളുകൾ പ്രസംഗിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ റോഡുകൾ താറുമാറായി കിടക്കുന്ന ഒരു കാഴ്ചയുണ്ടായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ പരാധീനതകൾക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് അത്രവളരെ തിടുക്കത്തിൽ ഭംഗിയായി മുഴുവൻ പരിഹരിച്ചില്ലെങ്കിലും നല്ലൊരു വിഭാഗം റോഡുകൾ ഭംഗിയാക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതിനു വകുപ്പുമന്ത്രിയേയും ഉദ്യോഗസ്ഥൻമാരേയും അഭിനന്ദിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ കഴിഞ്ഞപ്രാവശ്യം പറഞ്ഞു, കൊച്ചിയിൽനിന്നും തിരുവനന്തപുരം വരെ കാറിൽ യാത്രചെയ്താൽ പിറേറദിവസം ആശുപത്രിയിൽ പോകേണ്ട ഗതികേട് ഉണ്ടായിരുന്നു എന്ന്. എന്നാൽ ഇന്ന് അതിൽനിന്ന് വിഭിന്നമാണെന്ന യാഥാർത്ഥ്യം അംഗീകരിക്കാതിരുന്നിട്ട് കാര്യമില്ല. മെയിൻറനൻസിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞപ്രാവശ്യം ഞാൻ പറയുകയുണ്ടായി. ഒരു പെർമനൻറ് മെയിൻറനൻസ് വിഭാഗം ഉണ്ടാക്കണം; എങ്കിൽ മാത്രമേ ഈ റോഡുകൾ ഭംഗിയായി മെയിൻറനൻസ് ചെയ്യാൻ കഴിയൂ. നമുക്ക് ഏതാണ്ട് മെയിൻറനൻസിന് 12 കോടി രൂപ അനുവദിച്ചിട്ടുള്ളപ്പോൾ അതിൻെറ ഇരട്ടി ചെലവുചെയ്താൽപോലും മെയിൻറനൻസ് നടത്താൻ സാദ്ധ്യമല്ലാത്ത സാഹചര്യം ഇന്നുണ്ട്. തീർച്ചയായും നമ്മുടെ വകുപ്പുമന്ത്രിക്ക് എല്ലാപേർക്കും തുല്യമായ പരിഗണന കൊടുക്കാൻ ഒക്കുകയില്ലെന്നുള്ളത് സ്വാഭാവികമാണ്. അതുപോലെതന്നെ ഇന്ന് മെയിൻറനൻസ് ഉദ്യോഗസ്ഥൻമാരെ കള്ളൻമാരാക്കുന്നതിനുള്ള ഒരു മാർഗ്ഗം നമ്മൾതന്നെ ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. ഒരു ജോലിക്കാരനെ വേലയ്ക്കുവിളിച്ചാൽ 10 രൂപ കൂലി കൊടുക്കാനാണ് പ്രൊവിഷൻ. ഇന്ന് എല്ലാ ഡിവിഷനുകളിലും മെയിൻറനൻസിനു അൽപസ്വൽപം മാർഗ്ഗങ്ങളുണ്ടാക്കിയിട്ടുണ്ട്. ഒരാൾക്ക് 15 മുതൽ 20 രൂപ വരെകൂലികൊടുക്കണം. ഉദ്യോഗസ്ഥൻമാർ രണ്ടുപേരെ വേലയ്ക്ക് നിറുത്തിയാൽ മൂന്നുപേർ രജിസ്ററിൽ എൻറർ ചെയ്യണം. എങ്കിൽ മാത്രമേ രണ്ടാൾക്ക് കൂലികൊടുക്കുവാൻ കഴിയൂ. മൂന്നുപേരുടെ പേര് രജിസ്ററിൽ എഴുതിയാൽ പേരെ ഉദ്യോഗസ്ഥൻമാർ വരുന്നോ ഇല്ലയോ എന്ന് നോക്കണം. അപ്പോൾ രജിസ്ററർ എങ്ങനെ മെയിൻറയിൻ ചെയ്യുന്നു എന്നുള്ളതിനെപ്പററി ഞാൻ പറയാതെ വകുപ്പുമന്ത്രിക്കു തന്നെ അറിയാം. നമ്മൾ എങ്ങനെയാണ് ഉദ്യോഗസ്ഥൻമാർക്കെതിരായി പറയുന്നത്? നമ്മൾതന്നെ അഴിമതിക്ക് അവസരമുണ്ടാക്കുന്നു. രണ്ടുപേരെവച്ച് മൂന്നുപേർ രജിസ്ററിൽ എൻറർ ചെയ്യിക്കുന്ന സമ്പ്രദായത്തിനു മാററം ഉണ്ടാകണം. സർ, നമ്മുടെ പാലങ്ങൾ, റോഡുകൾ, അപ്രോച്ച് റോഡുകൾ എല്ലാം ചെയ്യുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം. ഞാനിതു സൂചിപ്പിക്കുവാൻ കാരണമുണ്ട്. തിരുവല്ലയിൽനിന്നും എടത്വായിലേക്ക് യാത്രചെയ്യുമ്പോൾ രണ്ട് പാലങ്ങളുടെ പണി തീർന്നുകിടക്കുകയാണ്. ടാർ വർക്കു ചെയ്തിട്ടില്ല. മെററലിംഗ് തീർന്നു. നമ്മുടെ റോഡ് വർക്കിൻെറ ഒരു ഫണ്ടമെൻറൽ പ്രിൻസിപ്പൽ എന്നു പറയുന്നത് മെററലിംഗ് കഴിഞ്ഞാൽ ആ റോഡ് ഗതാഗതത്തിന് തുറന്നുകൊടുക്കണമെന്നുള്ളതാണ്. ഒരു സീസൺ കഴിഞ്ഞു മാത്രമേ അവിടെ ടാർ വർക്ക് ചെയ്യാവൂ. അവിടെ സിങ്കേജോ മറെറന്തെങ്കിലുമോ ഉണ്ടാകുകയാണെങ്കിൽ അതുണ്ടാകാൻ കുറെ സമയം കൊടുക്കണം. അതിനുശേഷം മെററൽ റീഫാം ചെയ്ത് ടാർ ചെയ്തെങ്കിൽ മാത്രമേ റോഡ് സ്ഥിരമായി നിൽക്കുകയുള്ളൂ. പക്ഷേ ടാർ കൂടി ചെയ്ത് ഓപ്പൺ ചെയ്ത് കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽനിന്നും മാറാൻ സൗകര്യം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കരുത്. മെററലിംഗ് തീർന്നാൽ അപ്പോഠംതന്നെ റോഡ് തുറന്നു കൊടുക്കാനുള്ള സൗകര്യമുണ്ടാക്കണം. പ്രത്യേകിച്ചും എടത്വാ പള്ളിയിൽ വലിയ പെരുന്നാള് വരികയാണ്. സെൻറ് ജോർജസ് പള്ളിയിലെ പെരുന്നാഠം വരികയാണ്. അതിൽ ലക്ഷക്കണക്കിനാളുകഠംക്ക് പങ്കെടുക്കാനുണ്ട് അതിനുമുമ്പായി സമീപ കാലത്തുതന്നെ ബഹുമാനപ്പെട്ട മന്ത്രി ആ പാലങ്ങഠം രണ്ടും തുറന്നുകൊടുത്ത് അതിനുള്ള സൗകര്യമുണ്ടാക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഞാൻ ഇത് പറയുമ്പോഠം നമ്മഠം പറയുന്ന കാര്യങ്ങഠം സമയത്തിനു ചെയ്യുക എന്ന രീതികൂടിവേണം. അതെന്താണെന്നുചോദിച്ചാൽ കഴിഞ്ഞ ഡിസംബർ മാസം 28-ാംതീയതി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കാണുമ്പോഠം—പല പ്രാവശ്യം ഇവിടെ പറഞ്ഞിട്ടുള്ളതാണ് കുമ്പളങ്ങി-പെരുമ്പടപ്പ് പാലത്തെ സംബന്ധിച്ച്—എന്നോടു പറഞ്ഞു ഒരു ന്യൂ ഇയർ ഗിഫ്ററ് എന്നനിലയിൽ ഈ പാലങ്ങഠം തരുന്നതിനുവേണ്ടി ഏർപ്പാടുകഠം ചെയ്തുകൊണ്ടിരിക്കുകയാണെന്ന്. അതിനുവേണ്ടി ഒരു വലിയ സമരം നടത്താൻ പള്ളുരുത്തി പ്രദേശത്തിലെ ആളുകഠം തയ്യാറായപ്പോഠം തൊഴിൽ വകുപ്പുമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും ഇരുന്ന ഒരു സദസ്സിൽവച്ച് ബഹുമാനപ്പെട്ട പി. ഡബ്ലിയൂ. ഡി. മന്ത്രി പറഞ്ഞു ആ ന്യൂ ഇയർ ഗിഫ്ററ് ഞാൻ ആ പ്രദേശത്തെ ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയുണ്ടായി എന്ന്. പക്ഷേ ഇത്രയും കാലമായിട്ടും അതിൻെറ പണി തുടങ്ങാൻ സാധിച്ചിട്ടില്ല. എനിക്കു വിശ്വാസമുണ്ട്, അതു ചെയ്യുമെന്ന്. അത് എന്നേക്ക് തുടങ്ങുമെന്ന് ഒരുറപ്പ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ഇടുക്കി പി ഡബ്ലിയു. ഡി. ഡിവിഷനെ സംബന്ധിച്ചാണ് പ്രധാനമായും എനിക്ക് പറയാനുള്ളത്. ഇടുക്കി ജില്ലയിൽ ഒരു പി.ഡബ്ലിയു. ഡി. ഡിവിഷൻ ഇല്ലെന്നുള്ളത് ഒരു കുറവാണ്. അത് പരിഹരിക്കേണ്ടതാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

സർ, കൃഷിയെ സംബന്ധിച്ചിടത്തോളം രണ്ടു വാക്കു മാത്രം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ നെൽക്കൃഷിക്കാർ കൃഷിചെയ്ത് കൃഷിചെയ്ത് ഇന്ന് ദരിദ്രനാരായണൻമാരായി മാറിക്കഴിഞ്ഞു. ആരു വിചാരിച്ചാലും അവരെ ഉയർത്താൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. 120 രൂപ താങ്ങുവിലകൊടുക്കുന്നുണ്ട്. പക്ഷേ ഒരേക്കറിൽനിന്നും 2 ക്വിൻറൽ നെല്ലാണ് എടുക്കുന്നത്. അതുകൊണ്ട് ഒരു പ്രയോജനവുമില്ല. പുരോഗമനത്തിനുവേണ്ടി വേണമെങ്കിൽ പറയാമെന്ന് ഞാൻ അംഗീകരിക്കുകയാണ് ഏററവും കുറഞ്ഞത് ഒരു 10 ക്വിൻറൽ നെല്ലെങ്കിലും എടുക്കത്തക്ക സംവിധാനം ഇല്ലെങ്കിൽ നെൽക്കൃഷിക്കാർക്ക് സഹായം ചെയ്യുന്നു എന്ന് നമുക്കഭിമാനിക്കുവാൻ വകയില്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. ഒരു കാലത്ത് നമ്മുടെ നാട്ടിൽ ജാതി എല്ലാ ആഠംക്കാരും ഒരുപോലെ കൃഷിചെയ്തിരുന്നു. ഇന്ന് ജാതികൃഷിക്കാർ നശിച്ചുകഴിഞ്ഞിരിക്കുന്നു. ജാതിക്കായ്ക്ക് വിലയില്ല. ഇന്ന് കൊക്കോ കൃഷിയിലേക്ക് മാറിയിരിക്കുകയാണ്. മൂന്നു സെൻറ് ഭൂമിയുള്ളവർ മുതൽ ലക്ഷോപലക്ഷം ജനങ്ങഠം കൊക്കോ കൃഷി നടത്തിക്കൊണ്ടിരിക്കുകയാണ്. മൂന്നു സെൻറ് ഭൂമിയുള്ള കുടികിടപ്പുകാർ വരെ കൊക്കോ കൃഷി ചെയ്തിരിക്കുകയാണ്. മുൻ മന്ത്രി ഒരു സംസ്കരണ യൂണിററ് ഉണ്ടാക്കുന്ന കാര്യം സംസാരിച്ചിരുന്നു. പക്ഷേ കുറച്ചുനാളായിട്ട് അതിനെപ്പററി കേഠംക്കുന്നില്ല. തീർച്ചയായും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധ പതിപ്പിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. കൊക്കോ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കാരെ അനാഥമാക്കുന്ന നിലയിലേക്ക് പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകരുത്. നമുക്ക് രണ്ട് കൂട്ടുകൃഷി ഫാമുകളാണ് ഉള്ളത്. അടുത്ത ദിവസം ബഹുമാനപ്പെട്ട മന്ത്രി അതു പരാജയമാണെന്ന് സമ്മതിക്കുകയുണ്ടായി; ചോദ്യോത്തര വേളയിൽ. ഫാമിലെ അംഗങ്ങൾ നടത്തിയ സമരത്തിന് രണ്ടു മാസത്തിനകം ഒരു പരിഹാരം ഉണ്ടാക്കുമെന്ന് ഉറപ്പു കൊടുത്തിരുന്നു. ജോലിത്തിരക്കുമൂലമായിരിക്കാം, മനഃപൂർവ്വമാണെന്ന് ഞാൻ പറയുന്നില്ല, നാലു മാസം കഴിഞ്ഞിട്ടും ഒരു തീരുമാനമായിട്ടില്ല. അതിന് ഉടനടി തീരുമാനമുണ്ടാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

സർ, വനത്തെ സംബന്ധിച്ചിടത്തോളം അൽപം പറയാനുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 23 പ്ലൈവുഡ് ഫാക്ടറികളുണ്ട്. അതോടൊപ്പം തന്നെ നിരവധി സാമില്ലുകളുമുണ്ട്. അവയ്ക്കെല്ലാം വനത്തിൽനിന്നും മരം കപ്പാട്ടം അനുവദിക്കുന്നുണ്ട്. ആ പഴയകാലത്തെ സംവിധാനം ഇന്നും നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനകത്ത് ഒരു അപാകതയുണ്ട്. ഞാൻ ഉദ്യോഗസ്ഥൻമാരെയോ മന്ത്രിയേയോ കുററപ്പെടുത്താൻ പറയുന്നതല്ല. പക്ഷേ സംഭവം ഇതാണ്. അതിന് മാററമുണ്ടാകണം. ഏതാണ്ട് 6 യൂണിററുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അടുത്തകാലത്ത് ഒരാളുമായി സംസാരിച്ചപ്പോൾ പറഞ്ഞു, നിങ്ങൾ ഈ വനം വകുപ്പിൽനിന്നും കൊടുക്കുന്ന മരം എന്നെ ഏൽപ്പിക്കാമെങ്കിൽ ഞാൻ ഈ ഫാക്ടറികളിലുള്ള എല്ലാ തൊഴിലാളികൾക്കും ഗവൺമെൻറ് പറയുന്ന ശമ്പളം കൊടുക്കാം, 30 ശതമാനം ബോണസ് കൊടുക്കാം, ഗവൺമെൻറുടമയിലുള്ള ഫാക്ടറികൾക്ക് വാടക കൊടുക്കാം, 30 കോടി രൂപയുടെ ആദായം ഗവൺമെൻറിനുകൊടുക്കാം എന്ന്. തൊഴിലാളികൾക്ക് തൊഴിലുണ്ടാക്കാൻ ധാരാളം ആനുകൂല്യങ്ങൾ നാം ചെയ്യുന്നുണ്ട്. 60,000 ക്യുബിക് മീററർ മരമാണ് ഈ ഫാക്ടറികൾക്ക് കൊടുക്കുന്നത്. അതിൻെറ വിലയെന്താണെന്നറിയാമോ? 50 രൂപ മുതൽ 150 രൂപ വരെയാണ് വില ഈടാക്കുന്നത്. അവയിൽ പ്രധാനമായിട്ടുള്ളത് വെള്ള പൈൻ, പാലി, പുന്നത്ത, വെള്ളകിൽ മുതലായ മരങ്ങളാണ്. വെള്ളകിലിന് ഏതാണ്ട് 1200 രൂപ മാർക്കററിൽ വിലയുണ്ട്. പക്ഷേ നാം 150 രൂപയ്ക്കാണ് കൊടുക്കുന്നത്. ഈ മരം മുഴുവൻ എടുത്ത് അവർ ബ്ലാക്കിൽ വിൽക്കുന്നു. അതുകാരണം തൊഴിലാളികൾക്ക് തൊഴിൽ കിട്ടുന്നില്ല. ഈ ഇനത്തിൽ 9 കോടി രൂപ നമുക്കു കിട്ടുമ്പോൾ 60 കോടി രൂപ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഞാനിതു പറയുമ്പോൾ ഒരു കാര്യം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. ഈ ആൾക്കാർക്കെല്ലാം വനത്തിൽ കയറി മരംവെട്ടാൻ സൗകര്യം കൊടുത്തിരിക്കുകയാണ്. അതു തെററാണ്. ഉദ്യോഗസ്ഥൻമാരെ കുററം പറഞ്ഞിട്ട് കാര്യമുണ്ടോ? അടിസ്ഥാനപരമായി തെററാണ്. അതിൽ മാററം വരുത്തണം. മററ് ഏജൻസിയെകൊണ്ട് മരം വെട്ടിയിട്ട് ഡിപ്പോയിൽനിന്നല്ലാതെ ഫാക്ടറി ഉടമകൾക്ക് മരം കൊടുക്കാൻ പാടില്ല. ഇന്ന് ഇഷ്ടംപോലെ വെട്ടിയെടുക്കുകയാണ്, ഇഷ്ടംപോലെ കൊണ്ടുപോകുകയാണ്. വലിയ മരത്തിൻെറ ഒരു കഷണം എടുത്തിട്ട് ബാക്കി മുഴുവൻ തലപ്പായി കൊണ്ടുപോകുകയാണ്. അതിന് 25 രൂപയാണ് വില. ഭീമമായ നഷ്ടം ഉണ്ടാകുന്നുണ്ട്, ഞാൻ പറയുന്നത് ആററിൽ കളഞ്ഞാലും അളന്നുകളയണം എന്നാണ്. ഫാക്ടറി ഉടമകൾക്ക് ഡിപ്പോയിൽനിന്ന് മരം കൊടുക്കണം. എന്നിട്ട് എത്ര കോടി രൂപ വേണമെങ്കിലും സബ്സിഡി കൊടുക്കാം. അതൊന്നുമില്ലാതെ ഈ രീതിയിലുള്ള സംവിധാനം മുന്നോട്ടു കൊണ്ടുപോകാൻ വേണ്ടി ഈ ഗവൺമെൻറ് തയ്യാറാകരുതെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. വി. മൂസ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എതിർക്കുമ്പോൾ പൊതുമരാമത്തു മന്ത്രിയെ ആക്ഷേപിക്കുന്നതിനു പകരം അഭിനന്ദിക്കു
[1 P.M.] കയും ചെയ്യുന്നു. റോഡുകൾ എം. എൽ. എ. മാർക്ക് അനുവദിച്ചു കൊടുക്കുന്നതിൽ ശ്രീമാൻ ആര്യാടൻ മുഹമ്മദിനെപ്പോലുള്ളവർക്കു പരിഭവം കാണും. മററു മന്ത്രിമാരൊക്കെ ഭരണകക്ഷികൾക്കു പങ്കിട്ടുകൊടുക്കുമ്പോൾ പൊതുമരാമത്തു വകുപ്പുമന്ത്രി പ്രതിപക്ഷഭാഗത്തുള്ളവർക്കും സീസർക്കുള്ളത് സീസർക്ക് എന്നതുപോലെ അനുവദിച്ചുകൊടുക്കണം. ആ നിലയിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്.

സർ, കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ വളപട്ടണം പുഴയിൽ ഉള്ള പാലത്തിൻെറ പണി വേഗം പൂർത്തിയാക്കണം. ഈ പാലത്തിൻെറ പണി പൂർത്തിയാകാത്തതുകാരണം കണ്ണൂർ ജില്ലയിലെ ആളുകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മന്ത്രിക്കുതന്നെ മനസിലാക്കാൻ കഴിഞ്ഞിട്ടുള്ളതാണ്. വളരെയധികം സമയ നഷ്ടം ഉണ്ടാകുന്നു. അതുകൊണ്ട് ഇത് എളുപ്പം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

അതുപോലെതന്നെ കോഴിക്കോട്-വയനാട് റോഡ് വളരെ സൗകര്യപ്രദമായി വികസിപ്പിച്ചെടുത്തിട്ടുണ്ടെങ്കിലും കണ്ണൂർ-വയനാടു റൂട്ട് അവിടത്തെ റോഡ് ബ്രിട്ടീഷുകാർ നിർമ്മിച്ച രീതിയിൽ വളവും തിരിവും ഒക്കെയായി ഇപ്പോഴും കിടക്കുകയാണ്. ഈ റോഡിലെ വളവുകളും തിരിവുകളും നിവർത്തി കോഴിക്കോടു—വയനാടു റോഡുപോലെ വിസ്താരമുള്ളതാക്കി തീർക്കാൻ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പൊതുമരാമത്തുവകുപ്പ് ഏറെറടുത്തിട്ടുള്ള സ്കൂൾ കെട്ടിടങ്ങളുടെയും അതുപോലുള്ള കെട്ടിടങ്ങളുടെയും പണികൾ ഇന്ന് സ്തംഭനത്തിലാണ്. അതിനുള്ള പ്രധാന കാരണം ഇപ്പോഴത്തെ നിരക്കനുസരിച്ച് റാ മെററീരിയൽസ് കിട്ടുന്നില്ലെന്നുള്ളതാണ്. മററു ജില്ലകളെ അപേക്ഷിച്ച് ഇവിടെ കൂലി കൂടുതലാണ്. കല്ലിൻെറയും മരത്തിൻെറയും കുമ്മായത്തിൻെറയും ഒക്കെ വില കൂടുതലാണ്. മരാമത്തു വകുപ്പിനെ സംബന്ധിച്ചിടത്തോളം 1978-ൽ റേററു റിവൈസ് ചെയ്തിട്ടുണ്ടെങ്കിലും അതിനെക്കാൾ വില വർദ്ധിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ബിൽഡിംഗുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ശരിക്കു നടക്കുന്നില്ല. അതുകൊണ്ട് ഈ റേററു വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, വനംവകുപ്പിനെസംബന്ധിച്ചും ചിലകാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുകയാണ്. തെങ്ങുള്ള നാട്ടിൽകൂടി തേങ്ങ കൊണ്ടുപോകാൻ പാടില്ലെന്നു പറയുന്നതുപോലെ വനപ്രദേശങ്ങളിൽകൂടി വിറകു കൊണ്ടുപോകാൻ പററാത്ത സ്ഥിതി ഉണ്ട്. ആവശ്യത്തിന് വിറകു കിട്ടാനില്ല. വിദ്യുച്ഛക്തി ധാരാളം ലഭിക്കുന്നുണ്ടെങ്കിലും വെളിച്ചത്തിനു വിദ്യുച്ഛക്തി ലഭിക്കുന്നില്ല എന്നു പറയുന്നതുപോലെ അന്യ സംസ്ഥാനങ്ങളിലേക്ക് വിറകു കയററിക്കൊണ്ടുപോകുമ്പോൾ ഇവിടെ തീ കത്തിക്കാൻ വിറക് കിട്ടുന്നില്ല. വന പ്രദേശത്തുള്ള ആളുകൾ വളരെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഹരിജനങ്ങളും ആദിവാസികളും വിറകു ശേഖരിച്ചു വിൽപ്പനയ്ക്കു കൊണ്ടുവരുന്നുണ്ടെങ്കിലും കർശനമായ നടപടികൾ കാരണം, ഫോറസ്ററുദ്യോഗസ്ഥൻമാരുടെ ഭീഷണികാരണം ചില്ലറ ആവശ്യത്തിനുപോലും വിറകു കിട്ടാനില്ല. കാളവണ്ടിയിലും കൈവണ്ടിയിലും

LIBRARY ARCHIVES Kerala Legislative Assembly

ഒക്കെ കൊണ്ടുവരുന്ന വിറക് ഫോറസ്ററ് അധികൃതർ പിടിച്ച് കേസാക്കുന്നതുകൊണ്ട് തീരെ വിറകുകിട്ടാനില്ല. കൺട്രാക്ടർമാർ വിറകു ശേഖരിച്ച് മററു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളായ മദ്രാസിലും മൈസൂറിലും കേരളത്തെക്കാരം വില കിട്ടുന്നുണ്ട്. അതുകൊണ്ട് കോൺട്രാക്ടർമാർ അവിടെയ്ക്കു കൊണ്ടു പോകുന്നു. കേരളത്തിൽ ആഭ്യന്തരാവശ്യത്തിനുള്ള വിറകും കിട്ടുന്നില്ല. അതുകൊണ്ട് ഇവിടത്തെ ആഭ്യന്തരാവശ്യത്തിനുള്ള വിറകു ലഭ്യമാകാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കാൻ വനം വകുപ്പുതന്നെ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, വളരെ പ്രധാനപ്പെട്ട മൂന്നു വകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥനകരം അവതരിപ്പിച്ചിരിക്കുകയാണ്. പൊതുമരാമത്ത്, കൃഷി, വനം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ എല്ലാത്തുറകളിലുമുള്ള ആളുകളുമായി ബന്ധപ്പെടുന്ന വകുപ്പുകളാണ് ഇത്. വളരെ തലനാരിഴ കീറി പരിശോധിച്ചാൽ വിമർശനബുദ്ധി മാത്രം ഹൃദയത്തിന്റെ അടിത്തട്ടിൽ വച്ചു കൊണ്ടു പരിശോധിച്ചാൽ വേണ്ടത്ര വിമർശനം നടത്താനുള്ള സ്ഥിതിഗതികളും ഉണ്ട്, പക്ഷെ വിശാലമായ ചിന്തയുടെ അടിസ്ഥാനത്തിൽ നമ്മുടെ ഈ വകുപ്പുകളെ ഒന്നു പരിശോധിക്കുമ്പോരം വളരെ നിഷ്പക്ഷമായി ഈ വകുപ്പുകളെ സംബന്ധിച്ചിടത്തോളം ഇത് സുവർണ്ണകാലഘട്ടമാണ് എന്നു പറയാൻ സാധിക്കും. പൊതുമരാമത്തുവകുപ്പിനെ ഒന്നു സ്പർശിച്ച് കൃഷിയിലൂടെ അവസാനം കാടുകയററം നടത്തുന്നതായിരിക്കുംനല്ലത്.

നമ്മുടെ പൊതുമരാമത്തു വകുപ്പുമന്ത്രിയെ മുക്തകണ്ഠം പ്രശംസിക്കുകയാണ് പ്രതിപക്ഷത്തുള്ളവർകൂടി ചെയ്തത്. ഏതായാലും അദ്ദേഹത്തിന്റെ കൈവശമുള്ള കാന്തപ്പൊടി കുറെക്കാലംകൂടി സൂക്ഷിക്കാൻ അദ്ദേഹത്തിനു സാധിക്കട്ടെ എന്നാണ് എനിക്ക് അദ്ദേഹത്തോടു പറയാനുള്ളത്. ഒരുകാര്യം മാത്രം ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി ശ്രദ്ധിച്ചാൽ കൊള്ളാമെന്ന് എനിക്ക് അഭിപ്രായമുണ്ട്. അദ്ദേഹത്തിന്റെ കയ്യിൽ ഏൽപ്പിച്ചിട്ടുള്ള ഉറുപ്പിക വളരെ പരിമിതമാണ്. വളരെയധികം അംഗങ്ങളുള്ള ഒരു കുടുംബത്തിലെ തറവാട്ടു കാരണവരെപ്പോലെ മാത്രമേ അദ്ദേഹത്തിന് ഇതു ചെലവാക്കാൻ സാധിക്കുകയുള്ളു. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി അതാണ്. കേന്ദ്രത്തിൽ ചരൺസിംഗ് അവതരിപ്പിച്ച ബഡ്ജററിൽ നിർലോഭമായി സംസ്ഥാനങ്ങളുടെ വികസനകാര്യങ്ങരംക്ക് കൈഅയച്ചുകൊടുക്കാമെന്ന് ഏററിട്ടുണ്ട്. നമുക്ക് എത്രമാത്രം അതു സംഭരിക്കാൻ കഴിയുമെന്നുള്ളത് അദ്ദേഹം ഒന്നു ആത്മാർത്ഥമായി പരിശോധിക്കണമെന്ന ഒരു വിനീതമായ അപേക്ഷ മാത്രമേ ഉള്ളു.

നമ്മുടെ കാർഷിക വകുപ്പു വലിയ വിമർശനങ്ങരംക്കൊന്നും വിധേയമായില്ല. ഈ തവണത്തെ കേന്ദ്ര ബഡ്ജററ് ഗർഭസ്ഥിതിയിൽ ഇരിക്കുമ്പോരംതന്നെ എല്ലാത്തിനും ഉപരിയായി കൃഷിക്കാരന് ആനുകൂല്യങ്ങരം കൊടുക്കാൻവേണ്ട സംഖ്യ വകയിരുത്തിയിട്ടുണ്ടെന്ന സൂചനയുണ്ടായിരുന്നു. പക്ഷെ, നമ്മുടെ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ചരൺസിംഗ് ഒരു ഭാരതപര്യടനം നടത്താത്തതുകൊണ്ട് അദ്ദേഹത്തിന് തെക്കേ ഇൻഡ്യയെ ക്കുറിച്ച് വലിയ ബോദ്ധ്യമില്ലെന്ന് സംശയിക്കുന്നതിൽ തെററുണ്ടായിരിക്കും എന്ന് എനിക്കു തോന്നുന്നില്ല. കേരളത്തിലെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കാരൻ, അനാഥനാണ്, വിഷമം ഉള്ളവനാണ് എന്നുള്ള സൂചന എനിക്ക് അംഗീകരിക്കാൻ പ്രയാസമാണ്, ഇവിടത്തെ കാർഷികമേഖലയിലുള്ള ചെറുകിട കൃഷിക്കാരൻ തൊട്ട് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭൂമി അറിഞ്ഞും അറിയാതെയും കൈവശം വച്ചിട്ടുള്ള ഭൂ ഉടമസ്ഥൻമാർവരെ അത്ര വലിയ സാമ്പത്തികമായ അധഃപ്പതനത്തിൽ നിൽക്കുന്നു എന്നു സമ്മതിക്കാൻ പ്രയാസമാണ്. നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ രണ്ടുമൂന്നു വർഷമായി കുറച്ചു വിഷമമുണ്ട്. കഴിഞ്ഞ നാലഞ്ചു വർഷങ്ങൾക്കുമുമ്പ് ഇവരെ സംബന്ധിച്ചിടത്തോളം വിഷമം ഉണ്ടായിരുന്നു എന്നുള്ളത് സമ്മതിക്കാൻ പാലക്കാട്ടും മററു പ്രദേശങ്ങളിലുമൊക്കെ ജീവിച്ച എനിക്ക് പ്രയാസമുണ്ട്. 25 ഹെക്ടർ സ്ഥലത്തു കൃഷി ചെയ്യേണ്ട ഈ സംസ്ഥാനത്തിൽ പത്തുശതമാനം കൃഷിയിടങ്ങളിൽ മാത്രമേ ജലസേചന സൗകര്യമുള്ളു. കൃഷിയും ജലസേചനവും വിദ്യുച്ഛക്തിയുമെല്ലാം ഒരു അമ്മ പെററ മക്കളെപ്പോലെയാണ്.

ഈ കേരളസംസ്ഥാനം ഭക്ഷ്യകാര്യത്തിൽ, പ്രത്യേകിച്ച് അരിയുല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമാകുമെന്നു കഴിഞ്ഞ മുപ്പതു വർഷക്കാലമായി പറയുന്നു. എന്തോ ധാരണപ്പിശകുകൊണ്ടു പറഞ്ഞതാണെന്നാണ് ഞാൻ വിചാരിക്കുന്നത്. നൂറു വർഷംകഴിഞ്ഞാലും കേരളം നെല്ലുല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമാകുകയില്ല. അതിനു ശ്രമിക്കുന്നതും തെററാണ്. ദീർഘകാലമായി നാം അൻപതു ശതമാനത്തോളം അരി ഇറക്കുമതിചെയ്യുകയാണ്. എന്തിനാണ് ഇറക്കുമതി ചെയ്യാൻ മടിക്കുന്നത്? മററു സംസ്ഥാനങ്ങളിൽ അരി ധാരാളം ഉൽപ്പാദിപ്പിക്കുന്നുണ്ട്. അവിടെ ഉൽപ്പാദിപ്പിക്കുന്നതിന് ഇവിടത്തെപ്പോലെ ചെലവുവരികയില്ല. അദ്ധ്വാനിക്കുന്ന ആളുകൾക്ക് ന്യായമായവിലയ്ക്ക് അരികിട്ടാനുള്ള സൗകര്യമുള്ളപ്പോൾ 9 ശതമാനം ഫോറിൻ എക്സ്ചേഞ്ച് നേടിത്തരുന്ന കാഷ് ക്രോപ്സിന്റെ രംഗത്തേക്ക് നാം വളരെ ധൃതിയോടു കൂടി കടന്നു ചെല്ലണമെന്നാണെന്റെ അഭിപ്രായം. കാപ്പിയും ചായയും റബ്ബറും മാത്രമല്ല കാഷ്ക്രോപ്സായി ഞാനുദ്ദേശിക്കുന്നത്. നാളികേരവും അതിന്റെ കൂട്ടത്തിൽപ്പെടുത്താം. ഇൻഡ്യാ രാജ്യത്തുൽപ്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ 78 ശതമാനവും ഇവിടെയാണുള്ളത്. കൂട്ടത്തിൽ ഒരുകാര്യം വ്യവസായവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. ഇവിടെ ചകിരി ഇറക്കുമതിചെയ്യുന്നതു ബുദ്ധിപരമായിരിക്കുകയില്ല. ഇവിടെയുള്ള തേങ്ങയുടെ ചകിരി മുഴുവൻ ഇവിടെ ഉപയോഗിക്കാൻ സാധിച്ചാൽ നമുക്കതിനു സിലോണിലേക്കു പോകേണ്ടയാവശ്യമുണ്ടാകുമെന്നു തോന്നുന്നില്ല. ഇവിടത്തെ ചകിരിമുഴുവൻ സംഭരിക്കാനും ഉപയോഗിക്കാനും നമുക്കുകഴിയുന്നില്ലെന്നുള്ളതാണു വാസ്തവം. ഓരോ പ്രശ്നത്തിലേക്കു വഴുതിവീണിട്ട് അവസാനം അപകടത്തിലേക്കുനീങ്ങുന്ന അപകടം നേരത്തേകാണുന്നതു നല്ലതാണ്. കാഷ്ക്രോപ്സിന്റെ കാര്യത്തിൽ എന്തിനാണു മടികാണിക്കുന്ന്? ജാതി കൃഷിചെയ്തിട്ട് ഇപ്പോൾ ജാതിക്കു വിലയില്ലെന്നും ഇനി കൊക്കോയ്ക്കു വില കിട്ടുകയില്ലെന്നുമൊക്കെ ഇവിടെ ചിലർ പ്രസംഗിച്ചു. ഒരു കിലോ കൊക്കോയ്ക്ക് 40 രൂപ വിലയുണ്ട്. പിന്നെ എത്രരൂപ വില കിട്ടണമെന്നാണു പറയുന്നത്? ഇപ്പോൾ കിട്ടുന്ന വിലയുടെ അൻപതുശതമാനം കിട്ടിയാലും അതു ന്യായമായ വിലയാണെന്ന് ഇവിടത്തെ കാർഷിക രംഗത്തു പ്രവർത്തിക്കുന്നവർ അംഗീകരിക്കും. കഴിഞ്ഞകൊല്ലം ഈ സംസ്ഥാനത്ത് 25 ലക്ഷം കൊക്കൊത്തൈകൾ വിതരണം ചെയ്തു. ഈ വർഷം 30 ലക്ഷം തൈകൾ വിതരണം ചെയ്യുമെന്നു കൃഷിഡിപ്പാർട്ടുമെന്റ് പ്രസ്താവിച്ചിരിക്കുന്നു. അഞ്ചു വർഷക്കാലംകൊണ്ട് ഇൻഡ്യാ രാജ്യത്തിനാവശ്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഷൊക്കെ ഈ സംസ്ഥാനത്തുൽപ്പാദിപ്പിക്കണം; അതു സംസ്ക്കരിക്കാനാവശ്യമായ ഫാക്ടറികൾ ഈ വർഷംതന്നെ ആരംഭിക്കുമെന്നുകൂടി കൃഷിവകുപ്പുമന്ത്രി പ്രസ്താവിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു. അതുകൂടി വന്നുകഴിഞ്ഞാൽ മൂന്നുസെന്റ്തൊട്ട് 30 ഏക്കർവരെയുള്ള കൊക്കൊ കൃഷിക്കാരന് ഈ വാക്കുകൾ പിന്നെ ഉപയോഗിക്കേണ്ടി വരികയില്ല. ഈ പരിപാടി അവിടെ നിന്നാൽ പോര. അതിനു വെള്ളം നനയ്ക്കാനുള്ള സൗകര്യം കൂടി ഉണ്ടാക്കണം. പത്തു ശതമാനം മാത്രമേ ആളുകൾ ഇന്നുപയോഗിക്കുന്നുള്ളു. കേരളത്തിൽ വെള്ളവും വിദ്യുച്ഛക്തിയും ആധികമുണ്ടെന്നു തമിഴ്നാട്ടുകാരൻ പറയുന്നെങ്കിലും ഒരുതുള്ളിപോലും മിച്ചജലം കേരളത്തിലില്ലെന്നതാണ് വസ്തുത. ഒരു യൂണിററ് വിദ്യുച്ഛക്തിയും കേരളത്തിൽ മിച്ചമില്ല. ഉള്ളവ അത്രയും നമുക്ക് ഉപയോഗിക്കാൻ സാധിക്കാത്തതുകൊണ്ട് മിച്ചമുണ്ടെന്നു പറയുകയാണ്. അതൊരു തെററായ ധാരണയാണ്. പത്തുശതമാനം സ്ഥലത്തു നാം വെള്ളമുപയോഗിക്കുമ്പോൾ 90 ശതമാനം സ്ഥലവും വരണ്ടു കട്ടപിടിച്ചുകിടക്കുകയാണ്. ആ സ്ഥലത്തേക്കു ജലം തിരിച്ചുവിടാൻ നമുക്കു സാധിക്കണം. കേരള സംസ്ഥാനത്തിലെ പടിഞ്ഞാറോട്ടൊഴുകുന്ന 41 പുഴകളിലേയും കിഴക്കോട്ടൊഴുകുന്ന 3 പുഴകളിലേയും മുഴുവൻ വെള്ളവും സംഭരിച്ചാലും നമുക്കു ജലദൗർലഭ്യമുണ്ടാകുമെന്നാണ് കെ. എൽ. റാവു അദ്ദേഹത്തിന്റെ കണക്കുകളിൽ സൂചിപ്പിക്കുന്നത്. ഉള്ള വെള്ളംതന്നെ മുഴുവൻ നാം ഉപയോഗിക്കുന്നില്ല. അതു സാധിക്കണം. അതിനുവേണ്ടി കൃഷിഡിപ്പാർട്ടുമെന്റിൽ ഒരു ഡീസെൻട്രലൈസേഷൻ നടത്തണം. പക്ഷേ ജില്ലയായിരിക്കരുത് ആസ്ഥാനം. താലൂക്കുകളും പഞ്ചായത്തുകളും ആസ്ഥാനമാക്കിക്കൊണ്ട് പ്രവർത്തിക്കണം. കൃഷി ഉദ്യോഗസ്ഥൻമാർ സായിപ്പിന്റെ വേഷം ഉപേക്ഷിച്ച് സാധാരണക്കാരന്റെകൂടെ നടന്ന് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ കാർഷികവൃത്തി കൂടുതൽ പുരോഗതിയോടുകൂടി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. നമ്മുടെ മുഖ്യമന്ത്രി ഇപ്പോൾ ദിവസേന കൃഷിഡിപ്പാർട്ടുമെന്റിനെക്കുറിച്ചു സംസാരിക്കുന്നു. അദ്ദേഹത്തിനു വളരെയധികം കാര്യങ്ങൾ സംസാരിക്കാനുണ്ട്. ഐ. ആർ. ഡി. പി. പ്രോഗ്രാം മുതലായ പരിപാടികളെക്കുറിച്ചൊക്കെ അദ്ദേഹം ധാരാളം പ്രസംഗിക്കുന്നുണ്ട്. ഇതൊക്കെ നടപ്പാക്കാൻ നമുക്ക് സാധിക്കണമെങ്കിൽ കൃഷിഡിപ്പാർട്ടുമെന്റിൽ ഒരു പുതിയ സമീപനം ഉണ്ടാകണം. പുതിയ സമീപനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഡയറക്ടർ ഐ.എ.എസ്. ആയിരിക്കണമെന്നോ ഐ.പി.എസ്. ആയിരിക്കണമെന്നോ അഗ്രിക്കൾച്ചറർ എം. എസ്. സി. ആയിരിക്കണമെന്നോ അല്ല. ആരുതന്നെ ആയാലും തരക്കേടില്ല, കേരളസംസ്ഥാനത്തിലെ 22 ലക്ഷം ഹെക്ടർ ഭൂമി മുഴുവൻ ഉപയോഗിക്കാൻ സാധിച്ചാൽ ഇന്നു തൊഴിലാളികൾക്ക് ഒരു വർഷത്തിൽ 100 ദിവസം ജോലികിട്ടുന്ന സ്ഥാനത്ത് 300 മുതൽ 320 ദിവസംവരെ ജോലികിട്ടാനുള്ള സൗകര്യമുണ്ടാകും. കാർഷികരംഗത്ത് നാം വളരെകുറച്ചേ മുതൽ മുടക്കുന്നുള്ളു. ഒരാളിന് എട്ടുമണിക്കൂർ ജോലി കിട്ടണമെങ്കിൽ ലക്ഷക്കണക്കിനു രൂപ മു-ക്കണം. ജനസംഖ്യ വർദ്ധിച്ചുവരുന്ന ഈ രാജ്യത്ത് മാനുഷികശക്തി ഉപയോഗപ്പെടണമെങ്കിൽ കാർഷികരംഗത്തു പുതിയ സമീപനം സ്വീകരിച്ചാലേ സാധിക്കുകയുള്ളൂ. അതുപോലെതന്നെ നമ്മുടെ കാലിസമ്പത്തും വർദ്ധിപ്പിക്കണം. പാലുല്പാദനം വർദ്ധിച്ചിരിക്കുന്നു, പാൽ ഓടയിൽ കൂടി ഒഴുകിപ്പോകുന്നു എന്നുപറഞ്ഞു. സർ, കേരളത്തിലുള്ള 87 ശതമാനം ആളുകളും ഒരുതുള്ളി പാൽ കുടിക്കാത്തവരാണ്. പാവപ്പെട്ടവന്റെ വീട്ടിലെ കുട്ടികൾക്ക് പാലിന്റെ നിറം ചുവപ്പാണോ കറുപ്പാണോ വെള്ളയാണോ എന്ന

LIBRARY ARCHIVES Kerala Legislative Assembly

റിഞ്ഞുകൂട. ഇവിടെ പാൽപ്പൊടി ഉല്പാദിപ്പിക്കുന്നതു നഷ്ടമായിരി ക്കുമെന്നു കൃഷിവകുപ്പുമന്ത്രി പറയുന്നതുകേട്ടു. നഷ്ടമാണെങ്കിൽ ആ നഷ്ടം സഹിച്ചുകൊണ്ടുതന്നെ ഒരു പാൽപ്പൊടി ഫാക്ടറി ഉണ്ടാക്കണം. എങ്കിൽ മാത്രമേ ഇപ്പോഴത്തെ പാലുല്പാദന പരിപാടികൊണ്ടു പ്രയോ ജനമുണ്ടാകൂ. പത്തരക്കോടിരൂപ ഓപ്പറേഷൻ ഫ്ളഡ് II-ൽ ഇൻഡ്യാ ഗവൺ മെൻറ് നീക്കി വെച്ചിട്ടുണ്ട്. ഈ സംസ്ഥാനത്ത് അതു നടപ്പാക്കണം. അതിൽ നിന്നു പിന്നോക്കം പോകുന്ന പ്രശ്നമേ ഉണ്ടാകാൻ പാടില്ല. ഈ പ്രശ്നം ഒരാളുടെ പ്രശ്നമല്ല, ഗവർണ്ണർതൊട്ട് ഇവിടത്തെ സാധാരണ ക്കാരായ കൃഷിക്കാരൻവരെയുള്ള, ചീഫ് സെക്രട്ടറിതൊട്ട് ശിപായി വരെയുള്ള ആളുകളുടെ പ്രശ്നമാണ്. അതു വളരെ ലാഘവ ബുദ്ധി യോടുകൂടി കണ്ടിട്ടു പ്രയോജനമില്ല. ആ സമ്പത്തുപയോഗിക്കാൻ നമുക്കു സാധിക്കണം. ഇൻഡ്യാ ഗവൺമെൻറ് കാർഷികരംഗത്തേക്കു നീക്കിവെ ച്ചിട്ടുള്ള രൂപ മുഴുവൻ നേടിയെടുത്ത് നമ്മുടെ വിദേശനാണ്യം വർദ്ധിപ്പി ക്കുന്നതിൽ കൈകോർത്തുകൊണ്ടു മുന്നോട്ടുപോകാൻസാധിച്ചാൽ ഒന്നുരണ്ടു വർഷത്തിനുള്ളിൽ ഇവിടത്തെ സാധാരണക്കാരായ കൃഷിക്കാരുടെ വരുമാനം 30 മുതൽ 47 ശതമാനം വരെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നു പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[Mr. Speaker in the Chair]

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, കേരളത്തിലെ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രവർത്തനങ്ങളെ വിലയിരുത്തിയാൽ മുമ്പുള്ള പ്രവർത്തനങ്ങളും ഇപ്പോഴം ഉള്ള പ്രവർത്തനങ്ങളും എല്ലാം സമഗ്രമായി വിലയിരുത്തിയാൽ പരാജയങ്ങളുടെ നീണ്ട പട്ടികയാണ് നമുക്കു കാണാൻ കഴിയുന്നത്. മുൻ മന്ത്രിയുടെ പ്രസംഗം കേട്ടുകഴിഞ്ഞിട്ടും എനിക്ക് അങ്ങനെയാണ് കാണാൻ കഴിയുന്നത്. സർ, ഇന്നു കേരളത്തിലെ കാർഷിക മേഖലയുടെ പ്രയാണം പരാജയങ്ങളുടെ ഒരു വിലാപയാത്രയായി മാറിയി രിക്കുന്നു. മരിച്ചുമണ്ണടിഞ്ഞ പദ്ധതികളുടെയും പരിപാടികളുടെയും മൃതദേഹങ്ങൾ ഈ കാർഷിക മേഖലയിൽ എമ്പാടും കുമ്പാരം കൂടി കിടക്കു ന്നത് നമുക്കു കാണാൻ സാധിക്കും. ഇങ്ങനെയുള്ള ഒരു തിരിച്ചടിയും ഒരു പ്രതിസന്ധിയും ഈ കാർഷികമേഖലയ്ക്ക് വന്നത് ഗവൺമെൻറിന്റെ ഭാവനാശൂന്യമായ, കാര്യക്ഷമതാരഹിതമായ സമീപനം കൊണ്ടുമാത്രമാണ് എന്ന് കേരളത്തിലെ കൃഷിക്കാർക്ക് ഒട്ടാകെ ബോദ്ധ്യമായിട്ടുണ്ട്. ഞാൻ പഴയ കാര്യങ്ങളിലേക്കു കടക്കുമ്പോൾ ഒരുപക്ഷേ അരോചകമായി മന്ത്രി ക്കും ഗവൺമെൻറിനും തോന്നിയേക്കാം. നമ്മുടെ കൂട്ടുകൃഷിഫാമുക ളുടെ സ്ഥിതി എന്തായിരിക്കുന്നു? 46 ലക്ഷം ഉറുപ്പിക ചെലവു ചെയ്തു കയും വളരെയധികം കൊട്ടിഘോഷിക്കുകയും ചെയ്തിരുന്ന ആ സോഷ്യ ലിസ്ററു പരിപാടി ഇന്ന് എവിടെ ചെന്നു നിൽക്കുന്നു സർ? ഇന്ന് അതു പരാജയപ്പെട്ടു. കൂത്താളിയിലും ഇല്ലിത്തോട്ടിലും ഉള്ള കൂട്ടുകൃഷി ഫാമുകൾ പരാജയപ്പെട്ടിരിക്കുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി രണ്ടു ദിവസം മുമ്പ് നിയമസഭയിൽ പ്രസ്താവിച്ചു. കോഴിവളർത്തൽ വികസന പരിപാടി എവിടെ എത്തി? കോടിക്കണക്കിനു ഉറുപ്പിക അതിന്റെ പ്രചാരത്തിനുവേണ്ടി ചെലവു ചെയ്തു. ബ്ലോക്കുകൾവഴി നൂറുകണ ക്കിന് കോഴിക്കൂടുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. ഇന്ന് അതൊക്കെ കൃഷിക്കാർ വെട്ടിപ്പൊളിച്ച് അടുപ്പിൽവച്ചു തീ കത്തി ക്കുന്നു. ഈ പരിപാടി അമ്പേ പൊളിഞ്ഞു പാളീസായിപ്പോയി. എന്താണു കാരണം? കൃഷിക്കാർക്ക് ന്യായവിലയ്ക്ക് കോഴിത്തീററ കൊ ടുക്കുന്നതിൽ ഗവൺമെൻറ് പരാജയപ്പെട്ടു. അവരുടെ ഉൽപ്പന്നം വിപണനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിന് എഗ് പൗഡർ ഫാക്ടറി സ്ഥാപിക്കുമെന്നു പറഞ്ഞിട്ട് അതിന്റെ കഥ ഞാൻ വിശദീകരിക്കേണ്ട ആവശ്യമില്ല. അതിന്റെ പരിപാടി ചീററിപ്പോയി. അതിന്റെ ഫലമായി ഇന്ന് വിപണനത്തിന് സൗകര്യമില്ല. അതൊക്കെ ഇന്നു പരാജയത്തിന്റെ വെന്നിക്കൊടിയാണ്. കോഴിവളർത്തലിലൂടെ പാവപ്പെട്ട കൃഷിക്കാരന് വരുമാനം കണ്ടെത്താനുള്ള പരിപാടിയെല്ലാം പൊളിഞ്ഞു പാളീസായി. ഗവൺമെന്റ് എക്കണോമിക് റിവ്യൂവിൽ എഴുതിവച്ചിരിക്കുന്നത് ഈ കോഴികളുടെ എണ്ണം കേരളത്തിൽ 134 ലക്ഷമായി വർദ്ധിച്ചിരിക്കുന്നു എന്നാണ്. അതുമാത്രമല്ല ഈ കോഴികളെല്ലാംകൂടി ഒരു വർഷം 105 കോടി മുട്ട ഇടുന്നു എന്ന് വലിയ അക്ഷരത്തിൽ അച്ചടിച്ചു വച്ചിരിക്കുന്നു. നമ്മുടെ മുൻമന്ത്രിയും ഗവൺമെന്റുമൊക്കെ ഇതേപ്പററി ആവേശകരമായി പ്രസംഗിക്കുമ്പോൾ എനിക്കു തോന്നുന്നത് ഈ കോഴികളൊക്കെ ഇത്രയും മുട്ടയിടുന്നത് മുൻ മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഒക്കെ കഠിനാധ്വാനംകൊണ്ടാണ് എന്നാണ്. അപഹാസ്യമായ ഈ പ്രചരണങ്ങളൊക്കെ എന്തിനുവേണ്ടി നിങ്ങൾ നടത്തുന്നു?

ഇവിടെ കായൽ നിലങ്ങളിൽ കൊഞ്ചിനെ വളർത്തുന്ന ഒരു പരിപാടി ഉണ്ടാക്കി മന്ത്രിമാർ കൽക്കട്ടയിലേക്കു വിമാനത്തിൽ പോയി. ചെമ്മീൻ കുഞ്ഞുങ്ങളെ ഭരണിയിലാക്കി വിമാനത്തിൽ കയറി മടിയിൽവച്ചു താലോലിച്ചുകൊണ്ട് ഇവിടെ എത്തി. അവർതന്നെ പറയുന്നു ആ പദ്ധതിയും പൊളിഞ്ഞു പാളീസായി എന്ന്. കായലോരത്തെ കൃഷിക്കാർ വളരെ പ്രതീക്ഷയോടുകൂടി നോക്കിയ ആ പരിപാടി പൊളിഞ്ഞു പാളീസായി എന്ന് നാലു ദിവസം മുമ്പാണ് മന്ത്രി നിയമസഭയിൽ പറഞ്ഞത്. തൈതനാൻ പദ്ധതി ഐ. ആർ. എട്ട്. പദ്ധതി എന്നൊക്കെ പ്രസംഗിച്ചു നടന്നു. അതെല്ലാം പഴയ പഴംകഥയായതുകൊണ്ട് അതേക്കുറിച്ചൊന്നും പറയാൻ ഞാൻ സമയം കളയുന്നില്ല. മുൻമന്ത്രി ആവേശകരമായി ഇപ്പോൾ ഓപ്പറേഷൻ ഫ്ളഡ് II-ന്റെ കാര്യമാണ് പറഞ്ഞത്. പാലുകൊണ്ട് ഒരു പ്രളയം കേരളത്തിൽ ഉണ്ടാക്കാൻ പോകുന്നു എന്നു പറഞ്ഞു. നാമൊക്കെ മുങ്ങിച്ചാകാതെ രക്ഷപ്പെട്ടാൽ ഭാഗ്യം. സർ, ഈ രണ്ടാം പ്രളയത്തെപ്പററി പറയുമ്പോൾ ഒന്നാം പ്രളയം എവിടെ എന്നു ചോദിക്കാൻ ആഗ്രഹിക്കുന്നു. ഗവൺമെന്റു പറയുന്നു ഒന്നാം പദ്ധതികൊണ്ട് ഇവിടത്തെ കാലി സമ്പത്ത് വർദ്ധിച്ചു എന്ന്. കാലികളുടെ എണ്ണം മുപ്പതു ലക്ഷമായി വർദ്ധിച്ചു. ക്ഷീരോൽപ്പാദനശേഷി ഏഴു ലക്ഷം ടണ്ണായി വർദ്ധിച്ചു എന്നാണ് ഗവൺമെന്റ് പറയുന്നത്. ഗവൺമെന്റുതന്നെ പറയുന്നത് പാൽ ഉൽപാദിപ്പിക്കുന്ന കൃഷിക്കാരിൽനിന്ന് നാലു ഡയറി പ്ലാന്റുകളും വഴിയായും 13 ചില്ലിംഗ് പ്ലാന്റുകളുംവഴിയായും യഥാക്രമം 39,000-ഉം 28,100-ഉം ലിററർ പാൽ വിതരണം ചെയ്യാമെന്ന്. എന്നാൽ 67,000 ലിററർ പാൽ സംഭരിക്കുന്നതിനുള്ള കഴിവുമാത്രമേ ഗവൺമെന്റിനുള്ളൂ. ഏഴു ലക്ഷം ടൺ പാൽ എവിടെ വിററഴിക്കണം? പാൽ വിതരണം ചെയ്യുന്നതിന് വഴിയില്ലാതെ കൃഷിക്കാർ ഇന്നു കഷ്ടത്തിലായിരിക്കുന്നു. ഈ ഗവൺമെന്റിന്റെ വാക്ക് വിശ്വസിച്ച് ബാങ്കിൽനിന്നും പലിശയ്ക്കു പണം കടം എടുത്ത് കാലി വളർത്തിയിട്ട് ഇന്ന് ആ പാല് വിതരണം ചെയ്യുന്നതിന് കഴിയാതെ കൃഷിക്കാർ കണ്ണീരൊഴുക്കുകയാണ്. അവർ ഇന്ന് കൊടിയും വടിയുമൊക്കെയായി സെക്രട്ടേറിയററിലേക്കു വരുന്നു എന്നു പറയുന്നു. അതിനെപ്പററി ഗവൺമെന്റിന് എന്തറിയാം? നാശത്തിന്റെ വക്കിലെത്തി കൃഷിക്കാർ നിൽക്കുമ്പോഴാണ് ഗവൺമെന്റു പറയുന്നത്, ഇതാ ഓപ്പറേഷൻ ഫ്ളഡ് II. രണ്ടാമത്തെ പ്രളയത്തിനു വട്ടം കൂട്ടുന്നു എന്ന്. എന്താണ് അതിന്റെ അർത്ഥം? വിപണന സൗകര്യം ഉണ്ടോ? മിൽക്ക്

LIBRARY ARCHIVES Kerala Legislative Assembly

പൗഡർ ഫാക്ടറിയും മിൽക്ക് പ്രൊസസിംഗ് കോംപ്ലക്സും ഒക്കെ ഉണ്ടാക്കുമെന്ന നിങ്ങളുടെ പ്രഖ്യാപനം എവിടെപ്പോയി? അതു നടപ്പാക്കാൻ കഴിഞ്ഞോ? ഇങ്ങനെ പ്രസംഗിക്കുകയും പ്രചരണം നടത്തുകയും അല്ലാതെ ക്രിയാത്മകമായി ഒന്നും ചെയ്യാത്തതുകൊണ്ട് പരിപാടികളൊക്കെ മണ്ണടിഞ്ഞുപോകുന്നു. പ്രശസ്തനായ നമ്മുടെ കേരളീയ കവി വൈലോപ്പിള്ളി ഈയിടെ എഴുതിയ ഒരു കവിതയിൽ പറഞ്ഞു— ''ഈ വേദനകളും യാതനകളും കഷ്ടപ്പാടുകളും മനുഷ്യന്റെ കണ്ണീരുമൊക്കെ എല്ലാദിവസവും കാലത്തു നമുക്കു തരുന്ന ദിനപ്പത്രങ്ങൾ എന്നു പുറത്തിറങ്ങാതിരിക്കുന്നുവോ അന്നാണ് എനിക്കു പൊന്നോണം''എന്ന്. കേരളത്തിലെ കൃഷിക്കാരുടേയും വികാരം അതുതന്നെയാണ് സർ. ഇന്ന് മന്ത്രിമാരുടെ ഉദ്ഘാടന സമ്മേളനങ്ങളും ആ സമ്മേളനങ്ങളിൽ അവർ നടത്തുന്ന കലാപരിപാടികളുമൊക്കെ വരാത്ത ദിവസമുണ്ടോ പത്രത്തിൽ? അതുകൊണ്ടു കൃഷിക്കാരുടെ വിചാരം എന്നെങ്കിലും ഈ കേരളത്തിലെ മന്ത്രിമാരുടെ ഉദ്ഘാടന സമ്മേളനങ്ങളും കഥാപ്രസംഗങ്ങളും ഇല്ലാത്ത ഒരു ദിവസം ഉണ്ടായാൽ അന്നാണ് കൃഷിക്കാരുടെ പൊന്നോണം എന്നാണ്.

മുൻമന്ത്രി കൊക്കോയെപ്പററി ഇവിടെ ആവേശകരമായി പ്രസംഗിച്ചു. സർ, ഈ പ്രചാരപരമ്പരയ്ക്കുവേണ്ടിയിട്ട് ഈ വിദേശ വൃക്ഷത്തെയാണ് ഇന്ന് ആശ്രയിക്കുന്നത്. ആഫ്രിക്കൻ നാടുകളിൽനിന്നു കുടിയേറിപ്പാർത്ത ഈ വിദേശ വൃക്ഷത്തെപ്പററിയാണ് ഇന്നു പ്രചരണം. മന്ത്രിമാർ പോയാലും ശരി, ഉദ്യോഗസ്ഥൻമാർ പോയാലും ശരി, കൊക്കോ പ്രചരണമയം ആണ് ഇന്ന്. കേരളം മുഴുവൻ സെമിനാറുകൾ, ഉൽസവങ്ങൾ, ആന, അമ്പാരി, വെടിക്കെട്ട് ഇതൊക്കെ ഇതിനുവേണ്ടി നടത്തുന്നു ഇതു കാണുമ്പോൾ, എനിക്ക് കേരളത്തിലെ കൊക്കോകൃഷിക്കാർ സൂക്ഷിക്കണമെന്ന സന്ദേശമാണ് കൊടുക്കാനുള്ളത്. അനുഭവത്തിൽനിന്നും സൂക്ഷിക്കണമെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ കൊക്കോ ഉൽപാദിപ്പിച്ചിട്ട് അത് വിപണനം ചെയ്യുന്നതിന് വൻകിട സംസ്ക്കരണ യൂണിററ് ഗവൺമെൻറ് എന്നു സ്ഥാപിക്കുന്നുവോ അന്നല്ലാതെ കൊക്കോയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർ ഒരുമ്പെടുന്നത് ആത്മഹത്യാപരമായിരിക്കുമെന്നുമാത്രമേ അവരോടു പറയുവാനുള്ളു. കൊക്കോ വിററഴിക്കുന്നതിനു സംസ്ക്കരണ യൂണിററ് ഇല്ല. മുതലാളിമാരുടെ ചൂഷണത്തിനു കൃഷിക്കാർ വിധേയരാകും. എന്തിനാണ് നിങ്ങൾ കൂടുതൽ കൂടുതൽ പരിപാടികൾക്കുവേണ്ടി മുറവിളി കൂട്ടുന്നത്? രാമേശ്വരത്തെ ക്ഷൗരം പോലെയല്ലാതെ എന്തെങ്കിലും ഒരു പരിപാടി ഈ കാർഷിക മേഖലയിൽ വിജയകരമായി നിങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ?

താങ്ങുവില പ്രഖ്യാപിച്ചു. നെല്ലിന്റെ കുത്തനെയുള്ള വിലയിടിവിന് കർഷകർക്കു സംരക്ഷണം കൊടുക്കാൻവേണ്ടി താങ്ങുവില പ്രഖ്യാപിച്ചു. കർഷകരും കർഷക സംഘടനകളും മാത്രമല്ല, ഗവൺമെൻറുതന്നെ പറയുന്നത്, 150 ഉറുപ്പിക ഇല്ലാതെ ഒരു ക്വിൻറൽ നെല്ല് ഉൽപാദിപ്പിക്കുവാൻ കഴിയുകയില്ലെന്ന്. അങ്ങനെയിരിക്കുമ്പോഴാണ് ഗവൺമെൻറ് പറയുന്നത് മാർക്കററു വിലയായ 120 ഉറുപ്പിക, ക്വിൻറലിന് താങ്ങുവില പ്രഖ്യാപിച്ചിരിക്കുന്നു എന്ന്. ബഹുമാനപ്പെട്ട മന്ത്രി ടി. എസ്. ജോൺ ഈ സഭയിൽ പറഞ്ഞത് 30,000 ക്വിൻറൽ നെല്ല് സംഭരിച്ചു എന്നാണ്. കേരളത്തിൽ 13 ലക്ഷം ടൺ അരിക്കുള്ള നെല്ല് ഉൽപാദിപ്പിക്കുന്നു. അതിൽ 7 ലക്ഷം ടൺ അരിക്കുള്ള നെല്ലെങ്കിലും മാർക്കററിൽ സർപ്ലസ് ആയി കൃഷിക്കാർക്ക് വിൽക്കാൻ കഴിയും. അങ്ങനെ ഏഴു ലക്ഷം ടൺ അരിക്കുള്ള നെല്ല് കമ്പോളത്തിൽ വന്നു വാങ്ങി, ആ താങ്ങുവിലയുടെ പ്രയോജനം കിട്ടേണ്ട കൃഷിക്കാരിൽനിന്നും 30,000 ക്വിൻറൽ അരി വാങ്ങി

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. തിരുവല്ലായിൽപോയി ടി. എസ് ജോൺ പ്രസംഗിച്ചു, ഈ കൊല്ലം ഞങ്ങൾ താങ്ങുവിലകൊടുത്ത് കർഷകരിൽനിന്നും 3 ലക്ഷം നാഴി നെല്ല് സംഭരിച്ചു എന്ന്. കൃഷിക്കാർ കയ്യടിച്ചു. ഏതു കർഷകർക്കാണ് ഇതുകൊണ്ട് ഗുണം കിട്ടിയിട്ടുള്ളത്? ഒരു ക്വിൻറൽ നെല്ലിൻെറ ഉൽപ്പാദനച്ചെലവായ 150 ഉറുപ്പിക താങ്ങുവിലയായി പ്രഖ്യാപിക്കാതെ നിങ്ങൾ നടത്തുന്ന ഈ പ്രഹസനം കൃഷിക്കാരെ വഞ്ചിക്കാൻവേണ്ടി മാത്രമല്ല, നിങ്ങളെത്തന്നെ വഞ്ചിക്കുകയാണ് എന്ന് നിങ്ങൾ മനസ്സിലാക്കാൻ അധികം സമയം ഇല്ല. നിങ്ങൾ കൃഷിക്കാരെ സമീപിക്കുമ്പോൾ നിങ്ങൾക്ക് അതിൻെറ പ്രതികരണം എന്താണെന്നു മനസ്സിലാക്കാൻ സാധിക്കും. നെൽക്കൃഷിക്കാർക്ക് ന്യായമായ താങ്ങുവില കൊടുത്തുകൊണ്ട് അവരെ സംരക്ഷിക്കാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ നിങ്ങൾ ചെയ്യേണ്ടത് കേന്ദ്ര ഗവൺമെൻറ് നിങ്ങളോട് ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ ഒന്നു ഭേദഗതി ചെയ്യുകയാണ്. നിങ്ങൾക്ക് യാതൊരു സഹായവും ചെയ്യാൻ കഴിയില്ലെങ്കിൽ ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ ഭേദഗതി ചെയ്യണം. തൃശൂർ കോൾ നിലങ്ങളിലേയും കുട്ടനാട്ടിലെയും നെൽക്കൃഷിക്കാർ അവരുടെ ജീവിതം നയിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിക്കൊള്ളും. അതെങ്കിലും നിങ്ങൾ ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

കാർഷിക കടാശ്വാസ നിയമംകൊണ്ടുവരുന്നതിനെപ്പററി റവന്യുമന്ത്രിയും ഗവൺമെൻറുമൊക്കെ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞു. സാധാരണക്കാരായ കൃഷിക്കാർക്ക് അവരുടെ ഭൂമി വിററാൽ തീർക്കാൻ കഴിയാത്ത കടമാണുള്ളത്. ഇന്നത്തെ കാർഷിക കടാശ്വാസനിയമത്തിൻെറ ആനുകൂല്യം കൃഷിക്കാർക്ക് കിട്ടിയിട്ടില്ല. മുൻകടങ്ങൾ ബാക്കിയുണ്ട്, സഹകരണ സംഘങ്ങളിൽനിന്നും നാഷണലൈസ്ഡ് ബാങ്കിൽനിന്നും ഗവൺമെൻറിൽനിന്നുമൊക്കെ വാങ്ങിയ കടം, പാട്ടബാക്കി ഈവക കടങ്ങളൊക്കെ സാധാരണക്കാരൻെറ തലയിൽവന്ന് കുന്നുകൂടി അവരുടെ ഭൂമി വിററാൽ തീരാത്ത കടമായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് കാർഷിക കടാശ്വാസ നിയമം കൊണ്ടുവരണമെന്ന അഭ്യർത്ഥന ഗവൺമെൻറ് സ്വീകരിക്കുന്നു എന്നു പ്രഖ്യാപിക്കുകയും ഇതേവരെ അങ്ങനെ ഒരു നിയമം കൊണ്ടുവരുന്നതിനു ശ്രമിക്കാതെയും ഇരിക്കുന്നത് ഈ രാജ്യത്തെ കൃഷിക്കാരോടു കാണിച്ചിട്ടുള്ള വലിയ അവഗണനയാണ്.

സർ, തൃശൂർ ജില്ലയിൽ, ഇന്ന് ആരോഗ്യ മന്ത്രിയായിരിക്കുന്ന ശ്രീ. പ്രഭാകരനും ഞാനും കൃഷിക്കാരും ഒക്കെകൂടി ഒരു സമരം നടത്തി. അത് കുട്ടനാട്ടിൽ കൊടുക്കുന്നതുപോലെ പമ്പിംഗ് സബ്സിഡി തൃശൂർ കോൾ കൃഷിക്കാർക്കും കൊടുക്കുന്നതിനുവേണ്ടിയായിരുന്നു. പൊന്നാനിയിലെ നിലങ്ങൾക്കുവേണ്ടിയും കൊടുക്കണമെന്ന ആവശ്യമുണ്ടായിരുന്നു. സമരനേതാക്കളെ എല്ലാവരേയും വിളിച്ച് ഒത്തുതീർപ്പുണ്ടാക്കി. 40 ക. സബ്സിഡി കുട്ടനാട്ടിൽ കൊടുക്കുന്നതുപോലെ തൃശൂരിലെ കോൾ നിലങ്ങൾക്കും പൊന്നാനിയിലെ നിലങ്ങൾക്കും കൊടുക്കാമെന്ന് ഗവൺമെൻറ് സമ്മതിച്ചു. അതിന് ഉത്തരവു പുറപ്പെടുവിച്ചു. ഞങ്ങളെക്കൊണ്ടു സമരം പിൻവലിപ്പിച്ചു. എന്നിട്ട് ആ മന്ത്രി ഉൾപ്പെടെയുള്ള മന്ത്രിസഭയ്ക്ക് ഇന്നുവരെ ആ 40 ക. കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിക്കാരോട് ഇങ്ങനെ വഞ്ചനാപരമായി പെരുമാറുന്ന ഒരു ഗവൺമെൻറാണെങ്കിൽ തീർച്ചയായും അവർക്ക് അധികം താമസിയാതെ ദുഃഖിക്കാൻ അവസരമുണ്ടാകും എന്നാണ്" സർ, എനിക്കു പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കെ. എൽ. ഡി. സി. യുടെ പദ്ധതിയുണ്ട്. ആകെ 15 കൊല്ലം കൊണ്ടു മടക്കിക്കൊടുക്കേണ്ട കടമായിട്ടാണ് കൊടുക്കുന്നത്. അങ്ങനെ 15 കൊല്ലംകൊണ്ട് കടവും അതിന്റെ പലിശയുംകൂടി കണക്കാക്കിയാൽ ഏതാണ്ട് ഭൂമിയുടെ വിലയോളം സംഖ്യ തിരിച്ചടയ്ക്കേണ്ടിവരും. അതുകൊണ്ട് തൃശൂർ കോറം നിലങ്ങളിലും കുട്ടനാട്ടിലെ കായൽനിലങ്ങളിലും പൊന്നാനിയിലെ നിലങ്ങളിലും, അതുപോലെയുള്ള നിലങ്ങളിലെല്ലാം, ഈ പദ്ധതി നടപ്പാക്കുന്നത് കടബാദ്ധ്യത എന്നുള്ള വ്യവസ്ഥയിലല്ലാതെ ജലസേചന സെസ് മാത്രം ചുമത്തിക്കൊണ്ട് അത് ഒരു ഇറിഗേഷൻ പദ്ധതിയാക്കി മാററിക്കൊണ്ട് വേണം നെല്ലിനു വിലയില്ലാത്ത ഈ കാലത്ത് നടപ്പാക്കാൻ. ഇറിഗേഷൻ പദ്ധതിയും ഒരു സെസ്സും എന്നുള്ള രീതിയിൽ അംഗീകരിച്ചുകൊണ്ട്, സെസ് മാത്രം ചുമത്തി ആ പദ്ധതി നടപ്പാക്കണം. അല്ലെങ്കിൽ ഭൂമി വിററാലും അവർക്ക് കടം തിരിച്ചടയ്ക്കാൻ കഴിയുകയില്ല.

63 കോടിരൂപ ലോകബാങ്കിന്റെ സഹായത്തോടുകൂടി വൃക്ഷവിളപദ്ധതി നടപ്പാക്കുമെന്ന് വളരെയധികം കൊട്ടിഘോഷിച്ചു. കശുമാവ്, തെങ്ങ് മുതലായവ വൃക്ഷവിളകളുടെ പദ്ധതിയായിരുന്നു. അങ്ങനെ 63 കോടി ക. ഏഴുകൊല്ലംകൊണ്ട് ചെലവാക്കാൻ ലോകബാങ്ക് തന്നിട്ടുള്ളതിൽ 50–60 ലക്ഷം മാത്രമാണ് 2 കൊല്ലം കഴിഞ്ഞിട്ടും ചെലവാക്കാൻ കഴിഞ്ഞത്. 9 കോടി രൂപ ഒരുകൊല്ലം ചെലവാക്കേണ്ടതിനു പകരം വെറും 60 ഓ 70 ഓ ലക്ഷം ഒരു കൊല്ലം ചെലവാക്കിയാൽ ഈ 63 കോടിയും ഈ കൃഷിക്കാർക്ക് നഷ്ടപ്പെടും; ഗവൺമെന്റ് അത് ലാപ്സാക്കിക്കളയും.

അങ്ങനെ ഒരു കാര്യം നേരാംവണ്ണം നടത്താത്ത ഒരു കാർഷികമേഖലയാണ് ഇവിടെയുള്ളത്. എനിക്ക് മന്ത്രിയോട് ഒരു പരാതിയും പറയാനില്ല സർ. ബഹുമാനപ്പെട്ട ജേക്കബ് ജ്യേഷ്ഠൻ പണ്ടും ഇന്നും എനിക്കൊരു ജ്യേഷ്ഠൻ തന്നെയാണ്. വ്യക്തിപരമായിട്ടൊന്നുമല്ല പറയുന്നത്. സർ ഗവൺമെന്റ് കാർഷികമേഖലയെ അവഗണിക്കുന്നു. പരാജയമാണ് അവർക്കുള്ളത്. ഈ അവഗണന കർഷകരേയും കർഷകരെ ആശ്രയിച്ചു ജീവിക്കുന്ന കാർഷിക സമൂഹത്തെയും മുഴുവൻ നശിപ്പിക്കും എന്നു മാത്രമാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ട് ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, മരാമത്തുവകുപ്പിലേക്കുള്ള ഡിമാൻഡിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ നടത്തിയ അഭിപ്രായ പ്രകടനങ്ങളെപ്പററി പരാമർശിക്കുന്നതിനുമുൻപ്, വികസനവകുപ്പിലേക്കുള്ള ഡിമാന്റുകളെക്കുറിച്ചുള്ള ചർച്ചയ്ക്കിടയിൽ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് മരാമത്തു വകുപ്പിലെ ചില ഉദ്യോഗസ്ഥൻമാരെപ്പററി പറഞ്ഞ ചില ആരോപണങ്ങളെ സംബന്ധിച്ചും രണ്ടുവാക്കു പറയാനാഗ്രഹിക്കുന്നു. മൂവാററുപുഴയിലെ പി. ഡബ്ല്യു. ഡി. അസിസ്ററന്റ് എഞ്ചിനീയറെയും പമ്പാക്കുട ബ്ലോക്കിലെ ഉദ്യോഗസ്ഥൻമാരെയും പററിയാണ് അദ്ദേഹം ആരോപണമുന്നയിച്ചത്. സർ, ഈ പ്രദേശത്തു കൺട്രാക്ടർമാരുടെ ഒരു ദൂഷിതവലയം പ്രവർത്തിച്ചു വരുന്നുണ്ട്. അതിൽ ചില മരാമത്തുവകുപ്പുദ്യോഗസ്ഥൻമാരും പങ്കാളികളാണ്. ബഹുമാനപ്പെട്ട കുഞ്ഞിക്കണ്ണൻ മരാമത്തുവകുപ്പിലെ അഴിമതിയേയും കൈക്കൂലിയേയും വളരെ ശക്തിയായി അപലപിച്ചു. ക്രിയാത്മകമായ ഒരു നിർദ്ദേശവും അദ്ദേഹം വച്ചില്ല എന്ന പരാതി എനിക്കുണ്ട്. വളരെ കൂലങ്കഷമായി നാം ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ട ഒരു വിഷയമാണ്. അഴിമതിക്കു വളരെ സാധ്യതയുള്ള ഒരു വകുപ്പാണ് ഇത്. പക്ഷേ നിർഭാഗ്യകരമെന്നു പറയട്ടെ, ഈ അഴിമതികളുടെ സാധ്യത നമ്മുടെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ വളർത്തുന്നു എന്ന പരാതി എനിക്കുണ്ട്. പണികളുടെ നടത്തിപ്പിന് ഇന്നു നിലവിലുള്ള നോമിനിസമ്പ്രദായംകൂടിയാകുമ്പോൾ ഈ സാധ്യത എന്തുമാത്രം വർദ്ധിക്കുന്നുവെന്നു ഞാൻ പ്രത്യേകിച്ചുപറയേണ്ടതായിട്ടില്ല. ഈ അവസ്ഥാവിശേഷം പൂർണ്ണമായി ഇല്ലാതാക്കണമെങ്കിൽ എളുപ്പമുള്ള കാര്യമല്ല. എന്നാൽ അതു കുറയ്ക്കാൻ നമുക്കു നടപടികൾ സ്വീകരിക്കാൻ കഴിയും. ഇപ്പോൾത്തന്നെ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജോലികളിൽ കൃത്രിമങ്ങൾ നടന്നിട്ടുണ്ടോ എന്നു പരിശോധിക്കാൻ ഫൈനാൻസ് ഇൻസ്പെക്ഷൻ വിങ്ങും അഴിമതിയുംമററുമുണ്ടാകുന്നുണ്ടെന്ന ആരോപണങ്ങളെപ്പററി അന്വേഷിക്കാൻ പോലീസ് വിജിലൻസും പി. ഡബ്ലിയു. ഡി. വിജിലൻസും നടപടികൾ സ്വീകരിക്കുന്നുണ്ട്. വേണ്ടത്ര ഫലപ്രദമാകുന്നില്ല എന്നുപറഞ്ഞാൽ അതിൽ വലിയ തെററില്ല; തീർച്ചയായും ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും ഫലപ്രദവുമാക്കാൻ നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു സർ.

ശ്രീ. ജേക്കബ് ഇവിടെ ഉന്നയിച്ച ആരോപണങ്ങൾക്കു വിധേയമായ മൂവാററുപുഴ അസിസ്ററൻറ് എഞ്ചിനീയറെയും ബ്ലോക്കിലെ ജൂനിയർ എഞ്ചിനീയറെയും സംബന്ധിച്ച് കൈക്കൂലിക്കാര്യത്തിൽ പോലീസ് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും ജോലി നേരേ നടന്നിട്ടുണ്ടോ എന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറെക്കൊണ്ടു പരിശോധിപ്പിക്കുന്നതിനും വേണ്ടി അടിയന്തിരമായി ഏർപ്പാടു ചെയ്തിട്ടുണ്ട്. ഈ അന്വേഷണത്തിന് സഹായകമാകത്തക്ക രീതിയിൽ ഈ ഉദ്യോഗസ്ഥൻമാരെ ഡിവിഷൻ വിട്ട് എക്സിക്യൂഷൻ ഫീൽഡിൽനിന്ന് അകററി പോസ്ററുചെയ്യാൻ ഗവൺമെൻറ് ഉത്തരവുനല്കി. ഈ അന്വേഷണങ്ങളെ സംബന്ധിച്ചുള്ള പ്രാഥമിക റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ കർക്കശമായ നടപടികൾ സ്വീകരിക്കുമെന്ന് ഈ സഭയെ അറിയിക്കാനും ഞാനാഗ്രഹിക്കുന്നു. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും 10 അസിസ്ററൻറ്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും 9 അസിസ്ററൻറ് എഞ്ചിനീയർമാരും 10 വർക്ക് സൂപ്രണ്ടുമാരും ഒരു ഡ്രാഫ്ററ്സ്മാനും ഒരു ഫോർമാനും ഒരു റിസർച്ച് ആഫീസറും ഒരു ജൂനിയർ സൂപ്രണ്ടും ഉൾപ്പെടെ പല ഉദ്യോഗസ്ഥൻമാരെയും വിവിധ കുററങ്ങൾക്കു ശിക്ഷിച്ചിട്ടുണ്ട്. ഇൻക്രിമെൻറു തടഞ്ഞും ശമ്പളത്തിൽ നിന്നു റിക്കവറി നടത്തിയും മററുമുള്ള ശിക്ഷകളാണു നല്കിയിട്ടുള്ളത്. രണ്ടുപേരെ സർവീസിൽനിന്നു റിമൂവ് ചെയ്തിട്ടുണ്ട്. ഒരാളെ തരം താഴ്ത്തുകയും ചെയ്തു. കാസർക്കോട്ടു നടന്നതായി പറയപ്പെട്ട ചില പണികളിൽ കൃത്രിമം കാണിച്ചതായി മാതൃഭൂമി പത്രത്തിൽ ഒരാരോപണമുണ്ടായി. ആ ആരോപണത്തിനു വിധേയരായ ഒരു അസിസ്ററൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും രണ്ട് അസിസ്ററൻറ് എഞ്ചിനീയർമാരെയും സസ്പെൻഷനു വിധേയരാക്കിയിരിക്കുകയാണ്. ഈ സ്വീകരിച്ചിട്ടുള്ള നടപടികൾ ഇന്ന് ഈ വകുപ്പിൻെറ പ്രവർത്തനങ്ങൾ നടക്കുമ്പോഴുണ്ടാകാവുന്ന തകരാറുകൾ പോക്കുന്നതിന് വേണ്ടത്ര ഫലപ്രദമാണെന്നു ഞാൻ പറയുന്നില്ല. ശ്രീ. കുഞ്ഞിക്കണ്ണൻ മരാമത്തുവകുപ്പിൻെറ കാര്യക്ഷമതയില്ലായ്മയെ സംബന്ധിച്ച് സൂചിപ്പിച്ചു. ആ കാര്യത്തിൽ എനിക്ക് അഭിപ്രായ ഭിന്നതയുണ്ട്. മരാമത്തുവകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല സർ. ഇക്കഴിഞ്ഞ വെള്ളപ്പൊക്കത്തിൻെറ കെടുതികൾമൂലവും മററും

LIBRARY ARCHIVES Kerala Legislative Assembly

താറുമാറായ റോഡുകരം, തകർന്ന പാലങ്ങരം ഇവയൊക്കെ പുനരുദ്ധരിക്കാൻ സന്ദർഭത്തിനൊത്ത് മരാമത്തുവകുപ്പുദ്യോഗസ്ഥൻമാർ ഉയർന്നു എന്നുള്ളതും ബഹുജനങ്ങളുടെ സഹകരണം അവർക്കു ലഭ്യമായി എന്നുള്ളതും സന്തോഷത്തോടുകൂടിയല്ലാതെ നമുക്കാർക്കും കാണാൻ കഴിയുകയില്ല, സർ. ഞാൻ ആദ്യമേ സൂചിപ്പിച്ചതുപോലെ, അഴിമതികരംക്കുള്ള സാദ്ധ്യതകരം നമ്മളും പൊതുവേ വലുതാക്കുന്നു എന്ന വസ്തുത ഈ അവസരത്തിൽ കണക്കിലെടുക്കണം.

ചർച്ചാവേളയിൽ പല ബഹുമാനപ്പെട്ട സാമാജികൻമാരും പ്രധാനമായി നമ്മുടെ റോഡുകളുടെ ശോച്യാവസ്ഥയെപ്പററിയും ഗ്രാമീണ റോഡുകളുടെ മോശപ്പെട്ട അവസ്ഥയെപ്പററിയുമെല്ലാം ഇവിടെ സൂചിപ്പിച്ചു. എല്ലാവർക്കും അറിയാവുന്നതുപോലെ, കഴിഞ്ഞ സാമ്പത്തികവർഷാരംഭംമുതൽ നീണ്ടുനിന്ന മഴ, നവംബർമാസത്തിലുണ്ടായ വലിയ വെള്ളപ്പൊക്കം ഇവമൂലം റോഡുകരംക്കും പാലങ്ങരംക്കും ഉണ്ടായ കെടുതികരം; അവയോടൊപ്പം ഈ റോഡുകളുംമററും മെച്ചപ്പെടുത്തുന്നതിനാവശ്യമായ ടാറിൻെറ അലഭ്യത, ഇവയൊക്കെയുണ്ടായിരുന്നിട്ടും, കേന്ദ്രഗവൺമെൻറിൽ നിന്നു ലഭ്യമായ സാമ്പത്തികസഹായവും സ്റേററ്ഗവൺമെൻറനുവദിച്ച അധികത്തുകയും ഉപയോഗിച്ച് നിർദ്ദിഷ്ട സമയത്തിനകം ഈ റോഡുകളും പാലങ്ങളും മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ടാറിൻെറ അലഭ്യത കൊണ്ട് ഇനിയും ചില മെച്ചപ്പെടുത്തൽ നടപടികരം പൂർത്തീകരിക്കാനുണ്ട്. അതിനുള്ള നടപടികരം അടിയന്തിരമായി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അധികമായി കേന്ദ്രഗവൺമെൻറിൽനിന്നും ലഭ്യമായ തുകയും സംസ്ഥാനഗവൺമെൻറ് അനുവദിച്ച അധികത്തുകയും എല്ലാം ചേർത്ത് നമ്മുടെ പ്ലാൻ പ്രവർത്തനങ്ങരംക്ക് ലഭിച്ചത് 10 കോടിരൂപയും റോഡ് മെയിൻറനൻസിനുവേണ്ടി ലഭിച്ചത് $11\frac{1}{2}$ കോടിരൂപയും മാത്രമാണ്. നമ്മുടെ റോഡുകളുടെ മെയിൻറനൻസിനുവേണ്ടി റിവൈസുചെയ്ത ഷെഡ്യൂരം റേററുംകൂടി കണക്കാക്കിയാൽ ഏററവും ചുരുങ്ങിയത് 25 കോടി രൂപയോളം വേണം. നമുക്കു പുതിയ സാമ്പത്തിക വർഷത്തിൽ മെയിൻറനൻസിനുവേണ്ടി നീക്കിവെച്ചിട്ടുള്ളത് 12 കോടി രൂപയോളം മാത്രമാണ്. എത്രമാത്രം റോഡുപണികരം മെച്ചപ്പെടുത്താൻ ആഗ്രഹം ഉണ്ടായിരുന്നാലും ചില മെമ്പർമാർ സൂചിപ്പിച്ചതുപോലെ രാമേശ്വരക്ഷൗരം പോലെ മാത്രമേ മെച്ചപ്പെടുത്തൽ നടപടികരം നടത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. പി. കുര്യൻ: മഴക്കാലം ആരംഭിക്കുന്നതിനുമുമ്പ് വർക്കിംഗ് സീസണിൽത്തന്നെ പണി ഏർപ്പാട് ചെയ്തിട്ടുള്ള റോഡുകരം പൂർത്തിയാക്കാനുള്ള ടാർ കിട്ടാനുള്ള സത്വരമായ നടപടികരം സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അതിനുള്ള നടപടികരം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ടാറിൻെറ ക്ഷാമം ഇനിയും പരിഹരിച്ചിട്ടില്ല. അതിനിടയിലാണ് ശ്രീമാൻ പി. ജെ. തോമസ് സൂചിപ്പിച്ചപോലെ പല സ്ഥലങ്ങളിലും വിറകിനുപകരം ടാർ കരാറുകാർ ഉപയോഗിക്കുന്നതായി പരാതി ഉണ്ടായിട്ടുള്ളത്. അത് തീർച്ചയായും അനുവദിക്കാവുന്നതല്ല. ഇപ്പോരം തന്നെ ഉദ്യോഗസ്ഥൻമാർക്ക് ഇതിനെപ്പററി വേണ്ട നിർദ്ദേശങ്ങരം നൽകിയിട്ടുണ്ട്. അത്തരം നടപടികളെ നിരുൽസാഹപ്പെടുത്തുന്നതിന് ആവശ്യമായ നടപടികരം സ്വീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും സെക്ഷനുകളിലോ സബ് ഡിവിഷനുകളിലോ ടാർ കത്തിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പണി നടത്തുന്ന ഏർപ്പാട് തുടരുന്നുവെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ നടപടികൾക്ക് വിധേയരാക്കുന്നതിന് അടിയന്തിരമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

സർ, ഗ്രാമീണ റോഡുകളുടെ മെച്ചപ്പെടുത്തൽ നടപടികളെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിനിടയിൽ മലപ്പുറം ജില്ലയിലെ അവികസിതാവസ്ഥയെപ്പററിയും കണ്ണൂർ ജില്ലയിലെ അവികസിതാവസ്ഥയെപ്പററിയും എല്ലാം ശ്രീ. ഭാസ്കരനും ആര്യാടൻ മുഹമ്മദും മററും ഇവിടെ സൂചിപ്പിച്ചു. അത് തികച്ചും അടിസ്ഥാനമുള്ള അഭിപ്രായമല്ലെന്നുള്ള കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മലപ്പുറം റോഡുകളുടെ കാര്യത്തിൽ പിന്നോക്കമായിരുന്നു എന്നുള്ളത് സത്യമാണ്. ഈ കഴിഞ്ഞ രണ്ടു മൂന്നു വർഷക്കാലങ്ങളിൽ നിരന്തരമായി മലപ്പുറത്തും കണ്ണൂരും റോഡ്, പാലം പണികൾ വ്യാപകമായ തോതിൽ സംസ്ഥാന ഗവൺമെൻറ് ഏറെറടുത്തിട്ടുണ്ട്. ഈ വർഷത്തിൽ ഏറെറടുത്തിട്ടുള്ള ഗ്രാമീണ റോഡുകൾ ഏററവും കൂടുതൽ മലപ്പുറം ജില്ലയിലാണ്. ഇതെല്ലാം പറഞ്ഞാലും നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ എല്ലാ റോഡുകളും മെച്ചപ്പെടുത്താൻ സംസ്ഥാന ഗവൺമെൻറിനു കഴിഞ്ഞിട്ടുണ്ടെന്നു ഞാൻ അവകാശപ്പെടുന്നില്ല. ഏതാണ്ട് 85,000 കിലോമീററർ നീളമുള്ള റോഡുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഇതിൽ വെറും 16000 കിലോമീററർ റോഡ് മാത്രമാണ് സംസ്ഥാന മരാമത്തുവകുപ്പിൻെറ നിയന്ത്രണത്തിലുള്ളത്. ഇതിൽ സംസ്ഥാന ഗവൺമെൻറ് 1967 മുതൽ ഇന്നോളം ഏറെറടുത്തിട്ടുള്ള 2,500 ഓളം കിലോമീററർ റോഡ് ഉൾപ്പെടും. ഈ റോഡുകൾ പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽനിന്നും ഏറെറടുത്തിട്ടുണ്ടെങ്കിലും നാനൂറോ അഞ്ഞൂറോ കിലോമീററർ മാത്രമാണ് പി. ഡബ്ലിയു. ഡി. സ്ററാൻഡേർഡിൽ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്. ബാക്കിയെല്ലാം താൽക്കാലികമായി റിപ്പെയറുകൾ നടത്തി ട്രാഫിക്കബിളാക്കിയിട്ടുള്ളതിൽ കവിഞ്ഞ് ഫലപ്രദമായി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ വർഷം 343 കിലോമീററർ ഗ്രാമീണ റോഡുകൾ ഏറെറടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 400 കിലോമീററോളം ഏറെറടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്രയും റോഡുകൾ ഏറെറടുക്കുമ്പോൾ നേരത്തെ സൂചിപ്പിച്ചതുപോലെ ഇപ്പോൾത്തന്നെ ഏറെറടുത്ത് കഴിഞ്ഞിട്ടുള്ള 2500 കിലോമീററർ റോഡുകളും പഞ്ചായത്തിൻെറ അധീനതയിലുള്ള ബസ്സ് ഗതാഗതം നടക്കുന്ന 4000 ൽ പരം കിലോമീററർ റോഡുകളും അടിയന്തിരമായി മെച്ചപ്പെടുത്താൻ നമുക്കു കഴിഞ്ഞിട്ടില്ലെങ്കിൽപ്പോലും ഇന്ന് ഗ്രാമപ്രദേശങ്ങളിൽനിന്നും ഉയർന്നുവരുന്ന മുറവിളിക്ക് പരിഹാരം കാണാൻ നമുക്കു കഴിയണം. പി. ഡബ്ലിയു. ഡി. ഏറെറടുത്ത 2500 കിലോമീററർ റോഡുകൾ നന്നാക്കണമെന്ന് ഉദ്ദേശിച്ചാൽത്തന്നെയും അതിന് ഇന്നുള്ള ശരാശരി ചെലവ് കണക്കാക്കിയാൽ 110 കോടി രൂപയോളം വേണ്ടിവരും. നമുക്ക് ഈ പഞ്ചവൽസര പദ്ധതിക്കാലത്ത് 25 കോടി രൂപ മാത്രമാണ് ഉള്ളത്. ഈ 25 കോടി രൂപ ക്രമത്തിൽ ചെലവഴിച്ചുപോയാൽ അടുത്തകാലത്തൊന്നും നമുക്ക് ഈ റോഡു ഗതാഗതം മെച്ചപ്പെടുത്തുന്ന പ്രക്രിയ ആശാവഹമായി പൂർത്തീകരിക്കാൻ സാധിക്കുകയില്ല. പഞ്ചായത്തധീനതയിലുള്ള റോഡുകളുടെ മെച്ചപ്പെടുത്തൽ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന വേഗതയിലായാൽ നമ്മുടെ സംസ്ഥാനത്തിൻെറ ഗ്രാമപ്രദേശങ്ങളുടെ ഉള്ളുകളിൽ കൂടുതൽ ഗതാഗതസൗകര്യങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയില്ല. അതിനുള്ള നടപടികൾ എടുക്കാൻ കഴിയണമെങ്കിൽ ജില്ലാതലത്തിൽ ഗ്രാമീണറോഡുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ജില്ലാ റോഡ് പ്ലാൻ ഉണ്ടാക്കണം. അതുപോലെതന്നെ ഒരു സംസ്ഥാന റൂറൽ റോഡ് പ്ലാനും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കേണ്ടത യിട്ടുണ്ട്. അതിന് സംസ്ഥാന ഗവൺമെൻറ് നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഈ പ്ലാൻ രൂപീകരിച്ചുകഴിഞ്ഞാൽത്തന്നെയും ഗ്രാമീണ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ധനം നാം കണ്ടെത്തേണ്ടതായിട്ടുണ്ട്. സംസ്ഥാന ഗവൺമെൻറ് ഒരു സ്റ്റേററ് റോഡ് ഫണ്ട് ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിരുന്നു. എന്നാൽ ഭരണപരമായ കാരണങ്ങൾ വച്ചുകൊണ്ട് അതിൻമേൽ തീരുമാനം എടുത്തില്ല. ഒരു തീരുമാനം അനിവാര്യമായി എടുക്കേണ്ടിയിരിക്കുന്നു. മോട്ടോർ സ്പിരിട്ടിൻെറ സെയിൽസ്ടാക്സിൻെറ ഒരു വിഹിതവും മോട്ടോർ വെഹിക്കിൾ ടാക്സിൻെറ ഒരു വിഹിതവും മേജർ പാലങ്ങളിൻമേൽ ഉള്ള ടോളും റോഡു നിർമ്മാണത്തിൻമേലുള്ള ബെററർമെൻറ് ലെവിയും എല്ലാം ചേർത്ത് സ്റ്റേററ് റൂറൽ റോഡ് ഫണ്ട് ഉണ്ടാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. സംസ്ഥാന ഗവൺമെൻറ് ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ നമ്മുടെ റോഡുകൾ മെച്ചപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല.

സർ, എൻെറ സുഹൃത്ത് ശ്രീ. തോമസ് ഇവിടെ കുമ്പഴ ബസ്സപകടത്തെപ്പററി പറഞ്ഞു. അതുപോലെ അപകടം പതിയിരിക്കുന്ന പല റോഡുകളും ഉണ്ട്. വാഹന അപകടങ്ങളുടെ കാര്യത്തിൽ റോഡുകൾ തീരെ അപ്രധാനമല്ലാത്ത ഘടകമാണെന്നു സമ്മതിക്കുന്നു. എന്നാൽ ഈ ഓവർ സ്പീഡും.............................

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കുമ്പഴ റോഡിൻെറ വളവ് നിവർക്കാൻ ഉള്ള നടപടികൾ അടിയന്തിരമായി എടുക്കുമോ ?

ശ്രീ. കെ. പങ്കജാക്ഷൻ: ഓവർ സ്പീഡുകൊണ്ട് കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ കൊടുംവളവുകളും വീതിയില്ലായ്മയും എല്ലാം കണക്കിലെടുത്ത് പരിഹാരം ഉണ്ടാക്കുന്നതിനും തേരികൾ ലഘൂകരിക്കാനും മരാമത്തുവകുപ്പ് ഫലപ്രദമായ നടപടികൾ അടുത്ത കാലത്ത് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

തിരുവനന്തപുരം—എറണാകുളം നാഷണൽ ഹൈവേ, കോഴിക്കോട്—വൈത്തിരി, ഗൂഡല്ലൂർ—കോഴിക്കോട്, പാലക്കാട്—പൊള്ളാച്ചി എന്നീ റോഡുകൾ വീതി കൂട്ടുന്നതിനും വളവുകൾ തീർക്കുന്നതിനുമുള്ള നടപടികൾ ത്വരിത ഗതിയിൽ നടക്കുന്നുണ്ട്. റോഡുകളുടെ വീതി കൂട്ടുവാനും വളവുകൾ തീർക്കുവാനും ശ്രമിക്കുമ്പോൾ അതിനെ പരാജയപ്പെടുത്തുന്നതിനുള്ള പല ശ്രമങ്ങളും ഉണ്ടാകുന്നുണ്ട്. ആ വസ്തുതകൂടി ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുന്നത് നന്നായിരിക്കും. ഞാൻ വ്യക്തിപരമായി ആരേയും പരാമർശിക്കുന്നില്ല. എന്തായാലും അടിയന്തിരമായ നടപടി ഈ കാര്യത്തിൽ കൈക്കൊള്ളുന്നതാണ്.

റോഡ് അപകടങ്ങൾ ഒഴിവാക്കുന്ന നടപടിയുടെ ഭാഗമായി ഇത്തവണത്തെ ബഡ്ജററിൽ റോഡ് റബ്ബറൈസ് ചെയ്യുന്നതിനുള്ള ചില നടപടികൾ സ്വീകരിക്കുവാൻ വകകൊള്ളിച്ചിട്ടുണ്ട്. സ്കിഡ്ഡിംഗും മററുമുള്ള പ്രദേശങ്ങൾ കണ്ടുപിടിച്ച് അവിടം റബ്ബറൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുവാൻ പ്രത്യേക വ്യവസ്ഥതന്നെ ചെയ്തിട്ടുണ്ട്.

പല പാലങ്ങളുടെ കാര്യവും ഇവിടെ പല അംഗങ്ങളും പറയുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 15 മേജർ പാലങ്ങളുടെ പണി പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. 50 മേജർ പാലങ്ങളുടേയും 15 മൈനർ പാലങ്ങളുടേയും പണി നടന്നുകൊണ്ടിരിക്കുകയാണ്. ഈ വരുന്ന സാമ്പത്തികവർഷം 55 പാലങ്ങളുടെ പണി

LIBRARY ARCHIVES Kerala Legislative Assembly

കൂടി ഏറ്റെടുക്കുവാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഈ വർഷം പുതുതായി ഉൾക്കൊള്ളിച്ച 35 പാലങ്ങളുടെ വർക്കുകൾ ഉൾപ്പെടെ 100-ൽ ചില്വാനം പാലങ്ങളുടെ പുനർനിർമ്മാണത്തിന് ഈ തവണത്തെ ബഡ്ജററിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയുവാൻ അങ്ങ് എന്നെ അനുവദിക്കണം.

നമ്മുടെ ഹിൽ ഹൈവേക്ക് പ്ലാനിംഗ് കമ്മിഷന്റെ പ്രാഥമിക അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പഞ്ചവൽസര പദ്ധതിയിൽ ഒരു കോടി രൂപ നീക്കിവയ്ക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി ഏറ്റെടുക്കണമെങ്കിൽ പ്ലാനിംഗ് കമ്മിഷന്റെ ക്ലിയറൻസ് വാങ്ങിയിരിക്കണമെന്നു നിർദ്ദേശിച്ചിരിക്കുകയാണ്.

സർ, അങ്ങേയ്ക്കുകൂടി താൽപര്യമുള്ള ഒരു കാര്യം കൂടി സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ നിയമസഭയ്ക്ക് ഒരു പുതിയ ലെജിസ്ലേച്ചർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പണി ഈ വർഷംതന്നെ തുടങ്ങാൻ കഴിയണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ മുൻകൈ എടുത്ത് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സിവിൾസ്റേറഷന്റെ പണി പുതുതായി പലയിടത്തും തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു സിവിൾസ്റേറഷൻ പണിയുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

നാഷണൽ ഹൈവേയുടെ കാര്യം പലതവണ പറഞ്ഞിട്ടുള്ളതാണ്. ശ്രീ. ഭാസ്കരൻ വളപട്ടണം പാലത്തിന്റെ കാര്യം പറഞ്ഞു. അതിന്റെ പണി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാരും ഞാനും അവിടെപ്പോയി ഈ പണിയുടെ പുരോഗതി വീക്ഷിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷത്തിൽ തന്നെ ഇതിന്റെ പണി പൂർത്തിയാകുമെന്നുള്ള ഉറപ്പുണ്ട്. ഇതിന്റെ അപ്രോച്ച് റോഡിന് 46 ലക്ഷം രൂപ ചെലവുവരും. അപ്രോച്ചു റോഡിന്റെ പണി ഏതാനും ആഴ്ചകൾക്കകം തന്നെ തുടങ്ങുവാൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

സ്പോർട്സ്മാൻമാർക്ക് പെൻഷൻ കൊടുക്കുന്നതിനെക്കുറിച്ച് ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജിയും, ' ശ്രീ. വാസുദേവൻപിള്ളയും പറയുകയുണ്ടായി. മുൻ കായികതാരങ്ങളുടെ പ്രകടനങ്ങൾ കണക്കിലെടുത്തുകൊണ്ടും സാമ്പത്തിക പരാധീനത കണക്കിലെടുത്തുകൊണ്ടുമാണ് ഈ ആനുകൂല്യം നൽകേണ്ടത്. ഇവരുടെ സാമ്പത്തിക പരാധീനതയെക്കുറിച്ച് തീരുമാനിക്കേണ്ടത് ബന്ധപ്പെട്ട തഹസിൽദാർമാരും കളക്ടറുമാണ്. അതിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരു തീരുമാനമെടുക്കുവാൻ കഴിയുകയില്ല. പണ്ട് കളിച്ചിട്ടുണ്ട് എന്നുള്ളതിന്റെ പേരിൽ പെൻഷൻ കൊടുക്കുകയില്ല. മെച്ചപ്പെട്ട പ്രകടനം കാഴ്ച വച്ചിട്ടുള്ള, സ്പോർട്ട്സ് മേഖലയിലേക്ക് അവരുടേതായ സംഭാവനകൾ നൽകിയിട്ടുള്ളവരെ ഉദ്ദേശിച്ചുകൊണ്ടാണ് പെൻഷൻ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ സ്പോർട്ട്സ് താരങ്ങൾക്ക് പരിശീലനകാലത്ത്, കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കുന്ന കാലത്ത് ഇന്നു നൽകുന്നതിനേക്കാൾ മെച്ചപ്പെട്ട ബത്ത നൽകണമെന്നുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശത്തെ മാനിച്ചുകൊണ്ട് കോച്ചിംഗ് കാലത്ത് 8 രൂപ അലവൻസ് ഉണ്ടായിരുന്നത് 10 രൂപയായി വർദ്ധിപ്പിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. അതുപോലെതന്നെ അവർ മററുസംസ്ഥാനങ്ങളിലേക്ക് പോകുന്ന അവസരത്തിലും അവർക്കു നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തുക വർദ്ധിപ്പിക്കുവാൻ ഉള്ള തീരുമാനം ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ഈ നടപടികൾ നമ്മുടെ സംസ്ഥാനത്തെ പൊതുവായ സ്പോർട്ട്സ് വികസനത്തിന് സഹായകരമാകുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എ.എ. റഹീം: എൻ. എച്ചിനുവേണ്ടി സ്ഥലം മാർക്ക് ചെയ്തിടുകയും ആ സ്ഥലം മരവിപ്പിക്കുകയും ചെയ്തിട്ട് വർഷങ്ങളായി. ഒന്നുകിൽ ആ സ്ഥലം വില കൊടുത്ത് എടുക്കുകയോ അല്ലെങ്കിൽ മററു നടപടി സ്വീകരിക്കുകയോ ചെയ്യണം. കടപുഴ പാലത്തിന്റെ പണി ഉടനേ ആരംഭിക്കുമോ ?

ശ്രീ. കെ. പങ്കജാക്ഷൻ: ബഹുമാനപ്പെട്ട മെമ്പർ ആലപ്പുഴ ബൈപ്പാസിന്റെ കാര്യമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കടപുഴ പാലത്തിന് സാങ്കേതികാനുമതി ഗവൺമെന്റ് നൽകിക്കഴിഞ്ഞിട്ടുണ്ട്. പൊതുമരാമത്തിലേക്കുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നപേക്ഷിക്കുന്നു.

ശ്രീ. ഈപ്പൻവർഗ്ഗീസ്: പാലത്തിന്റെ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ. പെരുമ്പടവു പാലത്തിന്റെ കാര്യം എന്തായി.

ശ്രീ. കെ. പങ്കജാക്ഷൻ: സംസ്ഥാനാന്തരപ്രാധാന്യമുള്ളതും സാമ്പത്തിക പ്രാധാന്യമുള്ളതും ആയ ചില പണികൾ അടിയന്തിരമായി അനുവദിക്കണമെന്നു പറഞ്ഞുകൊണ്ട് കേന്ദ്രഗവൺമെന്റിനോട് നിവേദനം നടത്തിയിട്ടുണ്ട്. ആ കൂട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പാലവും, കോട്ടൂർ—അംബാസമുദ്രം റോഡ് കൊച്ചിൻ-മധുര റോഡ്, കൊല്ലം-ചെങ്കോട്ട റോഡ്, ചന്ദ്രഗിരിപ്പുഴയ്ക്ക് പാലം എന്നീ പ്രധാനപ്പെട്ട പണികൾക്ക് വേണ്ട സാമ്പത്തിക സഹായം കേന്ദ്ര റോഡ് ഫണ്ടിൽനിന്ന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്, ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, ഈ ചർച്ചയിൽ പങ്കെടുക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും
2 P.M.] ചെയ്ത എന്റെ മാന്യസുഹൃത്തുക്കളെ ആദ്യമായി ഞാൻ അനുമോദിക്കുന്നു, ഞാൻ എന്റെ നന്ദി രേഖപ്പെടുത്തുന്നു. അഗ്രികൾച്ചറിനെ സംബന്ധിച്ചിടത്തോളം പറയത്തക്ക ക്രിററിസിസം ഒന്നും ഉണ്ടായില്ല. കൊക്കോയെപ്പററിയാണ് ഇവിടെ ചില തൊക്കെ പറഞ്ഞത്. അക്കാര്യത്തെപ്പററി ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ കൊക്കോ പ്രോസസിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുൻകൈയെടുക്കുന്നുണ്ട്. കൂടാതെ ഏതെങ്കിലും വലിയ വ്യവസായികൾ ഇത് ഏറെറടുത്ത് നടത്താൻ മുന്നോട്ടുവന്നാൽ ഗവൺമെന്റ് തലത്തിൽനിന്ന് എന്തെല്ലാം സഹായങ്ങൾ ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശോക്കനെട്ട് കോംപ്ലക്സിനെപ്പററി എന്തു പറയുന്നു?

ശ്രീ. എ. എൽ. ജേക്കബ്: അതു വരുന്നതേയുള്ളൂ. കൊക്കോയുടേതു പറയുമ്പോൾ കോക്കനെട്ട് പറയുന്നതെങ്ങനെ? പിന്നെ, ഏകദേശം 15,000 ടണ്ണാണ് ഇൻഡ്യക്ക് ആവശ്യമുള്ളത്. അത് നമുക്ക് പ്രൊഡ്യൂസ് ചെയ്യാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ മുപ്പതിനായിരത്തോളം തൈകൾ ഇപ്പോൾ വിതരണം ചെയ്തു കഴിഞ്ഞു. ഇനി 25,000 തൈകൾ കൂടി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ വില ഏകദേശം ഒരുറുപ്പിക 50 പൈസ വരെയാണെങ്കിലും സബ്സിഡിയുടെ അടിസ്ഥാനത്തിൽ 40 പൈസയ്ക്ക് കൃഷിക്കാർക്ക് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ ഈ രംഗത്ത് എന്തെല്ലാം കൃഷിക്കാർക്ക് ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യാൻ ഗവൺമെന്റ് ഒരുക്കമാണ്. സകലവിധ സഹായങ്ങളും ചെയ്യും.

പിന്നെ, കോക്കനട്ട് കോംപ്ലക്സിന്റെ കാര്യത്തെപ്പററി പറയുകയുണ്ടായി. മാമത്തും കോഴിക്കോട്ടും ഓരോ പ്ലാൻറുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. അതിന് ഏകദേശം 160 ലക്ഷം ഉറുപ്പിക കൊള്ളിച്ചിട്ടുണ്ട്. അറുപത് ടൺ വീതം പ്രോസസ് ചെയ്യാവുന്ന പ്ലാൻറുകളാണ് കോഴിക്കോട്ടും മാമത്തും തുടങ്ങാൻ ഉദ്ദേശിക്കുന്നത്. മാമത്തുള്ളത് ഈ വരുന്ന ജൂണിൽ പ്രവർത്തനം തുടങ്ങും. ദിവസം 60 ടൺ എന്നു വച്ചാൽ 5 ലക്ഷം ഉറുപ്പികയുടെ കൊപ്ര ആയിരിക്കും പ്രോസസ് ചെയ്യുന്നത്. അതിന്റെ ഉദ്ദേശം എന്താണെന്നുവച്ചാൽ അതിൽനിന്ന് എണ്ണയും പിണ്ണാക്കും എടുത്തിട്ട് ഇൻഡ്യയുടെ പല ഭാഗത്തും എണ്ണ കയററി അയയ്ക്കണമെന്നാണ്. പിണ്ണാക്കുകൊണ്ട് കാലിത്തീററ ഉണ്ടാക്കുന്നതിനുള്ള പ്ലാനുണ്ട്. ഇവിടെ കാലിത്തീററ വിലകുറച്ചു കൊടുക്കാതെ, പാലിനു വില കുറയ്ക്കുകയില്ല എന്നുള്ള ഒരു അഭിപ്രായം വന്നത് ശരിയാണ്. ഇപ്പോൾ ഒരു കാലിത്തീററ പ്ലാന്റ് മലമ്പുഴയിൽ നമ്മുടെ വകയായി ഉണ്ട്. അവിടെ ഏകദേശം 60 ടൺ ആണ് ഉൽപാദിപ്പിക്കുന്നത്. നമ്മുടെ കേരളത്തിൽ ഇന്ന് ആയിരം ടണ്ണോളം കാലിത്തീററ ആവശ്യമുണ്ട്. അതൊക്കെ അന്യനാട്ടിൽനിന്നാണ് വരുന്നത്. അപ്പോൾ ഇവിടെ പല സ്ഥലങ്ങളിലും ഫാക്ടറികൾ സ്ഥാപിച്ച് നമുക്ക് ആവശ്യമുള്ള കാലിത്തീററ നമ്മുടെ രാജ്യത്തുതന്നെ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

പിന്നെ, ഇവിടെ എണ്ണപ്പന കൃഷി ചെയ്യുന്നുണ്ട്. അത് ആട്ടി കിട്ടുന്ന പിണ്ണാക്കും ഇവിടെനിന്നും കൊണ്ടുപോകുന്നുണ്ട്. അന്യ നാട്ടുകാരാണ് ഇത് കൂടുതലായി കൃഷി ചെയ്യുന്നത്. അതൊക്കെ നമുക്കിവിടെ കൃഷിചെയ്യാൻ സാധിക്കുമെന്നുള്ള വിശ്വാസം ഉണ്ട്. അങ്ങനെ ഉത്തമമായ ഒരു കാർഷിക മുന്നേററമാണ് ഇവിടെ ഉണ്ടാകാൻ പോകുന്നത്. അതിന് നിങ്ങളുടെ എല്ലാവരുടേയും സഹായസഹകരണങ്ങൾ ഉണ്ടെങ്കിൽ നടക്കും.

ശ്രീ. എം. പി. ഗംഗാധരൻ: കാപ്പി കൂടുതൽ ഉൽപാദിപ്പിക്കുമെന്നും സ്ററാർച്ചുഫാക്ടറി ഉണ്ടാക്കുമെന്നുമുള്ള പ്രഖ്യാപനങ്ങളൊക്കെ ഉണ്ടായി. അതൊക്കെ എന്തായി?

ശ്രീ. എ. എൽ. ജേക്കബ്: അതൊക്കെ ഒന്നിച്ചു പറഞ്ഞാൽ എന്തു ചെയ്യും? കാപ്പി ഉൽപന്നങ്ങൾ നമ്മൾ ഇവിടെനിന്ന് ധാരാളം അയയ്ക്കുന്നുണ്ട്. നമുക്കാവശ്യമുള്ള കാലിത്തീററ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാനുള്ള പ്ലാന്റ് ഉണ്ടാക്കുന്നുണ്ട്. അങ്ങനെ കാലിത്തീററ ഉണ്ടാക്കി നമുക്ക് അത് ഇവിടെ ചെലവാക്കാം. ഇന്ന് ഇപ്പോൾ വെളിച്ചെണ്ണയ്ക്കും കൊപ്രയ്ക്കുമൊക്കെ വില നിശ്ചയിക്കുന്നത് വടക്കേ ഇൻഡ്യക്കാരാണ്. എണ്ണ നമ്മൾ ഇവിടെ ഉണ്ടാക്കുന്നുണ്ടെങ്കിലും അതിന് വില നിശ്ചയിക്കുന്നത് അന്യരാണ്. അതുകൊണ്ട് കർഷകർക്ക് പററിയ വിലയും കിട്ടുന്നില്ല. ആ ഉദ്ദേശത്തോടുകൂടിയാണ് നമ്മൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

കോക്കനട്ട് കോംപ്ലക്സ് ഇവിടെ സ്ഥാപിക്കുന്നത്, കുറച്ചു കഴിഞ്ഞാൽ അതുകൊണ്ടും ഒന്നും ആകുകയില്ല. കയററി അയയ്ക്കുന്നതിന്റെ 25 ശതമാനം മാത്രമെ നമുക്കിവിടെ കൃഷിചെയ്യാൻ പററുകയുള്ളു. എങ്കിലും കാലക്രമേണ പല ഭാഗങ്ങളിലും ചെറിയ ചെറിയ ഫാക്ടറികൾ സ്ഥാപിച്ച് ഇവിടെ ഉണ്ടാക്കുന്ന കൊപ്ര മുഴുവൻ ആട്ടുന്നപക്ഷം നമ്മുടെ ഈ കർഷകർക്ക് നല്ല വില കിട്ടും. ഇന്ന് ഇപ്പോൾ ഇടപ്പാളിൽ ഒരു ഫാക്ടറി ഉണ്ട്. അവിടെ കോക്കനട്ട് കർഷകർക്ക് പല സഹായങ്ങളും ചെയ്യുന്നുണ്ട്. അവരുടെ അഭിപ്രായത്തിൽ നമ്മുടെ ശാസ്ത്രീയമായ സൗകര്യങ്ങൾ സ്വീകരിക്കുന്ന പക്ഷം ഒരുകാലത്ത് ഒരു തേങ്ങയ്ക്ക് 10 ഉറുപ്പിക വരെ വില കിട്ടുമെന്നാണ്. ഇവിടെ ഈ കൊല്ലം ഏകദേശം 237 ലക്ഷം ഉറുപ്പികയാണ് തെങ്ങുകൃഷിക്കുവേണ്ടി ചെലവാകുന്നത്. കഴിഞ്ഞവർഷത്തേക്കാൾ 30 ലക്ഷം ഉറുപ്പിക കൂടുതലാണ്. ഇവിടെ തെങ്ങുകൃഷി വികസിപ്പിക്കുന്നതിനുവേണ്ടി പല പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. നല്ല ഇനം തൈകൾ 25,000 ഹെക്ടർ സ്ഥലത്ത് വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി 95 ലക്ഷം ഉറുപ്പിക നമ്മൾ കൈകാര്യം ചെയ്യുന്നുണ്ട്. അതുപോലെതന്നെ രോഗംവന്ന തെങ്ങ് വെട്ടിമാററി പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് 35 ലക്ഷം ഉറുപ്പിക വകകൊള്ളിച്ചിട്ടുണ്ട്. അങ്ങനെ എല്ലാ ലൈനിലും തെങ്ങുകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായിട്ട് ഗവൺമെൻറിന് എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യുന്നതിന് ഗവൺമെൻറ് മുന്നോട്ടുവന്നിട്ടുണ്ട്.

കൂടാതെ കശുമാവു കൃഷി ഇരുപത്തയ്യായിരം ഏക്കർ സ്ഥലത്തുകൂടി വ്യാപിപ്പിക്കുന്നുണ്ട്. കശുമാവ് ഇവിടെ കൃഷിചെയ്യുന്നതിന് അതിന്റെ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ അതിന്റെ മാങ്ങ എടുത്തിട്ട് ജാമും അതുപോലെതന്നെ ഉപയോഗിക്കാവുന്ന മററ് പാനീയങ്ങളുമുണ്ടാക്കാൻ ഒരു ഫാക്ടറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ അതിനും നല്ലവില കിട്ടാൻ സാദ്ധ്യത ഉണ്ട്.

പിന്നെ കുരുമുളകിനെ സംബന്ധിച്ചിടത്തോളം നോക്കിയാൽ അതും വികസിപ്പിക്കുന്നതിനുള്ള പല പരിപാടികളും സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ കയ്യിലായിരുന്ന കുരുമുളകിനെ സംബന്ധിച്ചിടത്തോളം ഉള്ള കുത്തക അത് നമ്മുടെ കയ്യിൽനിന്ന് വിട്ടുപോയിട്ടുണ്ട്. ഇപ്പോൾ ഇവിടെ ഏകദേശം ഒരു ഹെക്ടറിന് 225 കിലോ വിളയുമ്പോൾ മലേഷ്യയിൽ ഒരു ഹെക്ടറിന് മൂവായിരം കിലോയാണ് വിളയുന്നത്. അതിന്റെ കൃഷിയിൽ നാം വേണ്ടത്ര ശ്രദ്ധിക്കാറില്ല. അതുകൊണ്ട് ഉടൻതന്നെ ഒരു ''കുരുമുളക് മാസം'' തന്നെ കൊണ്ടാടാനുള്ള ഉദ്ദേശം ഉണ്ട്. ദേവസ്സിക്കുട്ടിക്ക് അതിന്റെ ഉദ്ദേശം എന്താണെന്ന് അറിയാമോ? എല്ലാ വീടുകളിലും കുടിലുമുതൽ കൊട്ടാരം വരെ അതിന്റെ വള്ളികൾ എത്തിക്കാനാണ് ഉദ്ദേശം. എന്തായാലും എല്ലാ സ്ഥലങ്ങളിലും പോയി കർഷകരെ കണ്ട് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ എല്ലാവരും ശ്രമിക്കണം. അത് എങ്ങനെയാണെന്നുവച്ചാൽ തിരഞ്ഞെടുപ്പുകാലം വരുമ്പോൾ രാഷ്ട്രീയ നേതാക്കൻമാരും അവരുടെ അനുയായികളും വോട്ടർമാരെ സമീപിക്കുന്നതുപോലെ ആ ലൈനിൽ പോയി കർഷകരെ സമീപിച്ച് അവർക്കുവേണ്ട ഉപദേശം നൽകുന്നപക്ഷം തീർച്ചയായിട്ടും നമ്മുടെ നാട്ടിൽ ഈ കൃഷി വളരെ മുൻ നിരയിലാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: നമ്മുടെ ഭൂരിപക്ഷം കർഷകരും ഇതുകൊണ്ട് വോട്ട് തരില്ല.

ശ്രീ. എ. എൽ. ജേക്കബ്: അതുകൊണ്ട് അങ്ങേ ഭാഗത്തിരിക്കുന്ന നമ്മുടെ ടി. കെ. രാമകൃഷ്ണനും മററും മററും ഇവിടെനിന്നും വലിയ ബഹളമൊന്നും കൂടാതെ പുറത്തുപോയി വല്ലതും നാട്ടുകാർക്ക് ചെയ്യാൻ സാധിച്ചെങ്കിൽ നന്നായിരിക്കും. അതാണ് എന്റെ ഉദ്ദേശം. പാടത്ത് പണിയെടുക്കുന്നത് എങ്ങനെയാണെന്ന് നമ്മളും ഉപദേശിക്കണം. ജോർജ്ജ് വാഷിംഗ്ടൺ പറഞ്ഞിട്ടുള്ളത്, പാടത്ത് പണിയെടുക്കുന്നത് പോലെയല്ല കവിതയെഴുതുന്നത് എന്നാണ്. പാടത്തുപണിയെടുക്കുന്നത് മഹനീയമാണെന്ന് കണക്കാക്കാത്തിടത്തോളംകാലം രക്ഷപെടാൻ പോകുന്നില്ല എന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അക്കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കി ഇത് നിങ്ങളൊക്കെ ചെയ്യണം. അതല്ലാതെ ഇവിടെ കിടന്ന് ബഹളകൂട്ടിയിട്ടൊന്നും കാര്യമില്ല.

പിന്നെ വേറൊന്ന്, ദേവസ്സിക്കുട്ടി പണ്ടേ പറയുന്ന കാര്യങ്ങൾ നമ്മൾ ഇപ്പോൾ റിപ്പീററുചെയ്യുന്നു എന്നു മാത്രമേയുള്ളു. ദേവസ്സിക്കുട്ടി പഴയ കൃഷിക്കാരനാണെന്ന് എനിക്ക് നല്ലപോലെ അറിയാം. അദ്ദേഹം ചില കാര്യങ്ങളൊക്കെ പറഞ്ഞു. അതുകൊണ്ട് ദേവസ്സിക്കുട്ടി ഇങ്ങനെയുള്ള എക്സ്പീരിയൻസ് മററ് കൃഷിക്കാരെയൊക്കെ ഒന്ന് പറഞ്ഞുമനസ്സിലാക്കിയാൽ നാട്ടിലെ കൃഷി വളരും.

പിന്നെ നമുക്ക് ഇവിടെയുള്ളത് എണ്ണപ്പനയാണ്. അതിപ്പോൾ 6000 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി 14 കോടിയോളം രൂപ നമ്മൾ വകകൊള്ളിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എണ്ണപ്പനയിൽ നിന്നും കിട്ടുന്ന കുരു ഉണ്ടല്ലോ അത് ആട്ടിക്കഴിഞ്ഞുകിട്ടുന്ന പിണ്ണാക്കുകൊണ്ട് കാലിത്തീററ ഉണ്ടാക്കാൻ സാധിക്കുന്നതാണ്. പിന്നെ മൃഗസംരക്ഷണരംഗത്ത് മററു സ്റേററുകളെ ഒക്കെ അപേക്ഷിച്ച് നമ്മൾ വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. ഇപ്പോൾ 10 പോളിക്ലിനിക്കുകൾ ഇവിടെ നമ്മൾ സ്ഥാപിക്കാൻ പോകുന്നുണ്ട്. അതിന്റെ ഉദ്ദേശം എന്താണെന്നുവച്ചാൽ-പോലീസ് സ്റേഷനുകളിൽ എമർജൻസി കാൾ 100 എന്നെഴുതിവച്ചിരിക്കുന്നതുപോലെ ഏതുസമയത്തു വിളിച്ചാലും കൃഷിക്കാരന്റെ ആവശ്യത്തിനുവേണ്ടി 24 മണിക്കൂറിനകം കൃഷിക്കാരന്റെ വീട്ടിലെത്താൻതക്ക രീതിയിൽ ഇവർ റെഡിയായിരിക്കണം. പിന്നെ മൃഗസംരക്ഷണരംഗത്ത് പലതും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. നമുക്ക് ഓപ്പറേഷൻ ഫ്ളഡ് പദ്ധതി എന്നുപറഞ്ഞ് ഒരു ഏർപ്പാടും ഇവിടെ വരാൻ പോകുന്നുണ്ട്. കേരളത്തിലെ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെക്കാലമായി ആഗ്രഹിച്ചുവരുന്ന ഓപ്പറേഷൻ ഫ്ളഡ് പരിപാടി ഈ വർഷം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. കന്നുകാലി വളർത്തലും ക്ഷീരവികസനവും സംഘടിപ്പിച്ച് പാൽ സംസ്കരണ - സംഭരണ - വിപണന സൗകര്യങ്ങളും ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതു മൂലം കേരളത്തിലെ രണ്ടുലക്ഷത്തോളം പാൽ ഉൽപാദകർക്ക് ഗുണം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. 11 കോടി രൂപയാണ് ഇതിനുവേണ്ടി നീക്കിവച്ചിരിക്കുന്നത്. ഈ വർഷത്തെ ബഡ്ജററിൽ ഒരുകോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ 15 കോടി രൂപ 70 ശതമാനം ലോണായിട്ടും 30 ശതമാനം ഗ്രാന്റായിട്ടുമാണ് വരുന്നത്. അതിന്റെ പലിശ എത്ര ശതമാനമാണ്. പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം പാലിന്റെ വില കുറയണമെങ്കിൽ ഞാൻ മുൻപ് പറഞ്ഞതുപോലെ കുറഞ്ഞവിലയ്ക്ക് കാലിത്തീററ ലഭ്യമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ കാലിത്തീററ സുലഭമായതുകൊണ്ടും വില കുറവായതുകൊണ്ടും, പാലിന്റെ വില താരതമ്യേന കുറവാണ്. അതുകൊണ്ടാണ് ഞാൻ കഴിഞ്ഞതവണപറഞ്ഞത്, ഇവിടെ പാൽപ്പൊടിയുണ്ടാക്കിയാൽ നമുക്ക് നഷ്ടം വരുമെന്ന്. അതിന് ഒരു കാലം വരും നമുക്കിവിടെ. പിന്നെ ഈ കൊക്കോ പ്രോസസിംഗ് തുടങ്ങിക്കഴിഞ്ഞാൽ ഇവിടെ ചോക്ലേററ് ഉണ്ടാക്കാം. ഐസ്ക്രീം ഉണ്ടാക്കാം അതുപോലെ പലതും ഉണ്ടാക്കാം. അപ്പോൾ പിന്നെ പാൽ ഒരു തുള്ളി ബാക്കി വരികയില്ല. കുറച്ചുകഴിഞ്ഞാൽ പാലും ഐസ്ക്രീമും ഒക്കെക്കൂടി ഒരു ബഹളമായിരിക്കും ഇവിടെ. എല്ലാപേർക്കും തരാൻ ഉദ്ദേശിക്കുകയാണ്. അക്കാര്യത്തിൽ ഒന്നും പേടിക്കണ്ട. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ ഒരു മിൽമാ ബൂത്ത് തുടങ്ങിക്കളയാം. അത് അനുവദിക്കണം. ഓപ്പറേഷൻ ഫ്ളഡ് പരിപാടി നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ ഇൻഡ്യൻ ഡയറി കോർപ്പറേഷനുമായി ചർച്ച ചെയ്ത് കഴിഞ്ഞിരിക്കുകയാണ്. ഇതുസംബന്ധിച്ച കരാർ മിക്കവാറും ഈ മാസം ഉണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ മാന്യ സുഹൃത്തുക്കളെല്ലാം പറഞ്ഞ കാര്യങ്ങൾ വിലയിരുത്തി അതേപ്പററി ഗവൺമെൻറ്ഭാഗത്തുനിന്നും എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യുന്നതാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, എന്റെ വകുപ്പിലുള്ള ധനാഭ്യർത്ഥനകൾ ഏതാണ്ട് 10½ കോടി രൂപയുടേതാണ്. ഫോറസ്ററിൽ നിന്നുള്ള വരുമാനം 31 കോടിയിൽ പരം രൂപയാണ്. ഏതാണ്ട് മുപ്പത്തിനാലോ മുപ്പത്തിയഞ്ചോ കോടി രൂപയാണെന്നാണ് അവസാനമായി കണക്കാക്കപ്പെടുന്നത്. ഫോറസ്ററിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള മററു കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല, അത് എല്ലാവർക്കും അറിയാവുന്നതാണ്. നമ്മുടെ നിലനില്പിന്റെ പ്രശ്നങ്ങളാണ്. സർ, ഫോറസ്ററിലെ കൈയേററങ്ങളെ സംബന്ധിച്ചും ഫോറസ്ററിന്റെ സംരക്ഷണത്തെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പർമാർ എല്ലാഭാഗത്തുനിന്നും വളരെ ഉൽക്കണ്ഠ പ്രകടിപ്പിക്കുകയും അതിൽ ഇതുവരെയുള്ള നമ്മുടെ പ്രവർത്തനങ്ങളിലുള്ള പോരായ്മകൾ വിശദമായി വിമർശിക്കുകയും ചെയ്തു. അതിൽ ഒരു കക്ഷിവ്യത്യാസവും പാടില്ല. പല ഘട്ടങ്ങളിലായി നമ്മുടെ ഫോറസ്ററിന്റെ വലിയൊരുഭാഗം ഇപ്പോൾ ഫോറസ്ററ് അല്ലാതായിത്തീർന്നിട്ടുണ്ട്. ഇനി വാസ്തവത്തിൽ നമുക്ക് ഒരു ഇഞ്ച് ഭൂമിപോലും കൊടുക്കാൻ ഇല്ല; ഒരു ഇഞ്ചു ഭൂമിപോലും കയ്യേറാൻ ഇല്ല. അപ്പോൾ ആ സ്ഥിതിക്ക് പരമാവധി ശ്രദ്ധയും ശക്തിയും ചെലുത്തി അത് പരീക്ഷിക്കുക എന്നുള്ള നയം കൂടുതൽ ശ്രദ്ധയോടുകൂടി നടത്തുക എന്നുള്ളത് മാത്രമേ ഈ ഗവൺമെൻറിന് ഇപ്പോൾ ചെയ്യാൻ കഴിയൂ. അത് പരമാവധി ചെയ്യാൻ എല്ലാഭാഗത്തുനിന്നും പരമാവധിസഹായം ഉണ്ടാകണമെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ. ശ്രീ. പി. ജെ. തോമസ് പറഞ്ഞു അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽനിന്ന് രാത്രികാലങ്ങളിൽ തേക്കുകൾതന്നെ മുറിച്ച് വിറകായി കീറി കെട്ടി തലച്ചുമടായി കൊണ്ടുപോകേണ്ടസ്ഥലത്ത് കൊണ്ടുപോകുന്നു എന്ന്. പകലാണെങ്കിൽ വാററും. അങ്ങനെയുള്ള പല ജോലികളും നടക്കുന്നു എന്നുപറഞ്ഞു. സർ, അക്കാര്യം അടിയന്തിരമായി ശ്രദ്ധിക്കുന്നതാണ്. അതിന് ആവശ്യമായിട്ടുള്ള നടപടികൾ (തടി വെട്ടി നശിപ്പിക്കുന്നു, കൊണ്ടുപോകുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതിന്) ഉടനെ സ്വീകരിക്കുന്നതാണ്. അതുപോലെതന്നെ അദ്ദേഹം മൺവിളയിലെ ഒരു പ്രശ്നം പറഞ്ഞു. അക്കാര്യത്തിലും പരമാവധി വേഗത്തിൽ ഒരു തീരുമാനം ഉണ്ടാക്കാൻ ശ്രമിക്കാം. കോന്നി-അച്ചൻകോവിൽ റോഡിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. സർ, ആ റോഡിന്റെ പണി വളരെ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ യാതൊരു ആശങ്കയ്ക്കും വകയില്ല. പിന്നെ ഇവിടെ ബഹുമാനപ്പെട്ട കാന്തലോട്ടു കുഞ്ഞമ്പുവും ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും ആ പ്രദേശത്തെ പ്രത്യേകിച്ചും നിലമ്പൂർ വികസനത്തെക്കുറിച്ചും അവിടത്തെ തടിയെ ആശ്രയിച്ച് ഉണ്ടാകേണ്ട വ്യവസായത്തെക്കുറിച്ചും എല്ലാം പറഞ്ഞു. സർ, വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി അവിടെ ഒരു വലിയ സ്ക്കീം നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചനയുണ്ടായിരുന്നു. ഇപ്പോഴും ആ ആലോചനയുണ്ട്. ആ ഭാഗത്തുവരുന്ന വയനാട്, കോഴിക്കോട്, നിലമ്പൂർ, നെൻമാറ എന്നീ ഫോറസ്റ്റ് ഡിവിഷനിൽ 21,000 ഹെക്ടറിൽ തേക്കു കൃഷി ഉണ്ട്. പിന്നീട് 21,000 ഹെക്ടർ കൂടി. അങ്ങനെ 42,000 ഹെക്ടർ ഭൂമിയിൽ തേക്കുകൃഷി നടത്താനും തേക്കുതടിയെ ആശ്രയിച്ചുകൊണ്ടുള്ള വലിയ ഒരു വുഡ് കോംപ്ലക്സ് ഫാക്റ്ററി ഉണ്ടാക്കാനും ആണ് ഈ സ്ക്കീം. സർ, അതിൽ ആദ്യത്തേതിൽനിന്ന് ഇപ്പോൾ അവർ പിറകോട്ടു പോയിരിക്കുകയാണ്. വേൾഡ് ബാങ്കിൽനിന്ന് തേക്ക് വച്ചു പിടിപ്പിക്കുന്നതിന് അവർക്ക് അധികം താൽപര്യമില്ല. അത് അങ്ങനെ സ്ഥിരമായിട്ട് കണക്കാക്കുന്ന ഒരു കാര്യമല്ല. പത്തറുപത് കൊല്ലം കൊണ്ടുള്ള ഒരു സ്ക്കീമാണ്. എന്നാൽ ആ വ്യവസായം നടത്തുന്നതിനെക്കുറിച്ച് ഇപ്പോഴും അവർ തൽപ്പരരാണ്, സഹായിക്കാൻ തയ്യാറാണ്. അതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ഒരു അശ്രദ്ധയും കാണിക്കുകയില്ലെന്നു മാത്രമേ ഇക്കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളൂ.

പിന്നീട് ഇവിടെ പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യം നമ്മുടെ തടി കോൺട്രാക്ട് അടിസ്ഥാനത്തിൽ കൊടുക്കുന്നതിന്റെ ഫലമായിട്ട് അഴിമതി നടക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് അത് ഗവൺമെന്റ് നേരിട്ടോ, ഡിപ്പാർട്ടുമെന്റു നേരിട്ടോ, കോർപ്പറേഷൻ നേരിട്ടോ ഇക്കാര്യം ചെയ്യുന്നതിന് ശ്രദ്ധിക്കണം എന്നുള്ളതാണ് ഒരു നിർദ്ദേശം വന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ്. ബഹുമാനപ്പെട്ട മുൻ മന്ത്രിതന്നെ മദ്ധ്യപ്രദേശിലും മററു സ്ഥലങ്ങളിലുമൊക്കെ പോകുകയും അവിടെ ഫലപ്രദമായി പ്രവർത്തിക്കുന്നത് കാണുകയും ചെയ്തതാണ്. എന്നാൽ നമ്മുടെ ഈ സംസ്ഥാനത്ത് ചില പ്രത്യേകതകൾ ഉണ്ട്. ആ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടു മാത്രമേ ഇതു നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഇതിന്റെ ഒരു പ്രാരംഭ പ്രവർത്തനം എന്നുള്ളനിലയിൽ ഡിപ്പാർട്ടുമെന്റിൽതന്നെ ഈ ജോലി ഓരോ ഡിവിഷനിലും നടത്തുന്നതിന് ഏൽപ്പിച്ചിട്ടുണ്ട്. സർ, അതേക്കുറിച്ച്, വലിയ ആക്ഷേപം ഉണ്ട്. അവർ കോൺട്രാക്ററുകൊടുത്തു ചെയ്യിക്കുന്നു എന്നും അങ്ങനെ വലിയ വിഷമം ഉണ്ടാകുന്നു എന്നും ആക്ഷേപം ഉണ്ട്. അതേക്കുറിച്ച് ഇവാല്യുവേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നവർക്ക് എങ്ങനെയാണെന്നകാര്യത്തെക്കുറിച്ച് ഒരു ഇവാല്യുവേഷൻ നടത്തിക്കഴിഞ്ഞിട്ട് എങ്ങനെ നടത്തണമെന്ന കാര്യം തീരുമാനിക്കും. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ കോൺട്രാക്ററുകൊടുക്കുന്ന സമ്പ്രദായം ഇപ്പോൾ പൂർണ്ണമായി അവസാനിപ്പിക്കാൻ സാധിക്കുകയില്ല. കാരണം മദ്ധ്യപ്രദേശത്തേയും നമ്മുടെയും നിലയ്ക്ക് വളരെയധികം വ്യത്യാസമുണ്ട്. മദ്ധ്യപ്രദേശിൽ ഒരു വികസിച്ച തടി വ്യവസായം ഉണ്ടായി

ട്ടില്ല. നമ്മുടെ രാജ്യത്ത് വിവിധമേഖലകളിൽ തടിയെ ആശ്രയിച്ചുള്ള അനേകം വ്യവസായങ്ങൾ ഉണ്ടായിട്ടുണ്ട്. അവയെല്ലാം നല്ലരീതിയിൽ നടക്കുന്നുവോ എന്നുള്ളകാര്യത്തിൽ തർക്കം ഉണ്ടാകാം. അതിലേക്ക് ഞാൻ കടക്കുന്നില്ല. അതെല്ലാം മുടങ്ങാതെ കൊടുക്കാൻ കഴിയുമെന്നുണ്ടെങ്കിൽ ഇത് നമുക്ക് ക്രമേണ നടപ്പാക്കാൻ കഴിയും. ഇന്നത്തെ നിലയിൽ ഈ പരീക്ഷണം വളരെ ശ്രദ്ധയോടുകൂടി വളരെ വേഗം വികസിപ്പിക്കാൻ ശ്രമിക്കാം എന്നല്ലാതെ പൂർണ്ണമായിട്ടും ഇപ്പോൾ സ്വകാര്യ മേഖലയിൽനിന്ന് അതിനെ മോചിപ്പിക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ട് അക്കാര്യത്തിൽ ഇവിടത്തെ പ്രത്യേകതകൾകൂടി പരിഗണിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

സർ, പ്ലാന്റേഷൻ നടത്തുന്നതിൽ തേക്കും അതുപോലുള്ള ചില പ്രത്യേക പാരമ്പര്യമുള്ള കൃഷി സമ്പ്രദായവും ഉൾപ്പെട്ട പ്ലാന്റേഷൻ സംപ്രദായം ആണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തിക്കൊണ്ടിരിക്കുന്ന ആ കാര്യങ്ങളിൽ മാററം വരുത്തണമെന്ന് ബഹുമാനപ്പെട്ട മെമ്പർമാരിൽ പലരും ഇവിടെ പറഞ്ഞു. ഗവൺമെന്റ് ഇക്കാര്യത്തിൽ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ ഏതാണ്ട് 54,000 പേർക്ക് സ്ഥിരമായി ജോലികൊടുക്കത്തക്കവിധത്തിൽ 5 വർഷംകൊണ്ട് പൂർത്തിയാക്കുന്ന ഒരു പ്ലാന്റേഷൻ പദ്ധതി ഈ സഭയുടെ മുമ്പിൽ വെയ്ക്കുകയുണ്ടായി. സർ, ആ പ്ലാന്റേഷൻ സ്കീം വളരെ വിപുലമായി നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നമ്മുടെ ഫോറസ്ററ് ഡിപ്പാർട്ടുമെന്റിൽ അനുയോജ്യമായ സ്ഥലത്ത് വിവിധരൂപത്തിലുള്ള പ്ലാന്റേഷനുകൾ—റബ്ബർ, ഏലം, കുരുമുളക്, കാപ്പി, ചായ, തുടങ്ങിയ വിവിധ തരത്തിലുള്ള വ്യാവസായിക പ്ലാന്റേഷനുകളും അതുപോലെതന്നെ തോട്ടംവിളകളും നല്ലതുപോലെ ഉൽപാദിപ്പിക്കാനും അങ്ങനെ അനേകം പേർക്ക് ജോലിയും അനേകം കോടിരൂപ വരുമാനവും ഉണ്ടാക്കത്തക്കവിധത്തിലുള്ള വിപുലമായ ഒരു വികസന പദ്ധതി ഈ ഫോറസ്ററിനെ ആശ്രയിച്ചു നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. അത് ധനകാര്യമന്ത്രി പറഞ്ഞതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. സർ, ഇവിടെ ചില നടപടികൾ എടുത്തതിനെസംബന്ധിച്ച് അതിലെ പോരായ്മകളെക്കുറിച്ച് പറയുകയുണ്ടായി. ബഹുമാനപ്പെട്ട സീതിഹാജി ഒരു ആക്ഷേപം പറയുകയുണ്ടായി. ആ ആക്ഷേപത്തെ ക്കുറിച്ച് ഡിപ്പാർട്ടുമെന്റിൽ വിവരംകിട്ടി, 3 മാസം കഴിഞ്ഞപ്പോഴാണ് നടപടി എടുത്തത്. നടപടിഎടുത്തപ്പോൾ ആ ഉദ്യോഗസ്ഥൻ പെൻഷനായിക്കഴിഞ്ഞിരുന്നു. സർ, അത് ശരിയാണ്. ആ റിപ്പോർട്ട് എപ്പോഴാണ് വന്നത് എങ്ങനെയാണ് സംഭവിച്ചത് എന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പിന്നെ മുള വെട്ടിയതു സംബന്ധിച്ച ആക്ഷേപത്തിൽ ഗവൺമെന്റ് വളരെ സത്വരമായി നടപടി എടുക്കുകയുണ്ടായി. അതിൽ മൂന്നുനാല് ആളുകൾ സസ്പെൻഷനിലാണ്. ഞാൻ ഈ സഭയിൽ മുൻപൊരിക്കൽ പറഞ്ഞതുപോലെ ഇതേപ്പററി അന്വേഷിക്കാൻ വിട്ട ഉയർന്ന ഉദ്യോഗസ്ഥൻ അവിടെപ്പോയി പരിശോധിച്ചു പെരുമാറിയെന്നു കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെയും സസ്പെന്റു ചെയ്യുകയുണ്ടായി. വളരെ കർശനമായി അക്കാര്യം എടുക്കാം. ഫോറസ്ററ് ഡിപ്പാർട്ടുമെന്റിൽ ഇപ്പോഴുള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ അനേകം നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. ശ്രീ. ഇട്ടൂപ്പും അതുപോലെ മററു ചില സുഹൃത്തുക്കളും സൂചിപ്പിക്കുകയുണ്ടായി, ആരെങ്കിലും പാവപ്പെട്ട ആളുകൾ കയറിയാൽ അവരെ ഇറക്കി വിടുന്നു; അതേസമയത്ത് വലിയ പ്രമാണിമാർ കൈവശം വച്ചിരിക്കുന്നു, അവരെ ഒന്നും ചെയ്യുന്നില്ല എന്ന്. എന്നാൽ ഏതു പ്രമാണിയായാലും തരക്കേടില്ല ഏതു പ്രമാണിയുടെ കൈവശമായാലും അനധികൃതമായി കൈവശം ഇരിക്കുന്ന ഭൂമി ഒഴിപ്പിക്കാൻ ഗവൺമെൻറ് തയ്യാറാണ്. സർ, അങ്ങനെയുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം ചില പ്രശ്നങ്ങൾ ഉണ്ട്. ഉദാഹരണത്തിന് ഏലം കൃഷിചെയ്യുന്നതിനു വേണ്ടി പണ്ട് കൊടുത്തിരുന്ന ഈ ഫോറസ്ററിൽപോയി കൃഷിചെയ്യാൻ തയ്യാറല്ലാതിരുന്ന കാലത്ത് തമിഴ്നാട്ടിൽനിന്ന് വന്നവർക്കായാലും ഇവിടെ ഉള്ളവർക്കായാലും ഏലം കൃഷിക്കുവേണ്ടി ധാരാളം ഭൂമി കൊടുത്തിട്ടുണ്ട്. സർ, ഒഴിഞ്ഞുവരുന്ന ഭൂമി ഏലംകൃഷി തീരുമ്പോൾ നമ്മുടെ കൈയിൽ വരുന്നതിനുവേണ്ടി ഗവൺമെൻറ് കർശനമായ നിലപാട് സ്വീകരിച്ചിരിക്കയാണ്. അങ്ങനെ വരുന്ന ഭൂമി പെട്ടന്നു വെട്ടിത്തെളിച്ച് ആ തടിയെല്ലാം മാററി ആ സ്ഥലം കൈവശപ്പെടുത്താനുള്ള പ്രവണത ഉണ്ടായിരുന്നത് തടയുന്നതിനുള്ള ശ്രമവും നടത്തിക്കൊണ്ടിരിക്കുകയാണ്. റവന്യൂ വകുപ്പിൻേറയും ഫോറസ്ററ് വകുപ്പിൻേറയും സംയുക്തമായിട്ടുള്ള ഒരു നിയന്ത്രണത്തിലാണ് ഈ ഏലം കാടുകൾ ഉള്ളത്. അങ്ങനെയുള്ള സ്ഥലത്ത് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള ചർച്ചകൾ നടക്കുകയും അതിനുള്ള തീരുമാനങ്ങൾ എടുക്കുകയും അതിൻെറ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നതാണ്. അനധികൃതമായി ഫോറസ്ററ് കൈവശം വച്ചിരിക്കുന്നത് ഒഴിപ്പിച്ച് എടുക്കുന്നതുമാണ്. ഇവിടെ പറഞ്ഞ പല കാര്യങ്ങളെസംബന്ധിച്ചും എനിക്ക് വളരെക്കൂടുതൽ പറയാൻ ഉണ്ടെങ്കിലും സമയം പരിമിതമായതുകൊണ്ട് ഞാൻ അക്കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഈ ഡിമാൻറ് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

Demand XV—Public Works

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri M. P. Gangadharan was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri P. V. Kunhikannan was put and lost.

The question that the Government be granted a sum of Rs., 39,16,13,300 under Demand XV—Public Works was put and carried.

The Demand was passed and the grant was made.

LIBRARY ARCHIVES Kerala Legislative Assembly

Demand XXX—Agriculture

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri M. P. Gangadharan was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri P. V Kunhikannan was put and lost.

The question that the Government be granted a sum of Rs. 38,14,02,200 under Demand XXX—Agriculture was put and carried.

The Demand was passed and grant was made.

Demand XXXV—Forest

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri M. P. Gangadharan was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri P. V. Kunhikannan was put and lost.

The question that the Government be granted a sum of Rs. 10,43,01,600 under Demand XXXV—Forest was put and carried.

The Demand was passed and the grant was made.

Demand I—State Legislature

The question that the Government be granted a sum of Rs. 53,38,800 under Demand I—State Legislature was put and carried.

The Demand was passed and the grant was made.

Demand IV—Elections

The question that the Government be granted a sum of Rs. 51,18,500 under Demand IV—Elections was put and carried.

The Demand was passed and the grant was made.

LIBRARY ARCHIVES Kerala Legislative Assembly

Demand VII—Stamps and Registration fees

The question that the Government be granted a sum of Rs. 3,05,61,600 under Demand VII—Stamps and Registration fees was put and carried.

The Demand was passed and the grant was made.

Demand IX—Taxes and Vehicles

The question that the Government be granted a sum of Rs. 69,33,100 under Demand IX—Taxes on Vehicles was put and carried.

The Demand was passed and the grant was made.

Demand X—Treasury and Accounts

The question that the Government be granted a sum of Rs. 2,37,58,100 under Demand X—Treasury and Accounts was put and carried.

The Demand was passed and the grant was made.

Demand XIV—Stationery and Printing and other Administrative Services

The question that the Government be granted a sum of Rs. 3,81,63,000 under Demand XIV—Stationery and Printing and Other Administrative Services was put and carried.

The Demand was passed and the grant was made.

Demand XVI—Pensions and Miscellaneous

The question that the Government be granted a sum of Rs. 22,69,02,700 under Demand XVI—Pensions and Miscellaneous was put and carried.

The Demand was passed and the grant was made.

Demand XXIV—Information and Publicity

The question that the Government be granted a sum of Rs. 34,45,000 under Demand XXIV—Information and Publicity was put and carried.

The Demand was passed and the grant was made.

LIBRARY ARCHIVES Kerala Legislative Assembly

Demand XXVII—Famine

The question that the Government be granted a sum of Rs. 3,18,00,000 under Demand XXVII—Famine was put and carried.

The Demand was passed and the grant was made.

Demand XXIX—Miscellaneous Economic Services

The question that the Government be granted a sum of Rs. 8,18,65,400 under Demand XXIX—Miscellaneous Economic Services was put and carried.

The Demand was passed and the grant was made.

Demand XXXI—Food

The question that the Government be granted a sum of Rs. 14,48,00,600 under Demand XXXI—Food was put and carried.

The Demand was passed and the grant was made.

Demand XXXII—Animal Husbandry

The question that the Government be granted a sum of Rs. 6,72,66,500 under Demand XXXII—Animal Husbandry was put and carried.

The Demand was passed and the grant was made.

Demand XXXIII—Dairy

The question that the Government be granted a sum of Rs. 2,56,60,100 under Demand XXXIII—Dairy was put and carried.

The Demand was passed and the grant was made.

Demand XLII—Tourism

The question that the Government be granted a sum of Rs. 1,69,27,600 under Demand XLII—Tourism was put and carried.

The Demand was passed and the grant was made.

Demand XLIII—Compensation and Assignments

The question that the Government be granted a sum of Rs. 70,00,000 under Demand XLIII—Compensation and Assignments was put and carried.

The Demand was passed and the grant was made.

LIBRARY ARCHIVES Kerala Legislative Assembly

Demand XLV—Miscellaneous Loans and Advances

The question that the Government be granted a sum of Rs. 5,41,22,000 under Demand XLV—Miscellaneous Loans and Advances was put and carried.

The Demand was passed and the grant was made.

Mr. Speaker: Order....Order....The House will now adjourn and meet again tomorrow at 8.30 a.m.

1979 ഏപ്രിൽ 11-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്കുമേൽ 2.30-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly